

# ജനകീയാസൂത്രണം
# ചെമ്പിലോട്
# ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

## 1996

## ചെമ്പിലോട് ഗ്രാമപഞ്ചായത്ത്






# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

## വികസന റിപ്പോർട്ട്

(1997-2002)

കവർ ഡിസൈൻ:
ആർട്ടിസ്റ്റ് മദനൻ

ടൈപ്പ്സെറ്റിംഗ് & പ്രിൻറിംഗ്:
രാഷ്ട്രദീപിക പ്രസ്സ്, കണ്ണൂർ-4

## ചെമ്പിലോട് ഗ്രാമപഞ്ചായത്ത്
## ഭരണ സമിതി
## 1995-2000

01. ശ്രീ. കെ. ഭാസ്കരൻ
    (പ്രസിഡന്റ്)
02. പി.പി. നാരായണൻ
    വൈസ് പ്രസിഡന്റ്
03. കെ. നാരായണൻ മാസ്റ്റർ
    സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
04. ടി.വി. ഹരീന്ദ്രൻ
05. ശ്രീമതി കെ.ലീല
06. ശ്രീമതി ഖദീജ കുരിപ്പൻചാലിൽ
07. ശ്രീ. ഗോവിന്ദൻ വല്ലത്തിൽ
08. ശ്രീമതി എം.സി.ശോഭ
09. ശ്രീ. സി കൃഷ്ണൻ മാസ്റ്റർ
10. ശ്രീ. എം. മുസ്തഫ മാസ്റ്റർ
11. കുമാരി അനില സി.
12. ശ്രീ. കരുണൻ ടി.സി.

## ചെമ്പിലോട് ഗ്രാമപഞ്ചായത്ത്
## വികസനരേഖക്ക് രൂപം നൽകിയവർ

01. കെ. ഭാസ്കരൻ
02. വി. ഗോവിന്ദൻ
03. എ.സി. ആശാനാഥ്
04. പി. ബാലൻ
05. എം.കെ. ഗോവിന്ദൻമാസ്റ്റർ
06. എം.സി. ശോഭ
07. എൻ.പി.ജനാർദൻ
08. കെ. പവിത്രൻ
09. പി.വി. ബാലൻമാസ്റ്റർ
10. പൂച്ചാലി രാമചന്ദ്രൻ മാസ്റ്റർ
11. സി. അബ്ദുറഹിമാൻ മാസ്റ്റർ
12. എം.സി. രവീന്ദ്രൻ മാസ്റ്റർ
13. പി. ശംഭുദാസ്
14. കെ. നാരായണൻ മാസ്റ്റർ
15. സി. മണികണ്ഠൻ
16. കെ. ധർമ്മൻ
17. പി. രവീന്ദ്രൻ
18. സി. ഗോവിന്ദൻ
19. എം. മുസ്തഫമാസ്റ്റർ
20. പി. അച്ചുതൻനായർ
21. കെ.പി. സരസമ്മ
22. പി. രാമദാസ്
23. സി.കെ. പത്മനാഭൻ
24. ടി.വി. ഹരീന്ദ്രൻ
25. വി.കെ. കുഞ്ഞിക്കണ്ണൻ
26. വി.കെ. രവീന്ദ്രൻ
27. കെ.വി. ചന്ദ്രൻ
28. കെ. ലീല
29. ഇ.എം. ജനില
30. ടി.സി. കരുണൻ
31. കെ.സി. രാമൻപണിക്കർ
32. കെ. റസാഖ്
33. ടി.വി. ബാലൻ
34. സി. അനില
35. വി.പി. ഉത്തമൻ
36. ആർ. ബാലൻമാസ്റ്റർ
37. മൊറായി നാണു
38. വിജയലക്ഷ്മി ടീച്ചർ
39. കെ.സി. ഖദീജ
40. കെ.പി. ബാബുമാസ്റ്റർ
41. പി.പി. നാരായണൻ
42. പി.പി. നാരായണൻ
43. സി.വി. രാഘവൻ
44. എൻ. ചന്തുക്കുട്ടിനമ്പ്യാർ
45. എ. ബ്രായൻ
46. പി. രാജൻ
47. ബി. അശോകൻ
48. കെ.സി. ചന്ദ്രശേഖരൻ മാസ്റ്റർ
49. വി.കെ. രാഘവൻമാസ്റ്റർ
50. സി. കൃഷ്ണൻമാസ്റ്റർ
51. ടി.സി. അബ്ദുറഹിമാൻ മാസ്റ്റർ
52. പി.വി. രാമചന്ദ്രൻ മാസ്റ്റർ
53. കെ.പി. അബ്ദുൾഗഫൂർ
54. എ. ബാലൻമാസ്റ്റർ
55. സി.എച്ച്. രാജൻമാസ്റ്റർ
56. കെ.സി. ബാലകൃഷ്ണൻനമ്പ്യാർ

# വിഷയവിവരം

ആമുഖം
ചരിത്രം
1. കൃഷി ജലസേചനം
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളം, പൊതുജനാരോഗ്യം
6. ഗതാഗതം, ഊർജം, മാർക്കറ്റ്
7. പാർപ്പിടം, സാമൂഹ്യക്ഷേമം
8. സംസ്ക്കാരം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി, പട്ടികവർഗക്ഷേമം
12. വിഭവസമാഹരണം.

# ആമുഖം

സ്വാതന്ത്ര്യാനന്തര കാലഘട്ടം ഭാരതത്തിൽ ആസൂത്രിത വികസനത്തിന്റെയും വിവിധ പദ്ധതികളുടെയും കാലഘട്ടമായിരുന്നു. എട്ട് പഞ്ചവത്സരപദ്ധതികൾ നാം പിന്നിട്ടുകഴിഞ്ഞു. നമ്മുടെ രാജ്യം വളരെയധികം മുന്നോട്ടുപോയെങ്കിലും അടിസ്ഥാനലക്ഷ്യങ്ങൾ പലതും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു രാഷ്ട്രത്തിന്റെയും ജനതയുടെയും സർവതോന്മുഖമായ വളർച്ചയാണ് വികസനം. ഈ നിർവചനം അന്വർഥമാക്കുവാൻ നാമിനിയും വളരെയേറെ മുന്നോട്ടുപോകുവാനുണ്ട്. കഴിഞ്ഞ നാലു ദശകങ്ങളിലൂടെ കണ്ണോടിച്ചു നോക്കുമ്പോൾ കേന്ദ്രീകൃത ആസൂത്രണത്തിന്റെയും ഉദ്യോഗസ്ഥമേധാവിത്വത്തിന്റെയും ഫലങ്ങളാണ്. നാമിന്ന് അനുഭവിക്കുന്നത് എന്നു കാണാം. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കോ അനുസൃതമായിരുന്നില്ല നമ്മുടെ പദ്ധതികളും ആസൂത്രണങ്ങളും. ഇവിടെയാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രാധാന്യം.

73, 74 ഭരണഘടനാഭേദഗതിയോടെ ആസൂത്രണരംഗത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വമ്പിച്ച പ്രാധാന്യം കൈവന്നിട്ടുണ്ട്. ഈ ഭേദഗതിയുടെ ഫലമായി പ്രാദേശികഭരണസ്ഥാപനങ്ങൾ ഇന്ത്യൻ ഭരണകൂടത്തിന്റെ അവിഭാജ്യവും അനിവാര്യവുമായ ഘടകമായി തീർന്നിരിക്കുകയാണ്. എല്ലാവോട്ടർമാർക്കും പങ്കാളിത്തമുള്ള ഗ്രാമസഭകളും കാലാകാലങ്ങളിൽ കൃത്യസമയത്ത് തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് ഭരണസമിതികളും ഈ സമിതികളിൽ സ്ത്രീകൾക്ക് ലഭിക്കുന്ന മൂന്നിലൊന്ന് പ്രാതിനിധ്യവും ഭാരവാഹിത്വവുമെല്ലാം മേൽ സൂചിപ്പിച്ച പഞ്ചായത്ത്‌രാജ് സംവിധാനത്തിന്റെ സവിശേഷതകളാണ്.

ഈ പശ്ചാത്തലത്തിലാണ് കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം രൂപംകൊള്ളുന്നത്. ഒൻപതാം പദ്ധതി ജനകീയപദ്ധതിയായി കേരള സർക്കാർ അംഗീകരിച്ചിരിക്കയാണ്. സംസ്ഥാന ആസൂത്രണബോർഡും തദ്ദേശസ്വയംഭരണ മന്ത്രാലയവും സംയുക്തമായാണ് ജനകീയാസൂത്രണപദ്ധതി നടപ്പാക്കുന്നത്. നമ്മുടെ സംസ്ഥാനത്തിൽ ഇന്ന് സംജാതമായിട്ടുള്ള വികസന പ്രതിസന്ധി തരണംചെയ്യാൻ ജനകീയാസൂത്രണം വഴി തെളിക്കും. ഇന്ന് പ്രധാന ഉൽപാദനമേഖലകളായ കാർഷിക വ്യവസായികരംഗങ്ങൾ ഏതാണ്ട് മരവിച്ചു നിൽക്കുകയാണ്. സേവനമേഖലയിൽ നാം ഏറേ മുന്നോട്ടുപോയെങ്കിലും ആരോഗ്യവിദ്യാഭ്യാസമേഖലകളിൽ ഗുണനിലവാരം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ കാർഷിക വ്യാവസായികമേഖലകളിലെ ഉൽപാദനക്ഷമതയും സേവനമേഖലയിലെ ഗുണമേന്മയും ഉയർത്താതെ നമുക്ക് മുന്നോട്ടുപോകുവാൻ സാധ്യമല്ല.

ഈ ലക്ഷ്യം സാധ്യമാക്കാനാണ് ജനകീയാസൂത്രണ പരിപാടിക്ക് രൂപംകൊടുത്തിട്ടുള്ളത്. ഒമ്പതാം പദ്ധതിയുടെ അടങ്കൽ തുകയുടെ 40 ശതമാനത്തോളം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയാറാക്കുന്ന പദ്ധതികൾക്കുവേണ്ടി ചെലവഴിക്കപ്പെടും. പഞ്ചായത്തുസമിതികളുടെ നേതൃത്വത്തിൽ ജനകീയചർച്ചയുടെ അടിസ്ഥാനത്തിലാണ് പദ്ധതി രൂപപ്പെടുന്നതും മുൻഗണനാക്രമം നിശ്ചയിക്കുന്നതും. പദ്ധതിയുടെ ആസൂത്രണവും നടത്തിപ്പും വിലയിരുത്തലും കണക്ക് പരിശോധനയുമെല്ലാം ജനങ്ങൾതന്നെ നിർവഹിക്കുകയാണ്.

വളരെ ആവേശപൂർവം നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ജനകീയാസൂത്രണപ്രസ്ഥാനത്തിൽ അണിനിരന്നിട്ടുണ്ട്. 12 വാർഡുകളിലും നടന്ന ഗ്രാമസഭകൾ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായിരുന്നു. സെപ്തംബർ 15 മുതൽ ഒക്ടോബർ 6 വരെ നടന്ന ഗ്രാമസഭകളിൽ 2300-ഓളം പേർ പങ്കെടുത്തിരുന്നു. ഇതിൽ അഞ്ഞൂറോളം പേർ സ്ത്രീകളായിരുന്നു. എല്ലാ ഗ്രാമസഭകളിലും

റോളം പേർ സ്ത്രീകളായിരുന്നു. എല്ലാ ഗ്രാമസഭകളിലും 12 വികസനമേഖലകളെ അടിസ്ഥാനമാക്കി സജീവമായ ചർച്ച നടക്കുകയും ഫലപ്രദമായ നിർദേശങ്ങൾ ഉയർന്നുവരികയുമുണ്ടായി.

ഗ്രാമസഭകളിൽനിന്ന് ശേഖരിക്കപ്പെട്ട പ്രസ്തുത വിവരങ്ങളും ഉയർന്നുവന്ന പ്രശ്നങ്ങളും ദ്വിതീയ വിവരക്കണക്കുകളും ഗ്രാമപഠനയാത്രയിലൂടെ ശേഖരിച്ച വസ്തുതകളും അടിസ്ഥാനപ്പെടുത്തിയാണ് ഈ വികസന റിപ്പോർട്ട് തയാറാക്കിയിട്ടുള്ളത്.

ചെമ്പിലോട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏത് പ്രവർത്തനവും ഏറ്റെടുത്ത് നടത്താൻ കഴിവുള്ള ത്യാഗസന്നദ്ധരായ ജനങ്ങളുടെ സേവനം ആവശ്യമുള്ളപ്പോഴൊക്കെ നമുക്ക് ലഭിക്കുന്നു എന്നുള്ളത് അഭിമാനകരമായ നേട്ടമാണ്. നിലവിലുള്ള വികസന പ്രതിസന്ധി മറികടക്കാൻ ജാതി-മത-രാഷ്ട്രീയ ഭേദമന്യേ മുഴുവൻ ജനവിഭാഗത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഈ വികസനപ്രസ്ഥാനത്തെ മുന്നോട്ടുനയിക്കാമെന്ന ഉത്തമവിശ്വാസത്തോടെ നമ്മുടെ പഞ്ചായത്തിന്റെ വികസനരേഖ സമർപ്പിക്കട്ടെ.

## ഭരണപരമായ ചരിത്രം

1. പഞ്ചായത്ത് രൂപീകരിച്ച വർഷം: 1961
2. 1961 മുതൽ 63 വരെ: ഉദ്യോഗസ്ഥഭരണം
3. 1963 മുതൽ തെരഞ്ഞെടുപ്പ് വന്നതിനെതുടർന്ന് സംയോജിത പഞ്ചായത്ത് ഭരണസമിതി നിലവിൽവന്നു. 1979 വരെ ഭരണസമിതി നീണ്ടുനിന്നു.

പ്രസിഡന്റ് : ശ്രീ.കെ.വി. കുഞ്ഞിരാമൻ നായർ.
വൈസ് പ്രസിഡന്റ് : വി.കെ.അസ്സയി ഹാജി
1979 മുതൽ 84 വരെ
പ്രസിഡന്റ് : ശ്രീ ടി.കൃഷ്ണൻ മാസ്റ്റർ.
വൈസ് പ്രസിഡന്റ്: എം.സി.കുമാരൻ.
1984 മുതൽ 88 വരെ ഉദ്യോഗസ്ഥഭരണം
1988 മുതൽ 95 വരെ പ്രസിഡന്റ് : ശ്രീ ടി. കൃഷ്ണൻ മാസ്റ്റർ.
വൈസ് പ്രസിഡന്റ് : ടി.പ്രകാശൻ മാസ്റ്റർ.
1995 മുതൽ പ്രസിഡന്റ് : ശ്രീ കെ.ഭാസ്കരൻ.
വൈസ് പ്രസിഡന്റ്: ശ്രീ. പി.പി. നാരായണൻ.

## പഞ്ചായത്തിന്റെ നിലവിലുള്ള അതിർത്തികൾ

1. വടക്ക്: മുണ്ടേരി പഞ്ചായത്ത്, ചേലോറ പഞ്ചായത്ത്
2. തെക്ക്: പെരളശ്ശേരി പഞ്ചായത്ത്, കടമ്പൂർ പഞ്ചായത്ത്
3. കിഴക്ക്: അഞ്ചരക്കണ്ടി പഞ്ചായത്ത്, പെരളശ്ശേരി പഞ്ചായത്ത്
4. പടിഞ്ഞാറ്: എടക്കാട് പഞ്ചായത്ത്

## പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സർക്കാരാഫീസുകൾ

| | |
|---|---|
| 1. വില്ലേജാഫീസുകൾ | -2 |
| 2. ഗ്രാമ വികസന ആഫീസുകൾ | -2 |
| 3. കൃഷിഭവൻ | -1 |
| 4. പ്രാഥമികാരോഗ്യകേന്ദ്രം | -1 |
| 5. ഗോസംവർധക ഉപകേന്ദ്രം | -1 |
| 6. ഇലക്ട്രിസിറ്റി ആഫീസ് | -1 |
| 7. പോലീസ് സ്റ്റേഷൻ | -1 |
| 8. ടെലഫോൺ എക്സ്ചേഞ്ച് | -2 |
| 9. പോസ്റ്റാഫീസുകൾ | -4 |
| 10. പഞ്ചായത്താഫീസ് | -1 |

## ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് പൊതുവിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര്: ചെമ്പിലോട് ഗ്രാമ പഞ്ചായത്ത്
2. പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര്: ചെമ്പിലോട് ഇരിവേരി.
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: ചെമ്പിലോട് (7 വാർഡുകൾ), അഞ്ചരക്കണ്ടി (2 വാർഡുകൾ), പെരളശേരി (1 വാർഡ്), ചേലോറ (1 വാർഡ്), കടമ്പൂർ ( 1 വാർഡ്)
4. ബ്ലോക്ക് പഞ്ചായത്ത് : എടക്കാട്
5. താലൂക്ക് : കണ്ണൂർ
6. ജില്ല : കണ്ണൂർ
7. അസംബ്ലി മണ്ഡലം: എടക്കാട്
8. വിസ്തീർണം : 20.99 Sq.K.m.
9. ജനസംഖ്യ (1991 സെൻസസ്) : 29016 (പു: 14042, സ്ത്രീ: 14974, പ.ജാ.384)
10. സ്ത്രീ പുരുഷ അനുപാതം : 1000 പുരുഷന്മാർ = 1066 സ്ത്രീകൾ
11. ജനസാന്ദ്രത : 1382
12. സാക്ഷരത: 93.54% (പു: 97.51 സ്ത്രീ: 89.58)
13. വാർഡുകളുടെ എണ്ണം : 12
14. പഞ്ചായത്തിൽ ഗ്രേഡ് : I ഗ്രേഡ്

## ജില്ലാ പഞ്ചായത്ത് മണ്ഡലങ്ങൾ:

മുഴപ്പിലങ്ങാട്, അഞ്ചരക്കണ്ടി, ധർമ്മടം

## വിദ്യാഭ്യാസസ്ഥാപനങ്ങൾ

| | |
|---|---|
| 1. ഹൈസ്കൂൾ | -2 |
| 2. അപ്പർ പ്രൈമറി | -5 |
| 3. ലോവർ പ്രൈമറി സ്കൂൾ | -18 |
| 4. അങ്കണവാടികൾ | -14 |
| 5. നഴ്സറി സ്കൂൾ | -1 |



# ചരിത്രപശ്ചാത്തലം

നൂറ്റാണ്ടുകളുടെ ചരിത്രം നെഞ്ചിലേറ്റി മുന്നോട്ടു പോകുന്ന ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, ചെമ്പിലോട്, ഇരിവേരി റെവന്യൂ വില്ലേജുകളുടെ സംഗമഭൂമിയാണ്. കിഴക്ക് കക്കുന്നത്ത് ഭഗവതിയും ചീത്തലെപൊയിൽ മുസ്ലീംപള്ളിയും പടിഞ്ഞാറ് കൊയ്യോട് ജുമാ മസ്ജിദും മണിയലത്തുകാവിലെ വയനനാട്ടുകുലവനും വടക്ക് മൌവ്വഞ്ചേരി, ചെമ്പിലോട് ജുമാമസ്ജിദുകളും തച്ചു കുന്നുമ്മൽ ഭഗവതിയും മൌവ്വഞ്ചേരി ശ്രീ മുത്തപ്പനും തെക്ക് ചാല ക്രിസ്ത്യൻദേവാലയവും. കൊറ്റൻകുന്ന് മൊയ്ല്യാടൻ ദൈവവും ചാരിത്ര്യത്തിന്റെ അഗ്നിദേവത യായ കടവാങ്കോട് മാക്കവും മൈലപ്രം ശ്രീവീരഭദ്ര സ്വാമിയും അനുഗ്രഹിച്ചുനിൽക്കുന്ന – ചാലകൊ റ്റൻകുന്ന്, പാച്ചേരിക്കുന്ന്, ചെമ്പരൻകുന്ന്, മലയാളം കുന്ന്, പത്തായപ്പാറ, ആക്കാക്കുന്ന്, കാഞ്ഞിരക്കുന്ന്, അരേത്ത്കുന്ന്, കണ്ണോത്ത്കുന്ന്, പൂവത്തിൻതറക്കുന്ന് എന്നീ കുന്നുകളുടെ താഴ്‌വാരങ്ങളിൽ ഗ്രാമസൗഭാഗ്യം കൈവിടാതെ പരന്നുകിടക്കുന്ന വിശുദ്ധിയുടെ വിളനി ലമായ ഭൂവിഭാഗമാണ് ചെമ്പിലോട് ഗ്രാമപഞ്ചായത്ത്. ചിലമ്പും ചെണ്ടയും ശംഖുനാദവും ബാങ്കുവിളിയും കൊണ്ട് മാനവമൈത്രിയുടെ സന്ദേശം വിളിച്ചോതുന്ന പുണ്യപുരാതനക്ഷേത്രങ്ങളും കാവുകളും പള്ളികളും ചെമ്പിലോടിന്റെ ഹൃദയസംസ്കൃതിയുടെ നിത്യനിദർശ നങ്ങളാണ്.

വില്വമംഗലം സ്വാമിയാർ നൽകിയ ശ്രീകൃഷ്ണവി ഗ്രഹം ഇന്നും പൂജിച്ചുവരുന്ന –അപൂർവപ്രതിഭകൾക്ക് പട്ടുംവളയും നൽകി സ്ഥാനപ്പേർ ചൊല്ലി നൽകുന്ന വെള്ളൂരില്ലം വിഷ ചികിത്സാപ്രവീണക്കും മഹാത്മാവായ ചതുർവേദി സുബ്രഹ്മണ്യൻ നമ്പൂതിരിക്കും ജന്മം നൽകിയ കുനിത്തല ഇല്ലം ഇവ സഹസ്രാബ്ദങ്ങളുടെ ചരിത്രമുറങ്ങുന്ന പുണ്യകേന്ദ്രങ്ങളാണ്. 1423–നും 1445–നും ഇടയ്ക്ക് കോലത്തുനാട് ഭരിച്ചിരുന്ന കേരള വർമ്മയുടെ സദസ്യനും രാമായണം ചമ്പുകർത്താവു മായ പുനം നമ്പൂതിരിയുടെ സമകാലീനനും ശ്ലോക ശിൽപരചനയിൽ കൃതഹസ്തനും ശ്രീകൃഷ്ണവിജയം കൃതിയുടെ കർത്താവുമായ ശങ്കരവാരിയർ തലവിൽ വാരിയ കുടുംബാംഗമായിരുന്നു. 1828–ൽ ചിറക്കൽ കട ലായിക്ഷേത്രം ആദ്യത്തെ ചിറക്കൽ തമ്പുരാനായ രവി വർമ്മ തമ്പുരാൻ പുതുതായി പണികഴിപ്പിച്ചപ്പോൾ കട ലായി കൃഷ്ണന്റെ മുമ്പ് ജലാധിവാസം ചെയ്യിച്ച മൂല ബിംബം, തലവിൽ വാരിയരിൽനിന്നും കൊണ്ടുപോയി പ്രതിഷ്ഠിച്ചതാണെന്ന് ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ തന്റെ ഗവേഷണപ്രബന്ധത്തിൽ രേഖപ്പെടുത്തി യിട്ടുണ്ട്.

രണ്ടത്തറ (രണ്ടുതറ) അഥവാ പോയനാട് (ചേരമാൻ പെരുമാൾ മക്കത്തേക്ക് പുറപ്പെട്ടുപോയത് ഇവിടെ നിന്നാ ണെന്നാണ് ഐതിഹ്യം) പഴയകാലത്ത് ചിറക്കൽ താലൂ ക്കിന്റെ ഭാഗമായിരുന്നു അതിലുൾപ്പെട്ടുകിടക്കുന്ന അംശ ങ്ങളാണ് എടക്കാട്, ചെമ്പിലോട്, ഇരിവേരി, മക്രേരി, അഞ്ചരക്കണ്ടി, മാവിലായി, മുഴപ്പിലങ്ങാട് എന്നിവ. തുട ക്കത്തിൽ കോലത്തിരിമാരുടെ കോലത്തുനാടിന്റെ ഭാഗ മായിരുന്ന രണ്ടത്തറ കാലാന്തരത്തിൽ ഒരു പ്രത്യേകനാ ടെന്ന പദവി കൈക്കൊണ്ടു. തലശേരിയിലെ ഇംഗ്ലീഷ് വ്യാപാരകേന്ദ്രത്തിന്റെ പ്രവർത്തനം ഇതിന് പ്രേരക മായി. കുരുമുളക് കൃഷികൊണ്ട് സമ്പന്നമെന്നു പേരു

കേട്ടതായിരുന്നു രണ്ടത്തറ (മലബാർ മാന്വൽ).

മതമൈത്രിയുടെ മകുടോദാഹരണമാണ് ചാല ക്രിസ്ത്യൻ പള്ളിയുടെ ചരിത്രം. വിശാലമായ പള്ളിപ്പറമ്പ് 1872 ജൂലൈ 16-ന് ഏരത്തരേത്ത് കോരൻ നമ്പ്യാർ ആർ.സി. മിഷ്യനുവേണ്ടി മംഗലാപുരം ബിഷപ് റൈറ്റ് റവ. മേരി എഫ്രേം ഒ.സി.ഡി.ക്ക് സംഭാവനയായി നൽകിയതാണ്. മതസൗഹാർദത്തിന് ഖ്യാതിനേടിയ മാമ്പസിയാറത്തുങ്കര (സന്ദർശനകേന്ദ്രം), പള്ളിയിലെ കബറിടത്തിൽ പോർച്ചുഗീസുകാരുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട്, അന്ത്യവിശ്രമംകൊള്ളുന്ന ശഹിദായോർ (വീരചരമംപ്രാപിച്ച ആൾ) കണയന്നൂർ മാടത്തുമ്മൽ തറവാട്ടംഗമായിരുന്നു. അറേബ്യയിൽ നിന്ന് കേരളത്തിൽ വന്ന മതപ്രചാരകന്മാരായ 12 മുസ്ലീം മതപ്രചാരകന്മാരിൽ ഖാസിഹുസൈൻ എന്ന പണ്ഡിതവരേണ്യൻ ഇരിവേരിയിലാണെത്തിയത്. അന്നത്തെ നാടു വാഴുന്നോർ ഭൂമിയും ധനവും നൽകി അദ്ദേഹത്തെ സഹായിച്ചു. മതം നോക്കാതെയുള്ള മഹത്തായ മാനവസ്നേഹത്തിന്റെ മകുടോദാഹരണമാണിത്. പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന പള്ളിയും മതപഠനകേന്ദ്രവും ശ്മശാനവും ഇരിവേരിയിലാണുണ്ടായത്. ഈ മഹാനുഭാവന്റെ അനുഗ്രഹാശിസുകളും അഗാധമായ മതവിദ്യാഭ്യാസവും നേടിയവരും അവരുടെ പിന്തുടർച്ചക്കാരുമാണ് പിന്നീട് ധർമ്മടം 'ഖാസി'മാരായി നിയമിതരായത്. അവരെത്തന്നെയാണ് അറക്കൽ സ്വരൂപവും 'ഖാസി'യായി അംഗീകരിച്ചുപോരുന്നത്.

അതി മഹത്തായ ഭൂതകാല പൈതൃകം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ മണ്ണിൽ അലിഞ്ഞുചേർന്നിട്ടുണ്ട് എന്ന് അനുസ്മരിക്കാനാണ് ഇത്രയും പറഞ്ഞത്. ആയുർവേദചികിത്സാരംഗത്ത് വിജയക്കൊടി പാറിച്ച അതിപ്രശസ്തരായ വൈദ്യന്മാരുടെ കേന്ദ്രമായിരുന്നു ചെമ്പിലോട്. കുടക് മുതലായ വിദൂരദേശങ്ങളിൽനിന്നു പോലും എത്തുന്ന രോഗികളെ വീട്ടിൽകിടത്തി ചികിത്സിച്ചു ഭേദപ്പെടുത്തിയിരുന്നു. (ആ പാരമ്പര്യം ഉയർത്തിപ്പിടിക്കാൻ ഒരു ആയുർവേദ ചികിത്സാലയം ഉയർന്നുവരേണ്ടതാണ്). കാർഷികരംഗത്തും ചെമ്പിലോടിന് സ്ഥാനമുണ്ട്. കണയന്നൂർതെങ്ങും ചെമ്പിലോട് അടയ്ക്കയും പ്രസിദ്ധമാണ്.

ദേശീയ പ്രസ്ഥാനത്തോടൊപ്പം ഇവിടെ വിദ്യാലയങ്ങളും ആരംഭിച്ചിരുന്നു. ശതാബ്ദി പിന്നിട്ട പ്രാഥമിക വിദ്യാലയങ്ങൾ പലതുണ്ടിവിടെ. ചാല ഗവ. ഹൈസ്കൂൾ, ചെമ്പിലോട് ഹൈസ്കൂൾ ഇവ ഉൾപ്പെടുന്ന അഞ്ച് യു.പി. സ്കൂളുകളും 18 എൽ.പി. സ്കൂളുകളും കൊണ്ട് വിദ്യാഭ്യാസരംഗത്ത് സജീവവും സമ്പന്നവുമാണ് ചെമ്പിലോട് ഗ്രാമപഞ്ചായത്ത്. 14 അംഗൻവാടികളും പഞ്ചായത്തിലുണ്ട്.

ചാല ബോർഡ് ഹയർ എലമെന്ററി സ്കൂളിൽ (ഇന്നത്തെ ഹൈസ്കൂൾ) അധ്യാപകനായിരിക്കേയാണ് മഹാനായ എ.കെ.ജി. ജോലി രാജിവച്ച് കേളപ്പജിയുടെ നേതൃത്വത്തിൽ അതുവഴി വന്ന ഉപ്പുസത്യഗ്രഹജാഥയിൽ പങ്കെടുത്തത്. ദേശീയപ്രക്ഷോഭത്തിൽ പങ്കെടുത്ത് ജയിൽവാസം വരിച്ച എം.എൻ. പിഷാരടിയും അവിടത്തെ അധ്യാപകനായിരുന്നു. വിദേശവസ്ത്ര ബഹിഷ്കരണം, കള്ളുഷാപ്പ് പിക്കറ്റിംഗ് മുതലായ സമരപരിപാടികളിൽ എ.കെ.ജിയോടൊപ്പം പങ്കെടുത്ത കാര്യം അദ്ദേഹത്തിന്റെ ചില ശിഷ്യന്മാർ അഭിമാനപൂർവം ഓർക്കുന്നു. ക്വിറ്റ് ഇന്ത്യാ സമരം ആളിപ്പടർന്നപ്പോൾ ചാലയിലും പ്രതിഷേധയോഗങ്ങൾ നടക്കുകയുണ്ടായി. സമരത്തിന്റെ ഭാഗമായി ചെമ്പിലോട് അംശക്കച്ചേരി കത്തിച്ചെന്ന പേരിൽ നിരപരാധികളായ പുത്തലത്ത് കൊട്ടൻ, കൂവക്കൈ കുഞ്ഞിരാമൻ, പുതിയടത്ത് കണ്ണൻ നായർ എന്നിവരെ അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ട് പീഡിപ്പിച്ചിരുന്നു. 1948-ലെ രാഷ്ട്രീയ സമരത്തിൽ പങ്കെടുത്തുവെന്ന കുറ്റംചുമത്തി ചാലയിലെ എം. കുമാരനെ സേലം, കണ്ണൂർ ജയിലുകളിൽ പാർപ്പിക്കുകയും മർദ്ദനത്തിന് വിധേയനാക്കുകയും ചെയ്തിരുന്നു. ദേശീയ സ്വാതന്ത്ര സമരത്തിൽ പങ്കുകൊണ്ട് പലതവണ ജയിൽവാസം വരിച്ച മൊയാരത്ത് ശങ്കരൻ വിവാഹാനന്തരം തന്റെ ഭാര്യഗൃഹമായ കോയ്യോടുമായി ബന്ധംവച്ചതോടെ ദേശീയപ്രസ്ഥാനത്തിന് പുതിയൊരാവേശവും ചൈതന്യവും അവിടെയുണ്ടായി. (കോയ്യാട് മൊയാരം മന്ദിരം ആ ദേശാഭിമാനിയായ വിപ്ലവകാരിയുടെ സ്മാരകമാണ്). അദ്ദേഹത്തിന്റെ ഭാര്യാഗൃഹത്തിനടുത്ത് താമസിക്കുന്ന എം.സി. ഗോവിന്ദൻ ഗാന്ധിജി കേരളത്തിൽ വന്നപ്പോൾ മംഗലാപുരത്തേക്കുള്ള യാത്രയിൽ ഉള്ളാളംവരെ കാൽനടയായിപോയ സ്വാതന്ത്ര്യസമരസേനാനിയാണ്. സേവാദൾ വാളണ്ടിയറായിരുന്ന ഇദ്ദേഹം സർദാർ ചന്ത്രോത്തുമായി ചേർന്ന് പ്രവർത്തിക്കുകയും മോത്തിലാൽ നെഹ്റുവിന്റെ മരണത്തിൽ അനുശോചിച്ചുകൊണ്ട് അന്ന് മമ്പറംവരെ നടത്തിയ മൗനജാഥയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യസമരഭടൻ, സാമൂഹ്യപ്രവർത്തകൻ എന്നീനിലകളിൽ പ്രവർത്തിച്ച ദേശാഭിമാനിയായിരുന്നു എ.കെ. നാരായണൻ മാസ്റ്റർ. ദേശീയ പ്രസ്ഥാനത്തിലും അധ്യാപകരാഷ്ട്രീയ പൊതുപ്രവർത്തനരംഗങ്ങളിലും വ്യക്തിമുദ്രപതിപ്പിച്ച ടി. കൃഷ്ണൻമാസ്റ്റർ, ഗോവാ സമരത്തിൽ പങ്കെടുത്ത സമരസേനാനി ചെമ്പിലോട്ടെ പി. കുഞ്ഞിരാമൻ എന്നിവർ ഇന്നും സേവനരംഗത്ത് സജീവമായി പ്രവർത്തിക്കുന്നു.

വായനശാലകളും ഗ്രന്ഥാലയങ്ങളും ഉടലെടുക്കുകയും അവ കേന്ദ്രങ്ങളായി അക്കാലത്ത് സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളും സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളും ജന്മിത്തത്തോടുള്ള പോരാട്ടങ്ങളും നടക്കുകയുണ്ടായി. പാനേരിച്ചാൽ യുവക് വായനശാല കേന്ദ്രമാക്കി വി.കെ. ബാപ്പുമാസ്റ്റർ അയിത്തോച്ചാടനത്തിന്റെ ഭാഗമായി ഹരിജനെ പങ്കെടുപ്പിച്ചുകൊണ്ട് മിശ്രഭോജനം നടത്തി. രാഷ്ട്രഭാഷാ പ്രചാരാണാർത്ഥം കെ.സി. ഗോവിന്ദൻ ഹിന്ദിപഠനക്ലാസും തുടങ്ങി. മിശ്രഭോജനം, കർഷക കർഷകത്തൊഴിലാളി മുന്നേറ്റം, ദേശീയപ്രസ്ഥാനപ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വപരമായ പ്രോത്സാഹനത്തിന് കൊയ്യോട്ടെ മണിയലംചിറക്കടുത്ത് സ്ഥാപിതമായ കർഷകത്തൊഴി

ലാളി വായനശാല കേന്ദ്രമായി എ.കെ.ജി. നടത്തിയ പ്രസിദ്ധമായ പട്ടിണിജാഥയിൽ ഇവിടെനിന്നും സർദാർ ചന്ത്രോത്തിനോടൊപ്പം ഇ. ഗോപാലൻ നമ്പ്യാർ, എ.കെ.കുഞ്ഞിക്കൃഷ്ണൻ നമ്പ്യാർ തുടങ്ങിയവർ പങ്കെടുത്തിരുന്നു.

വായനശാലയുടെ ആഭിമുഖ്യത്തിൽ രണ്ടുദിവസങ്ങളിലായി നടന്ന കർഷകസമ്മേളനം അക്കാലത്തെ ഒരു ചരിത്രസംഭവമായിരുന്നു. പി. കൃഷ്ണപിള്ളയുടെ നേതൃത്വം മൊയാരത്ത് ശങ്കരൻ, എ.വി. കുഞ്ഞമ്പു, കെ.എ. കേരളീയൻ എന്നിവരുടെ സാന്നിദ്ധ്യം സമ്മേളനത്തെ സജീവമാക്കി. സാമ്രാജ്യത്വത്തിനെതിരേയും ജന്മിത്വത്തിനെതിരേയും അടർക്കളത്തിലിറങ്ങാനുള്ള ആവേശം ജനങ്ങളിലാളിക്കത്തിക്കാൻ ഇതു വഴി തുറന്നു. വായനശാലകളും ഗ്രന്ഥാലയങ്ങളും കലാസമിതികളും ഈ പഞ്ചായത്തിലെ സാമൂഹ്യസാംസ്കാരികവിദ്യാഭ്യാസരംഗങ്ങളിൽ വഹിച്ച, ഇന്നും വഹിച്ചുപോരുന്ന പങ്ക് നിസ്തുലമാണ്.

ചാല ദേശോദ്ധാരണ വായനശാല ഗ്രന്ഥാലയത്തിന്റെ കെട്ടിടോദ്ഘാടനം നിർവഹിച്ചത് കേരളം കണ്ട സാമൂഹ്യപരിഷ്ക്കർത്താക്കളിൽ അഗ്രിമസ്ഥാനാർഹനായ വി.ടി. ഭട്ടതിരിപ്പാടായിരുന്നു.

ബഹുജനപങ്കാളിത്തത്തോടെയുള്ള ഒരുമയുടെ പെരുമ വിളിച്ചറിയിക്കുന്ന ഒട്ടനവധി സേവനപ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. തലവിൽനിന്നും ചാലവരെയുള്ള റോഡു നിർമാണം 'ഒത്തുപിടിച്ചാൽ മലയും പോരും' എന്ന ചൊല്ല് അന്വർത്ഥമാക്കുന്നതാണ്. മുന്നൂറോളം ആളുകൾ, ഒന്നിടവിട്ട ദിവസങ്ങളിലെ മാത്രം കൂലിവാങ്ങി (എല്ലാവരുമല്ല) ഒരാഴ്ചകൊണ്ട് 3.5 കി.മീ. നീളമുള്ള റോഡിന്റെ കരടുരൂപമുണ്ടാക്കി. ഏതാനും മാസങ്ങൾകൊണ്ട് പണിപൂർത്തീകരിക്കാൻ കഴിഞ്ഞു. കുന്നുമ്മച്ചാലിൽ അഹമ്മദ് ഹാജി പ്രസിഡന്റും മുണ്ട്യാടവീട്ടിൽ അപ്പമാസ്റ്റർ സെക്രട്ടറിയും കോമത്ത് കുഞ്ഞിരാമൻ വൈദ്യർ ഖജാൻജിയുമായുള്ള കമ്മിറ്റിയാണ് പ്രവർത്തിക്കു സമാരംഭം കുറിച്ചത്.

1980 മുതൽ ചാല ഗവൺമെന്റ് യു.പി.സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തിയതുമുതൽ അതിനാവശ്യമായ എല്ലാ ഭൗതികസാഹചര്യങ്ങളും ഏർപ്പെടുത്തുന്നതിനുംവേണ്ടി അതതുകാലങ്ങളിൽ സ്കൂൾ പി.ടി.എ. ജനപങ്കാളിത്തത്തോടുകൂടി ചെയ്തുവന്ന സേവനം നിസ്തുലമാണ്. ഉദ്ദേശം 10 ലക്ഷം രൂപ വിലമതിക്കുന്ന സേവനപ്രവർത്തനങ്ങൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്. 10 പെർമനന്റ്, 7 സെമി പെർമനന്റ് ക്ലാസ് മുറികളും പൂർത്തിയായികഴിഞ്ഞ 2 വാർപ്പുമുറികളും ഇവയുടെ ഭാഗമാണ്. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരികരംഗങ്ങളിൽ പ്രവർത്തിക്കുന്നവരാകെ എല്ലാംമറന്ന് ഒത്തൊരുമിച്ച് നടത്തിയ സ്കൂൾ കളിക്കളനിർമാണം നാടിനെ രോമാഞ്ചമണിയിക്കുന്നതായിരുന്നു. സി.പി.കുമാരൻ, മണിയലത്ത് കുഞ്ഞിരാമൻ, എം. നാരായണൻ മാസ്റ്റർ തുടങ്ങിയവരായിരുന്നു കഴിഞ്ഞകാല പി.ടി.എ. പ്രസിഡന്റുമാർ.

മൗവ്വഞ്ചേരി, ചെമ്പിലോട്, ഇരിവേരി, കൊയ്യോട് എന്നീ ക്രമത്തിലാണ് പഞ്ചായത്ത് പ്രദേശത്ത് പോസ്റ്റോഫീസുകൾ പ്രവർത്തനമാരംഭിച്ചത്. വളപട്ടണം, എടക്കാട് ഇപ്പോൾ മൗവ്വഞ്ചേരി പോലീസ് സ്റ്റേഷനുകൾ ഈ ക്രമത്തിലാണ് മാറിവന്നത്. റിട്ട: കളക്ടർ ആയിലൃത്ത് പത്മനാഭൻ നമ്പ്യാർ (ചാല), റിട്ട. വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ പി.വി. ബാലൻ നായർ (ഇരിവേരി) എന്നിവർ പഞ്ചായത്തുപരിധിയിൽ ആദ്യമായി ഉന്നത ഔദ്യോഗികപദവി അലങ്കരിച്ചവരാണ്. സാമൂഹ്യ, സാംസ്കാരിക രാഷ്ട്രീയരംഗങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിയും തലശ്ശേരി ബാറിലെ പ്രമുഖനായ വക്കീലും വാഗ്മിയുമായിരുന്ന ശ്രീ പി. ചിരുകണ്ഠൻ പുത്തമ്പുര തറവാട്ടംഗമായിരുന്നു. ശില്പകലയിലെ വിസ്മയമായിരുന്നു കൊയ്യോട്ടെ കേരളവർമ്മ വി.പി. ശങ്കരൻ ആചാരി. അദ്ദേഹം മരത്തിൽ മെനഞ്ഞെടുത്ത കവിതയാണ് വീണയും വയലിനും കാമറയും. വാസ്തുശില്പചാതുരിയുടെ അപൂർവ്വമാതൃകകളാണ് കക്കോത്ത് തറവാടും തലവിൽ മാരാർമാരുടെ തറവാടും ചാല കുനിത്തല ഇല്ലവും സംരക്ഷിച്ചുപോരുന്ന നാലുകെട്ടും നടുമുറ്റവുമുള്ള ഭവനങ്ങൾ, പത്തായപ്പാറയുടെ മുകളിലെത്തിയാൽ കാണാവുന്ന പ്രകൃതിഭംഗി, അനുഭവവേദ്യമാകുന്ന അനിർവചനീയമായ അനുഭൂതി. ഇവിടം സഞ്ചാരികളുടെ പറുദീസയാക്കും. അപൂർവ്വ ഔഷധസസ്യങ്ങളുടെ കലവറയായ സസ്യശ്യാമളകോമളമായ ഇരിവേരിക്കാവും കക്കോത്ത്കാവും കാത്തുപോരുന്ന കാനനസദൃശ്യമായ ഭൂവിഭാഗങ്ങൾ പരിസ്ഥിതിയും പ്രകൃതിസൗന്ദര്യവും കാത്തുപോരുന്നു.

പൂർവ്വചരിത്രത്തിൽ അഭിമാനിക്കാം. തൊഴിലാളി കർഷക- കർഷകത്തൊഴിലാളി ബഹുജനപ്പോരാട്ടങ്ങളിലും ആവേശകരമായ ചരിത്രം പഞ്ചായത്തിനുണ്ട്. കർഷകസമരങ്ങളുടെ ഫലമായുണ്ടായ ഭൂപരിഷ്കരണ നിയമത്തിലൂടെ ജന്മിത്വത്തിന്റെ കോട്ടകൊത്തളങ്ങൾ തകർത്ത് ഒട്ടനവധിപേർ തങ്ങളുടെ വിയർപ്പൊഴുക്കിയ മണ്ണിനുടമകളായി. പക്ഷേ, കാർഷിക–വ്യവസായിക രംഗങ്ങളിൽ, സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തി തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ നാം ഇനിയും മുന്നേറേണ്ടതായുണ്ട്. സാമൂഹ്യ–സേവന–ഗതാഗത–ഊർജ്ജരംഗങ്ങളിലും കടമ്പകളേറെയുണ്ട്. മനുഷ്യശേഷി കൈമുതലാക്കി ഒന്നായി, ഒറ്റക്കെട്ടായി, എല്ലാ വിഭാഗിയതകളും മറന്നുള്ള ബഹുജനമുന്നേറ്റത്തിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ തെളിയിക്കുന്നു. ആ പാതയിലൂടെ നമുക്ക് മുന്നേറാം.



# കൃഷിയും ജലസേചനവും

കണ്ണൂർ ടൗണിന്റെ ഹൃദയഭാഗത്തുനിന്ന് ഉദ്ദേശം 15 കി.മി. അകലെ കിഴക്കുഭാഗത്തായി സമുദ്രനിരപ്പിൽനിന്നും 18 മീറ്റർ മുതൽ 87 മീറ്റർവരെ ഉയരത്തിൽ ചെമ്പിലോട് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. ചെമ്പിലോട് പഞ്ചായത്ത് സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ഒരു യഥാർത്ഥ കാർഷികഗ്രാമമായിരുന്നു. പച്ചപരവതാനിവിരിച്ച് ഇരിവേരിമുതൽ മൗവ്വഞ്ചേരിവരെ വ്യാപിച്ചുകിടന്നിരുന്ന ഇരിവേരി, കണയന്നൂർ പാടശേഖരങ്ങളും സമൃദ്ധിയുടെ ഈറ്റില്ലങ്ങളായിരുന്ന ചാലകിഴക്കേക്കര മുതൽ പടിഞ്ഞാറെക്കരവരെയുള്ള പാടശേഖരങ്ങളും വിസ്തൃതമായ കൊയ്യോട്, മിടാവിലോട് പാടശേഖരങ്ങളും ഇന്ന് കർഷകകാരണവന്മാരുടെ സ്മൃതിപദങ്ങളിൽമാത്രം അവശേഷിക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പുമുതൽ ഭൂപരിഷ്ക്കരണ കാലഘട്ടംവരെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം കൃഷിയിടങ്ങളും ഊർപഴശ്ശി ദേവസ്വം, ചാലദേവസ്വം, വെള്ളൂർ ഇല്ലം ദേവസ്വം, മയിലപ്പുറം ദേവസ്വം, കക്കോത്ത് ദേവസ്വം മറ്റ് സ്വകാര്യ ഭൂവുടമകൾ എന്നിവരുടെ അധീനതയിലായിരുന്നു. ഇവിടെ വളരെ ദൃഢമായ ജന്മികുടിയാൻവ്യവസ്ഥ നിലനിന്നിരുന്നു. വാരം കൊടുക്കുക, പാട്ടം കൊടുക്കുക, കുഴിക്കാണത്തിന് ചാർത്തിക്കൊടുക്കുക, മേൽചാർത്തിന് കൊടുക്കുക എന്നീ വ്യവസ്ഥകളിലായിരുന്നു കുടിയാന്മാർക്ക് ഭൂമിയിൽ കൃഷിചെയ്യാൻ അവകാശം ലഭിച്ചിരുന്നത്. വച്ച്കാണിക്കൽ, കാണിക്കവെക്കൽ തുടങ്ങിയ ആചാരങ്ങളിലൂടെ കുടിയാന്മാർ ഭൂവുടമകളെ പ്രീതിപ്പെടുത്തിയിരുന്നു.

ഭൂനികുതി അടക്കാതിരുന്നാൽ ''തോല്കുത്തുക'' എന്ന നിയമത്തിലൂടെ സ്ഥലം അധികാരികൾ വിളകളിൽനിന്നുള്ള ആദായം എടുക്കുന്നതിൽനിന്നും കുടിയാന്മാർക്ക് വിലക്ക് ഏർപ്പെടുത്തുന്ന സമ്പ്രദായം നിലനിന്നിരുന്നു. ഉദ്ദേശം 50 വർഷങ്ങൾക്കു മുമ്പുവരെ മൗവ്വഞ്ചേരിഭാഗത്ത് കുടക് ഉൽപന്നങ്ങളെയും പ്രാദേശിക ഉൽപന്നങ്ങളെയും കേന്ദ്രീകരിച്ച് സജീവമായ കാർഷികവിപണി നിലനിന്നിരുന്നു. കാളവണ്ടികളിൽ ഉൽപന്നങ്ങളുമായി നിരനിരയായി വിപണിയിലെത്തുന്ന കാഴ്ച ഈ പ്രദേശങ്ങളിൽ പ്രത്യേക കൗതുകം ഉണർത്തിയിരുന്നു. ''കൂവകുത്തൽ'' എന്ന സമ്പ്രദായത്തിലൂടെ മൗവ്വഞ്ചേരി വ്യാപാരകേന്ദ്രത്തിൽനിന്നും നെല്ലുകുത്തി അരിയാക്കി വിപണനം നടത്തുവാൻ വീടുകളിൽകൊടുക്കുന്ന പതിവ് നിലനിന്നിരുന്നു.

മലയാളമാസം, ധനു 11-ാം തീയ്യതി കണയന്നൂർ പ്രദേശത്തുനിന്നും എടക്കാട് ഇണ്ടേരി ശിവക്ഷേത്രത്തിലേക്ക് സമൃദ്ധിയുടെ സന്ദേശവുമായി ഇളനീർ കാവുകൾ, തേങ്ങാക്കുലകൾ, അടയ്ക്കാ കുലകൾ, മാങ്ങ, ചക്ക തുടങ്ങിയ കാർഷികവിഭവങ്ങൾ ദേവന് കാഴ്ച വെക്കാനുള്ള കർഷകരുടെ യാത്രകൾ നിലനിന്നിരുന്നു. ''ചെമ്പിലോട് അടയ്ക്കാ, കണയന്നൂർ തേങ്ങ'' എന്നീ ഇനങ്ങൾ പഴയകാലഘട്ടങ്ങളിൽ വളരെ പ്രസിദ്ധിയുള്ള കാർഷിക ഉൽപന്നങ്ങൾ ആയിരുന്നു.

ഭൂപരിഷ്ക്കരണനിയമംമൂലം കുടിയാന്മാർക്ക് കൃഷി ചെയ്തിരുന്ന ഭൂമിയിൽ അധികാരം ലഭിക്കുകയും സെറ്റിൽമെന്റ് രേഖ പ്രകാരം 254 ഹെക്ടർ വിസ്തൃതിയുള്ള നെൽപ്പാടങ്ങൾ ഉദ്ദേശം 40 ഹെക്ടർ സ്ഥലമായി പരിമിതപ്പെടുകയും ചെയ്തു. നെൽപ്പാടങ്ങളുടെ നെടുകെയും, കുറുകെയും ഗതാഗതയോഗ്യമായ വലിയ റോഡുകൾ നിർമ്മിക്കുകയും, നെൽകൃഷി ലാഭകരമല്ലാതാവുകയും ആധുനിക വിദ്യാഭ്യാസം സാർവത്രികമാവുകയും പിൻതലമുറകൾ കാർഷികേതര തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധരാവുകയും കാർഷിക തൊഴി

ലാളികളുടെ കുറഞ്ഞകൂലിയും, മറ്റ് ആനുകൂല്യങ്ങളുടെ അഭാവവുംമൂലം വിസ്തൃതങ്ങളായ പാടങ്ങൾ അനുദിനം കുറഞ്ഞുവന്നു. പാടങ്ങളിൽ മറ്റു നാണ്യവിളകൾ കൃഷിചെയ്യാൻ ആരംഭിച്ചതോടെ പാടങ്ങളിലെ ജലനിയന്ത്രണങ്ങൾ ക്രമംതെറ്റുകയും താത്പര്യമുള്ള നെൽകർഷകർക്കുകൂടി നെൽകൃഷിചെയ്യാൻ പറ്റാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു.

1970 വരെ രണ്ടാംവിള കഴിഞ്ഞ് വിശാലമായ നെൽപ്പാടങ്ങളിൽ മേടമാസം വിഷുക്കണിവരെ ഒരു ഉത്സവഛായയുടെ പ്രതീതിയോടെ പച്ചക്കറികൃഷി സമൃദ്ധമായി കൃഷിചെയ്തിരുന്നു. രാത്രികാലങ്ങളിൽ പ്രസ്തുത വെള്ളരിപന്തലുകളിൽനിന്നുള്ള വിളക്കുകളുടെ പ്രകാശം പാടങ്ങൾക്ക് പ്രത്യേക ചൈതന്യംനൽകിയിരുന്നു. കാർഷിക ഐക്യം വിളിച്ചോതുന്ന വിളംബരങ്ങളായിരുന്നു പ്രസ്തുത പച്ചക്കറികൃഷികൾ. 1987 സംപ്തബർ 1-ാം തീയതി ചെമ്പിലോട് കൃഷിഭവൻ നിലവിൽവരുന്നതുവരെ കാവിൽമൂലയിലും, പെരളശ്ശേരിയിലും ഉള്ള ഊർജിത നെൽകൃഷി വികസനകേന്ദ്രങ്ങളെയായിരുന്നു കർഷകർ ആശ്രയിച്ചിരുന്നത്.

## ഭൂവിനിയോഗം

ഭൂമിശാസ്ത്രപരമായി ചെറിയ കുന്നുകളും, സമതലങ്ങളും താഴ്ചവരകളും ഉള്ള ഒരു നിമ്നോന്നത പ്രദേശമാണ് ചെമ്പിലോട്. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2078.68 ഹെക്ടർ ആണ്. വിശദമായ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | നിലം | 254.24 |
| 2 | പുരയിടം | 1287.78 |
| 3 | പുറംപോക്ക് | 51.54 |
| 4 | കൃഷിയോഗ്യമായ തരിശ് | 485.12 |
| 5 | കൃഷിയോഗ്യമല്ലാത്ത തരിശ് | ഇല്ല |
| | ആകെ | 2078.68 |

*ആവലംബം-വില്ലേജ് ആഫീസ് രേഖകൾ*

## കൈവശഭൂമി സംബന്ധിച്ച വിവരങ്ങൾ

വിസ്തൃതങ്ങളായ പുരയിടങ്ങളും നിലങ്ങളും തുണ്ടം തുണ്ടം ആക്കി കൈവശംവക്കുന്നതിന്റെ ഭാഗമായി ആളോഹരി ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിസ്തൃതി അനുദിനം കുറഞ്ഞുവന്നു.

കൈവശഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

| SL No. | സ്ഥലപരിധി വിവരം | ഭൂവുടമകളുടെ എണ്ണം |
|---|---|---|
| 1 | 10 സെന്റ് വരെ | 436 |
| 2 | 10 സെന്റ് മുതൽ 25 സെന്റ് വരെ | 2720 |
| 3 | 25 സെന്റ് മുതൽ 50 സെന്റ് വരെ | 1990 |
| 4 | 50 സെന്റ് മുതൽ 1 ഏക്കർ വരെ | 431 |
| 5 | 1 ഏക്കർ മുതൽ 2 ഏക്കർ വരെ | 673 |
| 6 | 2 ഏക്കർ മുതൽ 5 ഏക്കർ വരെ | 38 |
| 7 | 5 ഏക്കർ മുതൽ അധികം | 5 |

*അവലംബം-വില്ലേജ് ആഫീസ് രേഖകൾ*

## പ്രാദേശിക ഉൽപാദക ഘടകങ്ങളുടെ അവസ്ഥ

മണ്ണ്-വെട്ടുകൽ മണ്ണിന്റെ ആധിക്യം ഉള്ള പ്രദേശമാണ് ചെമ്പിലോട്. നാമമാത്രമായ സ്ഥലം ഒഴിച്ച് നിർത്തിയാൽ മിക്ക സ്ഥലങ്ങളും നല്ല നീർവാർച്ചയുള്ള സ്ഥലങ്ങളാണ്. അമ്ലത്വഗുണം (പുളിരസം) ഉള്ള മണ്ണാണ്. ആയതിനാൽ കൃഷിയിടങ്ങളിൽ കുമ്മായം ചേർക്കാതെയുള്ള കൃഷിരീതി ഉൽപാദനക്ഷമത കുറക്കുന്നു. മണ്ണിൽ പ്രധാന മൂലകങ്ങളായ പാക്യജനനകം, ഭാവകം, ക്ഷാരം എന്നിവയുടെ അളവ് കുറവാണ്. ഗണ്യമായ മണ്ണൊലിപ്പിലൂടെ ഫലഭൂയിഷ്ടമായ മേൽമണ്ണ് നശിക്കാനിടയാക്കിട്ടുണ്ട്. മണ്ണിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ കുറവായതുകൊണ്ട് ആണ്ടിൽ ഉദ്ദേശം 4 മാസക്കാലത്തോളം വിളകൾക്ക് ജലദൗർലഭ്യം നേരിടുന്നു.

| ക്രമ നമ്പർ | ഇനം | ശതമാനം | പ്രധാനമൂലകങ്ങളുടെ നില | | |
|---|---|---|---|---|---|
| | | | N | P | K |
| 1 | വെട്ടുകല്ല്മണ്ണ് | 85% | കുറവ് | കുറവ് | കുറവ് |
| 2 | മണൽകലർന്ന പശിമരാശിമണ്ണ് | 12%കുറവ് | കുറവ് | കുറവ് | മാധ്യമം |
| 3 | എക്കൽമണ്ണ് | 3% | കുറവ് | മധ്യമം | മധ്യമം |
| | ആകെ | 100% | | | |

*അവലംബം-കൃഷിഭവൻ രേഖ*

n-പാക്യജനകം p-ഭാവകം k-ക്ഷാരം

മഴ:- ജൂൺമാസംമുതൽ സെപ്തംബർമാസംവരെ വളരെ ശക്തമായ കാലവർഷം ലഭിക്കുന്നതിനാൽ വിളകൾക്ക് അനുയോജ്യമായരീതിയിൽ ജലപരിപാലനം അനുവർത്തിക്കാൻ സാധിക്കാതെവരുന്നു. കൂടാതെ കുത്തിയൊലിച്ച് ഒഴുകുന്ന വെള്ളത്തിനോടൊപ്പം മേൽമണ്ണ് ഒഴുകി തോടുകളുടെയും ചാലുകളുടെയും ജനസംഭരണശേഷി കുറക്കുന്നു. സപ്തംബർമാസം കഴിഞ്ഞ് ലഭിക്കുന്ന മഴയുടെ വിതരണത്തിൽ അസ്ഥിരതയും അപര്യാപ്തതയും ഉള്ളതിനാൽ തുടർന്ന് 4 മാസക്കാലത്തോളം വരൾച്ചയുടെ ലക്ഷണങ്ങൾ അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഉണ്ട്.

1995 വർഷത്തെ മഴവിവരപട്ടിക സെന്റീമീറ്ററിൽ

അവലംബം-വേങ്ങാട് കൃഷിഫാം

| മാസം ലഭിച്ച മഴയുടെ അളവ് | Jan | Feb | Mar | April | May | June | July | Aug | Sept | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|
| | – | – | – | 21.1 | 237 | 428.4 | 784.95 | 317.3 | 116.2 | 116.7 | 96cm | – |

| ക്രമ നമ്പർ | ഇനം | എണ്ണം | നീളം/ വിസ്തൃതി | പ്രത്യേക കുറിപ്പ് |
|---|---|---|---|---|
| 1 | കുളങ്ങൾ | 55 | – | സ്വകാര്യ ഉടമസ്ഥതയിൽ ഇതിൽചാത്തോത്തുകുളവും, മണിയലത്ത് ചിറയും, വലിയ ജലസംഭരണികളാണ്. |
| 2 | തോടുകൾ | 31 | 42കി.മി. | രണ്ട് വലിയ തോടുകൾ ചാലത്തോടും, ഇരിവേരിത്തോടും. |
| 3 | പഴശ്ശി കനാലുകൾ | – | 20 കി.മി. | ജലസേചനത്തിന് ഉപയോഗ്യമല്ല. |

**ഭൂഗർഭ ജലവിതാനം**

| ക്രമ നമ്പർ | പ്രദേശങ്ങൾ | ഭൂനിരപ്പിൽനിന്നുള്ള ജലവിതാനം മീറ്ററിൽ |
|---|---|---|
| 1 | താഴ്‌വര | 1.5–3 |
| 2 | സമതലം | 7–12 |
| 3 | ഉയർന്ന കുന്നിൻ പ്രദേശങ്ങൾ | 25–32 |

*അവലംബം-കൃഷിഭവൻ നടത്തിയ സർവ്വേ*

## ജലസേചനം

ചെമ്പിലോട് പ്രദേശത്തെ ശരാശരി ജലസേചനം 20 ശതമാനത്തിൽ താഴെയാണ്. മഴയെ ആശ്രയിച്ചുള്ള കൃഷിരീതി മാത്രമാണ് നിലവിലുള്ളത്. ചെമ്പിലോട് പ്രദേശത്ത് ധാരാളം സ്വകാര്യകുളങ്ങൾ ഉണ്ടെങ്കിലും ഒന്നുംതന്നെ ജലസേചനത്തിന് ഉപയോഗിക്കുന്നില്ല. തോടുകളുടെയും ചാലുകളുടെയും ജലസംഭരണശേഷി കുറഞ്ഞതുകൊണ്ടും തോടുകളിൽ ജലം തടഞ്ഞു നിർത്തി ആവശ്യാനുസരണം ഉപയോഗിക്കാൻ സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ടും പ്രസ്തുത ജലസംഭരണികൾ ജലസേചനത്തിന് ഉപയോഗിക്കുന്നില്ല. ഉദ്ദേശം 20 കി.മി. ദൂരത്തിൽ പഴശ്ശി ജലസേചനപദ്ധതിയുടെ കനാലുകളും കൈക്കനാലുകളും ഉണ്ടെങ്കിലും അവ ജലസേചനയോഗ്യമല്ല.

## പ്രത്യേക ഭൂസവിശേഷതകൾ

ചെമ്പിലോട് പഞ്ചായത്തിൽ താഴെ ഈരാണിപ്പാലം മുതൽ ചാലപാടശേഖരത്തിൽ ഉദ്ദേശം 30 ഏക്കറോളം സ്ഥലത്ത് ഉപ്പുവെള്ളം കയറുന്നുണ്ട്. ഇതേ പ്രദേശത്തും സമീപത്തും നീർകെട്ടും അനുഭവപ്പെടുന്നുണ്ട്.

## വിള വിഭവങ്ങൾ

ചെമ്പിലോട് പഞ്ചായത്തിലെ മുഖ്യകൃഷി തെങ്ങാണ്. താഴ്‌വാരകളിൽ നെല്ല്. തെങ്ങ്, വാഴ, മരച്ചീനി എന്നിവയും സമതലങ്ങളിൽ തെങ്ങും ഇടവിളകളും, ഉയരമുള്ള പ്രദേശങ്ങളിലും തരിശ് സ്ഥലങ്ങളിലും തെങ്ങ്, കശുമാവ് തുടങ്ങിയ വിളകളും കൃഷിചെയ്തുവരുന്നു.

| S.L. No. | ഇനങ്ങൾ | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | നെല്ല്-ഒന്നാംവിള | 40.0 |
| 2 | നെല്ല്-രണ്ടാംവിള | 40.0 |
| 3 | നെല്ല്-മൂന്നാംവിള | – |
| 4 | തെങ്ങ് | 848.0 |
| 5 | കവുങ്ങ് | 52.0 |
| 6 | കശുമാവ് | 32.0 |
| 7 | വാഴ | 60 |
| 8 | കുരുമുളക് | 15 |
| 9 | മരച്ചീനി | 24 |
| 10 | മാവ് | 18 |
| 11 | പ്ലാവ് | .8 |
| 12 | പച്ചക്കറി | 5 |
| 13 | പയർ | 5 |
| 14 | റബർ | 0.5 |

*അവലംബം-കൃഷിഭൻ റിപ്പോർട്ട്*

## വളപ്രയോഗം

ചെമ്പിലോട് പഞ്ചായത്തിൽ ശാസ്ത്രീയമായ രാസവളപ്രയോഗം ചെയ്യുന്ന തോട്ടങ്ങൾ വിരളമാണ്. രാസവളങ്ങൾ സംഭരിച്ച് വിതരണംചെയ്യുന്നതിന് സഹകരണ മേഖലയിൽ 3 സ്ഥാപനങ്ങളും സ്വകാര്യമേഖലയിൽ ഒരു സ്ഥാപനവും നിലവിലുണ്ട്.

## രാസവളവിതരണ പട്ടിക

| ക്രമ നമ്പർ | കൊല്ലം | വിതരണം നടത്തിയ അളവ് ടണ്ണിൽ | |
|---|---|---|---|
| | | സഹകരണം | സ്വകാര്യം |
| 1 | 93–94 | 881.28MT | 106.00MT |
| 2 | 94–95 | 512.84MT | 125.MT |
| 3 | 95–96 | 570.21MT | 104.MT |

*അവലംബം-കൃഷിഭവൻ റിപ്പോർട്ട്*

## സസ്യസംരക്ഷണം

രോഗകീടങ്ങൾക്ക് എതിരെ കീടനാശിനിപ്രയോഗം ഈ പഞ്ചായത്തിൽ കുറവാണ്. പച്ചക്കറി, വാഴകൃഷി തുടങ്ങിയവക്കാണ് കാര്യമായി കീടകുമിൾനാശിനികൾ ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു കീടനാശിനി ഡിപ്പോ പ്രവർത്തിക്കുന്നു. കൂടാതെ കൃഷിഭവൻ മുഖേനയും കീടനാശിനി വിതരണം ചെയ്യുന്നുണ്ട്.

| ക്രമ നമ്പർ | വർഷം | ഉടമസ്ഥത | കീടനാശിനിയുടെ അളവ് | |
|---|---|---|---|---|
| | | | ദ്രാവകം | ഖരം |
| 1 | 93–94 | സഹകരണം | 74–ലിറ്റർ | 956 കി.ഗ്രാം. |
| | | കൃഷിഭവൻ | 10ലിറ്റർ | 5 കി.ഗ്രാം. |
| 2 | 94–95 | സഹകരണം | 16 ലിറ്റർ | 800 കി.ഗ്രാം. |
| | | കൃഷിഭവൻ | 12 ലിറ്റർ | 7 കി.ഗ്രാം. |
| 3 | 95–96 | സഹകരണം | -- | 979 കി.ഗ്രാം. |
| | | കൃഷിഭവൻ | 13 ലിറ്റർ | 8 കി.ഗ്രാം. |

## കാർഷിക വായ്പകൾ

ചെമ്പിലോട് പഞ്ചായത്തിനകത്ത് കാർഷികവായ്പകൾ വിതരണംനടത്തുന്നതിന് 3 ഗ്രാമീണബാങ്കുകളുടെയും 2 സഹകരണ ബാങ്കുകളുടെയും സേവനം നിലവിലുണ്ട്. ധാരാളം കാർഷികവായ്പകൾ വർഷം തോറും വിതരണംനടത്തുന്നുണ്ടെങ്കിലും 30 ശതമാനത്തോളം വായ്പകൾ മാത്രമെ യഥാർത്ഥത്തിൽ കാർഷിക ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുള്ളൂ.

### വായ്പ വിതരണപട്ടിക

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | 1995–96 Rs. Ps. |
|---|---|---|
| 1 | കൊയ്യോട് സർവ്വീസ് സഹകരണ ബാങ്ക് | 51,4017 |
| 2 | ഇരിവേരിസർവ്വീസ് സഹകരണബാങ്ക് | 811600 |
| 3 | ഗ്രാമീണബാങ്ക് വെള്ളച്ചാൽ | ലഭ്യമല്ല. |
| 4 | ഗ്രാമീണബാങ്ക് ചാല | ,, |
| 5 | ഗ്രാമീണബാങ്ക് ചക്കരക്കല്ല് | ,, |
| 6 | കാർഷിക വികസനബാങ്ക് കണ്ണൂർ | 15,20,000 |

## നടീൽവസ്തുക്കളുടെ വിതരണം

കൃഷിഭവൻ മുഖേന പഞ്ചായത്തിൽ ഗുണനിലവാരമുള്ള വിത്തുകളും നടീൽവസ്തുക്കളും മിതമായ വിലക്കും സൗജന്യനിരക്കിലും വിതരണംചെയ്തുവരുന്നു. സർക്കാർ അംഗീകരിച്ച സ്വകാര്യ ഉടമസ്ഥതയിലുള്ള അംഗീകൃത നഴ്സറിയും മറ്റ് പ്രമുഖരായ കർഷകരും ശാസ്ത്രീയരീതിയിൽ നടീൽവസ്തുക്കൾ ഉൽപാദിപ്പിച്ച് വിപണനംചെയ്യുന്നു.

കൃഷിഭവൻ മുഖേന വിതരണംചെയ്ത ചില പച്ചക്കറി വിത്തുകളുടെ ഗുണനിലവാരം കുറവായിരുന്നുവെന്ന് കർഷകർക്കിടയിൽ അഭിപ്രായമുയർന്നിരുന്നു.

## കാർഷികോപകരണങ്ങൾ

ചെമ്പിലോട് പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള കാർഷികോപകരണങ്ങൾ താഴെ പ്രതിപാദിച്ചിരിക്കുന്നു. സ്പ്രേയറുകൾ, ടില്ലറുകൾ തുടങ്ങിയവയ്ക്ക് കൃഷിവകുപ്പിലൂടെ സാമ്പത്തികസഹായം അനുവദിക്കുന്നുണ്ട്.

| S. No. | ഇനം | എണ്ണം | കുറിപ്പ് |
|---|---|---|---|
| 1 | നാപ്സാക്ക് സ്പ്രേയറുകൾ | 18 | |
| 2 | റോക്കർ സ്പ്രേയറുകൾ | 22 | 1000 നിരക്കിൽ കൃഷിവകുപ്പ് സഹായം അനുവദിച്ചത്-8 |
| 3 | ടില്ലർ | 1 | ഇരിവേരി പാടശേഖരത്തിന് 50% സഹായനിരക്കിൽ കൃഷിവകുപ്പ് അനുവദിച്ചത്. |
| 4 | തെങ്ങുകയറ്റ യന്ത്രം | 2 | 500 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചത്. |

## കർഷക തൊഴിലാളികളും കൂലി നിരക്കും

കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ച് തൊഴിലാളികളുടെ സേവനം ലഭ്യമല്ല. കാർഷികമേഖലയിൽ വൈദഗ്ധ്യം ഉള്ള തൊഴിലാളികളുടെ സേവനം അനുദിനം കുറഞ്ഞുവരുന്നു. ചെമ്പിലോട് പഞ്ചായത്തിലെ കർഷകതൊഴിലാളികളുടെ എണ്ണം പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| S.L No | വില്ലേജിന്റെ പേര് | ലഭ്യമായ തൊഴിലാളികളുടെ എണ്ണം | | കൂലിനിരക്ക് | |
|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ |
| 1 | ചെമ്പിലോട് | 119 | 419 | 100രൂപ | 60രൂപ |
| 2 | ഇരിവേരി | 300 | 492 | 100 | 60 |

## ഉൽപാദനക്ഷമത

കൃഷിഭൂമി അനുദിനം തുണ്ടംതുണ്ടമായി തീരുന്നതും, കാർഷികമേഖലയോടുള്ള താൽപര്യക്കുറവും അശാസ്ത്രീയമായ കൃഷിരീതിയും പ്രധാനവിളകളുടെ ഉൽപാദനക്ഷമതയിൽ കുറവുവരുത്താൻ ഇടയാക്കി. ചെമ്പിലോട് പഞ്ചായത്തിലെ പ്രധാനവിളകളുടെ ഉൽപാദനക്ഷമത താഴെ കൊടുത്ത പ്രകാരമാണ്.

## നടീൽവസ്തുക്കളുടെ വിതരണപട്ടിക

| S.L. No. | വിതരണം നടത്തിയ ഇനങ്ങളുടെ എണ്ണം | കൃഷിഭവൻ മുഖേന | | | അംഗീകൃത നഴ്സറി മുഖേന | | | പ്രമുഖ കർഷകർ | | |
|---|---|---|---|---|---|---|---|---|---|---|
| | | 93-94 | 94-95 | 95-96 | 93-94 | 94-95 | 95-96 | 93-94 | 94-95 | 95-96 |
| 1 | നെല്ല് വിത്ത | 1020 കി. | 852.kg. | 550 kg. | | | | | | |
| 2 | W.C.T. | | | | | | | | | |
| | തെങ്ങിൻതൈകൾ | 1400 No. | 1200 No. | 400 | 200 | 400 | 400 | 500 | 500 | 500 |
| 3 | TxD | 50 | 80 | 45 | | | | | | |
| 4 | DxT | | | | | | | | | |
| 5 | കുരുമുളകുവള്ളികൾ | 3500 | 10000 | 7500 | – | 10000 | 15000 | | | |
| 6 | കവുങ്ങിൻ തൈകൾ | 6120 | – | – | 2000 | 3000 | 2000 | 5000 | 60000 | 2000 |
| | കശുമാവിൻതൈകൾ | 800 | – | – | – | 1000 | 500 | | | |
| 7 | ജാതിക്കാതൈകൾ | – | 200 | 220 | – | 500 | 1000 | | | |
| 8 | മാവിൻതൈകൾ | 250 | – | 30 | – | – | 500 | 50 | 50 | 50 |
| 9 | മുരിങ്ങാതൈകൾ | – | – | 900No. | – | – | 1500 | | | |
| 10 | പച്ചക്കറി വിത്ത് | 18.45 kg. | 6 kg. | | | | | | | |
| 11 | പച്ചക്കറി കിറ്റ് | 1300 No. | 1175 No. | 1090No. | | | | | | |
| 12 | പയർവിത്ത് | 200 കി. | 252 kg. | 268 kg. | | | | | | |
| 13 | കൊക്കോതൈകൾ | – | 200 | | | | | | | |
| 14 | എള്ള് വിത്ത് | 15 കി. | | | | | | | | |
| 15 | വാഴകന്നുകൾ | – | 335 No. | | | | | | | |

## ഉൽപദാനക്ഷമത

| S.L. No | വിള | ഉൽപദാനക്ഷമത |
|---|---|---|
| 1 | നെല്ല് ഒന്നാംവിള | 1500 കി.ഗ്രാം/ഹെക്ടർ |
| 2 | നെല്ല് രണ്ടാംവിള | 200 കി.ഗ്രാം/ഹെക്ടർ |
| 3 | തെങ്ങ് | ആണ്ടിൽ തെങ്ങ് ഒന്നിന് ശരാശരി 35 തേങ്ങ |
| 4 | കമുക് | ആണ്ടിൽ കമുക് ഒന്നിന് അടയ്ക്ക 50 എണ്ണം |
| 5 | വാഴ | ശരാശരി7 കി.ഗ്രാം ഭാരമുള്ള വാഴക്കുലകൾ |

## സംഘടിത കൃഷി

പാടശേഖര അടിസ്ഥാനത്തിൽ സംഘടിത കൃഷി രീതി നിലവിലുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സമിതികൾ നിലവിലില്ല. പാടശേഖരസമിതികളുടെ വിശദവിവരങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

| S.L. No | പാടശേഖരത്തിന്റെ പേര് | വിസ്തൃതി ഹെക്ടറിൽ | അംഗങ്ങൾ |
|---|---|---|---|
| 1 | ഇരിവേരി പാടശേഖരം | 10.2 | 58 |
| 2 | ചാല പാടശേഖരം | 12.4 | 57 |
| 3 | കൊയ്യോട് പാടശേഖരം | 5.0 | 25 |
| 4 | മിടാവിലോട് പാടശേഖരം | 4.0 | 28 |
| 5 | കണയന്നൂർ പാടശേഖരം | 3.4 | 19 |
| | ആകെ | 35.0 | 187 |

## കേരവികസന സമിതികൾ

1995-ൽ ചെമ്പിലോട് പഞ്ചായത്ത് കേരസമിതി നിലവിൽവന്നു. ഉദ്ദേശം 700 ഓളം അംഗങ്ങൾ സമിതിയിൽ അംഗത്വം നേടിയിട്ടുണ്ട്. സമഗ്രനാളികേര വികസനപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കേരവികസനസമിതി മുഖാന്തിരം കർഷകർക്ക് നൽകിവരുന്നു.

## കാർഷിക പരിശീലനം

ചെമ്പിലോട് പഞ്ചായത്തിലെ കർഷകരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി വിവിധ കാർഷികമേഖലകളിലെ വിഷയങ്ങളെ അടിസ്ഥാനമാക്കി കർഷക പരിശീലനങ്ങൾ സംഘടിപ്പിച്ചിരുന്നുവെങ്കിലും ക്രിയാത്മകമായ സഹകരണം കുറവായിരുന്നു.

കർഷക പരിശീലനപരിപാടികൾക്ക് പങ്കെടുക്കുന്ന പുതുമുഖങ്ങൾ പരിമിതമായിരുന്നു.

| S.L. No. | വിഷയം | കാർഷിക പരിശീലനങ്ങളുടെ എണ്ണം | കർഷക പ്രാതിനിധ്യം |
|---|---|---|---|
| 1 | നെൽകൃഷി | 5 | കുറവ് |
| 2 | മണ്ണ് സംരക്ഷണം | 4 | മധ്യമം |
| 3 | തെങ്ങ് കൃഷി | 2 | മധ്യമം |
| 4 | ജൈവവളങ്ങളുടെ പ്രാധാന്യം | 4 | കുറവ് |
| 5 | കാർഷിക തൊഴിൽ സാധ്യതയും വായ്പാലഭ്യതയും | 2 | കുറവ് |
| 6 | കൂൺകൃഷി | 2 | മധ്യമം |

*അവലംബം-കൃഷിഭവൻ റിപ്പോർട്ട്*

മണ്ണ് സംരക്ഷണം: മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസിലാക്കിയിട്ടുള്ള കർഷകർ പരിമിതമാണ്. ഇരിവേരി ദേശീയ നിർമറി വികസനപദ്ധതിയുടെ ഭാഗമായി ഇരിവേരി വില്ലേജിൽ മണ്ണ്, ജലസംരക്ഷണത്തിന്റെ സന്ദേശം എത്തിക്കാൻ പറ്റിയിരുന്നെങ്കിലും കാര്യക്ഷമമായി പ്രവർത്തനംനടത്തിയ കർഷകർ 30 ശതമാനത്തിൽ താഴെ മാത്രമേയുള്ളു.

ഇരിവേരി ദേശീയ നിർമറിവികസനപദ്ധതിയുടെ ഭാഗമായി നടത്തിയ മണ്ണുസംരക്ഷണപ്രവർത്തനത്തിന്റെ സംക്ഷിപ്ത രൂപരേഖ താഴെ ചേർത്തിരിക്കുന്നു.

| S.L. No. | പദ്ധതിയുടെ പേര് | ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം | 31- 10-96 വരെ വിനിയോഗിച്ച തുക. |
|---|---|---|---|
| 1 | ഇരിവേരി നിർമറി വികസന പദ്ധതി | 450 | 392685 |

## നൂതന കൃഷിസംരഭങ്ങൾ

തൊഴിൽസാധ്യതയുള്ളതും കാർഷികവരുമാനം ഉയർത്താനുതകുന്ന കാർഷിക സംരംഭങ്ങളായ കൂൺകൃഷിക്ക് കർഷകരുടെയിടയിൽ പ്രചാരം ലഭിച്ചു തുടങ്ങിയിട്ടുണ്ട്. 1995 വർഷം 25 കർഷകർക്ക് കൂൺകൃഷിയിൽ വിദഗ്ദ പരിശീലനം കൊടുക്കുകയും കൂൺകൃഷി ആരംഭിക്കുകയുംചെയ്തു. കൂൺ കൃഷിക്കാവശ്യമായ വിത്തുകൾ ലഭിക്കാത്തതുകൊണ്ട് കർഷകരുടെയിടയിൽ താത്പര്യക്കുറവ് ഉണ്ടായിട്ടുണ്ട്.

കൂൺകൃഷി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

| വർഷം | കൂൺകൃഷി ചെയ്ത കർഷകർ | ഉത്പാദിപ്പിച്ച കൂൺ. കി.ഗ്രാം. |
|---|---|---|
| 1995 | 12 | 120 കി.ഗ്രാം. |
| 1996 | 25 | 250 കി.ഗ്രാം. |

## പ്രത്യേകഘടകപദ്ധതി

പ്രത്യേകഘടകപദ്ധതിപ്രകാരം ചെമ്പിലോട് പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് കൃഷിഭവൻമുഖേന ആനുകൂല്യങ്ങൾ നൽകിവരുന്നു.

വിളകളുടെ പ്രധാന രോഗകീടങ്ങൾ

1.ചെമ്പിലോട് പഞ്ചായത്തിലെ മുഖ്യവിളയായ തെങ്ങ് കൃഷിക്ക് ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, കൊമ്പൻചെല്ലിയുടെ ആക്രമണം എന്നിവമൂലം തെങ്ങുകൃഷിക്ക് ഭാഗികമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

നെൽകൃഷിക്ക് തണ്ടുതുരപ്പൻ, ഇലപുള്ളിക്കുത്ത്, പോളചീയൽ, ഇലതീനിപ്പുഴുക്കളുടെ ആക്രമണം എന്നിവ കണ്ടുവരുന്നുണ്ട്.

കുരുമുളകുകൃഷിക്ക് ദ്രുതവാട്ടവും, പൊള്ളുരോഗവും പച്ചക്കറികൃഷിക്ക് തണ്ടുതുരപ്പൻ, കായീച്ച എന്നിവയും കശുമാവ് കൃഷിക്ക് തേയിലകൊതുകിന്റെ ആക്രമണവും കണ്ടുവരുന്നു.

## നടപ്പുപദ്ധതിയുടെ അവലോകനം

ചെമ്പിലോട് പഞ്ചായത്തിൽ സമഗ്രനാളികേരവികസനപദ്ധതി പ്രകാരം കേരവികസനസമിതി തെരഞ്ഞെടുത്ത കർഷകർക്ക് 2500 രൂപാനിരക്കിൽ തെങ്ങുകൃഷി ജലസേചനത്തിന് പമ്പ്സെറ്റ് സ്ഥാപിക്കൽ, കിണർ കുഴിക്കൽ തുടങ്ങിയ ഇനങ്ങൾക്ക് സഹായധനം നൽകിവരുന്നു.

95-96 വർഷം സമൂഹ ജലസേചന പദ്ധതിപ്രകാരം 10 ഹെക്ടർ സ്ഥലത്ത് 24 കർഷകർക്ക് ജലസേചനത്തിന് 1,55,550 രൂപാ സഹായധനം അനുവദിച്ചിട്ടുണ്ട്. 1995-ലെ ''യുവാക്കൾക്ക് പ്രത്യേക തൊഴിൽദാനപദ്ധതി'' പ്രകാരം 119 യുവാക്കൾ കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 13 പേർ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാകുന്നു. ഇതുവരെ ഈ പദ്ധതിയുടെ ഭാഗമായി 49,000 രൂപയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

വിള ഇൻഷൂറൻസ് പദ്ധതിപ്രകാരം 92 കർഷകർ വിള ഇൻഷൂർ ചെയ്തിട്ടുണ്ട്. വിള നഷ്ടപ്പെട്ടതിനെതുടർന്ന് 3 പേർക്ക് 6000 രൂപ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം വിളനശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നു.

| വർഷം | ഗുണഭോക്തക്കളുടെ എണ്ണം | അനുവദിച്ച നഷ്ടപരിഹാര തുക |
|---|---|---|
| 94-95 | 134 | 21,675 |
| 95-96 | 47 | 25,515 |
| 96-97 | 136 | 21,105 |

ഇരിവേരി ദേശീയനിർമറിവികസനപദ്ധതി പ്രകാരം ഇരിവേരി നിർമറി പ്രദേശത്തിന്റെ സമഗ്രവികസനത്തിന് 650 ഹെക്ടർ സ്ഥലത്ത് 22.75 ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്. 31-10-96 വരെ പ്രസ്തുത പദ്ധതിപ്രകാരം അടിസ്ഥാന പ്രവൃത്തികൾക്കും പദ്ധതി പ്രവൃത്തികൾക്കും കൂടി ആകെ 11,53,250 രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെമ്പിലോട് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള സമിതി പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നു. കൂടാതെ നെൽകൃഷിക്ക് ഉന്പാദന ബോണസ് പാടശേഖര അടിസ്ഥാനത്തിൽ നൽകിവരുന്നു. പയർകൃഷി പ്രോത്സാഹനങ്ങൾ, തരിശുസ്ഥലത്ത് കശുമാവ് കൃഷി എന്നീ പദ്ധതികൾ നിലവിൽ നടത്തിവരുന്നു. സ്കൂൾ കുട്ടികൾ മുഖേനയും, അടുക്കളത്തോട്ട നിർമാണം മുഖേനയും പച്ചക്കറിവിത്തുകൾ സൗജന്യമായി നൽകിവരുന്നു. കുരുമുളക് കൃഷി പുനരുദ്ധാരണത്തിന് സഹായങ്ങൾ നൽകിവരുന്നു.

## പ്രശ്നങ്ങൾ

1. ചെമ്പിലോട് പഞ്ചായത്തിലെ മിക്ക കൃഷി ഭൂമികളിലും മണ്ണിന് ഫലഭൂയിഷ്ടി കുറവാണ്.

ചെമ്പിലോട് പഞ്ചായത്തിൽ വെട്ടുകൽ മണ്ണിന്റെ ആധിക്യവും മണ്ണ് ജലസംരക്ഷണ പ്രവർത്തനത്തിന്റെ അഭാവവും അശാസ്ത്രീയമായ കൃഷിരീതിയും മണ്ണിന്റെ ഫലഭൂയിഷ്ഠത കുറക്കാൻ ഇടയാക്കി.

2. നെൽകൃഷി നിലനിർത്തുന്നതിനും ഉൽപാദനവും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമുണ്ട്. പഞ്ചായത്തിലെ പ്രധാന പാടശേഖരങ്ങളായ ചാല, കൊയ്യോട്, ഇരിവേരി, മിടാവിലോട്, കണയന്നൂർ എന്നീ പാടശേഖരങ്ങളുടെ സമീപത്തുകൂടെ ഒഴുകുന്ന പ്രധാനതോടുകളുടെയും

## പ്രത്യേകഘടകപദ്ധതി

| S.L. No. | വർഷം | ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം | വിതരണം ചെയ്ത രാസവളം കി.ഗ്രാം | അലുമിനിയം പാത്രം | നടീൽ വസ്തുക്കൾ | മൺവെട്ടി | പിക്കാസ് | ആകെ വിനിയോഗിച്ച തുക, രൂപ. |
|---|---|---|---|---|---|---|---|---|
| 1 | 92–93 | 68 | 720.85 | – | – | – | – | 2786.09 |
| 2 | .93–94 | 49 | 1235.7 കീടനാശിനി 31 | 98 എണ്ണം | – | – | – | 19850.21 |
| 3 | 94–95 | 53 | 864.08 | | 42 തെങ്ങിൻ തൈകൾ | 53 | 53 | 20096.00 |
| 4 | 95–96 | 67 | 1155 | | 335 എണ്ണം വാഴക്കന്നുകൾ | | 67 | 17246.00 |
| | മൊത്തം | – | 3976.35 | 98 | – | 53 | 120 | 59978.30 |

## വിളകളുടെ പ്രധാന രോഗകീടങ്ങൾ

| ക്രമ നമ്പർ | വിള | തെങ്ങുകളുടെ ചെന്നീരോലിപ്പ് മണ്ടചീയൽ | എണ്ണം | നെൽകൃഷി രോഗകീടബാധ ഹെക്ടറിൽ | കുരുമുളക് ദ്രുതവാട്ടം ,പൊള്ള്, | പച്ചക്കറി രോഗ കീടബാധ |
|---|---|---|---|---|---|---|
| 1 | തെങ്ങ് | 1100 | 800 | | | |
| 2 | നെല്ല് | – | – | 5 ഹെക്ടർ | | |
| 3 | – | – | – | | 4 ഹെക്ടർ | |
| 4 | – | – | – | – | | 2 ഹെക്ടർ |

## നടപ്പുപദ്ധതിയുടെ അവലോകനം

| S.L.No. | വർഷം | പമ്പ്സെറ്റ് | കിണർ | SC/ST ആനുകൂല്യം | സ്പ്രെയർ /തെങ്ങുകയറ്റ യന്ത്രം | ആകെ |
|---|---|---|---|---|---|---|
| 1 | 94–95 | 45 | 42 | 1 | – | 227500 |
| 2 | 95–96 | 66 | 61 | 1 | 2 | 329000 |
| 3 | 96–97 | 95 | 50 | – | – | പദ്ധതി തുടരുന്നു |

കൈതോടുകളുടെയും കരയിടിഞ്ഞ് ആഴംകുറഞ്ഞതു കാരണം മഴക്കാലത്ത് വെള്ളം ശക്തിയായി പാടങ്ങളിലൂടെ ഒഴുകുന്നതുകൊണ്ട് ഒന്നാംവിളക്കാലത്ത് നെൽകൃഷി ഭൂരിഭാഗവും നശിച്ചുപോകാറുണ്ട്. നിലവിലുള്ള കൈതോടുകളുടെ കാര്യക്ഷമത കുറയുന്നതുകൊണ്ടും പുതിയ കൈതോടുകളുടെ അഭാവം കൊണ്ടും ഒന്നാംവിളക്കാലത്ത് വെള്ളം പരിപാലിക്കാൻ പറ്റാതെ വരുന്നു. രണ്ടാംവിള കാര്യക്ഷമമായി നടത്താൻ എല്ലാ പാടശേഖരങ്ങളിലും വെള്ളം തടഞ്ഞുനിർത്തി നെൽകൃഷിക്ക് ഉപയുക്തമാക്കാനുള്ള സൗകര്യമില്ല. ചാല പാടശേഖരത്ത് ഉപ്പുവെള്ളം കയറുന്നതും ചക്കരക്കൽ ഭാഗത്തുനിന്ന് ശക്തിയായി വെള്ളം മിടാവിലോട് പാടശേഖരത്തുകൂടി ഒഴുകുന്നതും മൊവ്വഞ്ചേരിയിൽനിന്നും മഴവെള്ളം കണയന്നൂരിലേക്ക് ഒഴുകുന്നതും നെൽകൃഷിക്ക് സാരമായി ബാധിക്കുന്നു.

3. നിലവിലുള്ള നെൽകൃഷി സംരക്ഷിക്കുന്നതിന് നെൽപാടങ്ങളിൽ പുതുതായി തെങ്ങുകൃഷിയും മറ്റ് കൃഷിയും വെച്ചുപിടിപ്പിക്കുന്നതും സാരമായി ബാധിക്കുന്നു.

4. ശാസ്ത്രീയമായ കൃഷിരീതിയും കർഷക ബോധവൽക്കരണത്തിന്റെ അഭാവവും കാരണം പ്രധാനവിളകളായ നെല്ല്, തെങ്ങ് മറ്റ് പ്രധാന വിളകളുടെ ഉൽപാദനക്ഷമത കുറയാനിടയാവുകയും തദ്വാര കൃഷിയിടത്തുനിന്നുള്ള വരുമാനം കുറയാനിടയാട്ടുണ്ട്.

5. രൂക്ഷമായ മണ്ണൊലിപ്പ്

ചെമ്പിലോട് പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും കർഷകരുടെ ഭാഗത്തുനിന്നുള്ള മണ്ണുസംരക്ഷണ പ്രവർത്തനത്തിന്റെ അഭാവം കാരണം ഫലപുഷ്ടിയുള്ള മേൽമണ്ണ് നഷ്ടപ്പെടുകയും അവ പാടങ്ങളിലേക്ക് ഒഴുകി തോടുകളുടെ ജലസംഭരണശേഷി കുറയാനിടയാക്കി.

6. ജൈവവളങ്ങളുടെ ഉപയോഗം കുറവാണ്

ജൈവവളത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ടും പുതുതായി ജൈവവളം ഉൽപാദിപ്പിക്കുന്നതിന് കർഷകന്റെ ഭാഗത്തുനിന്നുള്ള വിമുഖതകൊണ്ടും മണ്ണിന്റെ ഫലപുഷ്ടിയും അതുവഴി ഉൽപാദനകുറവുണ്ടാവുകയും ചെയ്തിട്ടുണ്ട്.

7. മണ്ണുപരിശോധന നടത്താതെ വളപ്രയോഗം ചെയ്യു

ന്നതുകൊണ്ടും അമ്ലത്വം കൂടുതലുള്ള മണ്ണിൽ അത് നിർവീര്യമാക്കാനുള്ള ഉപാധികൾ ഒന്നും ചെയ്യാത്തതുകൊണ്ടും വിളകളിൽനിന്നും ഉദ്ദേശിച്ച ഫലം കിട്ടുന്നില്ല.

8. കൃഷിയിടങ്ങളിൽനിന്ന് ആദായം കൂടുതൽ ലഭിക്കാൻ സാധ്യതയുള്ള ഇടവിളകൾ (കുരുമുളക്, ഇഞ്ചി, മഞ്ഞൾ, വാഴ, ചേന, ചേമ്പ്, ജാതിക്ക, ഗ്രാമ്പു തുടങ്ങിയവ കൃഷിചെയ്യുന്നില്ല).

9. കൃഷിക്ക് അനുയോജ്യമായ സമയങ്ങളിൽ കർഷകത്തൊഴിലാളികളുടെ അഭാവവും ഉൽപാദനക്ഷമതയുമായി തട്ടിച്ചുനോക്കുമ്പോൾ ഉയർന്ന കൂലി നിരക്കും കർഷകർ നേരിടുന്ന ഒരു പ്രധാനപ്രശ്നമാണ്.

10. കാർഷികവൃത്തിയോട് അഭ്യസ്തവിദ്യർ വിമുഖതകാണിക്കുന്നു.

11. നെൽകൃഷിക്ക് തൊഴിലാളികളുടെ അഭാവവും ടില്ലർ തുടങ്ങിയ യാന്ത്രിക ഉപകരണങ്ങളുടെ കുറവും താൽപര്യമുള്ള കൃഷിക്കാരെ കൃഷിചെയ്യുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നു.

12. ആദായകരമായ നൂതന കാർഷികസംരംഭങ്ങളായ കൂൺ, തേനീച്ച, പൂവ്, ഔഷധം, പച്ചക്കറി എന്നീ കൃഷികളെക്കുറിച്ച് കർഷകരുടെയിടയിൽ മതിയായ ബോധവൽക്കരണമില്ലായ്മ.

13. കാർഷിക ഉൽപന്നങ്ങളുടെ സംസ്ക്കരണ സംവിധാനങ്ങളുടെ അഭാവം.

മഴക്കാലത്ത് കൊപ്ര ഉണക്കിക്കിട്ടാനുള്ള അസൗകര്യവും കൂടുതലായി ലഭിക്കുന്ന ചക്ക, മാങ്ങ, കശുമാങ്ങ, മറ്റു പഴവർഗ്ഗങ്ങൾ എന്നിവ സംസ്ക്കരിച്ച് വിപണനംനടത്താനുള്ള സൗകര്യമില്ലായ്മയും, താത്പര്യക്കുറവും പ്രശ്നമാണ്.

14. ഉൽപന്നങ്ങളുടെ വിലക്കുറവ്.

15. കൂട്ടായ്മയോടുകൂടിയ കാർഷിക സംരംഭങ്ങൾ ഏറ്റെടുത്ത് നടത്താൻ കർഷ കർഷകർ താത്പര്യം കാണിക്കുന്നില്ല.

16. കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിലെ എല്ലാ ഭാഗത്തും എത്താത്തതും നിലവിൽ ലഭ്യമായ ആനുകൂല്യങ്ങളും പദ്ധതികളും, പരിശീലനസംവിധാനങ്ങളും കാര്യക്ഷമമായി ഉപയോഗിക്കാത്തതും ശ്രദ്ധേയമായ പ്രശ്നങ്ങളാണ്.

17. കാർഷിക ജലസേചനത്തിന് വൈദ്യുതി ലഭിക്കുന്നില്ല. വർഷങ്ങളോളമായി ജലസേചനത്തിന് പമ്പ്സെറ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ധാരാളം കർഷകർ പഞ്ചായത്തിലുണ്ട്.

18. പ്രായാധിക്യംകൊണ്ടും മറ്റും ഉൽപാദനശേഷി കുറഞ്ഞ ധാരാളം തെങ്ങുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

19. നെൽകൃഷിക്ക് ഇലപുള്ളിക്കുത്ത്, തണ്ടുതുരപ്പൻ, പോളചീയൽ എന്നിവയും തെങ്ങിന് കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലിയുടെ ആക്രമണവം, വാഴകൃഷിക്ക് കുറുനാമ്പ് രോഗം, കുരുമുളകിന് ദ്രുതവാട്ടം എന്നീകാരണങ്ങളാൽ ഉൽപാദനം കുറയുന്നു.

20. കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകളും നടീൽവസ്തുക്കളും അനുയോജ്യമായ സമയത്ത് ലഭിക്കുന്നില്ല.

21. തൊഴിൽരഹിതരും സ്വന്തമായി ഭൂമിയില്ലാത്തതുമായ താത്പര്യമുള്ള യുവാക്കളെ ആകർഷിക്കത്തക്ക രീതിയിൽ കാർഷികവായ്പാസൗകര്യങ്ങൾ ഇല്ല.

22. ചാല പാടശേഖരത്തിൽ ഉപ്പുവെള്ളം കയറുന്നതുമൂലം ഈരാണിപ്പാലത്തിന് താഴെ കൃഷിചെയ്യാൻ ബുദ്ധിമുട്ടുണ്ട്.

23. കൃഷി മുഖ്യതൊഴിലായി കാണുന്നവർ വിരളമാണ്.

## നിർദേശങ്ങൾ

1. പഞ്ചായത്തുതലത്തിൽ കർഷകരുടെ വിശദവിവരങ്ങൾ അടങ്ങിയ കർഷക കാർഡ് സംവിധാനം നിലവിൽവരുത്തുക, പ്രസ്തുത കാർഡ് മുഖേന മാത്രം ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

2. കാർഷിക ബോധവൽക്കരണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുക.

3. നിലവിലുള്ള നെൽകൃഷി കാര്യക്ഷമമാക്കാൻ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ തോടുകളും ചാലുകളും കൃഷിക്ക് ആവശ്യമായരീതിയിൽ ജലപരിപാലനം നടത്തുന്നതിന് സജ്ജമാക്കുക. നെൽകൃഷിക്ക് പാടശേഖരാടിസ്ഥാനത്തിൽ ടില്ലറുകൾ, മറ്റ് ഉൽപാദനോപാധികൾ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

4. നെൽകൃഷിയുടെ ഉൽപാദനം വർധിപ്പിക്കാൻ ശാസ്ത്രീയമായ കൃഷിരീതികൾ നിർബന്ധമാക്കാനുള്ള സംവിധാനം പാടശേഖരാടിസ്ഥാനത്തിൽ ചെയ്യുക.

5. നെൽപ്പാടം മറ്റുകൃഷിക്ക് ഉപയോഗിക്കുന്നത് തടയുകയും അടുത്തകാലത്തായി പാടങ്ങൾ നികത്തി മറ്റു കൃഷി നടത്തിയവരെ പിന്തിരിപ്പിക്കാൻ ശക്തമായ നടപടി സ്വീകരിക്കുക.

6. പഞ്ചായത്തിൽ ആവശ്യമായ വിത്തുകളും നടീൽവസ്തുക്കളും പഞ്ചായത്ത് കാർഷിക വികസന സമിതി മുൻകൂട്ടി തീരുമാനിച്ചു പഞ്ചായത്തിന് അകത്തുനിന്നുതന്നെ ഉൽപാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

7. പഞ്ചായത്തുതലത്തിൽ വിവിധ കാർഷികസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

8. കാർഷികപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിൽ വരുത്തുന്നതിനും വിലയിരുത്തുന്നതിനും കാർഷിക ഉപദേശകസമിതി രൂപീകരിച്ചു പ്രവർത്തനം

കാര്യക്ഷമമാക്കുക.

9. മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കാനും ശാസ്ത്രീയമായ വളപ്രയോഗം നടത്താനും വാർഡുതലത്തിൽ ജനകീയകമ്മിറ്റികൾ രൂപീകരിച്ച് കൃഷിഭവന്റെ നേതൃത്വത്തിൽ മണ്ണുപരിശോധനനടത്തി കുമ്മായം തുടങ്ങിയ വസ്തുക്കൾ സംഘടിതമായി ശേഖരിച്ചു മിതമായവിലക്ക് വിതരണംനടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

10. മണ്ണ്, ജലസംരക്ഷണം ഒരു ജനകീയ പ്രശ്നമായി ഏറ്റെടുത്ത് നടപ്പിൽ വരുത്തുക.

11. മണ്ണൊലിപ്പു തടയാൻ കൂട്ടായ ജനകീയപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിൽവരുത്തുക.

12. എല്ലാ കൃഷിസ്ഥലങ്ങളിലും ജലസംരക്ഷണം കാര്യക്ഷമമാക്കാൻ ചകിരിക്കുണ്ടുകൾ നിർമിക്കുക.

13. ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുക. പ്രത്യേകിച്ച് കുരുമുളക്, വാഴ, ജാതിക്ക, ഗ്രാമ്പു, ജഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, കാച്ചിൽ, കൈതചക്ക തുടങ്ങിയവ.

14. സാധ്യതയുള്ള സ്ഥലങ്ങളിൽ പൊനംകൃഷി നടത്താനുള്ള പ്രോത്സാഹനം നൽകുക.

15. നിലവിലുള്ള ജലസംഭരണികളെ ജലസേചനത്തിന് ഉപയുക്തമാക്കുക.

16. കാർഷികമേഖലയിലെ ആദായകരമായ കൂൺ, പൂവ്, തേനീച്ച വളർത്തൽ, ഔഷധകൃഷി, അലങ്കാര ചെടി വളർത്തൽ, നേഴ്സറി നിർമാണം എന്നീ മേഖലയിൽ തൊഴിൽരഹിതരെയും മറ്റു കർഷകരെയും ആകർഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക.

17. ജൈവവളങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വാർഡുതലത്തിൽ ശീമക്കൊന്ന തുടങ്ങിയ ചെടികൾ വീട്ടുവളപ്പിലും പച്ചിലവളവിത്തുകൾ ശേഖരിച്ചു പുരനിടങ്ങളിലും പാടങ്ങളിലും കൃഷിചെയ്യുന്ന പരിപാടികൾ ആവിഷ്ക്കരിക്കുക.

18. കമ്പോസ്റ്റ്വളം നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

19. മാവ്, പേരക്ക, സപ്പോട്ട തുടങ്ങിയ ഫലവർഗ്ഗവിളകൾക്ക് പ്രോത്സാഹനം നൽകുക.

20. വീട്ടുവളപ്പിൽ വാഴകൃഷി, പച്ചക്കറി, മുരിങ്ങ, പപ്പായ എന്നീ കൃഷികൾ പ്രോത്സാഹിപ്പിക്കുക.

21. പാടങ്ങളിൽ രണ്ടാംവിള കഴിഞ്ഞു കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വിപുലമാക്കാൻ ആകർഷകമായ പരിപാടികൾ നടപ്പിൽ വരുത്തുക.

22. തൊഴിലാളികളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കത്തക്ക രീതിയിൽ ഇൻഷൂറൻസ് സംരക്ഷണം, ആരോഗ്യസംരക്ഷണം, ആകർഷകമായ ക്ഷേമനിധികൾ എന്നിവ ഉൾപ്പെടുത്തി സമഗ്രമായ പരിപാടികൾ നടപ്പിൽവരുത്തുക.

23. പഞ്ചായത്തിലെ മുഴുവൻ കർഷകരെയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ കൊണ്ടുവരിക.

24. പഞ്ചായത്തിലെ ലഭ്യമായ കാർഷികവിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്താൻ കാർഷിക സംസ്ക്കരണ സംവിധാനം ഉണ്ടാക്കുക.

25. തൊഴിൽസാധ്യതയുള്ള കാർഷിക പരിശീലനപരിപാടി നടപ്പിൽവരുത്തുക.

26. പഞ്ചായത്തിലെ യു.പി. സ്കൂൾതലംമുതൽ വിദ്യാർത്ഥികളെ കാർഷികവൃത്തിയിലേക്ക് ആകൃഷ്ടമാക്കാൻ കാർഷിക ക്ലബുകൾ സ്ഥാപിക്കുക.

27. തരിശുഭൂമികളിൽ പൈനാപ്പിൾ, കശുവണ്ടി തുടങ്ങി സാധ്യതയുള്ള കൃഷികൾ ചെയ്യാനുള്ള പരിപാടി തയ്യാറാക്കുക.

28. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ചു കൃഷിചെയ്യുന്ന യഥാർഥ കർഷകർക്ക് പഞ്ചായത്തുതലത്തിൽ പ്രോത്സാഹനം കൊടുക്കുക.

29. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി സഹകരണാടിസ്ഥാനത്തിൽ കർഷകരുടെ ഉൽപന്നങ്ങൾക്ക് വിപണിയും ഉൽപാദനോപാധികൾ ലഭ്യമാക്കാൻ വേണ്ടുന്ന പദ്ധതികൾ പഞ്ചായത്തുതലത്തിൽ ശക്തപ്പെടുത്തുക.

30. പ്രായാധിക്യംകൊണ്ടും രോഗകീടാക്രമങ്ങൾകൊണ്ടും ഉൽപാദനമാന്ദ്യം സംഭവിച്ച തെങ്ങുകൾ മുറിച്ചുമാറ്റി ഗുണമേന്മയുള്ള തൈകൾ നടുവാൻ ആനുകൂല്യം നൽകുക.

31. പൊതുറോഡിലൂടെ ഒഴുകുന്ന വെള്ളം സംഭരിച്ച് കൃഷിയോഗ്യമാക്കുക.

32. യഥാർത്ഥ ജലസേചനത്തിന് സ്ഥലപരിധി നോക്കാതെ പമ്പ്സെറ്റ്, കിണിർ തുടങ്ങിയവയ്ക്ക് ആനുകൂല്യം കൊടുക്കുക.

33. കൃഷി അനുബന്ധമേഖലക്കു വൈദ്യുതികണക്ഷൻ കാലതാമസം കൂടാതെ കൊടുക്കുക.

34. കൃഷിയും അനുബന്ധതൊഴിലും മാത്രം ഉപജീവനമാക്കിയ കർഷകരുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

35. കാർഷികാവശ്യങ്ങൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതികത ലഘൂകരിക്കുക.

36. പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്ന കർഷകർക്ക് പ്രത്യേക ആനുകൂല്യം നൽകുക.

37. ചാല ഈരാണി പാലത്തിന് പരിസരം വർഷങ്ങളോളമായി ഉപ്പുവെള്ളംകയറുന്ന സ്ഥലത്ത് അടിയന്തിരമായും പദ്ധതികൾ ആസൂത്രണം ചെയ്യുക.

38. നമ്മുടെ പഞ്ചായത്തിനകത്ത് താൽപര്യമുള്ള കർഷകരുടെ കൃഷിയിടങ്ങൾ, പൊതു സ്ഥലങ്ങൾ, റോഡരികിൽ മറ്റു സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ തേക്കിൻതൈകൾ ഉൽപാദിപ്പിച്ചു നടുവാനുള്ള പരിപാടി ആവിഷ്ക്കരിക്കുക. □






# മൃഗസംരക്ഷണം-മത്സ്യബന്ധനം

## മൃഗസംരക്ഷണം

ചെമ്പിലോട് പഞ്ചായത്തിൽ 1970 കാലഘട്ടംവരെ വളരെ ദൃഢമായ ഒരു കന്നുകാലിവളർത്തൽ പാരമ്പര്യം നിലനിന്നിരുന്നു. പ്രസ്തുത കാലഘട്ടംവരെ കൃഷിയും മൃഗസംരക്ഷണവും പ്രധാന ജീവിതോപാധിയാക്കിയിരുന്ന കർഷകകുടുംബങ്ങൾ നിരവധിയായിരുന്നു. കുന്നിൻപ്രദേശങ്ങളും വിശാലവും സമൃദ്ധവുമായ നെൽവയലുകളും നിറഞ്ഞ പ്രദേശങ്ങളായിരുന്നു പഴയ ചെമ്പിലോട് പഞ്ചായത്ത്. വിശാലമായ കുന്നുകളിലും മറ്റും കന്നുകാലികളെ അഴിച്ചുവിട്ട് മേയ്ക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. സമൃദ്ധമായി വളരുന്ന പുല്ലു തിന്ന് തടിച്ചുകൊഴുത്ത പശുക്കൾക്ക് അൽപം കാടിവെള്ളവും തവിടുംമാത്രമേ പഴയകാലത്ത് കർഷകർ നൽകിയിരുന്നുള്ളൂ. നെൽകൃഷിയും കന്നുകാലിവളർത്തലും പരസ്പരപൂരകങ്ങളായി അനുവർത്തിച്ച കൃഷി സമ്പ്രദായം നിലനിന്നിരുന്നതുകൊണ്ട് ജൈവ വളങ്ങൾക്കും വൈക്കോലിനും യാതൊരു ക്ഷാമവും അനുഭവപ്പെട്ടിരുന്നില്ല. നെൽവയലുകൾ പൂട്ടുന്നതിനും വണ്ടി വലിക്കുന്നതിനും എണ്ണയാട്ടുന്നതിനും കാളകളെ ഉപയോഗിച്ചിരുന്നു. സ്വന്തമായി പശുവിനെ വാങ്ങുവാൻ സാമ്പത്തികശേഷി ഇല്ലാത്തവർക്ക് കിടാരികളെ (കടിച്ചി) പോറ്റാൻകൊടുക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. ആദ്യപ്രസവത്തിലെ കറവയും കുഞ്ഞിനേയും പോറ്റുന്നവർക്കും രണ്ടാമത്തെ പ്രസവത്തിൽ തള്ളപശുവിനെയും കുഞ്ഞിനെയും തിരികെ ഉടമസ്ഥന് നൽകുകയും ചെയ്യുന്ന സമ്പ്രദായം നിലനിന്നിരുന്നു. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന കുടുംബങ്ങൾ ആടുകളെ വളർത്തി പാൽ വിൽപന നടത്തുന്ന പതിവും നിലിനിന്നിരുന്നു. പശുക്കളുടെ രക്ഷക്കായി ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ പാൽ വഴിപാട് നേരുന്ന സമ്പ്രദായവും പശുവിനെ ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും മൂർത്തിയായി പൂജിച്ചിരുന്ന ആചാരവും ഉണ്ടായിരുന്നു.

ഒരു പ്രധാന വരുമാനമാർഗമെന്ന നിലയിൽ നാടൻകോഴികളെ വളർത്തി മുട്ട ഉൽപാദിപ്പിച്ച് വിപണനം നടത്തിയ പാവപ്പെട്ട കർഷക കുടുംബങ്ങൾ പ്രത്യേകിച്ച് മുസ്ലീംസമുദായങ്ങളിൽ ഉള്ളവർ ഉണ്ടായിരുന്നു. വിശേഷദിവസങ്ങളിലും പ്രധാന ചടങ്ങുകൾക്കും സാമ്പത്തികമായി മുന്നോക്കം നിന്നിരുന്ന കുടുംബങ്ങൾ ആട്ടിറച്ചി ഒരു ഭോജ്യവിഭവമാക്കിയിരുന്നു. പണ്ടുകാലത്ത് പ്രധാന കവലകളിൽ മേഞ്ഞുനടന്നിരുന്ന കന്നുകാലികൾക്ക് വെള്ളംകുടിക്കുന്നതിനായി വെള്ളത്തൊട്ടി സൗകര്യം ഉണ്ടായിരുന്നു. ചെമ്പിലോട്ട് പഞ്ചായത്തിൽ താറാവ് വളർത്തലിനും വലിയ പ്രാധാന്യമില്ലെങ്കിലും സമീപ പ്രദേശങ്ങളിൽ നിന്നും താറാവുകളെ കൂട്ടത്തോടെ കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ കൊണ്ടുവരുന്ന പതിവുണ്ടായിരുന്നു. അലഞ്ഞുതിരിഞ്ഞു കൃഷിനാശവും മറ്റും വരുത്തുന്ന കന്നുകാലികളെ കണ്ടെത്തി സംരക്ഷിക്കുന്നതിന് പഞ്ചായത്തുകളിൽ കച്ചേരി ആലകൾ ഉണ്ടായിരുന്നു. പ്രസ്തുത കന്നുകാലികൾക്ക് നിശ്ചിതപിഴ അടച്ചതിനുശേഷം ഉടമസ്ഥർക്ക് വിട്ടുകൊടുക്കുകയായിരുന്നു പതിവ്. പഴയകാലത്ത് കന്നുകാലികൾക്ക് രോഗകീടബാധകൾ കുറവായിരുന്നു. അസുഖം വന്നാൽ നാടൻപച്ചമരുന്നുകളും നാടൻവൈദ്യന്മാരുടെ ചികിത്സയുമായിരുന്നു കർഷകർക്ക് ആശ്രയം. പാലിനു പുറമേ മോര്, തൈര്, നെയ്യ് എന്നിവ ഉണ്ടാക്കിയിരുന്നു. എന്നാൽ മോര് സൗജന്യമായിട്ടാണ് കൊടുക്കാറ്. വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും കണക്കുകൾ.

അവലംബം 1987-ലെ കന്നുകാലിസെൻസസ്

| ക്രമനമ്പർ | മൃഗങ്ങളുടെ ഇനം | 1987-ലെ എണ്ണം |
|---|---|---|
| 1 | പശു | 1068 |
| 2 | കന്നുകുട്ടികൾ | 1078 |
| 3 | ആട് | 531 |
| 4 | കോഴി | 5656 |
| 5 | താറാവ് | 7 |

വിശാലമായ പാടശേഖരങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നതിനാലും കൃഷിചെയ്ത ഭൂമിയിൽ കുടിയാന്മാർക്ക് ഉടമസ്ഥാവകാശം ലഭിച്ചതിനാലും പ്രധാന മേച്ചിൽസ്ഥലങ്ങൾ തുണ്ടുംതുണ്ടുമാവുകയും കുന്നുകളിലും തരിശുസ്ഥലങ്ങളിലും നാണ്യവിളകൾ കൃഷിചെയ്യാൻ തുടങ്ങിയതും കാർഷികേതര തൊഴിലിൽ ഏർപ്പെടുന്നവരുടെ എണ്ണം അനുദിനം വർധിക്കുകയും ചെയ്തതുകൊണ്ട് കന്നുകാലികളുടെ സംരക്ഷണം കർഷകർക്ക് ഒരു ബാദ്ധ്യതയാവുകയും തന്നിമിത്തം കർഷകർ കന്നുകാലിവളർത്തലിൽ വിമുഖത കാണിക്കുവാൻ ഇടയാവുകയും ചെയ്തു.

1970-നുശേഷം ചില കർഷകർ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വായ്പകൾ മുഖേന കോയമ്പത്തൂർ, കാഞ്ഞിരപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും പാൽ ഉൽപാദനം കൂടിയ സങ്കരവർഗ്ഗം പശുക്കളെ കൊണ്ടുവരികയും പ്രസ്തുത പശുക്കളിൽ നിന്നുള്ള പാൽ ഉൽപാദനം മറ്റു കർഷകർക്ക് പ്രചോദനം നൽകുവാൻ ഇടയാവുകയും ചെയ്തതോടെ സങ്കരയിനം പശുക്കളെ വളർത്തി പാൽ ഉൽപാദനം വർധിപ്പിക്കുകയെന്ന സന്ദേശം ചെമ്പിലോട് പഞ്ചായത്തിൽ പ്രാവർത്തികമാവുകയും ചെയ്തു. നിലവിലുള്ള നാടൻപശുക്കൾക്ക് കൃത്രിമ ബീജസങ്കലനത്തിലൂടെ പാൽ ഉൽപാദനം കൂടിയ സങ്കരയിനം കന്നുകുട്ടികളെ ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞതോടുകൂടി നിരവധി കർഷകർ ക്ഷീരോൽപാദനരംഗത്തേക്കു കടന്നുവന്നു.

## കൃത്രിമ ബീജസങ്കലനം

കൃത്രിമബീജസങ്കലനത്തിനും മറ്റു ചികിത്സാസൗകര്യങ്ങൾക്കും കാവിൻമൂല, കാപ്പാട്, കണ്ണൂർ, മാവിലായി എന്നീ സ്ഥലങ്ങളിലുള്ള ബീജസങ്കലനകേന്ദ്രങ്ങളെയും മൃഗാശുപത്രികളെയുമാണ് കർഷകർ ആശ്രയിക്കുന്നത്. 1986 മുതൽ ഒരു ഊർജിത കന്നുകാലിവികസന ഉപകേന്ദ്രം കോയ്യോട് എന്ന സ്ഥലത്ത് സ്ഥാപിതമായി. 1995 മുതൽ മുതുകുറ്റി ക്ഷീരോൽപാദക സഹകരണസംഘത്തിലും കൃത്രിമബീജസങ്കലന സംവിധാനം നിലവിൽവന്നു. 1995-ലെ കൃത്രിമ ബീജസങ്കലന വിവരങ്ങൾ അവലംബം ICDP രേഖകൾ

| Sl. No. | വർഷം | ഇനം | ആകെ നടത്തിയ കൃത്രിമബീജ സങ്കലനം | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|---|
| 1 | 1995 | പശു | 425 | 85 |
| 2 | 1995 | കിടാരി | 325 | 140 |

## പാലുൽപാദനവും വിപണനവും

ചെമ്പിലോട് പഞ്ചായത്തിലെ പാലുൽപാദനം സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടെ ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നുവെങ്കിലും കാലിത്തീറ്റയുടെ വിലവർധനയും തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവും ചികിത്സാസൗകര്യമില്ലായ്മയും ഉൽപാദനച്ചെലവിന് ആനുപാതികമായി പാലിന് വില ലഭിക്കാത്തതുകൊണ്ടും ഈ മേഖലയിലേക്ക് പുതുതായി കടന്നുവരുവാൻ കർഷകർ താൽപര്യം കാണിക്കുന്നില്ല.

1995-ലെ കന്നുകാലി വിവര പട്ടിക

അവലംബം ഊർജിത കന്നുകാലിവികസന ഉപകേന്ദ്രം.

| Sl. No. | വർഷം | പശുക്കളുടെ എണ്ണം | കിടാരികളുടെ എണ്ണം |
|---|---|---|---|
| 1. | 1995 | 750 | 542 |

ചെമ്പിലോട് പഞ്ചായത്തിൽ ശരാശരി ഒരു പശുവിൽ നിന്നുള്ള പാലുൽപാദനം ദിനംപ്രതി4 ലിറ്റർ എന്ന തോതിലാണ്.

| Sl. No. | വർഷം | പാലുൽപാദനം |
|---|---|---|
| 1 | 1995 | 3500 ലിറ്റർ |

ചെമ്പിലോട് പഞ്ചായത്തിൽ പാലിന്റെ വിപണനം പ്രധാനമായും കർഷകർ വീടുകളിലും ചായക്കടകളിലും കേന്ദ്രീകരിച്ചാണ് നടത്തിയിരുന്നതെങ്കിലും പാൽവിപണനരംഗത്ത് കോയ്യോട്, മുതുകുറ്റി എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് രണ്ടു സഹകരണ ക്ഷീരോൽപാദകസംഘങ്ങളും കണയന്നൂർ, ഇരിവേരി എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് രണ്ടു ചാരിറ്റബിൾ സംഘവും ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അടുത്ത പ്രദേശങ്ങളിലെ പാൽ വിതരണസംഘങ്ങൾ ചെമ്പിലോട് പ്രദേശത്തുനിന്ന് പാൽ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുമുണ്ട്.

സംഘങ്ങളിലൂടെയുള്ള പാൽ സംഭരണ പട്ടിക

| Sl. No. | വർഷം | സ്ഥാപനത്തിന്റെ പേര് | പ്രതിദിനം സംഭരണം ചെയ്യുന്ന പാലിന്റെ അളവ് | പാലിന്റെ ശരാശരി വില |
|---|---|---|---|---|
| 1 | 1996 | കോയ്യോട് ക്ഷീരോൽപാദക സഹകരണസംഘം | 125ലിറ്റർ | 9.00 |
| 2 | 1996 | മുതുകുറ്റി ക്ഷീരോൽപാദക സഹകരണസംഘം | 200 ലിറ്റർ | 9.20 |
| 3 | 1996 | ഇരിവേരി ചാരിറ്റബിൾസഹകരണസംഘം | 100 ലിറ്റർ | 9.70 |
| 4 | 1996 | കണയന്നൂർ ചാരിറ്റബിൾ സഹകരണസംഘം | 40 ലിറ്റർ | 9.70 |
| | | ആകെ | 465 ലിറ്റർ | |

## കാലിത്തീറ്റ, വൈക്കോൽ,പച്ചപ്പുല്ല് എന്നിവയുടെ ലഭ്യത

സഹകരണസംഘങ്ങൾ മുഖേന മിൽമ, കാലിത്തീറ്റകൾ വിതരണം ചെയ്തുവരുന്നു. വൈക്കോലിന് വളരെ ക്ഷാമം അനുഭവപ്പെടുന്നു. അയൽപ്രദേശങ്ങളിൽനിന്നും വയനാട് ഭാഗങ്ങളിൽനിന്നും ലോറികളിൽ ഇടനിലക്കാർ മുഖനേ വൈക്കോൽ വിതരണം ചെയ്തുവരുന്നു. മറ്റു കർഷകർക്ക് കാലിത്തീറ്റയ്ക്ക് കണ്ണൂർ, ചക്കരക്കൽ

എന്നീ ടൗണുകളെ ആശ്രയിക്കുന്നു. വൈക്കോലും, കാലിത്തീറ്റയും വലിയ വില നൽകിയാണ് കർഷകർ വാങ്ങുന്നത്. പച്ചപ്പുല്ല് കൃഷി വ്യാപകമായി കർഷകർക്കിടയിൽ നിലവിലില്ല. ഇരിവേരി നീർമറി വികസനപദ്ധതിയുടെ ഭാഗമായി ഇരിവേരി നീർമറി പ്രദേശത്ത് കർഷകർക്ക് പുൽകൃഷി ആനുകൂല്യം നൽകിയിരുന്നു. ക്ഷീരവികസനവകുപ്പിലൂടെ സംഘങ്ങൾവഴി പച്ചപ്പുല്ലിന്റെ വിത്തുകൾ വിതരണം ചെയ്തിരുന്നു.

| Sl. No. | വില്ലേജ് | പച്ചപ്പുല്ല് കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം | ഇനം | പച്ചപ്പുല്ല് കൃഷി വിസ്തീർണം ഏക്കറിൽ |
|---|---|---|---|---|
| 1 | ഇരിവേരി | 50 | ഗിനിപ്പുല്ല്, ചോളം | 12 |
| 2 | ചെമ്പിലോട് | 15 | ഗിനി ചോളം | 2 |
| | ആകെ | 65 | | 14 |

## തൊഴുത്ത്

ശാസ്ത്രീയമായ രീതിയിൽ കറവ പശുക്കളെ പരിപാലിക്കുന്നതിന് അനുയോജ്യമായ സജ്ജീകരണങ്ങൾ ഉള്ള തൊഴുത്തുകളുടെ എണ്ണം കുറവാണ്. ഇരിവേരി ദേശീയ നീർമറി വികസന പദ്ധതി മുഖേന 133 കർഷകർക്ക് ശാസ്ത്രീയമായ രീതിയിൽ തൊഴുത്ത് നിർമിക്കുന്നതിനുള്ള ആനകൂല്യത്തിന് അർഹരായിട്ടുണ്ട്.

## മുട്ടക്കോഴികൾ

വീടുകളിൽ മുട്ടക്കോഴി വളർത്തുന്ന കർഷകരുടെ എണ്ണം കുറവാണ് ഇരിവേരി നീർമറി വികസനപദ്ധതി മുഖേന 65 മുതൽ 75 വരെ ദിവസം പ്രായമുള്ള 1698 കോഴികളെ വിതരണം ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ മുട്ടക്കോഴി വിവരം പട്ടിക

| Sl. No. | വില്ലേജുകൾ | മുട്ടക്കോഴികളുടെ എണ്ണം |
|---|---|---|
| 1 | ഇരിവേരി | 2200 |
| 2 | ചെമ്പിലോട് | 500 |
| | ആകെ | 2700 |

## ഇറച്ചിക്കോഴി വളർത്തൽ

1980 മുതല് സജീവമായി പ്രവർത്തിക്കുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള ബ്രോയിലർ ഫാമുകൾ ചെമ്പിലോട് പഞ്ചായത്തിൽ ഉണ്ട്. കണ്ണൂർ, തലശേരി, കൂത്തുപറമ്പ്, ചക്കരക്കൽ എന്നീ വ്യാപാരകേന്ദ്രങ്ങളെ ആശ്രയിച്ചാണ് ഇറച്ചിക്കോഴി വിപണനം നടന്നുവരുന്നത്. എന്നാൽ കോഴിത്തീറ്റയുടെ വിലവർധനവും അസ്ഥിരമായ ഇറച്ചിയുടെ വിലയും മാരകമായ രോഗങ്ങളും ഇറച്ചിക്കോഴികളെ വളർത്തുന്നവരെ നിരുത്സാഹപ്പെടുത്തുന്നുണ്ട്. മറ്റ് ആനുകൂല്യങ്ങളോ പ്രോത്സാഹനമോ ഒന്നുംതന്നെ ലഭിക്കുന്നില്ല.

ഇറച്ചിക്കോഴി ഉൽപാദനപട്ടിക

| Sl. No. | വില്ലേജ് | ഫാമുകളുടെ എണ്ണം | വർഷം | കൊല്ലത്തിൽ ആകെ ഉൽപാദിപ്പിച്ച് വിതരണം നടത്തിയ കോഴികളുടെ എണ്ണം |
|---|---|---|---|---|
| 1. | ഇരിവേരി | 13 | 1995 | 70,000 |
| 2. | ചെമ്പിലോട് | 1 | 1995 | 2,000 |
| | ആകെ | 14 | | 72,000 |

## ആട് വളർത്തൽ

ഔഷധഗുണമുള്ള ആട്ടിൻപാലും ആട്ടിറച്ചിക്കും പ്രിയംകൂടിവന്നെങ്കിലും ആടുവളർത്തൽ ഒരു വരുമാനമാർഗമായി കാണുന്ന കർഷകർ വളരെ കുറവാണ്. ഇരിവേരി, നീർമറി വികസന പദ്ധതിപ്രകാരം 420 ആട്ടിൻകുട്ടിളെ പിന്നോക്കംനിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്.

ആട് വളർത്തൽ പട്ടിക

| Sl.no. | വില്ലേജ് | ആടുകളുടെ എണ്ണം |
|---|---|---|
| 1 | ഇരിവേരി | 600 |
| 2 | ചെമ്പിലോട് | 100 |
| | ആകെ | 700 |

## പ്രധാന രോഗങ്ങൾ

കന്നുകാലികൾക്ക് അകിട് വീക്കം, കുളമ്പുരോഗം, മുടന്തൻപനി, പരാദരോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവം കൊണ്ടുണ്ടാവുന്ന രോഗങ്ങൾ, ദഹനസംബന്ധമായ രോഗങ്ങൾ എന്നിവയും കോഴികൾക്ക് കോഴി വസന്ത , CRD, IBD തുടങ്ങിയവയും കണ്ടുവരുന്നു.

## പ്രശ്നങ്ങൾ

1. രോഗചികിത്സയ്ക്കും, പ്രതിരോധകുത്തിവെപ്പ് തടയുന്നതിനും മൃഗാശുപത്രിയുടെ സേവനം ലഭ്യമല്ല
2. പാൽ ഉൽപാദനോപാദികളായ കാലിത്തീറ്റ, വൈക്കോൽ എന്നിവയ്ക്കും കോഴിത്തീറ്റയുടെയും വില ക്രമാതീതമായി വർധിക്കുന്നു.
3. ശാസ്ത്രീയമായ മൃഗപരിപാലനം നടത്തുന്നതിൽ കർഷകർ ബോധവാന്മാരല്ല
4. ലഭ്യമായ കോഴിത്തീറ്റയുടെയും കാലിത്തീറ്റയുടെയും ഗുണനിലവാരം തൃപ്തികരമല്ല
5. മേച്ചിൻസ്ഥലങ്ങൾ പരിമിതമാണ്.
6. തീറ്റപ്പുല്ല് വച്ചുപിടിപ്പിക്കാൻ കർഷകർ താൽപര്യം കാണിക്കുന്നില്ല. കൂടാതെ താൽപര്യമുള്ള കർഷകർക്ക് ആവശ്യമായ സമയത്തു മിതമായ നിരക്കിൽ പുൽവിത്തുകളും മറ്റു സേവനങ്ങളും ലഭ്യമല്ല.
7. പശുക്കൾക്കും ഇറച്ചിക്കോഴികൾക്കും രോഗങ്ങൾ വന്നാൽ മരുന്നുകൾക്ക് വലിയവിലനിൽകേണ്ടിവരികയും അകലെയുള്ള പട്ടണങ്ങളിൽ പോയി വാങ്ങേണ്ടിവരികയും ചെയ്യുന്നു.
8. പശു സംരക്ഷണ ചെലവുമായി താരതമ്യം ചെയുമ്പോൾ പാൽവില വളരെ കുറവാണ്.
9. നല്ലയിനം പശുക്കൾക്കും കിടാരികൾക്കും വലിയ വിലനൽകേണ്ടിവരുന്നു.
10. അടുത്ത പ്രദേശങ്ങളിലെ സംഘങ്ങൾ ചെമ്പിലോട് പഞ്ചായത്തിനുള്ളിൽ പാൽസംഭരണത്തിലും വിപണനത്തിലും കൈകടത്തുന്നു.
11. ആകർഷങ്ങളായ വായ്പാസംവിധാനങ്ങളോ ആനുകൂല്യങ്ങളോ നിലവിലില്ല.
12. മുട്ടക്കോഴി വളർത്താൻ താൽപര്യമുള്ള കർഷകർക്ക് നല്ലയിനം കോഴികളെ ലഭിക്കുന്നില്ല.
13. ഗുണമേന്മയുള്ള ആട്ടിൻകുട്ടികൾ ലഭ്യമല്ല.
14. ആദായകരമായ ആട്, പന്നി, മുയൽവളർത്തൽ എന്നീ മേഖലകളോട് കർഷകർ താൽപര്യം കാണിക്കുന്നില്ല.
15. ക്ഷീരോൽപന്നം ഉണ്ടാക്കി വിതരണം നടത്തി കർഷകർക്ക് കൂടുതല് ലാഭം ലഭിക്കത്തക്ക രീതിയിൽ സംസ്കരണ സംവിധാനം നിലവിലില്ല.
16. കന്നുകാലികളുടെ ഇൻഷ്വറൻസ് സംരക്ഷണം ചിലവേറിയതാകുന്നു.

17. വൈദഗ്ധ്യം ഉള്ള തൊഴിലാളികളുടെ സേവനം കുറഞ്ഞുവരുന്നു.

18. മൃഗസംരക്ഷണം മുഖ്യതൊഴിലായി സ്വീകരിച്ചവർ കുറവാണ്.

19. അശാസ്ത്രീയമായ അറവുരീതി തുടർന്നുവരുന്നു.

20.പട്ടികൾ യഥേഷ്ടം അലഞ്ഞുതിരിഞ്ഞുവരുന്നതിനാൽ പേപ്പട്ടിശല്യം ഉണ്ടാകുന്നു.

21.മൃഗപരിപാലനത്തിൽ ഏർപ്പെടുന്ന കർഷകർക്ക് ആകർഷകങ്ങളായ ഇൻഷുറൻസ് സംവിധാനം നിലവിലില്ല.

## സാധ്യതകൾ

1. കർഷകർക്ക് അനുയോജ്യമായ സ്ഥലത്ത് എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയ മൃഗാശുപത്രി സ്ഥാപിക്കണം.

2. നിലവിൽ ലഭ്യമായ പശുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

3. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനംവേണം.

4. പ്രാദേശികമായി ലഭ്യമായ പരമ്പരാഗതകാലിത്തീറ്റ പരമാവധി ഉപയോഗപ്പെടുത്തുക.

5. ഉൽപന്നങ്ങൾക്ക് ആകർഷകമായ വിലനിലവാരം ഉറപ്പുവരുത്തുകയും പാൽ സംഭരണവില ഏകീകരിക്കാനുള്ള നടപടികൾ എടുക്കുകയും വേണം.

6. തീറ്റപ്പുല്ല് കൃഷി പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ സമയത്ത് നല്ലയിനം പുല്ലുവിത്തുകളും മറ്റ് ഉപാധികളും മിതമായ നിരക്കിൽ ലഭ്യാക്കണം.

7. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പഞ്ചായത്ത് തലത്തിൽ വൈക്കോൽ ലഭ്യമാക്കി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

8. പഞ്ചായത്ത് തലത്തിൽ കാലിത്തീറ്റകൾ ഉത്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

9. മൃഗചികിത്സയ്ക്ക് അടിയന്തര പ്രാധാന്യമുള്ള മരുന്നുകളും ധാതുലവണ മിശ്രിതങ്ങളും മിതമായ നിരക്കിൽ ലഭ്യമാക്കുക.

10. പഞ്ചായത്ത്തലത്തിൽ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കാൻ ഒരു സഹകരണസംഘം രൂപീകരിച്ചു പ്രവർത്തനം തുടങ്ങുക.

11. ലഭ്യമായ അവശിഷ്ട ഉത്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് ഒരു പന്നിവളർത്തൽ കേന്ദ്രം സ്ഥാപിക്കുകയും മറ്റുള്ളവർക്ക് അതിനുള്ള പ്രോത്സാഹനം നൽകുകയും ചെയ്യുക.

12. പാൽ ഉൽപന്നങ്ങൾ വർധിപ്പിക്കുവാൻ ഡയറി യൂണിറ്റ്, മിനി ഡയറി യൂണിറ്റുകൾ തുടങ്ങുകയും വനിതകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആകർഷകങ്ങളായ പരിപാടിയും ആയതിന് വായ്പാസംവിധാനങ്ങളും ഉദാരമാക്കുക.

13. ശാസ്ത്രീയമായ തൊഴുത്ത് നിർമിക്കാൻ പ്രോത്സാഹനം നൽകുക.

14. കന്നുകാലികൾക്ക് മിതമായ നിരക്കിൽ സമഗ്രമായ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക.

15. വനിതകളെ ആകർഷിക്കത്തക്ക രീതിയിൽ വീട്ടുവളപ്പിൽ കോഴിവളർത്തൽ യൂണിറ്റുകൾ തുടങ്ങുക.

16. സ്കൂൾ പൗൾട്രി ക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കുക.

17. മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക.

18. ഇറച്ചിക്കോഴികളെ വളർത്തുന്ന കൃഷിക്കാർക്ക് ഇറച്ചിക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ സംഘം രൂപീകരിക്കുക.

19. മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കർഷകർക്ക് ഇൻഷുറൻസ് സംരക്ഷണവും ക്ഷേമനിധിയും നൽകി പ്രോത്സാഹിപ്പിക്കുക.

20. ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക.

21. മൃഗസംരക്ഷണ രംഗത്ത് നാടൻ, ഹോമിയോ ചികിത്സാരീതികളെ പ്രോത്സാഹിപ്പിക്കുക.

22. മൃഗസംരക്ഷണത്തെക്കുറിച്ചു സമഗ്രമായ ബോധവൽക്കരണം നടത്തുക.

23. പഞ്ചായത്തിലെ അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുകയും മുഴുവൻ പട്ടികളേയും പേ വിഷ നിർമാർജനപരിപാടിയിൽ ഉൾപ്പെടുത്തി കുത്തിവെപ്പ് നടത്തി ലൈസൻസ് നൽകുകയും പട്ടികളെ കെട്ടിയിട്ട് മാത്രം വളർത്തുക എന്ന ബോധം വളർത്തുകയും ചെയ്യുക.

## മത്സ്യബന്ധനം

ചെമ്പിലോട് പഞ്ചായത്തിലെ ജനങ്ങൾ മറ്റു സ്ഥലങ്ങളിൽ നിന്നു കൊണ്ടുവരുന്ന മത്സ്യങ്ങളെയാണ് ആശ്രയിക്കുന്നത്. ഈ പ്രദേശത്ത് 55 ഓളം സ്വകാര്യ കുളങ്ങൾ ഉണ്ടെങ്കിലും മത്സ്യം വളർത്താൻ സാധ്യതയുള്ള കുളങ്ങൾ വിരളമാണ്.

## പ്രശ്നങ്ങൾ

1. വിപണിയിൽ ലഭ്യമായ മത്സ്യങ്ങൾക്ക് വലിയ വില നൽകേണ്ടിവരുന്നതും ഗുണനിലവാരം കുറഞ്ഞ മത്സ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നതും ശ്രദ്ധേയമായ പ്രശ്നങ്ങളാണ്.

2. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനു സംവിധാനങ്ങളില്ല.

3. ഏകീകൃത വിലനിലവാരം ഇല്ല.

4. ഗുണനിലവാരം കൂടിയ മത്സ്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്ന സംവിധാനങ്ങൾ നിലവിലില്ല.

5. മത്സ്യവിൽപന കേന്ദ്രങ്ങളിലെ ദുർഗന്ധവും അവശിഷ്ടങ്ങളും ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നു.

## സാധ്യതകൾ

1. മത്സ്യവിപണനം നടത്തുന്നതിന് പ്രോത്സാഹനം നൽകുക.

2. മത്സ്യവിൽപന കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുക.

3. ഗുണനിലവാരം ഉറപ്പുവരുത്തുക.

4. വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിൽ ശുദ്ധജല ചെമ്മീൻകൃഷി പ്രോത്സാഹിപ്പിക്കുക.

5. പാടങ്ങളിൽ ചെമ്മീൻ കൃഷി ചെയ്യുന്നതിന് ആവശ്യമായ ബോധവൽക്കരണവും പ്രോത്സാഹനവും നൽകുക.

6. സാധ്യതയുള്ള കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.





# വ്യവസായം

വ്യാവസായികമായി പിന്നോക്കംനിൽക്കുന്ന പഞ്ചായത്താണ് ചെമ്പിലോട്. വൻകിട വ്യവസായങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. നല്ല വസ്ത്രങ്ങൾ നെയ്യാനറിയാവുന്ന നെയ്ത്തുകാർ, മനോഹരങ്ങളായ പാത്രങ്ങളുണ്ടാക്കനറിയുമയിരുന്ന മൺപാത്ര നിർമ്മാണത്തൊഴിലാളികൾ, മാധുര്യമൂറുന്ന ചക്കര നിർമ്മിച്ചിരുന്ന ഏറ്റുകാർ, കുറേ ചക്കാലകൾ, പരിശുദ്ധമായ വെളിച്ചെണ്ണയും പിണ്ണാക്കും ഉണ്ടാക്കിയിരുന്ന കുടുംബങ്ങൾ, നെല്ലിടിച്ച് അവിൽ നിർമ്മിച്ചിരുന്ന അവിലിടിക്കാർ, മരം ഈർച്ച തൊഴിലായി സ്വീകരിച്ച ഈരായിമാർ, മീൻവല നിർമ്മിച്ചിരുന്ന സ്ത്രീത്തൊഴിലാളികൾ ഇത്രയുമായാൽ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ മുൻകാല വ്യാവസായികചരിത്രമായി.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ കാർഷികമേഖല കഴിഞ്ഞാൽ പ്രമുഖസ്ഥാനം കയ്ത്തറി മേഖലയ്ക്കായിരുന്നു. മൊത്തം ജനസംഖ്യയുടെ ഏകദേശം 10 ശതമാനത്തോളം നെയ്ത്തുകാരുണ്ടായിരുന്നു നമ്മുടെ പഞ്ചായത്തിൽ. കള്ള് ചെത്ത്, തെങ്ങിൻചക്കര നിർമ്മാണം, കളിമൺപാത്ര വ്യവസായം, എണ്ണയാട്ട് വ്യവസായം എന്നിവ അടുത്തസ്ഥാനങ്ങളിൽ വരുന്നു. തെങ്ങിൻചക്കര ഉത്പാദനത്തിനു പേരുകേട്ട പ്രദേശങ്ങളായിരുന്നു ചെമ്പിലോട്ടും പരിസരപ്രദേശങ്ങളും. അടുത്തകാലത്തുയർന്നുവന്ന പട്ടണമായ ചക്കരക്കല്ലിന്റെ പേരുതന്നെ ഈ വ്യവസായവുമായി ബന്ധപ്പെട്ട് ഉണ്ടായതാവാം. കളിമൺപാത്രവ്യവസായത്തിനു പേരുകേട്ട പ്രദേശമായിരുന്നു ഇരിവേരി. ഇവിടെ നിർമ്മിച്ചിരുന്ന മൺപാത്രങ്ങളും കലങ്ങളും അന്യദേശങ്ങളിൽപോലും പ്രശസ്തങ്ങളായിരുന്നു. 70-ഓളം കുടുംബങ്ങൾ ഈ മേഖലയിൽ ഉണ്ടായിരുന്നു. കോമത്ത്കുന്നുമ്പ്രം, കോയ്യോട് പ്രദേശങ്ങളിലെ ദരിദ്രകുടുംബങ്ങളുടെ ഉപജീവനമാർഗമായിരുന്നു വലനിർമ്മാണം. അവിലിടിയായിരുന്നു മറ്റൊരു പരമ്പരാഗത തൊഴിൽമേഖല. രാത്രികാലങ്ങളിൽ അവിലിടിക്കുന്ന ശബ്ദത്താൽ മുഖരിതമായിരുന്ന ഒരു പഴയകാലചരിത്രമുണ്ടായിരുന്നു നമ്മൾക്ക്.

ഇന്ന് ഈ പരമ്പരാഗത തൊഴിൽമേഖലകളെല്ലാം തന്നെ നാശോന്മുഖമാണ്. മേൽസൂചിപ്പിച്ച പല വ്യവസായങ്ങളും മുത്തശിക്കഥകളായി മാറിക്കഴിഞ്ഞിരിക്കുന്നു. കാലത്തിന്റെ ഒഴുക്കിൽപ്പെട്ട് പിടിച്ചുനിൽക്കാനാവാതെ അപ്രത്യക്ഷമായവ, ജീവിതത്തിന്റെ നിലനിൽപിനാവശ്യമായ വരുമാനം ലഭിക്കാതെ ഉപേക്ഷിക്കാൻ നിർബന്ധിതമായവ, മാറിവന്ന ജീവിതസായാഹ്നചര്യങ്ങളിൽ പ്രസക്തി നഷ്ടപ്പെട്ടവ, യന്ത്രവൽക്കരണത്തിന്റെ ഫലമായി തൊഴിൽസാധ്യത നഷ്ടപ്പെട്ടവ, വിവിധ കാരണങ്ങളാൽ നമ്മുടെ പരമ്പരാഗതതൊഴിലുകളിൽ മിക്കവയും ഇന്ന് നാമമാത്രമായി. സ്ഥിരമായ തൊഴിൽസാധ്യതയും വർധിച്ച കൂലിയും ലഭിക്കുന്നതിനാൽ കെട്ടിടനിർമ്മാണ

മേഖലകളിലേക്ക് യുവാക്കൾ നീങ്ങിക്കൊണ്ടിരിക്കുന്ന പ്രവണത ഇന്ന് നിലവിലുണ്ട്.

കൈത്തറി മേഖലയിലും ബീഡിമേഖലയിലും ഇന്നു നിലവിലുള്ള അവസ്ഥ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| | വ്യവസായമേഖല | സ്ഥാപനങ്ങൾ | തൊഴിലാളികൾ | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|---|---|---|
| 1 | കൈത്തറി | 9 | 123 | 32 | 91 |
| 2 | പവർലൂം | 5 | 13 | 5 | 8 |
| 3 | ദിനേശ്ബീഡി | 8 | 711 | 413 | 298 |
| 4 | സാധുബീഡി | 15 | 663 | 251 | 412 |
| 5 | മറ്റ് സ്വകാര്യബീഡികൾ | 5 | 330 | 274 | 56 |

## പ്രശ്നങ്ങൾ

### കൈത്തറി

കൈത്തറി രംഗത്ത് മുമ്പുണ്ടായിരുന്ന ആകർഷണീയത ഇന്നില്ല. മറ്റു തൊഴിലുകളെ അപേക്ഷിച്ച് കൂലിക്കുറവും സ്ഥിരമായ ജോലി ലഭിക്കാനുള്ള സാധ്യതയില്ലായ്മയും നിലവിൽ തൊഴിൽ ചെയ്യുന്നവരെക്കൂടി ഈ മേഖല വിടാൻ നിർബന്ധിതരാക്കുകയാണ്. അടുത്ത കാലത്ത് നടത്തിയ നെയ്ത്തുകാരുടെ സർവ്വേയിൽനിന്ന് ലഭിച്ച വസ്തുതകൾ രസകരമാണ്. മൊത്തം തൊഴിലാളികളിൽ 80 ശതമാനം പേരും വൃദ്ധൻമാരും പെൻഷൻപ്രായം കഴിഞ്ഞവരുമാണ്. 5 ശതമാനത്തിനു താഴെ മാത്രമേ ചെറുപ്പക്കാർ ഈ രംഗത്ത് തൊഴിലെടുക്കുന്നുള്ളു. ഈ സ്ഥിതി തുടരുകയാണെങ്കിൽ സമീപ ഭാവിയിൽതന്നെ നെയ്ത്തുകാരെ കിട്ടാനില്ലാത്ത സ്ഥിതിവിശേഷം ഉണ്ടാവും.

### ബീഡി

ബീഡി വ്യവസായത്തിൽ ഇന്നു ധാരാളം പേർ ജോലി ചെയ്യുന്നുണ്ടെങ്കിലും 5 വർഷം മുമ്പ് ഈ രംഗത്തുണ്ടായ തള്ളിക്കയറ്റം ഇന്നു നിലവിലില്ല. പുകവലിക്കെതിരായ പൊതുപ്രവണത, നിയമങ്ങൾ, വളർന്നുവരുന്ന ചെറുപ്പക്കാർക്ക് ബീഡിയോടുള്ള വിമുഖത മുതലായ കാരണങ്ങൾ ഡിമാൻഡ് ഇല്ലായ്മക്കും അതുവഴി ഉത്പാദനക്കുറവിനും കാരണമായിട്ടുണ്ട്. വർഷം കഴിയുംതോറും ഈ മേഖലയിൽനിന്ന് മറ്റു തൊഴിൽതേടിപ്പോവുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ക്രമേണ ഈ വ്യവസായം സ്ത്രീകളുടേതു മാത്രമായി ചുരുങ്ങാൻ സാധ്യതയുണ്ട്.

### മൺപാത്രം

മുമ്പ് ധാരാളം പേർ ജോലിചെയ്തിരുന്ന മൺപാത്ര വ്യവസായരംഗം ഇന്നു വിരലിലെണ്ണാവുന്ന വ്യക്തികളുടെ ഉപജീവനമാർഗമായി മാറിയിട്ടുണ്ട്. കളിമണ്ണ് ആവശ്യത്തിനു ലഭിക്കുന്നില്ല. പുറമേനിന്നു കൊണ്ടുവരുന്ന കളിമണ്ണിനു താങ്ങാനാവാത്ത വില എന്നിവ പ്രധാന പ്രശനങ്ങളാണ്. മൺപാത്രങ്ങൾ ഉപയോഗിക്കുന്നതിൽ ജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന അഭിരുചിക്കുറവ്, അലൂമിനിയം, സ്റ്റീൽപാത്രങ്ങളുടെ വ്യാപകമായ ഉപയോഗം, മറ്റു പ്രദേശങ്ങളിൽനിന്ന് എത്തിക്കൊണ്ടിരിക്കുന്ന ആകർഷകവും വിലകുറഞ്ഞതുമായ മൺപാത്രങ്ങളും ഈ വ്യവസായത്തെ തകർച്ചയിൽ എത്തിച്ചിരിക്കുകയാണ്.

### കള്ള്, തെങ്ങിൻചക്കര

കള്ള്ചെത്ത് വ്യവസായത്തോടനുബന്ധിച്ച് സജീവമായി ഇവിടെയുണ്ടായിരുന്ന തെങ്ങിൻചക്കര നിർമ്മാണം ഇന്നു പൂർണ്ണമായും ഇല്ലാതായിക്കഴിഞ്ഞിട്ടുണ്ട്. മുമ്പ് കള്ളിനുണ്ടായിരുന്ന നിരോധനം എടുത്തുകളഞ്ഞതും ചക്കരനിർമ്മാണം ചിലവേറിയതുമാണ് ഈ വ്യവസായം തകരാനുള്ള കാരണം. നിരവധി കുടുംബങ്ങളുടെ വരുമാനമാർഗ്ഗമായിരുന്നു പണ്ട് ചക്കരനിർമ്മാണം.

മുമ്പുണ്ടായിരുന്ന വല നിർമ്മാണം ഇപ്പോൾ നിലവിലില്ല. ജനങ്ങളുടെ ജീവിതനിലവാരത്തിൽവന്ന മാറ്റവും യന്ത്രവൽക്കൃത വലകളുടെ ആവിർഭാവവുമാണ് ഈ വ്യവസായത്തിന്റെ തകർച്ചയ്ക്കു കാരണം. ആവശ്യത്തിനു നെല്ല് ലഭിക്കാത്തതാണ് അവിലിടിവ്യവസായം തകരാനുള്ള കാരണങ്ങളിലൊന്ന്. കൂടാതെ ഈ രംഗത്തെ യന്ത്രവൽക്കരണവും. ബദൽയന്ത്രങ്ങളുടെ വരവോടെ തകർന്നവയാണ് എണ്ണയാട്ട് വ്യവസായവും മരം ഈർച്ചയും.

നമ്മുടെ പഞ്ചായത്തിൽ നിലവില് രജിസ്റ്റർചെയ്തു പ്രവർത്തിക്കുന്ന വ്യവസായയൂണിറ്റുകൾ 72 എണ്ണമാണ്. ഇവയിൽ പലതും ലഘുവ്യവസായങ്ങളുടെ പട്ടികയിൽ മാത്രം ഉൾപ്പെടുത്താവുന്നവ മാത്രമാണ്. കൂടുതൽപേർക്ക് തൊഴിൽ നൽകാനുതകുന്ന വിപുലമായ വ്യവസായശൃംഖലകളെക്കുറിച്ച് ഇനിയും നമ്മൾ ഗൗരവപൂർവ്വം ആലോചിച്ച് തുടങ്ങിയിട്ടില്ല.

പഞ്ചായത്തിൽ രജിസ്റ്റർചെയ്തു പ്രവർത്തിച്ചുവരുന്ന വ്യവസായങ്ങൾ.

പട്ടിക–2

| ക്രമ നമ്പർ | വാർഡ് നമ്പർ | യൂണിറ്റുകൾ | പു. | സ്ത്രീ |
|---|---|---|---|---|
| 1 | I | 8 | 21 | 2 |
| 2 | II | 6 | 12 | |
| 3 | III | 3 | 5 | 24 |
| 4 | IV | 13 | 25 | 7 |
| 5 | V | 5 | 13 | |
| 6 | VI | 1 | | 3 |
| 7 | VII | 6 | 14 | 1 |
| 8 | VIII | 23 | 48 | 7 |
| 9 | IX | 2 | 3 | 13 |
| 10 | X | 4 | 4 | |
| 11 | XI | 1 | 1 | |
| 12 | XII | | | |
| 13 | ആകെ | 72 | 146 | 58 |

അവലംബം: ദ്വതീയ വിവരക്കണക്കുകൾ, പഞ്ചായത്ത് ലൈസൻസ് രജിസ്റ്റർ.

ബീഡിതെറുപ്പ് കഴിഞ്ഞാൽ ഇന്ന് ഏറ്റവും കൂടുതലാളുകൾ ജോലിചെയ്യുന്നത് കെട്ടിടനിർമ്മാണ മേഖലയിലാണ്. ഈ രംഗത്ത് ഇന്നുള്ള ആകർഷകമായ കൂലിവ്യവസ്ഥയാണ് കൂടുതലാളുകളെ ഈ രംഗത്തേക്ക് ആകർഷിക്കാൻ കാരണം. 1,000–ൽപ്പരം ഗൾഫുകാരുള്ള പ്രദേശമാണ് ചെമ്പിലോട്. ഇവരിൽനിന്നും ഏകദേശം 2 കോടിയോളം രൂപ വർഷംതോറും നമ്മുടെ നാട്ടിലെത്തുന്നുണ്ട്. അതിൽ 70 % ഇവിടെ കെട്ടിടനിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. ധാരാളം വീടുകളും മറ്റു

### വ്യവസായ യൂണിറ്റുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ
### പട്ടിക – 3

| ക്രമ നമ്പർ | ഇനം | എണ്ണം | ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|---|---|---|
| 1 | ഹാന്റ്ലൂം യൂണിറ്റുകൾ | 9 | 13 | സോഡ നിർമ്മാണ യൂണിറ്റ് | 3 |
| 2 | പവർലൂം യൂണിറ്റുകൾ | 5 | 14 | പ്രിന്റിംഗ് പ്രസ്സുകൾ | 3 |
| 3 | റെഡിമെയ്ഡ് ഗാർമെന്റ്സ് | 6 | 15 | ചെരിപ്പ് നിർമ്മാണ യൂണിറ്റ് | 1 |
| 4 | ബെയ്ക്കറികൾ | 12 | 16 | ബ്ലാക്സ്മിത്തി യൂണിറ്റ് | 4 |
| 5 | പപ്പടനിർമ്മാണം | 3 | 17 | മെറ്റൽ എഞ്ചിനീയറിംഗ് | 8 |
| 6 | ധാന്യം പൊടിക്കുന്ന നെല്ലുകുത്തുന്ന മില്ലുകൾ | 10 | 18 | ടയർ റീ ത്രെഡ്ഡിംഗ് യൂണിറ്റ് | 3 |
| 7 | വെളിച്ചെണ്ണ മില്ലുകൾ | 4 | 19 | അലുമിനിയം ഫാബ്രിക്കേഷൻ | 1 |
| 8 | ഈർച്ചമില്ലുകൾ | 3 | 20 | മോട്ടോർ വാഹനവർക്ക്ഷോപ്പ് | 1 |
| 9 | കുമ്മായച്ചൂള | 2 | 21 | ഖാദി നൂൽനൂൽപ്പുകേന്ദ്രം | 1 |
| 20 | ഫർണ്ണിച്ചർ യൂണിറ്റ് | 6 | | കോഴിവളർത്തുകേന്ദ്രം | 14* |
| 11 | സ്റ്റീൽ ഫർണ്ണിച്ചർ യൂണിറ്റ് | 3 | | | |
| 12 | ഫിനൈൽ ബ്ലീച്ചിംഗ് പൗഡർ | 2 | | | |

*അവലംബം: ദ്വിദീയ വിവരക്കണക്ക്, പഞ്ചായത്ത് ലൈസൻസ് രജിസ്റ്റർ.*
** രജിസ്റ്റർ ചെയ്യപ്പെടാത്തവ*

കെട്ടിടങ്ങളും ഇവിടെയും പരിസരപ്രദേശങ്ങളിലും നിർമ്മിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇന്ന് സംജാതമായിട്ടുള്ള നിർമ്മാണരംഗത്തെ തൊഴിൽസാധ്യത വരുംവർഷങ്ങളിൽ നിലനിൽക്കണമെന്നില്ല. വിവിധ മേഖലകളിലെ തൊഴിലാളികളുടെ ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തൊഴിൽവിഭാഗം | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| 1 | പ്രധാനജോലികൾ | 5327 | 1432 | 6759 |
| 2 | ഭാഗികമായി ജോലി ചെയ്യുന്നവർ | 369 | 390 | 759 |
| 3 | വിദേശങ്ങളിൽ ജോലിചെയ്യുന്നവർ | 1018 | – | 1018 |

*അവലംബം: സെൻസസ് റിപ്പോർട്ട് 1991. ദ്വിതീയ വിവരശേഖരണം.*

സർക്കാർ ഉടമസ്ഥതയിലും സഹകരണമേഖലയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ വിരലിലെണ്ണാവുന്നവ മാത്രമാണ്. എടക്കാട് ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ രജിസ്റ്റർചെയ്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 4 ഗ്രാമീണ വനിതാ, ശിശു വികസന യൂണിറ്റുകൾ (ഡി.ഡബ്ല്യു.സി.ആർ.എ.) പഞ്ചായത്തിലുണ്ട്.

വനിതകൾക്കു മാത്രമായി ഇത്തരം സംരംഭങ്ങൾ വിജയകരമായി ആരംഭിക്കാൻ സാധിക്കുമെന്നാണ് ഇത്തരം യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ തെളിയിക്കുന്നത്. നല്ല മാനേജ്മെന്റും ലക്ഷ്യബോധവുമുണ്ടെങ്കിൽ ഇനിയും വനിതാസംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

സഹകരണമേഖല അടിസ്ഥാനമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വിശ്വകർമ്മസൊസൈറ്റി നാലാംപീടിക, മുതുകുറ്റി ക്ഷീരോത്പാദക സഹകരണസംഘം, കോയ്യോട് ക്ഷീരോത്പാദക സഹകരണസംഘം, കണയന്നൂർ ചാരിറ്റബിൾ സൊസൈറ്റി, ഇരിവേരി ചാരിറ്റബിൾ സൊസൈറ്റി എന്നിവയാണ്. ക്ഷീരോത്പാദക സഹകരണസംഘങ്ങളുടെ കീഴിൽ പാലുൽപന്നങ്ങൾ നിർമ്മിക്കുന്ന വനിതായൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. തത്തടയിലുള്ള ഖാദി നൂൽനൂൽപ്പ് കേന്ദ്രമാണ് വനിതകൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു സ്ഥാപനം. ഇവിടെ 24 സ്ത്രീകൾ ജോലിചെയ്യുന്നുണ്ട്. കോയ്യോട് മഹിളാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഒരു തയ്യൽപരിശീലനകേന്ദ്രവും നിലവിലുണ്ട്. ഈ മഹിളാസമാജത്തിനു സ്വന്തമായി സൗകര്യപ്രദമായ കെട്ടിടമുണ്ട്. സ്ഥാപനത്തിന്റെ നിലനിൽപിനാവശ്യമായ മാർക്കറ്റ് അംഗങ്ങൾക്ക് ലഭിക്കേണ്ടുന്ന മിനിമം വേതനം എന്നീ കാര്യങ്ങളിൽ മേൽപറഞ്ഞ വനിതായൂണിറ്റുകൾക്ക് ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

### ഗ്രാമീണ വനിതാ, ശിശു വികസന യൂണിറ്റുകൾ

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ഉത്പന്നങ്ങൾ | അംഗങ്ങൾ | സ്ഥാപിച്ച വർഷം |
|---|---|---|---|---|
| 1 | ഗ്രാമലക്ഷ്മി വനിതാ യൂണിറ്റ്, പാനേരച്ചാൽ | ഉന്നക്കിടക്ക, ഗാർമെന്റ്സ് | 13 | 1990 |
| 2 | ഗ്രാമശ്രീ സെറ്റർജന്റ്സ്, ചാല | ഫിനൈൽ, ബ്ലീച്ചിംഗ് പൗഡർ | 10 | 1992 |
| 3 | ദശാംഗന വനിതാവേദി, മുതുക്കുറ്റി | നാളികേര സംസ്കരണം | 10 | 1992 |
| 4 | ഹരിത വനിതായൂണിറ്റ്, ചാല | പച്ചക്കറി | 10 | 1995 |

*അവലംബം: ദ്വിതീയ വിവരക്കണക്കുകൾ.*

## പ്രശ്നപരിഹാരങ്ങൾ

1. സ്വയംതൊഴിൽ സംരംഭകരെ കണ്ടെത്തുന്നതിനു സ്വന്തമായി വ്യവസായങ്ങൾ തുടങ്ങുവാൻ താൽപര്യമുള്ളവരെ കണ്ടെത്തുന്നതിനുവേണ്ടി ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പഞ്ചായത്തുതലത്തിൽ ആരംഭിക്കേണ്ടതാണ്.

2. കൈത്തറി മേഖലയെ ഇന്നത്തെ പ്രതിസന്ധിയിൽനിന്നു രക്ഷപ്പെടുത്തുന്നതിന്, മുമ്പ് ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന വീവേർസ് സഹകരണസംഘം പുനരുജ്ജീവിപ്പിക്കുകയോ ബദൽസംവിധാനം ഏർപ്പെടുത്തുകയോ വേണം.

3. നെയ്ത്തുകാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനു വ്യാപകമായി സ്ത്രീകൾക്ക് നെയ്ത്ത് പ്രവൃത്തിയിൽ പരിശീലനം നൽകുകയും തൊഴിൽ സാധ്യത ഉറപ്പുവരുത്തുകയും വേണം.

4. ബീഡിമേഖലയിൽ ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ബദൽതൊഴിൽമേഖല കണ്ടെത്താനുള്ള തീവ്രശ്രമങ്ങൾ ആരംഭിക്കണം.

5. മറ്റു സ്വകാര്യ ബീഡിനിർമാണ കേന്ദ്രങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും പാവപ്പെട്ട തൊഴിലാളികളെ ചൂഷണം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുകയും വേണം.

6. തെങ്ങിൻചക്കര വ്യവസായം പുനരാരംഭിക്കാനുള്ള സാധ്യതകൾ പഠിച്ച് വെല്ലത്തിന് ബദലായി ചക്കര നിർമാണം ആരംഭിക്കാൻ സാധിക്കുമോയെന്നു പരിശോധിക്കണം.

7. അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന മൺപാത്രവ്യവസായരംഗത്ത് ആവശ്യമായ ആധുനികവൽക്കരണം നടത്തുകയും ഇവർക്കാവശ്യമായ കളിമണ്ണ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണ്ടതാണ്.

8. മേൽപറഞ്ഞ എല്ലാ വ്യവസായങ്ങൾക്കും വൈദ്യുതി അത്യാവശ്യമാണ്. ഇതിനാവശ്യമായ നടപടികൾ അടിയന്തരപ്രാധാന്യത്തോടെ സ്വീകരിക്കേണ്ടതാണ്.

9. വ്യവസായമേഖലയെ ശക്തമാക്കുന്നതിനു സഹായിക്കാൻ നമ്മുടെ പഞ്ചായത്തിൽ ഒരു ദേശസാൽകൃത ബാങ്കിന്റെ ശാഖ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. ചെമ്പിലോട് മെട്ടയിലെ പൂട്ടിയിട്ടിരിക്കുന്ന ബിസ്ക്കറ്റ് കമ്പനി തുറന്നുപ്രവർത്തിക്കാനാവശ്യമായ കാര്യങ്ങൾ അടിയന്തരപ്രാധാന്യത്തോടെ ചെയ്യേണ്ടതാണ്.

11. നമ്മുടെ ഗ്രാമപഞ്ചായത്തിനകത്ത് ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനമെന്നനിലയിൽ ചാലയിലുള്ള വില്ലേജ് ഓഫീസ് കോംപൗണ്ടിലും ചക്കരക്കല്ല് വി.ഇ.ഒ. ഓഫീസ് കോംപൗണ്ടിലും ഓരോ ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ, ഈ കെട്ടിടങ്ങളുടെ താഴെനിലയിലുള്ള മുറികൾ പഞ്ചായത്തിലെ ഉത്പന്നങ്ങൾ വിൽക്കാനുള്ള മാർക്കറ്റിംഗ് ഔട്ട്ലറ്റുകൾക്കും മുകൾനിലകൾ വിവിധ ഓഫീസുകൾക്കും ഭാവിയിൽ ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്.

## പരിസ്ഥിതി പ്രശ്നങ്ങൾ

ഇന്ന് നമ്മുടെ പഞ്ചായത്തിൽ കൂടുതൽ വ്യവസായങ്ങളില്ല. അതുകൊണ്ടുതന്നെ പരിസ്ഥിതിപ്രശ്നങ്ങളുമില്ല. എന്നാൽ ചാല, ചക്കരക്കല്ല് ടൗണുകളിലെ ഇന്നത്തെ അവസ്ഥ ഭാവിയിൽ വരാനിരിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങളുടെ ചൂണ്ടുപലകകളാണ്. ഈ രണ്ട് വളർന്നുവരുന്ന ടൗണുകളിലും മതിയായ ഓവുചാൽ സംവിധാനങ്ങളില്ല. ഷോപ്പുകളിൽനിന്നും ഹോട്ടലുകളിൽനിന്നും ഉണ്ടാവുന്ന മാലിന്യങ്ങൾ എടുത്തുമാറ്റാനോ സംസ്കരിക്കാനോ ഉള്ള സംവിധാനങ്ങളൊന്നും തന്നെയില്ല. ആവശ്യത്തിനു മാർക്കറ്റുകളില്ലെന്നു മാത്രമല്ല, ഉള്ളവ വൃത്തിഹീനങ്ങളുമാണ്. മാലിന്യങ്ങൾ വലിച്ചെറിയാനുള്ള സ്ഥലമായാണ് റോഡുകൾ ഉപയോഗിച്ചുവരുന്നത്. ചാല ബസാറിലെ അവശിഷ്ടങ്ങളും മലിനജലവും നിക്ഷേപിക്കാനുള്ള സ്ഥലമായാണ് ചാലത്തോടിനെ ഈ പ്രദേശത്തുള്ള ചിലരെങ്കിലും കാണുന്നത്.

പ്രശ്നപരിഹാരങ്ങൾ

1. പഞ്ചായത്തിനകത്തുള്ള പ്രധാന ടൗണുകളിലെല്ലാം ശാസ്ത്രീയമായ ഓവുചാൽ സംവിധാനം അടുത്തവർഷം തന്നെ നിർമിക്കണം. 2. ഹോട്ടലുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും സാധാരണ മാലിന്യങ്ങൾ നിക്ഷേപിക്കാൻ ചാലയിലും ചക്കരക്കല്ലിലും കുപ്പത്തൊട്ടികൾ സ്ഥാപിക്കുകയും അവ ശേഖരിച്ചു പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കാതെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനവും സ്ഥലസൗകര്യവും കണ്ടെത്തേണ്ടതാണ്.

3. ഇറച്ചിക്കടകൾ, ഹോട്ടലുകൾ എന്നിവയുടെ ഉടമസ്ഥർ അവിടെയുണ്ടാകാവുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാൻ സ്വന്തമായി സൗകര്യങ്ങൾ കണ്ടെത്തണം.

4. ഗ്രാമപഞ്ചായത്തിന്റെ നിബന്ധനകൾ പൂർണ്ണമായി പാലിക്കാൻ തയാറാവുന്ന ഹോട്ടലുകൾ, ഇറച്ചിക്കടകൾ, സമാന സ്വഭാവമുള്ള മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കു മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകാൻ പാടുള്ളൂ.

5. മേൽപറഞ്ഞ കാര്യങ്ങൾ പൊതുജനങ്ങളെയും വ്യാപാരി വ്യവസായികളെയും അറിയിക്കാനാവശ്യമായ ബോധവൽക്കരണപ്രവർത്തനങ്ങൾ പഞ്ചായത്ത്തലത്തിൽ നടത്തണം.

## വ്യവസായവികസന സമിതി

പഞ്ചായത്തിലെ മുഴുവൻ വ്യവസായസംബന്ധമായ കാര്യങ്ങളും കൈകാര്യംചെയ്യുന്നതിനും തീരുമാനമെടുക്കാൻ പഞ്ചായത്ത് ഭരണസമിതിയെ സഹായിക്കുന്നതിനും ഒരു വ്യവസായവികസനസമിതി ആരംഭിക്കേണ്ടതാണ്.

## നടപ്പുപദ്ധതികൾ

വ്യവസായവകുപ്പിലൂടെ വിവിധ പദ്ധതികൾ മുഖേന സ്വയംതൊഴിൽസംരംഭകരെ സഹായിക്കുന്നുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതി, വനിതകൾക്കു വ്യവ

സായസംരംഭങ്ങൾ തുടങ്ങാൻ സഹായം എന്നിവ ഇപ്പോൾ നിലവിലുള്ള പദ്ധതികളാണ്. വ്യവസായസംരംഭങ്ങൾക്ക് സബ്സിഡി, യന്ത്രസാമഗ്രികൾ വാങ്ങുന്നതിനു സഹായധനം, പ്രോജക്ട് റിപ്പോർട്ട് തയാറാക്കാൻ സഹായം, മാനേജീരിയൽ ഗ്രാന്റ്, വ്യവസായസ്ഥാപനങ്ങളുടെ വാടകകെട്ടിടങ്ങൾക്ക് വാടകയിനത്തിൽ സഹായം, വിവിധ നികുതിയിളവുകൾ, സംരംഭകർക്ക് ഹ്രസ്വകാല പരിശീലനം എന്നിവ നൽകിവരുന്നുണ്ട്.

ഗ്രാമവികസനവകുപ്പിലൂടെ ഐ.ആർ.ഡി.പി., ഡി.ഡബ്ല്യൂ.സി.ആർ.എ. പദ്ധതികൾമുഖേന ചെറുകിട വ്യവസായസംരംഭകർക്ക് വിവിധപദ്ധതികളിൽ വായ്പയും സഹായധനവും നൽകുന്നുണ്ട്. തൊഴിൽപരിശീലനത്തിന് ട്രൈസം പദ്ധതിയിൽ സംവിധാനവുമുണ്ട്.

കൃഷിവകുപ്പ് മുഖേന കാർഷിക അനുബന്ധ വ്യവസായങ്ങൾക്ക് (കൊപ്ര സംസ്കരണം), ഫലവർഗ്ഗസംസ്കരണം മുതലായവ) ധനസഹായവും വായ്പയും നല്കിവരുന്നുണ്ട്.

## ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന ആവശ്യങ്ങൾ

താഴെപറയുന്ന യൂണിറ്റുകൾ ആരംഭിക്കുവാൻ വിവിധ ഗ്രാമസഭകളിൽനിന്നും ആവശ്യങ്ങളുയർന്നു.

1. പഴം സംസ്കരണ യൂണിറ്റ്
2. ഗാർമെന്റ്സ് യൂണിറ്റ്
3. സോപ്പ് നിർമ്മാണ യൂണിറ്റ്
4. പ്ലാസ്റ്റിക് വയർ ഉപകരണങ്ങളുണ്ടാക്കുന്ന യൂണിറ്റ്
5. ഖാദി നൂൽനൂൽപ് കേന്ദ്രങ്ങൾ
6. തുകൽബാഗ്, ചെരിപ്പ് നിർമാണ യൂണിറ്റ്
7. ഫർണിച്ചർ നിർമാണ യൂണിറ്റ്
8. തേനീച്ചവളർത്തൽ
9. പവർലൂം, ഹാന്റ്ലൂം യൂണിറ്റുകൾ
10. തുള്ളിനീലം, വാഷിംഗ് പൗഡർ
11. നോട്ട് ബുക്ക് നിർമ്മാണം
12. കുട നിർമാണം
13. കറിപൗഡർ നിർമാണം
14. പട്ടുനൂൽകൃഷി
15. പേപ്പർബാഗ് നിർമാണം
16. കെട്ടിടനിർമാണ വസ്തുക്കളുടെ നിർമാണം
17. ഗ്ലൈസിംഗ് പേപ്പർ, ചോക്ക് പൗഡർ, പ്ലാസ്റ്റർ ഓഫ് പാരീസ് എന്നിവയുടെ നിർമാണം
18. അഗർബത്തി യൂണിറ്റ്
19. പേക്കടക്ക നിർമാണ യൂണിറ്റ്
20. മെറ്റൽ എഞ്ചിനീയറിംഗ് യൂണിറ്റ്
21. ബെയ്ക്കറി
22. കിടക്ക, തലയിണ നിർമാണ യൂണിറ്റ്
23. ബ്രോയിലർ യൂണിറ്റ്, മുട്ടക്കോഴി വളർത്തൽ
24. ഔഷധനിർമാണ യൂണിറ്റ്
25. കശുവണ്ടി ഫാക്ടറി

## 9–ാം പഞ്ചവൽസരപദ്ധതിക്കാലത്ത് തുടങ്ങാവുന്ന പദ്ധതികൾ

1. നമ്മുടെ പഞ്ചായത്തിൽ കൃഷിചെയ്യാതെ തരിശായിട്ടിരിക്കുന്ന പ്രദേശങ്ങളുണ്ട്. അവ എത്രയുംപെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുക.

പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളുപയോഗിച്ചുകൊണ്ട് താഴെപറയുന്ന സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.

1. തേങ്ങ അടിസ്ഥാനമാക്കി: കൊപ്ര, പിണ്ണാക്ക്, കാലിത്തീറ്റ, ചിരട്ടകൊണ്ടുള്ള കൗതുകവസ്തുക്കൾ, വെളിച്ചെണ്ണ, ഔഷധ എണ്ണകൾ, സുഗന്ധതൈലങ്ങൾ, നാളികേരപ്പൊടി, ചമ്മന്തിപ്പൊടി മുതലായവ ഉത്പാദിപ്പിക്കുന്ന ഒരു വ്യവസായ ശൃംഖല.

2. ചകിരി, ഓല, ഈർക്കിൾ മുതലായവ അടിസ്ഥാനമാക്കി: ചൂടി, കയർ, ചവിട്ടി, കാർപെറ്റ്, ബ്രഷ്, ചൂല്, ഡസ്റ്റർ, ഫോംബെഡ് മുതലായവ ഉത്പാദിപ്പിക്കുന്ന ഒരു കേന്ദ്രം.

3. പച്ചക്കറി, ഫലവർഗങ്ങൾ അടിസ്ഥാനമാക്കി: ചക്ക, നേന്ത്രക്കായ, മരക്കിഴങ്ങ്, പപ്പായ, കൂവ തുടങ്ങിയവയുടെ സംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ.

4. ഇലക്ട്രിക് ചോക്ക്, സ്റ്റെപ്പ്അപ്പ്, ജനറേറ്റർ അസംബ്ലിംഗ് തുടങ്ങിയ ഉപകരണങ്ങൾ നിർമ്മിക്കുന്ന ആധുനിക മേഖലയിലുള്ള വ്യവസായങ്ങൾ.

5. തെങ്ങിൻചക്കര നിർമ്മാണം

6. കെട്ടിടനിർമാണ മേഖലയുമായി ബന്ധപ്പെട്ട് ചേമ്പർ കോൺട്രാക്ട് സൊസൈറ്റി.

7. കശുമാങ്ങ അടിസ്ഥാനമാക്കിയുള്ള ശീതളപാനീയ വ്യവസായവും മറ്റും.

8. സാധ്യതയുള്ള വാർഡുകളിൽ നൂൽനൂൽപ് കേന്ദ്രങ്ങൾ (ഖാദി).

9. പഞ്ചായത്തിലുള്ള മൊത്തം ഗാർമെന്റ് യൂണിറ്റുകളെ ഏകോപിപ്പിച്ച് ഒരു കേന്ദ്രസൊസൈറ്റി പഞ്ചായത്ത്തലത്തിൽ ആരംഭിക്കുക. ഫാഷൻ, ഡിസൈൻ, കാലാനുസൃതമായ മാറ്റങ്ങൾ എന്നിവയിൽ ആവശ്യമായ പരിശീലനവും മാർക്കറ്റിംഗിനാവശ്യമായ സഹായങ്ങളും നൽകുക.

10. പട്ടുനൂൽ നിർമാണവുമായി ബന്ധപ്പെട്ട മൾബറി കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള ചില കർഷകർ നമ്മുടെ പഞ്ചായത്തിലുണ്ട്. അവർക്കാവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്.

□




# വിദ്യാഭ്യാസം

സമൂഹ്യപരിവർത്തനത്തിന്റെ ഏറ്റവും അനുയോജ്യമായ അളവുകോലാണല്ലോ വിദ്യാഭ്യാസം. വൈയക്തികവും, സംഘപരവുമായ സാംസ്കാരികപൊലിമയും തനിമയും തെളിഞ്ഞും, തിളങ്ങിയും പ്രകടനമാവുന്നതും വിദ്യാഭ്യാസത്തിലൂടെ തന്നെ. അതൊരു പ്രദേശത്തിന്റെ വികാസവുമായി ബന്ധപ്പെട്ട് ചിന്തനം ചെയ്യുമ്പോൾ ദശാബ്ദങ്ങളിലൂടെയും നൂറ്റാണ്ടുകളുടെയും ചരിത്രപഠനത്തിലൂടെ തന്നെ വേണ്ടിവരും. ഈ ചരിത്ര സഞ്ചാരത്തിനിടയിൽ നമ്മുടെ പൂർവികരിൽ സാമൂഹ്യപ്രതിബദ്ധത ജീവിതചര്യയാക്കിയവരും അവരിലൂടെ ഇതൾവിരിഞ്ഞ ചരിത്ര സംഭവങ്ങളും ധന്യമുഹൂർത്തങ്ങളും നമുക്കു കാണാൻകഴിയും.

അത്തരം ചരിത്രപുരുഷന്മാരുടെ സംഭാവനകളിലൂടെയും, വിവിധ സർക്കാർ സഹായങ്ങളിലൂടെയും ഉരുത്തിരിഞ്ഞു വികസ്വരമായി ക്കൊണ്ടിരിക്കുന്നതുമായ ചെമ്പിലോട് പഞ്ചായത്തിൽ 25 പൊതു വിദ്യാലയങ്ങൾ ഉണ്ട്. ഇതിൽ ഒന്നു സർക്കാർ വിദ്യാലയവുമാണ്. സ്വകാര്യ മാനേജ്മെന്റിന്റെയും, മറ്റ് കമ്മിറ്റികളും നടത്തുന്ന വിദ്യാലയങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ സാമാന്യം മോശമലാത്ത തീരിയിൽത്തന്നെയാണ്. ഇരിവേരി, ചെമ്പിലോട്, വില്ലേജുകൾ സംയോജിപ്പിച്ചുള്ള ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിന് നൂറ്റാണ്ടിന്റെ പഴക്കം തന്നെയുണ്ട്. കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നും ആരംഭിച്ച വിദ്യാദാനം വികാസം പ്രാപിച്ച് 18 ലോവർ പ്രൈമറി, 5 അപ്പർ പ്രൈമറി, 2 ഹൈസ്കൂൾ വരെ വളർന്നു പന്തലിച്ചു നിൽക്കുന്നു. ഇതിൽ നൂറ്റാണ്ടിന്റെ കർമസാക്ഷികളായ പ്രൈമറി വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 1887–ൽ പരേതനായ എം.കോരൻ നമ്പ്യാർ സ്ഥാപിച്ച ഇരിവേരി ഈസ്റ്റ് എൽ.പി.സ്കൂളാണ് നമ്മുടെ പഞ്ചായത്തിന്റെ പ്രഥമ വിദ്യാപീഠമെന്ന് ഔദ്യോഗികരേഖകളിൽ കാണുന്നത്.

പിന്നീടിങ്ങോട്ട് വെള്ളൂരില്ലം എൽ.പി.സ്കൂൾ, 1911–ൽ അമ്പുക്കുട്ടി ഗുരുക്കൾ സ്ഥാപിച്ച മുതുകുറ്റി യു.പി., 1912–ൽ എ.കെ.കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർ സ്ഥാപിച്ച കോയ്യോട് സെൻട്രൽ എൽ.പി., 1915–ൽ ടി.കെ. കോരൻമാസ്റ്റർ സ്ഥാപിച്ച തന്നട ഈസ്റ്റ് എൽ.പി., 1916–ൽ ടി.ഭരതൻ സ്ഥാപിച്ച ചെമ്പിലോട് എൽ.പി.സ്കൂൾ, 1920ൽ കെ.പി. രാമൻ മാസ്റ്റർ സ്ഥാപിച്ച മുതുകുറ്റി നമ്പർ വൺ എൽ.പി. സ്കൂൾ, 1924ൽ സ്ഥാപിതമായ ചാലാ ബോർഡ് സ്കൂൾ, 1926ൽ ആലക്കാട്ട് കുഞ്ഞിരാമൻ നമ്പ്യാർ സ്ഥാപിച്ച മിടാവിലോട് എൽ.പി. സ്കൂൾ, 1928ൽ എ.കെ. കുഞ്ഞനന്തൻ നമ്പ്യാർ സ്ഥാപിച്ച തന്നട എൽ.പി. സ്കൂൾ, 1928ൽതന്നെ കെ. കരുണാകരൻ നമ്പ്യാർ സ്ഥാപിച്ച കോയ്യോട് ഈസ്റ്റ് എൽ.പി. സ്കൂൾ, 1932ൽ കൃഷ്ണൻ വൈദ്യർ സ്ഥാപിച്ച ചെമ്പിലോട് യു.പി. സ്കൂൾ, 1933ൽ വാഴയിൽ മമ്മദ് സ്ഥാപിച്ച മൗവ്വഞ്ചേരി യു.പി സ്കൂൾ, 1933ൽതന്നെ പി.വി. അബ്ദുൾ ഖാദർ സ്ഥാപിച്ച കോയ്യോട് മദ്രസാ

യു.പി. സ്കൂൾ, 1946ൽ ഒതയോത്ത് നാലാമ്പ്രോൻ രാമുണ്ണി വൈദ്യർ സ്ഥാപിച്ച ചെമ്പിലോട് നോർത്ത് എൽ.പി., പി.കെ. എറമുള്ളാൻ സ്ഥാപിച്ച തന്നട സെൻട്രൽ യു.പി, 1960ൽ മദ്രസത്തുൽ ആലിയ കമ്മിറ്റി സ്ഥാപിച്ച ചെമ്പിലോട് സെൻട്രൽ എൽ.പി., കണയന്നൂർ മാപ്പിള എൽ.പി, 1968ൽ പി.പി. ഇബ്രാഹിം മുസ്ലിയാർ സ്ഥാപിച്ച കക്കോത്ത് എൽ.പി, 1976ൽ ചെമ്പിലോട് എഡ്യുക്കേഷൻ സൊസൈറ്റി സ്ഥാപിച്ച ചെമ്പിലോട് ഹൈസ്കൂൾ, കെ.ടി. അഹമ്മദ്കുട്ടി മാസ്റ്റർ സ്ഥാപിച്ച ഇരിവേരി വെസ്റ്റ് എൽ.പി., ചാലാ ബോർഡ് ഗവ. എയ്ഡഡ് യു.പി., അപ്ഗ്രേഡ് ചെയ്ത ഏക വിദ്യാലയമായ ചാല ഹൈസ്കൂൾ തുടങ്ങിയ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ വിദ്യാകേന്ദ്രങ്ങളാണ് (ലഭിക്കപ്പെട്ട വസ്തുതകളെ അടിസ്ഥാനമാക്കി).

1931–32 കാലത്ത് അധ്യാപകനായി പ്രവർത്തിച്ച പാവങ്ങളുടെ പടനായകനും സ്വാതന്ത്ര്യസമരസേനാനിയും പ്രഗത്ഭ പാർലമെന്റേറിയനുമായിരുന്ന എ.കെ.ജിയുടെ സേവനത്താൽ ധന്യമായ വിദ്യാലയമാണ് നമ്മുടെ പഞ്ചായത്തിലെ ഏക ഗവൺമെന്റ് സ്ഥാപനമായ ചാല ഗവൺമെന്റ് ഹൈസ്കൂൾ. 1924ൽ സ്ഥാപിക്കപ്പെട്ട ചാലാ ബോർഡ് സ്കൂളാണ് ഇന്നത്തെ ഗവൺമെന്റ് ഹൈസ്കൂളായി ഉയർന്നത്. എ.കെ.ജി.യുടെ അധ്യാപനസേവനത്താൽ അനുഗ്രഹീതമായ ഈ വിദ്യാലയം നമ്മുടെ പഞ്ചായത്തിന് അഭിമാനമാണ്.

സ്വാതന്ത്ര്യസമരസേനാനിയായ കുഞ്ഞപ്പ മാസ്റ്റർ, പ്രസിദ്ധ വിഷചികിത്സാ വിദഗ്ധരായ മന്ദമ്പേത്ത് കോരൻ മാസ്റ്റർ, ഒതയോത്ത് നാലാമ്പ്രോൻ രാമുണ്ണി വൈദ്യർ, മുൻ പഞ്ചായത്ത് മെംബർമാരായ മനോളി കൃഷ്ണൻ മാസ്റ്റർ, ആർ.കെ. മാസ്റ്റർ, പ്രസിദ്ധ ആയുർവേദവൈദ്യനായ കെ.പി. ഗോപാലൻ വൈദ്യർ, മറ്റു ഗുരുഭൂതരായ പൂച്ചാലി കണ്ണൻ മാസ്റ്റർ, ടി.പി. കുഞ്ഞിക്കേളു നമ്പ്യാർ, പൊയിൽ കുഞ്ഞിരാമൻ മാസ്റ്റർ, കെ.വി. കുഞ്ഞിക്കണ്ണമാരാർ തുടങ്ങിയ മൺമറഞ്ഞുപോയ മഹാരഥന്മാരാൽ ധന്യമായിരുന്നു നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസചരിത്രം.

മുൻ ചെമ്പിലോട് പഞ്ചായത്ത് പ്രഥമ പ്രസിഡന്റ്സ്ഥാനം ഏറ്റെടുത്ത ശ്രീ. കെ.വി. കുഞ്ഞിരാമൻ നായർ, വളരെക്കാലം പ്രസിഡന്റുസ്ഥാനം അലങ്കരിച്ച ശ്രീ. ടി. കൃഷ്ണൻ മാസ്റ്റർ തുടങ്ങിയ ഗുരുശ്രേഷ്ഠർ ഇന്നു ജീവിച്ചിരിക്കുന്ന വിദ്യാഭ്യാസപ്രവർത്തകരിൽ പ്രമുഖരാണ്. നമ്മുടെ പഞ്ചായത്തിൽനിന്നും മൺമറഞ്ഞുപോയ നിരവധി യതിപുംഗവരായ ഗുരുനാഥന്മാരെ വിസ്മരിക്കുക പ്രയാസമാണ്. ഒപ്പം ഇന്നും ഒട്ടനവധി വിദ്യാഭ്യാസപ്രവർത്തകർ പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ കർമ്മനിരതരാണ്.

സംസ്ഥാന, ദേശീയ അധ്യാപക ബഹുമതിനേടിയ ശ്രീ. എ.വി. ബാലൻ മാസ്റ്റർ, സംസ്ഥാന കലോത്സവത്തിൽ കലാതിലകപ്പട്ടമണിഞ്ഞ ശ്രീ. വി.കെ. പ്രശാന്ത്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായി സർവീസിൽനിന്നും വിരമിച്ച് ഇന്നും നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസപ്രവർത്തനത്തിനു നേതൃത്വം നൽകുന്ന ഡി.ഡി. ശ്രീ. പി.വി. ബാലൻ നായർ തുടങ്ങിയവർ പഞ്ചായത്തിന്റെ മറ്റ് അഭിമാനപാത്രങ്ങളാണ്.

ചെമ്പിലോട് പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ പ്രീപ്രൈമറി വിദ്യാഭ്യാസം, ആംഗൻവാടി പ്രവർത്തനം, പൊതുവിദ്യാഭ്യാസരംഗം, സാങ്കേതികവിദ്യാഭ്യാസം എന്നീ വിവിധ മേഖലകളെക്കുറിച്ചെല്ലാം വിലയിരുത്തേണ്ടതാണ്.

പഞ്ചായത്തിൽ അംഗീകൃതമല്ലാത്ത നേഴ്സറി വിദ്യാലയങ്ങൾ, ഇംഗ്ലീഷ് മീഡിയം വിദ്യാലയം, ഷോർട്ട് ഹാൻഡും ടൈപ്പ്റൈറ്റിംഗും പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ, പാരലൽ കോളജുകൾ, തുന്നൽ പരിശീലനകേന്ദ്രങ്ങൾ, ഇസ്ലാം മതപഠനശാലകൾ തുടങ്ങിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ സ്ഥാപനങ്ങൾ വേറെയുമുണ്ട്.

667 കൊച്ചുകുട്ടികൾക്കും 66 ഗർഭിണികൾക്കും 69 മുലയൂട്ടുന്ന അമ്മമാർക്കും അനുപൂരക പോഷകാഹാരം വിതരണംചെയ്യുന്ന 14 ആംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അഞ്ചാംതരംവരെ പ്രവർത്തിക്കുന്ന ഏഴ് ലോവർ പ്രൈമറി വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ ഒരു സർക്കാർ ഹൈസ്കൂൾ മാത്രമേയുള്ളൂ. അഞ്ചാംതരം മുതൽ പത്താംതരം വരെയുള്ള ചാലാ ഗവൺമെന്റ് ഹൈസ്കൂളിൽ 1487 വിദ്യാർത്ഥികളും 51 ജീവനക്കാരുമുണ്ട്. ഈ വിദ്യാലയത്തിൽ ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ഭൗതികസൗകര്യങ്ങൾ ഈ വിദ്യാലയത്തിന് ഇനിയും നേടിയെടുക്കേണ്ടതുണ്ട്. ചെമ്പിലോട് ഹൈസ്കൂളാണ് പഞ്ചായത്തിലെ മറ്റൊരു ഹൈസ്കൂൾ. എട്ടാംതരം മുതൽ പത്താംതരംവരെ 1003 വിദ്യാർത്ഥികളും 42 ജീവനക്കാരുമുള്ള ഈ വിദ്യാലയത്തിന് അത്യാവശ്യമായ ഭൗതികസൗകര്യങ്ങളുണ്ട്. ചെമ്പിലോട് എഡ്യുക്കേഷൻ സൊസൈറ്റിയുടെ കീഴിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്.

പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലും എസ്.എസ്.എൽ.സി. വിജയശതമാനം വർഷംതോറും കുറഞ്ഞുവരുന്നതായി കാണുന്നു. 18 ലോവർ പ്രൈമറി വിദ്യാലയങ്ങൾ, അഞ്ച് അപ്പർ പ്രൈമറി വിദ്യാലയങ്ങൾ ഇവയാണ് പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങൾ.

വ്യക്തിഗത മാനേജ്മെന്റ് നടത്തുന്നവ, കമ്മിറ്റി നടത്തുന്നവ, സർക്കാർ ഉടമയിലുള്ളവ എന്നിങ്ങനെ വിദ്യാലയങ്ങളെ തരംതിരിക്കുമ്പോൾ, കമ്മിറ്റികൾ നടത്തുന്ന വിദ്യാലയങ്ങൾ സാമാന്യം മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയും, മാനേജ്മെന്റ് വിദ്യാലയം ആവശ്യത്തിനുമാത്രം സൗകര്യമേർപ്പെടുത്തിയും സർക്കാർ

ആത്യാവശ്യത്തിനുപോലും ഭൗതികസൗകര്യങ്ങൾ ഒരുക്കാത്തതുമായ ചിത്രമാണ് കാണുക. നിശ്ചിത പരിധിക്കകത്തുതന്നെ ആവശ്യമായ വിദ്യാലയ സൗകര്യങ്ങൾ ഉണ്ടെങ്കിലും നിലവിലുള്ള ഭൗതികസൗകര്യങ്ങൾ വളരെ കുറവാണ്. സ്കൂളുകളുടെ മുറ്റം തന്നെ സ്വന്തമല്ലാത്ത സ്ഥിതിയാണ് പല വിദ്യാലയങ്ങൾക്കുമുള്ളത്. ഇതു വിദ്യാർത്ഥികളുടെ പാഠ്യേതരപ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനു വിഘാതമാകുന്നു.

പ്രശ്ന സങ്കീർണ്ണതകളുടെ ഇടയിൽ യഥാർത്ഥത്തിൽ നാം നേടേണ്ട വിദ്യാഭ്യസ ഗുണനിലവാരം തൃപ്തകരമായി നേടുന്നില്ല. സ്കോളർഷിപ്പ്, മറ്റു മത്സരപരീക്ഷകൾ, എസ്.എസ്.എൽ.സി. വിജയശതമാനം എന്നിവയിൽ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളുടെ നേട്ടം ആശാവഹമല്ല. ചിട്ടയായ പാഠ്യാനുബന്ധ പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്.

സ്വന്തമായി സ്ഥലവും കെട്ടിടവും, കളിക്കോപ്പുകളും മറ്റു സൗകര്യങ്ങളും മിക്ക അംഗൻവാടികളിലുമില്ല. അധ്യാപികമാർ, ഹെൽപ്പർമാർ തുടങ്ങിയ ജീവനക്കാർ പൂർണ്ണമായും അസംതൃപ്തരാണ്. ശരിയായ പഠനത്തിലൂടെയോ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ല ഇവ സ്ഥാപിക്കപ്പെട്ടത്. ശാസ്ത്രീയമായ പരിശീലനം മിക്ക നഴ്സറി വിദ്യാലയങ്ങളിലുള്ളവർക്കും ലഭിച്ചിട്ടില്ല. പ്രീപ്രൈമറി വിദ്യാഭ്യാസരംഗത്തെ ശോചനീയാവസ്ഥ പരിഹരിക്കാൻ ജനകീയസഹകരണത്തോടെയുള്ള നടപടികൾ നമ്മുടെ പഞ്ചായത്തിൽ അത്യാവശ്യമാണ്.

## പൊതുവിദ്യാഭ്യാസം

പഞ്ചായത്തിൽ മൊത്തം 25 വിദ്യാലയങ്ങളിലായി ഒന്നാംതരം മുതൽ പത്താംതരം വരെ 6992 വിദ്യാർഥികൾ പഠനം നടത്തുന്നു. 279 അധ്യാപകരിൽ സ്ത്രീകളാണ് മുന്നിൽ. 15 അധ്യാപകേതര ജീവനക്കാരുമുണ്ട്. പട്ടികജാതിയിൽപെട്ട 92 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഒന്നാംതരം മുതൽ നാലാംതരം വരെ 3564 വിദ്യാർത്ഥികളും, ആറാംതരം മുതൽ ഏഴാംതരം വരെ 1464 വിദ്യാർഥികളുമുണ്ട്. ബാക്കി ഹൈസ്കൂൾ വിദ്യാർഥികളാണ്. ഒന്നാംതരത്തിൽ മാത്രം 703 വിദ്യാർഥികൾ പഠിക്കുന്നു.

വിദ്യാഭ്യാസ അധികൃതരുടെ പരിശോധനയും ജനകീയ മോണിറ്ററിംഗും ഗുണവർധനവിനെ സഹായിക്കും. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് വിവിധ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

### ഉന്നത വിദ്യാഭ്യാസം

ഉന്നത വിദ്യാഭ്യാസരംഗത്തെ സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ തീരെയില്ല. സാങ്കേതികവിദ്യാഭ്യാസത്തിനും കോളേജ് വിദ്യാഭ്യാസത്തിനും നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾ കണ്ണൂർ, തോട്ടട, കൂത്തുപറമ്പ്, മട്ടന്നൂർ, തലശേരി എന്നിവിടങ്ങളിലെ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷയിൽ മെച്ചപ്പെട്ട വിജയം കൈവരിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസം നേടാൻ മിക്ക വിദ്യാർത്ഥികൾക്കും സാധിക്കുന്നില്ല.

## അനൗപചാരിക വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ അനൗപചാരിക വിദ്യാഭ്യാസത്തിന് പുത്തൻപാത തുറന്നുകിട്ടിയിട്ടുണ്ടെങ്കിലും തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അക്ഷരസംഘങ്ങളും ജനവിദ്യാകേന്ദ്രങ്ങളും നിശ്ചലങ്ങളാണ്. ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളെയും ജനവിദ്യാകേന്ദ്രങ്ങളെയും ഏകോപിപ്പിച്ച് ജനപങ്കാളിത്തത്തോടെ അനൗപചാരിക വിദ്യാഭ്യാസരംഗം വീണ്ടും സജീവമാക്കണം.

പ്രീപ്രൈമറി ക്ലാസുകളുടെ അഭാവം, അംഗൻവാടി പ്രവർത്തനത്തിലെ അശാസ്ത്രീയത, പ്രൈമറി വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങളുടെ കുറവ്, ഹെഡ്മാസ്റ്റർമാർക്കും അധ്യാപകർക്കുമുള്ള ഇൻസർവീസ് കോഴ്സിന്റെ കുറവ്, പരിശോധനാസമ്പ്രദായത്തിലെ അപാകത, പരീക്ഷാസമ്പ്രദായങ്ങളിലെ കാര്യക്ഷമതയില്ലായ്മ, എസ്.എസ്.എൽ.സി. വിജയശതമാനക്കുറവ്, പഞ്ചായത്തുതലത്തിൽ ഉന്നത വിദ്യാഭ്യാസ സമിതിയുടെ പോരായ്മ, കോളജുകളുടെയും സാങ്കേതികസ്ഥാപനങ്ങളുടെയും അഭാവം, ഇംഗ്ലീഷ് വിദ്യാഭ്യാസ പ്രവണത, അധ്യാപകരും രക്ഷിതാക്കളുമായുള്ള സമ്പർക്കക്കുറവ്, പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്, വിദ്യാർഥികൾക്കാവശ്യമായ പൊതുപരിശീലനകേന്ദ്രങ്ങളുടെ അഭാവം, സിലബസ് മാറുന്നതിനനുസരിച്ചുള്ള സമയോചിത പരിശീലനം അധ്യാപകർക്കു ലഭിക്കാതിരിക്കുന്ന അവസ്ഥ, അധ്യാപക വിദ്യാർഥി അനുപാതക്കൂടുതൽ, ഒത്തൊരുമിച്ച് ബന്ധപ്പെട്ടവർ പ്രവർത്തിക്കാത്ത അവസ്ഥ, ഉച്ചക്കഞ്ഞി വിതരണത്തിലെ അപാകതകൾ തുടങ്ങിയ വിവിധ മേഖലകളെക്കുറിച്ചു ചർച്ച ചെയ്തു പരിഹരിച്ച് പ്രവർത്തിക്കുന്ന ജനകീയ സംവിധാനത്തിൽകൂടി പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗമന പ്രവർത്തനങ്ങൾ സജീവമാക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. നമ്മുടെ പഞ്ചായത്തിൽ ഒരു വിദ്യാലയത്തിനോടനുബന്ധിച്ചും പ്രീപ്രൈമറി ക്ലാസുകൾ ഇല്ല.

2. ഇന്നു നിലവിലുള്ള അംഗൻവാടികളെല്ലാം വാർഡിലെ കൊച്ചുകുട്ടികൾക്ക് എത്തിച്ചേരാൻ സൗകര്യമായ ദൂരത്തിലല്ല പ്രവർത്തിക്കുന്നത്.

3. നിലവിലുള്ള അംഗൻവാടികളിൽ ശാസ്ത്രീയമായ ശിശുപരിപാലനമോ മറ്റു ഭൗതിക സൗകര്യങ്ങളോ ഇല്ല.

4. അംഗൻവാടി ടീച്ചർമാർ, ഹെൽപ്പർമാർ എന്നിവർക്കു മെച്ചപ്പെട്ട വേതനവും വേണ്ടത്ര പരിശീലനവും നൽകുന്നില്ല.

5. അംഗൻവാടി പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുതലത്തിലും, വാർഡുതലത്തിലും, അംഗൻവാടിതലത്തിലും വികസന സമിതികളില്ല.

## പൊതുവിദ്യാഭ്യാസം

1. പ്രൈമറി വിദ്യാലയങ്ങൾക്കാവശ്യമായ ഭൗതിക സൗഹചര്യം പഞ്ചായത്തിലെ വിദ്യാലയങ്ങൾക്കില്ല. പ്രൈമറി വിദ്യാലയങ്ങളിൽ (പ്രീ കെ.ഇ.ആർ ആയതു കൊണ്ട്) കെട്ടിട സൗകര്യം, കളിസ്ഥലം, മൂത്രപ്പുര, കക്കൂസ്, ഓഫീസ് മുറി, കിണർ, ശുദ്ധജല സംവിധാനം, ക്ലാസ്മുറികളുടെ വിഭജനം, ആവശ്യമായ ഫർണിച്ചർ, പഠനോപകരണങ്ങൾ, ലൈബ്രറി എന്നിവ വേണ്ടത്ര യില്ല.

2. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർ, അധ്യാപകർ തുടങ്ങിയവർക്ക് അധ്യാപനം സുഗമമായി നടത്താൻ സഹായിക്കുന്ന പരിശീലന ക്ലാസുകൾ ലഭിക്കാത്തതിനാൽ ലക്ഷ്യബോധത്തോടെ പഠിപ്പിക്കാനാവുന്നില്ല.

3. പരിശോധനാ ഉദ്യോഗസ്ഥരായ എ.ഇ.ഒ., ഡി.ഇ.ഒ. തുടങ്ങിയവർക്ക് ഇടയ്ക്കിടെ വിദ്യാലയം പരിശോധിക്കാൻ സാധിക്കുന്നില്ല. കൂടാതെ സംസ്കൃതം, അറബി, ഉർദു തുടങ്ങിയ ഭാഷാ അധ്യാപകരെ പരിശോധിക്കേണ്ട സബ്ജക്ട് ഇൻസ്പെക്ടർമാർ വിദ്യാലയം സന്ദർശിക്കുന്ന പതിവുമില്ല.

4. പ്രൈമറി വിദ്യാലയങ്ങളിൽ നിലവിലുള്ള സാഹചര്യമനുസരിച്ചു ഹെഡ്മാസ്റ്റർമാർക്ക് വിദ്യാലയത്തിന്റെ പഠനകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാൻ പറ്റുന്നില്ല.

5. പി.ഇ.ടി., ക്രാഫ്റ്റ്, മ്യൂസിക്, ഡ്രോയിംഗ് തുടങ്ങിയ സ്പെഷലിസ്റ്റ് അധ്യാപകരുടെ അഭാവം പ്രൈമറിഘട്ട വിദ്യാർഥികളുടെ വളർച്ചയെ സാരമായി ബാധിക്കുന്നു.

6. സ്കൂൾ ലൈബ്രറികൾ, ലബോറട്ടറി സംവിധാനം, മറ്റു പഠനോപകരണങ്ങൾ എന്നിവ വിദ്യാലയങ്ങളിലുണ്ടെങ്കിൽകൂടി വിദ്യാർത്ഥികൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.

7. കുടിവെള്ള സൗകര്യവും മറ്റു പ്രാഥമിക സൗകര്യങ്ങളും ഇല്ലാത്ത വിദ്യാലയങ്ങൾ പഞ്ചായത്തിൽ നിരവധിയുണ്ട്. കിണർ, പൈപ്പ്, ലാട്രിൻ, കക്കൂസ് തുടങ്ങിയ സംവിധാനങ്ങൾ അത്യാവശ്യങ്ങളാണ്.

8. പഞ്ചായത്തിലെ എൽ.പി.വിഭാഗത്തിൽ കബ് യൂണിറ്റ് പൂർത്തീകരിച്ചിട്ടില്ല. യു.പി. വിഭാഗം തൊട്ടുള്ള സ്കൗട്ട്, ഗൈഡ് യൂണിറ്റുകൾ എല്ലാ വിദ്യാലയങ്ങളിലും രൂപീകരിച്ചിട്ടില്ല.

9. ഹൈസ്കൂളുകളിൽ എൻ.സി.സി. യൂണിറ്റ്, റെഡ്ക്രോസ് യൂണിറ്റ് തുടങ്ങിയവും ആരംഭിച്ചിട്ടില്ല.

10. പഞ്ചായത്തിലെവിടെയും വൊക്കേഷണൽ ഹയർ സെക്കൻഡറി, പ്ലസ് ടു എന്നീ കോഴ്സുകളോ മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ നിലവിലില്ല.

11. പഞ്ചായത്തിൽ മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞിക്കാവശ്യമായ വിഭവങ്ങൾ, പാത്രങ്ങൾ, തൊഴിലാളികൾ, സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവയുടെ അഭാവം ഉച്ചക്കഞ്ഞി വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

12. പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും പി.ടി.എ, മദർ പി.ടി.എ. സജീവമല്ല.

13. അത്യാവശ്യമായ അക്ഷരബോധം, അക്കബോധം എന്നിവ വിദ്യാർത്ഥികൾക്ക് പ്രൈമറിതലത്തിൽനിന്നും വേണ്ടത്ര ഉറച്ചുകിട്ടുന്നില്ല.

14. ഇന്നത്തെ പരീക്ഷാസമ്പ്രദായം ഒരുതരത്തിലും കാര്യക്ഷമമല്ല. പഞ്ചായത്തുതലത്തിലോ, സബജില്ലാതലത്തിലോ കൃത്യമായി പരീക്ഷ നടത്താനാവശ്യമായ അക്കാദമിക് കൗൺസിലുകൾ നിലവിലില്ല.

15. ഗുരുകുലം പദ്ധതിയുടെ നല്ലവശങ്ങൾ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ചു വ്യക്തമായ കാഴ്ചപ്പാടോടെ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും നടപ്പാക്കാൻ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിക്കെങ്കിലും കഴിഞ്ഞിട്ടില്ല. അപാകതകൾ പരിഹരിച്ചു വിജയിപ്പിക്കാനാവശ്യമായ ചർച്ച ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി വിളിച്ചു ചേർത്തിട്ടുമില്ല.

16. ഒരു നല്ല ജനകീയ വിദ്യാഭ്യാസ സമിതിയുടെ അഭാവം നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസപ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

17. പഞ്ചായത്തുതലത്തിൽ മാതൃകാപരമായ പ്രവർത്തനം നടത്തി, മത്സരവേദിയൊരുക്കി പരസ്പരം വിദ്യാലയ പ്രവർത്തനം വിലയിരുത്താനുള്ള സംവിധാനമില്ല.

18. പഞ്ചായത്തുതലത്തിൽ വിദ്യാർഥികളുടെ വിവിധ വളർച്ചയ്ക്കാവശ്യമായ കലാകായിക പരിശീലനകേന്ദ്രത്തിന്റെ അഭാവമുണ്ട്.

19. അഞ്ചാംതരംവരെയുള്ള എൽ.പി. സ്കൂളുകളിൽ ഹിന്ദി പഠനം വേണ്ടത്ര നടക്കുന്നില്ല.

20. വിദ്യാർത്ഥികൾക്ക് കാർഷികവൃത്തിയോടും കൈത്തൊഴിലിനോടും ആഭിമുഖ്യം കുറഞ്ഞുവരുന്നു.

21. പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ എസ്.എസ്.എൽ.സി. വിജയശതമാനം വർഷംതോറും കുറഞ്ഞുവരുന്നു. പാസാകുന്നവർക്കു ലഭിക്കുന്ന മാർക്കും തൃപ്തികരമല്ല. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളിൽ കുട്ടികൾ വളരെ പിന്നോക്കവുമാണ്. ഉന്നത വിദ്യാഭ്യാസത്തിനോ, സാങ്കേതികവിദ്യാഭ്യാസത്തിനോ പ്രവേശനം ലഭിക്കാനുതകുന്നത്ര മാർക്ക് എസ്.എസ്.എസ്.എൽ.സി. പാസാകുന്നവർക്കു ലഭിക്കുന്നില്ല.

22. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്

തുക മറ്റു സ്കോളർഷിപ്പ് തുകയേക്കാൾ വളരെ കുറവാണ്. കൂടാതെ, എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷക്കാവശ്യമായ പ്രത്യേക പരിശീലനം പല വിദ്യാലയങ്ങളിൽനിന്നും നൽകുന്നില്ല. അശാസ്ത്രീയ വരുമാനപരിധി മറ്റൊരു കാരണവുമാണ്.

23. ഇലക്ട്രോണിക് മാധ്യമങ്ങൾ വിദ്യാർഥികളുടെ പഠനപ്രവർത്തനത്തെ അലോസരപ്പെടുത്തുന്നു.

24. ഇന്നു നിലവിലുള്ള അധ്യാപക, വിദ്യാർത്ഥി അനുപാതം പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കു വിഘാതമായിട്ടുണ്ട്.

25. 5, 8, 10, 12 വാർഡുകളിലെ എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ടിരുന്നു. 1-ാം വാർഡിലെ നേരത്തേ കേന്ദ്ര സ്കീമിലുൾപ്പെടുത്തി ശിപാർശ ചെയ്ത എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്തില്ല.

26. ചാല ഗവൺമെന്റ് ഹൈസ്കൂളിനു വേണ്ടത്ര കെട്ടിടങ്ങൾ ഇല്ലാത്തതിനാൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു.

27. സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി മുന്നോട്ടുപോകുന്നില്ല. പഞ്ചായത്തിലെ നാല് ജനവിദ്യാകേന്ദ്രങ്ങൾക്കും ആവശ്യമായ ഭൗതിക സൗകര്യങ്ങളുമില്ല.

28. ഇംഗ്ലീഷ് വിദ്യാഭ്യാസ പ്രവണത നമ്മുടെ പഞ്ചായത്തിലുമുണ്ട്. നെയ്ബറിംഗ് വിദ്യാലയ ബോധവൽക്കരണം വേണ്ടത്രയില്ല. പഞ്ചായത്തിലെ അംഗീകൃതവും അല്ലാത്തതുമായ നഴ്സറി വിദ്യാലയങ്ങളിൽ മാതൃഭാഷാ പഠനസമ്പ്രദായമേർപ്പെടുത്തണം.

29. പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള നടപ്പാതകൾ, പൊതുവഴികൾ, ബസ് സൗകര്യം തുടങ്ങിയ പ്രശ്നങ്ങളുണ്ട്

30. പഞ്ചായത്തിലെ പല വിദ്യാലയങ്ങളിലും ഭൗതിക സൗകര്യക്കുറവുണ്ട്.

31. പഞ്ചായത്തുതലത്തിൽ എല്ലാ വിദ്യാലയങ്ങളിലും സ്കൂളുകളിൽ പ്രത്യേക സ്ഥലമൊരുക്കി പച്ചക്കറിത്തോട്ടങ്ങൾ പരിപാലിക്കാനാവശ്യമായ സംവിധാനമില്ല.

## സാധ്യതകൾ

1. പഞ്ചായത്തിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ചും പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

2. 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന നിലയിൽ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ആവശ്യമായ സ്ഥലങ്ങളിൽ അംഗൻവാടി സ്ഥാപിക്കൽ.

3. എല്ലാ അംഗൻവാടികൾക്കും സ്വന്തം കെട്ടിടവും കുട്ടികൾക്കാവശ്യമായ കളിക്കോപ്പും പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള ഭൗതിക സാഹചര്യവും ലഭ്യമാക്കൽ.

4. അംഗൻവാടി ടീച്ചർമാർ, ഹെൽപ്പർമാർ എന്നിവരുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തി ആവശ്യമായ പരിശീലനം ലഭ്യമാക്കൽ.

5. അംഗൻവാടികൾക്ക് പഞ്ചായത്തുതലത്തിലും അംഗൻവാടിതലത്തിലും അടുക്കും ചിട്ടയുമുള്ള വികസന സമിതി ആവശ്യമാണ്.

## പൊതുവിദ്യാഭ്യാസം

1. പ്രൈമറി വിദ്യാലയങ്ങൾക്കാവശ്യമായ ഭൗതിക സൗകര്യം ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുക.

2. ഹെഡ്മാസ്റ്റർമാർ, മറ്റ് അധ്യാപകർ തുടങ്ങി പഞ്ചായത്തിലെ മുഴുവൻ അധ്യാപകർക്കും പഞ്ചായത്തുതലത്തിൽ ആവശ്യമായ പരിശീലനം നൽകുക.

3. ഡി.ഇ.ഒ., എ.ഇ.ഒ., ഭാഷാ ഇൻസ്പെക്ടർമാർ ഇടയ്ക്കിടെ വിദ്യാലയം പരിശോധിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.

4. പ്രൈമറി ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കുക.

5. പ്രൈമറി വിദ്യാലയങ്ങളിൽ ക്രാഫ്റ്റ്, പി.ഇ.ടി., ഡ്രോയിംഗ്, മ്യൂസിക് തുടങ്ങിയ അധ്യാപകരുടെ സേവനം ഉറപ്പുവരുത്തൽ.

6. സ്കൂൾ ലൈബ്രറികൾ, ലബോറട്ടറി സംവിധാനം മറ്റു പഠനോപകരണങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് ഉപകരിക്കുന്ന രീതിയിൽ കാര്യക്ഷമമാക്കൽ.

7. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും കിണർ, പൈപ്പ്, ലാട്രിൻ, കക്കൂസ് തുടങ്ങിയവ സ്ഥാപിക്കൽ.

8. പഞ്ചായത്തിലെ മുഴുവൻ എൽ.പി. വിഭാഗത്തിനും കബ് യൂണിറ്റ്, യു.പി. വിഭാഗത്തിൽ സ്കൗട്ട്, ഗൈഡ്, റെഡ്ക്രോസ് യൂണിറ്റ് സ്ഥാപിക്കൽ.

9. പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ എൻ.സി.സി., സ്കൗട്ട്, ഗൈഡ്, റെഡ്ക്രോസ് യൂണിറ്റ് സ്ഥാപിക്കൽ.

10. പഞ്ചായത്തിൽ പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ കോഴ്സുകളും ആവശ്യമായ സാങ്കേതിക സ്ഥാപനങ്ങളും സ്ഥാപിക്കൽ.

11. മുഴുവൻ പ്രൈമറി വിദ്യാർത്ഥികൾക്കും ഉച്ചക്കഞ്ഞി വിതരണം ഉറപ്പുവരുത്താൻ പാചകത്തൊഴിലാളികളെ പാർട്ട് ടൈം തൊഴിലാളിയായി അംഗീകരിക്കുക, ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുക.

12. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും പി.ടി.എ., മദർ പി.ടി.എ. സജീവമാക്കൽ.

13. പ്രൈമറിഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് അത്യാവശ്യമായ അക്കബോധം, അക്ഷരബോധം ഉറപ്പിക്കൽ.

14. പരീക്ഷാസമ്പ്രദായം കാര്യക്ഷമമായി നടപ്പാക്കാൻ

പഞ്ചായത്തുതലത്തിലോ, സബ്ജില്ലാതലത്തിലോ, പരീക്ഷാ ബോർഡോ, അക്കാദമിക് കൗൺസിലോ രൂപീകരിക്കുക.

15. ഗുരുകുലം പദ്ധതിയുടെ പോരായ്മകൾ ചർച്ച ചെയ്ത് പരിഹാരമാർഗം കണ്ടെത്തി പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും സമഗ്രമായി നടപ്പാക്കുക.

16. പഞ്ചായത്തിൽ താൽപര്യമുള്ള മുഴുവൻ അധ്യാപകരെയും റിട്ടയേർഡ് വിദ്യാഭ്യാസ പ്രവർത്തകരെയും ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ ജനകീയ വിദ്യാഭ്യാസസമിതി രൂപവൽക്കരിക്കുക.

17. പഞ്ചായത്തിലെ ഏറ്റവും നല്ല എൽ.പി., യു.പി., ഹൈസ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തി വർഷം തോറും ട്രോഫി നൽകൽ.

18. പഞ്ചായത്തുതലത്തിൽ വിദ്യാർത്ഥികളുടെ കലാകായിക അഭിരുചി വളർത്താൻ പ്രത്യേകം പരിശീലന കേന്ദ്രവും പ്രഗത്ഭ അധ്യാപകരെയും ഏർപ്പെടുത്തൽ.

19. അഞ്ചാംതരം വരെയുള്ള എൽ.പി. സ്കൂളുകളിൽ ഹിന്ദി പഠനം സുഗമമാക്കാൻ പഞ്ചായത്തിലെ മറ്റു വിദ്യാലയങ്ങളിലെ ഹിന്ദി അധ്യാപകരുടെ ക്ലബ്ബിംഗ് സിസ്റ്റം ഏർപ്പെടുത്തൽ.

20. വിദ്യാലയങ്ങളിൽ കാർഷിക ക്ലബ് സ്ഥാപിക്കൽ, നിലവിലുള്ള ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി പ്രോത്സാഹിപ്പിക്കൽ.

21. എസ്.എസ്.എൽ.സി. വിദ്യാർഥികളെ ഗ്രൂപ്പുകളായി തിരിച്ചു പ്രത്യേക പരിശീലനം നൽകുന്ന സംവിധാനം ഉറപ്പുവരുത്തൽ. ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ പ്രത്യേക പരിശീലനം ഹൈസ്കൂൾതലത്തിൽ നടപ്പിലാക്കുക.

22. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുക കൂട്ടുക. പ്രൈമറി വിദ്യാലയങ്ങളിൽ പരീക്ഷകൾക്കാവശ്യമായ പരിശീലന ക്ലാസ് ഏർപ്പെടുത്തൽ. അശാസ്ത്രീയമായ വരുമാനപരിധി പുനഃപരിശോധിക്കൽ.

23. വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കാത്ത തരത്തിൽ ടിവി കാണുന്നതിന് രക്ഷിതാക്കളെയും കുട്ടികളെയും ബോധവൽക്കരിക്കുക.

24. അധ്യാപക-വിദ്യാർത്ഥി അനുപാതം നിയമംമൂലം കുറയ്ക്കുക.

25. യു.പി. വിദ്യാലയങ്ങൾക്കാവശ്യപ്പെട്ട വാർഡുകളിൽ യു.പി. ആക്കാൻ ശ്രമിക്കൽ, ഒപ്പം നേരത്തേ അനുവദിക്കപ്പെട്ട യു.പി.യുടെ അംഗീകാരമുറപ്പിക്കൽ.

26. ചാല ഗവ. ഹൈസ്കൂളിനു കെട്ടിടം നിർമിച്ചും ഫർണിച്ചർ വർധിപ്പിച്ചും ആവശ്യമായ അധ്യാപകരെ യഥാസമയം നിയമിച്ചും ഭൗതിക സൗകര്യം വർധിപ്പിച്ച് ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുക.

27. സാമൂഹ്യസന്നദ്ധ സംഘടനകൾ, റിട്ടയേഡ് ഉദ്യോഗസ്ഥർ മുതലായവരുടെ സഹകരണത്തോടെ വായനശാലകൾ, വിദ്യാലയങ്ങൾ, ജനവിദ്യാകേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ചു തുടർ സാക്ഷരതാ പരിപാടി ഊർജ്ജിതപ്പെടുത്തൽ.

28. ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസപ്രവണത നിരുത്സാഹപ്പെടുത്തൽ, പഞ്ചായത്തിലെ നഴ്സറി വിദ്യാലയങ്ങളിൽ മലയാളം നിർബന്ധ പഠനഭാഷയാക്കൽ. പ്രൈമറി വിദ്യാലയങ്ങളിൽ അധ്യാപനം മെച്ചപ്പെടുത്തൽ, പ്രൈമറി വിദ്യാലയത്തോടനുബന്ധിച്ചു പ്രീപ്രൈമറി ആരംഭിക്കൽ.

29. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു നടപ്പാതകളും പൊതുവഴികളും സുഗമമാക്കൽ. വിദ്യാർത്ഥികൾക്കാവശ്യമായ സമയങ്ങളിൽ ബസ് സൗകര്യമേർപ്പെടുത്തൽ.

30. ചാല ഗവ. ഹൈസ്കൂൾ പൊതുജനപങ്കാളത്തിത്തോടെ നിർമ്മിച്ച കളിസ്ഥലം മാതൃകയാക്കി മറ്റു സ്ഥലങ്ങളിലും തുടക്കം കുറിക്കൽ, സൗകര്യമുള്ള വിദ്യാലയങ്ങളെയെല്ലാം പ്രോത്സാഹിപ്പിക്കൽ, ഒപ്പം വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യം വർധിപ്പിക്കൽ.

31. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും പി.ടി.എ., മദർ പി.ടി.എ. സംയുക്തമായി സ്കൂൾതല പച്ചക്കറിത്തോട്ടം ആരംഭിക്കുക.



□

## പഠിക്കുന്ന വിദ്യാർഥികൾ (1 – 10)

| പ്രൈമറി വിദ്യാർഥികൾ | | | | ഹൈസ്കൂൾ വിഭാഗം | | | |
|---|---|---|---|---|---|---|---|
| ക്ലാസ് | ആൺ | പെൺ | ആകെ | ക്ലാസ് | ആൺ | പെൺ | ആകെ |
| 1 | 360 | 343 | 703 | | | | |
| 2 | 396 | 343 | 739 | 8 | 357 | 373 | 730 |
| 3 | 369 | 339 | 708 | 9 | 355 | 328 | 683 |
| 4 | 354 | 350 | 704 | 10 | 280 | 287 | 567 |
| 5 | 391 | 323 | 714 | | | | |
| 6 | 344 | 346 | 690 | | | | |
| 7 | 364 | 390 | 754 | | | | |
| മൊത്തം | 2578 | 2434 | 5012 | | 992 | 988 | 1980 |

## പഞ്ചായത്തിലെ അദ്ധ്യാപകർ

| അദ്ധ്യാപകർ | അദ്ധ്യാപികമാർ | ആകെ |
|---|---|---|
| 136 | 143 | 279 |

## പട്ടികജാതി വിദ്യാർഥികൾ

| | | |
|---|---|---|
| 52 | 40 | 92 |
| തോറ്റു പഠിക്കുന്നവർ | | |
| 08 | 03 | 11 |

## 5–ാം തരം വരെ പ്രവർത്തിക്കുന്ന എൽ.പി. വിദ്യാലയങ്ങൾ

| | |
|---|---|
| 1. | വെള്ളൂർ ഇല്ലം എൽ.പി. സ്കൂൾ |
| 2. | ഇരിവേരി ഈസ്റ്റ് എൽ.പി. സ്കൂൾ |
| 3. | തലവിൽ എൽ.പി. സ്കൂൾ |
| 4. | മുതുകുറ്റി നമ്പർ വൺ എൽ.പി. സ്കൂൾ |
| 5. | മിടാവിലോട് എൽ.പി. സ്കൂൾ |
| 6. | കണയന്നൂർ എം.എൽ.പി. സ്കൂൾ |
| 7. | കണയനനർ എൽ.പി. സ്കൂൾ |

## എസ്.എസ്.എൽ.സി. വിജയ ശതമാനം

| സ്കൂൾ | വർഷം | | | |
|---|---|---|---|---|
| | 92–93 | 93–94 | 94–95 | 95–96 |
| ചാല ഗവൺമെന്റ് ഹൈസ്കൂൾ | 59 | 42 | 48 | 38 |
| ചെമ്പിലോട് ഹൈസ്കൂൾ | 57.5 | 56,7 | 57.5 | 43.7 |

## 100 വർഷം പിന്നിട്ട വിദ്യലയങ്ങൾ

| ക്രമ. നമ്പ | വാർ നമ്പ | സ്ഥാ വർ | വിദ്യലയത്തിന്റെ പേര് | സ്ഥാപക മാനേജർ |
|---|---|---|---|---|
| 1 | 5 | 1887 | ഇരിവേരി ഈസ്റ്റ് എൽ.പി. | എം. കോരൻ നമ്പ്യാർ |
| 2 | 5 | 1888 | ഇരിവേരി എൽ.പി | കളപ്രത്ത് കണ്ടി കൃഷ്ണൻ ഗുരുക്കൾ |
| 3 | 6 | 1890 | തലവിൽ എൽ.പി | ചിരുകണ്ഠൻ ഗുരുക്കൾ |
| 4 | 12 | 1891 | കണയന്നര് എൽ.പി | ഒതേനൻ ഗുരുക്കൾ |
| 5 | 4 | 1892 | ചാല ഈസ്റ്റ് എൽ.പി. | കൃഷ്ണൻ ഗുരുക്കൾ |

## പഠനം നിർത്തിയവരും തുടർന്ന് പഠിക്കുന്നവരും

| | പഠനം നിർത്തിയവർ | | | തോറ്റ് പഠിക്കുന്നവർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| പട്ടികജാതി/ പട്ടികവർഗ്ഗം | 08 | 03 | 11 | 52 | 40 | 92 |
| മറ്റുള്ളവർ | 35 | 36 | 71 | 263 | 213 | 476 |
| ആകെ | 43 | 39 | 82 | 315 | 253 | 568 |

| ക്ര.നം | വാർഡ് നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | കുട്ടികൾ ആൺ | കുട്ടികൾ പെൺ | കുട്ടികൾ ആകെ | അധ്യാപകർ ആൺ | അധ്യാപകർ പെൺ | അധ്യാപകർ ആകെ | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | I | ചെമ്പിലോട് [illegible] എൽ.പി | 16 സെന്റ് | 52 | 49 | 101 | 02 | 03 | 05 | 185 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല / ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | I | ചെമ്പിലോട് സെൻട്രൽ എൽ.പി | 1ഏ 5 സെന്റ് | 59 | 73 | 132 | 03 | 03 | 06 | 184½ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല / ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 3 | I | ചെമ്പിലോട് എൽ.പി | 9½ സെന്റ് | 54 | 48 | 102 | 03 | 01 | 04 | 192 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല / ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 4 | I | ചെമ്പിലോട് യു.പി | 25 സെന്റ് | 144 | 122 | 266 | 05 | 07 | 12 | 191½ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 5 | II | കോയ്യോട് [illegible] യു.പി | [illegible] | 175 | 175 | 350 | 06 | 08 | 14 | 184½ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 6 | III | തന്നട സെൻട്രൽ യു.പി | 1ഏ 25 സെന്റ് | 145 | 160 | 305 | 07 | 07 | 14 | 184½ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 7 | III | തന്നട എൽ.പി | [illegible] | 54 | 51 | 105 | 02 | 03 | 05 | 192½ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 8 | III | തന്നട ഈസ്റ്റ് എൽ.പി | 2ഏ 40 സെന്റ് | 69 | 50 | 119 | 03 | 02 | 05 | 192½ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9 | IV | [illegible] ഇല്ലം എൽ.പി | 396M² | 75 | 59 | 134 | 03 | 03 | 06 | 193 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 | IV | ചാല ഈസ്റ്റ് എൽ.പി | 7365 sq' | 54 | 63 | 117 | 01 | 04 | 05 | 192 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | IV | ചാല ഹൈസ്കൂൾ | 3 ഏക്കർ | 742 | 743 | 1487 | 24 | 27 | 51 | 202 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12 | V | ഇരിവേരി എൽ.പി | 80 സെന്റ് | 48 | 56 | 104 | 02 | 02 | 04 | 193 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 13 | V | ഇരിവേരി ഈസ്റ്റ് എൽ.പി | 19 സെന്റ് | 79 | 75 | 148 | 03 | 03 | 06 | 194 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 14 | VI | തലവിൽ എൽ.പി | 6 സെന്റ് | 70 | 67 | 137 | 03 | 02 | 05 | 192 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 15 | VI | മുതുകുറ്റി നമ്പർ വൺ എൽ.പി | 73 സെന്റ് | 81 | 86 | 167 | 02 | 06 | 08 | 189 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 16 | VI | മുതുകുറ്റി യു.പി | 30 സെന്റ് | 159 | 144 | 303 | 03 | 11 | 14 | 194 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 17 | VI | ചെമ്പിലോട് ഹൈസ്കൂൾ | 4 ഏക്കർ | 509 | 494 | 1003 | 20 | 22 | 42 | 188 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 18 | VII | മൗവ്വഞ്ചേരി യു.പി | 50 സെന്റ് | 486 | 449 | 935 | 24 | 09 | 33 | 183 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 19 | VIII | [illegible]വിലോട് വെസ്റ്റ് എൽ.പി | 10 സെന്റ് | 86 | 76 | 162 | 03 | 03 | 06 | 193 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 20 | IX | കോയ്യോട് ഈസ്റ്റ് എൽ.പി | 57"×18" | 51 | 60 | 111 | 03 | 02 | 05 | 194 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 21 | IX | കോയ്യോട് സെൻട്രൽ എൽ.പി | 150 സെന്റ് | 53 | 51 | 104 | 02 | 03 | 05 | 194 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 22 | X | ഇരിവേരി വെസ്റ്റ് എൽ.പി | 50 സെന്റ് | 67 | 63 | 130 | 02 | 04 | 06 | 183½ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 23 | X | [illegible] എൽ.പി. | 1ഏ 19 സെന്റ് | 68 | 50 | 118 | 03 | 02 | 05 | 186 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 24 | XII | കണയന്നൂർ മാപ്പിള എൽ.പി | 1ഏ 5 സെന്റ് | 128 | 97 | 225 | 05 | 03 | 08 | 186 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 25 | XII | കണയന്നൂർ. എൽ.പി | 15 സെന്റ് | 68 | 59 | 127 | 02 | 03 | 05 | 194 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 26 | XI | വിദ്യാലയമില്ല. | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – |
| | | ആകെ | | 3570 | 3422 | 6992 | 136 | 143 | 279 | | | | | | | | | | | | | | | | |

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വാർഡ് നമ്പർ | മെറിറ്റ് സ്കോളർഷിപ്പ് | ലംപ്സംഗ്രാന്റ് | മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ ആശ്രിതർക്കുള്ള ആനുകൂല്യം | ബീഡിത്തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെമ്പിലോട് നോർത്ത് L.P. | I | — | 5 | — | — | — | 5 | — | — | |
| 2 | ചെമ്പിലോട് സെൻട്രൽ L.P | I | — | — | — | — | — | — | — | — | |
| 3 | ചെമ്പിലോട് L.P | I | — | 1 | — | — | — | — | — | — | |
| 4 | ചെമ്പിലോട് U.P | I | — | 9 | 32 | — | 5 | — | — | — | |
| 5 | കോയ്യോട് [illegible] U.P. | II | — | 80-രൂ | 5325-രൂ | 1200-രൂ | — | 250-രൂ | 480-രൂ | — | |
| 6 | തന്നട സെൻട്രൽ U.P | III | — | — | — | — | — | — | 3 | — | |
| 7 | തന്നട L.P. | III | — | — | — | — | 2 | 3 | — | — | |
| 8 | തന്നട ഈസ്റ്റ് L.P | III | — | — | — | 1 | — | — | — | — | |
| 9 | വെള്ളൂരില്ലം L.P | IV | — | 3 | 6 | — | — | 4 | — | — | |
| 10 | ചാല ഈസ്റ്റ് LP | IV | — | 2 | — | 1 | 3 | 2 | — | — | |
| 11 | ഗവ: ഹൈസ്കൂൾ, ചാല | IV | 3 | 44 | 47 | 2 | — | 60 | 2 | — | |
| 12 | ഇരിവേരി L.P | V | — | 23 | — | — | 1 | 5 | — | [illegible] 1 | ഇരിവേരി ഈസ്റ്റ് എൽ.പി. |
| 13 | ഇരിവേരി ഈസ്റ്റ് LP | V | — | 4 | 3 | 1 | — | 2 | — | Beedi Workers' Dress Allowance 1 | ബീഡി തൊഴിലാളി ഡ്രസ് അലവൻസ് - 1 |
| 14 | തലവിൽ L.P | VI | — | 3 | — | 2 | 4 | 9 | — | — | |
| 15 | മുഴപ്പാല No.1 L.P. | VI | — | 14 | 3 | — | 2 | 1 | — | — | [illegible] |
| 16 | മുഴപ്പാല U.P | VI | 1 | 60 | 33 | — | — | 9 | — | 3500 രൂപ | [illegible] 3500 രൂ [illegible] |
| 17 | ചെമ്പിലോട് ഹൈസ്കൂൾ | VI | — | 3565-രൂ | — | — | — | — | — | — | മൗവ്വഞ്ചേരി യു.പി. |
| 18 | മൗവ്വഞ്ചേരി U.P. | VII | — | — | 180 | 2 | — | 5 | 3 | 1 | [illegible] |
| 19 | [illegible]ലോട് വെസ്റ്റ് LP | VIII | — | — | 6 | — | 1 | 1 | — | — | |
| 20 | കോയ്യോട് ഈസ്റ്റ് LP | IX | — | — | — | 1 | — | 1 | 1 | — | ഇരിവേരി വെസ്റ്റ് എൽ.പി. |
| 21 | കോയ്യോട് സെൻട്രൽ LP | IX | — | 3 | — | 1 | — | — | — | Beedi Workers Dress Allowance 1 | ബീഡി തൊഴിലാളി ഡ്രസ് അലവൻസ് - 1 |
| 22 | ഇരിവേരി വെസ്റ്റ് LP | X | — | — | — | 2 | — | — | — | — | |
| 23 | കക്കോത്ത് L.P. | X | — | — | — | 1 | — | — | — | — | |
| 24. | കണയന്നൂർ മാപ്പിള LP | XII | — | — | [illegible]950-രൂ | — | — | 125-രൂ | 75-രൂ | — | |
| 25 | കണയന്നൂർ LP | XII | — | 155-രൂ | — | — | — | 1250-രൂ | — | — | |

40

| | ഗൃഹനാഥന്റെ പേര് | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1 | [illegible] | I | 4 | 4 | — | — | 4 | — | 2 | — | — | — | — | 2 | — | — | — | — | — | — | ഇല്ല | 15 | 25 | 3 | 6 | 13 |
| 2 | [illegible] | I | 4 | 1 | — | — | 1 | — | 5 | 2 | ഉണ്ട് | ഇല്ല | — | ~~3~~ | — | — | — | — | ഉണ്ട് | — | ഇല്ല | 24 | 10 | 2 | 5 | — |
| 3 | [illegible] | I | 4 | 2 | — | — | 5 | — | — | 1 | ഉണ്ട് | ഇല്ല | ഇല്ല | 2 | — | — | — | — | — | — | [illegible] | 8 | 4 | ഇല്ല | 4 | -1 |
| 4 | [illegible] | I | 18 | 1 | 2 | — | 2 | — | — | — | 2 | 2 | 10 | 1 | 1 | — | — | — | ഉണ്ട് | ഉണ്ട് | — | 20 | 20 | 5 | 5 | 4 |
| 5 | [illegible] | II | 10 | 1 | — | — | 12 | — | — | — | — | 1 | 2 | 2 | — | — | ഉണ്ട് കിണർ | — | ഉണ്ട് | ഉണ്ട് | — | 8 | 12 | 2 | 2 | 1 |
| 6 | [illegible] | III | 9 | 3 | — | — | 11 | — | — | ഇല്ല | ഉണ്ട് | 1 | 1 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | — | 20 | 25 | 10 | 15 | 2 |
| 7 | [illegible] | III | 4 | 1 | — | — | — | — | — | 5 | — | — | — | 3 | ഇല്ല | — | — | — | — | — | — | 25 | 10 | 3 | 5 | 5 |
| 8 | [illegible] | III | 4 | 1 | 3 | — | 1 | 3 | — | — | — | — | — | 2 | — | — | ഉണ്ട് കിണർ | ഇല്ല | — | — | — | 12 | 12 | 1 | 2 | — |
| 9 | [illegible] | IV | 5 | 2 | ഇല്ല | ഇല്ല | 3 | — | — | 6 | 1 | — | — | 2 | — | 1 | ഉണ്ട് കിണർ | — | — | — | — | 10 | 10 | 2 | 2 | 2 |
| 10 | [illegible] | IV | 4 | 1 | 1 | — | — | — | — | ഉണ്ട് | — | — | — | 2 | ഇല്ല | — | — | — | — | — | — | 10 | 3 | — | — | — |
| 11 | [illegible] | IV | 36 | 2 | 1 | 1 | 10 | 4 | 2 | 27 | ഉണ്ട് | 2 | 4 | 20 | ഇല്ല | ഇല്ല | ഇല്ല | — | — | — | — | 300 | 300 | 40 | 40 | 4 |
| 12 | [illegible] | V | 4 | 1 | — | — | 5 | — | — | — | — | — | — | 2 | — | — | — | — | — | — | — | 16 | 10 | 2 | 4 | 1 |
| 13 | [illegible] | V | 5 | 1 | — | — | 1 | — | — | 5 | ഉണ്ട് | 1 | 2 | 1 | ഇല്ല | ഇല്ല | ഉണ്ട് കിണർ | — | — | — | — | 25 | 20 | 5 | 5 | — |
| 14 | [illegible] | VI | 5 | 1 | 1 | — | 1 | 1 | — | 3 | ഉണ്ട് | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല | കിണർ | — | — | — | — | 20 | 10 | — | 5 | 4 |
| 15 | [illegible] | VI | 6 | 1 | 1 | — | 1 | 1 | — | — | — | — | — | — | — | — | കിണർ | — | — | — | — | 25 | 25 | ഉണ്ട് | 8 | 3 |
| 16 | [illegible] | VI | 10 | 10 | — | — | — | — | — | 2 | ഉണ്ട് | 1 | 1 | 2 | ഇല്ല | ഇല്ല | കിണർ | ഉണ്ട് | — | — | — | 15 | 15 | 5 | 10 | 5 |
| 17 | [illegible] | VI | 24 | 5 | 1 | — | 24 | 5 | — | — | — | 2 | 32 | 2 | 2 | — | ഉണ്ട് കിണർ | ഉണ്ട് | — | ഉണ്ട് | ഉണ്ട് | [illegible] | [illegible] | [illegible] | [illegible] | [illegible] |
| 18 | [illegible] | VII | 24 | 4 | 1 | — | 25 | 1 | — | 2 | ഉണ്ട് | 3 | 10 | 2 | 1 | — | ഉണ്ട് കിണർ | ഉണ്ട് | — | ഉണ്ട് | ഉണ്ട് | — | — | — | ~~2~~ | 6 |
| 19 | [illegible] | VIII | 5 | 5 | — | — | 5 | — | — | — | — | 1 | 1 | 2 | — | — | — | — | — | ഉണ്ട് | ഉണ്ട് | [illegible] | ~~10~~ | [illegible] | [illegible] | 2 |
| 20 | [illegible] | IX | 1 | 1 | — | — | 1 | — | — | ഉണ്ട് | — | — | — | 2 | ഇല്ല | — | — | — | — | — | — | 10 | 10 | 3 | 4 | 6 |
| 21 | [illegible] | IX | 4 | 1 | 1 | — | — | — | — | 1 | — | 1 | 2 | 4 | ഇല്ല | ഇല്ല | — | — | — | — | — | 20 | 10 | 3 | 8 | 2 |
| 22 | [illegible] | X | 4 | 1 | — | — | 1 | — | — | — | ഉണ്ട് | 2 | 6 | ഇല്ല | ഇല്ല | ഇല്ല | കിണർ | ഇല്ല | 1 | 1 | ഇല്ല | 6 | 8 | [illegible] | 5 | — |
| 23 | [illegible] | X | 4 | 1 | [illegible] | [illegible] | 2 | — | — | — | — | 1 | 4 | 1 | 1 | — | കിണർ | ഇല്ല | ഉണ്ട് | ഇല്ല | — | 16 | 16 | 4 | 4 | 5 |
| 24 | [illegible] | XII | 7 | 2 | — | — | 8 | — | [illegible] | — | ഉണ്ട് | 1 | 4 | — | 4 | ഇല്ല | കിണർ | — | — | ഉണ്ട് | — | 10 | 10 | 2 | 3 | 2 |
| 25 | [illegible] | XII | 5 | 1 | 1 | — | 1 | 1 | — | 1 | ഉണ്ട് | ഇല്ല | ഇല്ല | 2 | — | — | ഇല്ല | — | 1 | ഇല്ല | ഇല്ല | 6 | 8 | 2 | 3 | 2 |

# കുട്ടികളുടെ പൊതു നിലവാരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വാർഡ് നമ്പർ | 3ാം തരം | | | | | | 4ാം തരം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | 30% ൽ താഴെ | 30-40 | 40-50 | 50-60 | 60% ൽ കൂടുതൽ | ആകെ | 30% ൽ താഴെ | 30-40 | 40-50 | 50-60 | 60% ൽ കൂടുതൽ | ആകെ |
| 1 | ചെമ്പിലോട് നോർത്ത് LPS | I | 7 | 4 | 10 | 3 | 3 | 27 | 1 | – | 13 | 4 | – | 22 |
| 2 | ചെമ്പിലോട് സെൻട്രൽ LPS | I | 11 | 10 | 6 | 4 | – | 31 | 9 | 15 | 5 | – | – | 29 |
| 3 | ചെമ്പിലോട് LPS | I | 3 | 3 | 3 | 6 | 13 | 28 | 1 | 5 | 5 | 6 | 10 | 27 |
| 4 | ചെമ്പിലോട് UPS | I | | | | | | | | | | | | |
| 5 | കോയ്യോട് മഠം UPS | II | 1 | 8 | 14 | 11 | 10 | 44 | 4 | 6 | 12 | 6 | 4 | 32 |
| 6 | തന്നട സെൻട്രൽ UPS | III | 3 | 6 | 10 | 4 | 11 | 34 | 4 | 6 | 3 | 8 | 9 | 30 |
| 7 | തന്നട LPS | III | 6 | 2 | 4 | 3 | 10 | 25 | 4 | 2 | 5 | 5 | 6 | 22 |
| 8 | തന്നട ഈസ്റ്റ് LPS | III | 7 | 3 | 3 | 2 | 12 | 27 | 4 | 3 | 5 | 3 | 15 | 30 |
| 9 | വെള്ളൂർ ഇല്ലം LPS | IV | 2 | 1 | 3 | 9 | 14 | 29 | 2 | 2 | 5 | 4 | 15 | 28 |
| 10 | ചാല ഈസ്റ്റ് LPS | IV | – | 1 | 1 | 7 | 24 | 33 | 2 | 1 | 7 | 5 | 15 | 30 |
| 11 | ഗവ. ഹൈസ്കൂൾ, ചാല | IV | | | | | | | | | | | | |
| 12 | ഇരിവേരി LPS | V | – | 1 | 2 | 7 | 16 | 26 | 3 | 4 | 4 | 5 | 10 | 26 |
| 13 | ഇരിവേരി ഈസ്റ്റ് LPS | V | 3 | 5 | 8 | 5 | 8 | 29 | 1 | 1 | 10 | 15 | 4 | 31 |
| 14 | തലവിൽ LPS | VI | – | 4 | 6 | – | 19 | 29 | – | 4 | 3 | 5 | 11 | 23 |
| 15 | മുതുകുറ്റി നമ്പർ 1 LPS | VI | 2 | 4 | 12 | 9 | 8 | 35 | 2 | 3 | 9 | 5 | 8 | 27 |
| 16 | മുതുകുറ്റി UPS | VI | 4 | 6 | 5 | – | 7 | 17 | 1 | 2 | 4 | 5 | 6 | 18 |
| 17 | ചെമ്പിലോട് ഹൈസ്കൂൾ, ചെമ്പി | VI | | | | | | | | | | | | |
| 18 | മൗവ്വഞ്ചേരി UPS | VII | 7 | 19 | 31 | 33 | 10 | 100 | 2 | 11 | 38 | 38 | 6 | 97 |
| 19 | മിടാവിലോട് വെസ്റ്റ് LPS | VIII | 5 | 10 | 8 | 5 | 1 | 31 | 7 | 10 | 7 | 9 | 5 | 38 |
| 20 | കോയ്യോട് ഈസ്റ്റ് LPS | IX | 9 | 4 | 7 | 5 | 7 | 32 | 1 | 2 | 6 | 3 | 8 | 20 |
| 21 | കോയ്യോട് സെൻട്രൽ LPS | IX | 5 | 5 | 4 | 5 | 4 | 23 | 4 | 3 | 6 | 3 | 13 | 29 |
| 22 | ഇരിവേരി വെസ്റ്റ് LPS | X | 2 | 8 | 6 | 10 | 9 | 35 | 2 | 12 | 5 | 6 | 7 | 32 |
| 23 | കണ്ണോത്ത് LPS | X | 5 | 6 | 6 | 4 | 6 | 27 | 7 | 5 | 4 | 8 | 5 | 29 |
| 24 | കണയന്നൂർ മാപ്പിള LPS | XII | 5 | 3 | 2 | 6 | 12 | 28 | 11 | 13 | 10 | 8 | 15 | 57 |
| 25 | കണയന്നൂർ LPS | XII | 3 | 2 | 4 | 6 | 10 | 24 | 4 | 3 | 5 | 7 | 6 | 25 |
| | | | 91 | 115 | 155 | 143 | 214 | | | | | | | |

| ക്രമ നമ്പർ | 5ാം തരം | | | | | | 6ാം തരം | | | | | | 7ാം തരം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 30% ൽ താഴെ | 30-40 | 40-50 | 50-60 | 60% ൽ കൂടുതൽ | ആകെ | 30% ൽ താഴെ | 30-40 | 40-50 | 50-60 | 60% ൽ കൂടുതൽ | ആകെ | 30% ൽ താഴെ | 30-40 | 40-50 | 50-60 | 60% ൽ കൂടുതൽ | ആകെ |
| 4 | 12 | 9 | 10 | 7 | 15 | 54 | 17 | 20 | 38 | 12 | 19 | 107 | 19 | 19 | 29 | 13 | 24 | 105 |
| 5 | 2 | 25 | 29 | 6 | 6 | 68 | 4 | 28 | 11 | 7 | 6 | 56 | 8 | 32 | 13 | 10 | 9 | 72 |
| 6 | 13 | 13 | 13 | 9 | 4 | 52 | 5 | 22 | 18 | 6 | 5 | 56 | 5 | 24 | 19 | 7 | 5 | 60 |
| 9 | 1 | 1 | 2 | 7 | 16 | 27 | | | | | | | | | | | | |
| 11 | 5 | 17 | 23 | 18 | 29 | 92 | 49 | 48 | 30 | 25 | 46 | 198 | 91 | 54 | 30 | 24 | 37 | 236 |
| 13 | 3 | 6 | 6 | 6 | 10 | 31 | | | | | | | | | | | | |
| 14 | 4 | 5 | 5 | 4 | 14 | 32 | | | | | | | | | | | | |
| 15 | 2 | 4 | 10 | 4 | 8 | 28 | | | | | | | | | | | | |
| 16 | 3 | 7 | 10 | 15 | 25 | 60 | 8 | 10 | 17 | 16 | 30 | 81 | 10 | 14 | 10 | 14 | 25 | 73 |
| 18 | 7 | 49 | 76 | 15 | 3 | 150 | 8 | 74 | 63 | 22 | 8 | 188 | 16 | 83 | 55 | 25 | 4 | 200 |
| 19 | 1 | 12 | 8 | 4 | 4 | 29 | | | | | | | | | | | | |
| 24 | 8 | 10 | 4 | 18 | 18 | 58 | | | | | | | | | | | | |
| 25 | 4 | 5 | 4 | 5 | 7 | 25 | | | | | | | | | | | | |

| ക്രമ നമ്പർ | 8ാം തരം | | | | | 9ാം തരം | | | | | SSLC വിജയ ശതമാനം കൊല്ലം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 30% ൽ താഴെ | 30-40 | 40-50 | 50-60 | 60% ൽ കൂടുതൽ | 30% ൽ താഴെ | 30-40 | 40-50 | 50-60 | 60% ൽ കൂടുതൽ | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
| 11 | 135 | 84 | 47 | 33 | 25 | 56 | 122 | 75 | 39 | 41 | 56 | 59 | 42 | 48 | 33 |
| 17 | 262 | 42 | 36 | 19 | 21 | 217 | 54 | 27 | 19 | 21 | [illegible] | 38 | 57 | 58 | 44 |

41





# കുടിവെള്ളവും പൊതുജനാരോഗ്യവും

ഭൂമിയിൽ ഇന്നു ലഭിക്കുന്ന ജലത്തിന്റെ 97 ശതമാനവും ഉപ്പുകലർന്നതാണ്. ബാക്കിയുള്ള മൂന്നു ശതമാനം ജലത്തിൽ നമുക്ക് ഉപയോഗയോഗ്യമായിട്ടുള്ളതു കേവലം 0.01% മാത്രമാണ്. ഭൂമിയിൽ ദൈനംദിന ആവശ്യങ്ങൾക്കു ലഭ്യമായ ശുദ്ധജലത്തിന്റെ അളവ് വളരെ കുറവാണ്. അതുകൊണ്ടുതന്നെ ലഭ്യമായ ജലം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കേണ്ടത് ഇന്ന് ആവശ്യമായിവന്നിരിക്കുന്നു. ശുദ്ധജലം ഒരു ജനതയുടെ ആരോഗ്യത്തിന് അത്യാവശ്യമാണ്. പഞ്ചായത്തിലെ ഏതാണ്ട് 99 ശതമാനം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 20.52 ശതമാനവും രൂക്ഷമായ ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. 4627 വീടുകളുള്ളതിൽ ഏതാണ്ട് 3000ത്തിലധികം വീട്ടുകാർക്കും സ്വന്തമായി കിണ്ററുണ്ട്. ഇതിൽ നാലിലൊരുഭാഗം കിണറുകളും മാർച്ച്, ഏപ്രിൽ മാസത്തോടെ വറ്റുന്നു. വാട്ടർ അഥോറിറ്റിയുടെ ജലവിതരണ പദ്ധതി നിലവിലില്ലെങ്കിലും അടുത്തകാലത്ത് ആരംഭിച്ച പുതിയ പദ്ധതിയുടെ പ്രവർത്തനം ഏതാണ്ട് പൂർത്തിയായിവരികയാണ്. ഇതിന്റെ പ്രയോജനം ചെമ്പിലോട് വില്ലേജിനു മാത്രമേ ലഭിക്കുകയുള്ളു. 15 കുഴൽകിണറുകളും 23 സാധാരണ കിണറുകളുമടക്കം പഞ്ചായത്തിൽ മൊത്തം 38 പൊതു കിണറുകളുണ്ട്. (പട്ടിക-1). കുഴൽകിണറിൽനിന്നു ലഭിക്കുന്ന വെള്ളം കുടിക്കാൻ പറ്റിയതല്ല.

**പട്ടിക-1**

| വാർഡ് | പൊതുകിണറുകൾ | | |
|---|---|---|---|
| | സാധാരണ കിണർ | കുഴൽ കിണർ | മൊത്തം പൊതുകിണർ |
| 1 | 3 | 1 | 4 |
| 2 | 1 | 1 | 2 |
| 3 | 1 | – | 1 |
| 4 | 3 | – | 3 |
| 5 | 5 | 3 | 8 |
| 6 | 2 | 2 | 4 |
| 7 | 1 | 3 | 4 |
| 8 | 2 | – | 2 |
| 9 | 1 | – | 1 |
| 10 | 2 | 4 | 6 |
| 11 | – | – | – |
| 12 | 2 | 1 | 3 |
| ആകെ | 23 | 15 | 38 |

പഞ്ചായത്തിൽ 55 കുളങ്ങളുണ്ടെന്നു ഗ്രാമസഭകളിൽനിന്നു ലഭിച്ച റിപ്പോർട്ടുകൾ കാണിക്കുന്നു. പണ്ടുകാലത്ത് ക്ഷേത്രങ്ങളുടെയും വലിയ തറവാടുകളുടെയും സ്വകാര്യസ്വത്തായി നല്ലരീതിയിൽ ഉപയോഗിച്ചും പരിപാലിക്കപ്പെട്ടും പോന്നവയാണ് ഇവയെന്നു പഴമക്കാർ പറയുന്നു. എന്നാൽ, ഇന്ന് ഇവയിൽ പലതും പടവുകളിടിഞ്ഞും മണ്ണിടിഞ്ഞും പലവിധത്തിലുള്ള മാലിന്യങ്ങൾ നിറഞ്ഞും ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഒരുപരിധിവരെ ഈ കുളങ്ങൾക്കു കഴിയും. കുളങ്ങളുടെ പരിപാലനവും അവയിലെ ജലത്തിന്റെ മേന്മയും

സംരക്ഷിച്ചാൽ ഒരുപരിധിവരെയെങ്കിലും വേനൽകാലത്ത് കുടിവെള്ളക്ഷാമത്തിന് അറുതിവരുത്താം.

നമ്മുടെ പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 3200 മില്ലി മീറ്റർ മഴ ലഭിക്കുന്നു. ഭൂമിയുടെ ഘടന ചെരിഞ്ഞതായതിനാൽ മഴപെയ്തു മണിക്കൂറുകൾക്കുള്ളിൽ തോടുകളിലെയും വയലുകളിലെയും ജലനിരപ്പ് ഉയരുകയും വെള്ളം പുഴയിലേക്ക് ഒഴുകിപ്പോവുകയും ചെയ്യുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നീർമറി വികസനപദ്ധതിയിൽ നമ്മുടെ പഞ്ചായത്തിലെ ഇരിവേരി പ്രദേശം ഉൾപ്പെടുന്നു. കുടിവെള്ളത്തിനായി 300 മീറ്റർ മുതൽ 1.5 കി.മി. വരെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വാർഡുതല വിശേഷാൽ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും വാർഡുതലത്തിലോ പഞ്ചായത്തുതലത്തിലോ ബാധകമാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ നിർദേശങ്ങളും സൂക്ഷ്മവിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു.

## ചെമ്പിലോട് വില്ലേജ് കുടിനീർ പദ്ധതി

ചെമ്പിലോട് വില്ലേജിലെ കുടിവെള്ള ക്ഷാമത്തിനു പരിഹാരം കാണാൻ കേരള വാട്ടർ അഥോറിറ്റി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ പണി മിക്കവാറും പൂർത്തിയായിവരികയാണ്. പ്രസ്തുത പദ്ധതി ഇരിവേരി വില്ലേജിലെ കണയന്നൂർ, ചക്കരക്കൽ പ്രദേശത്തുകൂടി വ്യാപിപ്പിക്കണമെന്ന് 7, 8 വാർഡ് ഗ്രാമസഭകളിൽനിന്ന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇതു പ്രാവർത്തികമാക്കിയാൽ ചക്കരക്കൽ, കമ്മ്യൂണിറ്റി ഹാൾ പ്രദേശത്തെയും പൂവത്തുംതറ പ്രദേശത്തെയും ശുദ്ധജലക്ഷാമത്തിനു സ്ഥായിയായ പരിഹാരം കാണാനാകും.

## ചെറുകിട ശുദ്ധജല പദ്ധതികൾ

ചെറുകിട ശുദ്ധജലവിതരണ പദ്ധതിയുടെ ആവശ്യത്തെക്കുറിച്ചു മിക്ക വാർഡുകളിൽനിന്നും പരാമർശമുണ്ടെങ്കിലും 3, 9 വാർഡുകളിൽനിന്നാണ് വ്യക്തമായ നിർദേശങ്ങൾ വന്നിട്ടുള്ളത്. മൂന്നാം വാർഡിലെ തന്നട പള്ളിക്കു സമീപമുള്ള വയലിൽ ചെറുകിട പദ്ധതി ആരംഭിക്കാൻ സാധിക്കും. ഇവിടെ കിണർ കുഴിച്ച് അടുത്തുള്ള കുന്നിൻമുകളിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ വഴി ശുദ്ധജലമെത്തിക്കാൻ സാധിക്കും. അങ്ങനെ ഇവിടങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാനാകും.

## ഇടത്തരം പദ്ധതി

ചെമ്പിലോട് വില്ലേജിൽ ഒമ്പതാം വാർഡിൽ സ്ഥിതിചെയ്യുന്ന മണിയലംചിറക്കുണ്ട് ഇടത്തരം പദ്ധതി ആവിഷ്കരിക്കാൻ പറ്റിയ സ്ഥലമാണ്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽപോലും അഞ്ചടിയിലധികം വെള്ളം ഇവിടെ ലഭിക്കുന്നുണ്ട്. ചെളി കോരിവൃത്തിയാക്കി നാലുവശവും കല്ലുകെട്ടി ഈ കുണ്ട് സംരക്ഷിക്കണം. അടുത്തുള്ള കുന്നിൻ മുകളിൽ ടാങ്ക് സ്ഥാപിച്ചു പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തിയാൽ 2, 9 വാർഡുകളിലെ ശുദ്ധജലക്ഷാമത്തിനു പരിഹാരം കാണാനാവുന്നതാണ്.

## പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

ജലം ശരിയായ രീതിയിൽ ലഭ്യമാക്കാനും ശുദ്ധജലത്തിന്റെ ലഭ്യത വർധിപ്പിക്കുവാനും താഴെപറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുക.

1. പാഴായിപ്പോകുന്ന മഴവെള്ളം സംരക്ഷിക്കാൻ ഉയർന്ന സ്ഥലങ്ങളിൽ നീർകുഴികൾ കുത്തിയും വരമ്പുകളിട്ടും ജലസംഭരണം വർധിപ്പിക്കുക.
2. പ്രകൃതിയിലുള്ള സ്വാഭാവിക സ്രോതസ്സുകൾ, കുളങ്ങൾ എന്നിവ സംരക്ഷിച്ച് ഉപയോഗയോഗ്യമാക്കുക.
3. നിലവിലുള്ള തോടുകളുടെ വൃഷ്ടിപ്രദേശത്ത് കൂടുതൽ ജലം സംഭരിക്കാനുള്ള മാർഗ്ഗം സ്വീകരിക്കുക.
4. കുഴൽ കിണറുകൾ നിയന്ത്രിക്കുക.
5. ജലമലിനീകരണം തടയുക.
6. ജലം അമൂല്യമാണെന്ന ബോധം ജനങ്ങളിൽ വളർത്തുക.

## പൊതുജനാരോഗ്യം

ശാരീരികവും മാനസികവും സാമൂഹികവും ആത്മീയവുമായ സുഖാവസ്ഥയാണ് ആരോഗ്യം. ഒരു വ്യക്തി ജീവിക്കുന്ന ചുറ്റുപാടുകൾ, ജീവിതരീതി, ശീലങ്ങൾ, ആഹാരം എന്നിവയൊക്കെ ആരോഗ്യത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. ഒരു വ്യക്തി ജനിക്കുന്നതും വളരുന്നതും കുടുംബത്തിലായതിനാൽ കുടുംബാന്തരീക്ഷമാണ് ആരോഗ്യപരിപാലനത്തിൽ പ്രധാനം. ആഹാരക്രമം, ജീവിതരീതി, ശീലങ്ങൾ എന്നിവയൊക്കെ കുടുംബത്തിൽനിന്നു പഠിക്കുന്നവയാണ്. സമാധാനാന്തരീക്ഷമുള്ള സാമൂഹികചുറ്റുപാടുകളും മൂല്യബോധവും വ്യക്തിയിൽ ആരോഗ്യമുണ്ടാക്കുന്നു. നാം കഴിക്കുന്ന ആഹാരം ശരീരത്തെയും മനസ്സിനെയും ബാധിക്കുന്നു. ശാരീരിക രോഗങ്ങൾ പലതും ആഹാരത്തിലൂടെയാണ് ഉണ്ടാവുന്നത്. രോഗം വരാതെ സൂക്ഷിക്കുകയെന്നതാണ് ആരോഗ്യസംരക്ഷണത്തിൽ പ്രധാനം. മനസ്സും ശരീരവും തമ്മിൽ സമനിലയിൽ പ്രവർത്തിക്കുമ്പോൾ രോഗമുണ്ടാവുന്നില്ല. അടുക്കും ചിട്ടയുമുള്ള ജീവിതരീതിയും ആഹാരക്രമവും വ്യായാമമുറകളും ശരീരത്തെയും മനസിനെയും ആരോഗ്യത്തോടെ സംരക്ഷിക്കാൻ സഹായിക്കും. ആരോഗ്യമുള്ള ശരീരം ആത്മാവിന്റെ അതിഥിമന്ദിരവും രോഗമുള്ള ശരീരം അതിന്റെ തടവറയുമാണ്. ആരോഗ്യമുള്ള ജനത ഏതൊരു രാഷ്ട്രത്തിനും മുതൽക്കൂട്ടാണ്.

ഗ്രാമതലത്തിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാഥമികാരോഗ്യ സേവനത്തെ അടിസ്ഥാനമാക്കിയുള്ള പൊതുജനാരോഗ്യ പ്രവർത്തനങ്ങളാണ് ലോകാരോഗ്യസംഘടന രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന രേഖയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിലേക്കായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ അടിസ്ഥാനമാക്കിയുള്ള രോഗപ്രതിരോധ, ആരോഗ്യ, വിദ്യാഭ്യാസ ചികിത്സാസംവിധാനങ്ങളാണ് ശക്തിപ്പെടുത്തേണ്ടത്. കേരളം ആരോഗ്യരംഗത്ത് മികച്ച നേട്ടം

കൈവരിച്ചിട്ടുണ്ട്. അംഗീകൃത മാനദണ്ഡങ്ങളായ ശിശു മരണ നിരക്കുകൾ, മാതൃമരണ നിരക്ക്, ജനനനിരക്ക്, ആയുർദൈർഘ്യം ഇവ കണക്കിലെടുത്താൽ വികസിത രാജ്യങ്ങൾക്കു തുല്യമാണ് കേരളം. ആരോഗ്യരംഗത്തു നാം കൈവരിച്ച ഉജ്ജ്വലമായ നേട്ടത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യമേഖലയിലെ കേരള മാതൃക ലോകമെമ്പാടും ചർച്ച ചെയ്യപ്പെട്ടുവരുന്നുണ്ട്. പക്ഷേ, മരണനിരക്ക് കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ രോഗാതുരത കേരളത്തിൽ കൂടിവരികയാണെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. കുറഞ്ഞ മരണനിരക്ക്, കൂടിയ രോഗസാധ്യത എന്നീ പ്രത്യേക പ്രതിഭാസമാണ് കേരളത്തിൽ കാണപ്പെടുന്നത്. ഉദാഹരണമായി മഞ്ഞപ്പിത്തം, വയറിളക്കം, ക്ഷയരോഗം തുടങ്ങി ദരിദ്രരോഗങ്ങളും കാൻസർ, രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ സമ്പന്നരുടേതെന്നു വിശേഷിപ്പിക്കപ്പെട്ടുവരുന്ന രോഗങ്ങളും കണ്ടുവരുന്നു. അടുത്തകാലത്ത് വീണ്ടും പ്രത്യക്ഷപ്പെട്ട മലമ്പനി, എൻസഫലൈറ്റിസ്, കോളറ, എലിപ്പനി തുടങ്ങിയ രോഗങ്ങളുടെ വ്യാപനം ആശങ്കയ്ക്കിടനൽകുന്നതാണ്.

1957 വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യവൈദ്യ കുടുംബങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. അന്ധവിശ്വാസജഡിലമായ ഏതാനും ചികിത്സാസമ്പ്രദായത്തിനാണ് അന്നു മുൻഗണ നൽകിയിരുന്നത്. മന്ത്രം ചെയ്തു ചരട് ജപിച്ചുകൊടുക്കുക, മന്ത്രം ചെയ്ത് ഊതുക, കാവിലേക്ക് വഴിപാട് നേരുക തുടങ്ങിയ ചികിത്സാ സമ്പ്രദായം ഇത്രയേറെ പുരോഗമിച്ച 21-ാം നൂറ്റാണ്ടായിട്ടും ചിലരെങ്കിലും അനുവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ ചില ഭാഗത്ത് വിഷചികിത്സാ സൗകര്യം അക്കാലത്ത് ലഭ്യമായിരുന്നു. 6.6.1966ൽ ഇരിവേരി കേന്ദ്രമായി സ്ഥാപിതമായ ഇരിവേരി ദേശസേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ വിഷചികിത്സ നടത്തിവന്നിരുന്നു. ശ്രീ മന്ദമ്പേത്ത് കോരൻ മാസ്റ്ററായിരുന്നു ഭിഷഗ്വരൻ. 1978വരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടായിരുന്നു. ഇന്നത്തെ രീതിയിലുള്ള വിഷചികിത്സാ സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് മറ്റു പല പ്രദേശങ്ങളിൽനിന്നും ആളുകൾ ചികിത്സ തേടിയെത്തിയിരുന്നു. യാതൊരു പ്രതിഫലവും വാങ്ങാതെ 1988ൽ മരിക്കുന്നതുവരെ അദ്ദേഹത്തിന്റെ സേവനം ജനങ്ങൾക്കു ലഭിച്ചിരുന്നു.

രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തോടെ (1957-58) ചക്കരക്കൽ കേന്ദ്രമായി ആരംഭിച്ച ഇരിവേരി പ്രാഥമികാരോഗ്യകേന്ദ്രം നാലാംപീടികയിലുള്ള വായനശാലയിലാണ് പ്രവർത്തനം ആരംഭിച്ചത്. എടക്കാട് ബ്ലോക്കിലെ 9 പഞ്ചായത്തുകളിലെ മിക്ക ആളുകൾക്കും ഇതിന്റെ സേവനം ലഭിച്ചുകൊണ്ടിരിക്കുന്നു. വേങ്ങാട്, കീഴല്ലൂർ, പിണറായി, കൂടാളി തുടങ്ങിയ അയൽപഞ്ചായത്തുകളിലുള്ളവർക്കും ഈ സ്ഥാപനമായിരുന്നു ഏക ആശ്രയം. അതുവരെ പാരമ്പര്യ ചികിത്സാരീതികളും ആയുർവേദ വൈദ്യന്മാരുടെ ചികിത്സയും മാത്രമേ ജനങ്ങൾക്കു ലഭിച്ചിരുന്നുള്ളൂ. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ തുടക്കത്തിൽ ഒരു മെഡിക്കൽ ഓഫീസർ, ഒരു ഫാർമസിസ്റ്റ്, ഒരു നേഴ്സ്, രണ്ട് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവർ മാത്രമേ ഉണ്ടായിരുന്നുള്ളു. ആദ്യം വെറും ഒ.പി. വിഭാഗം മാത്രമാണ് പ്രവർത്തിച്ചിരുന്നത്. എങ്കിൽപോലും പ്രതിരോധപ്രവർത്തന മേഖലയിൽ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാൻ പ്രാഥമികാരോഗ്യകേന്ദ്രത്തിനു സാധിച്ചിട്ടുണ്ട്.

ഇന്നു കാണുന്ന രീതിയിലുള്ള ആശുപത്രി കെട്ടിടം സ്ഥാപിച്ചത് 11-3-1963-ലാണ്. അന്നത്തെ കേരള ഗവർണ്ണറായിരുന്ന വി.വി. ഗിരിയാണ് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. അന്നത്തെ നിലയ്ക്കുള്ള സാമാന്യം നല്ല ഒ.പി.യും 6 കിടക്കകളുള്ള വാർഡും അനുവദിച്ചുകിട്ടി. പിന്നീടിത് 10 കിടക്കകളുള്ള വാർഡായി വികസിപ്പിച്ചു. അന്നും പ്രതിരോധപ്രവർത്തനമേഖല വളരെ ശക്തമായിരുന്നു. നമ്മുടെ ബ്ലോക്കിലെ ജനങ്ങളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് 20 കിടക്കകളോടുകൂടിയ ഒരു പുതിയ കെട്ടിടവും നമുക്കു ലഭിച്ചു. ഈ സ്ഥാപനത്തിൽ ചൈൽഡ് സ്പെഷലിസ്റ്റ്, ഗൈനക്കോളജിസ്റ്റ് അടക്കം 4 മെഡിക്കൽ ഓഫീസർമാരും 5 സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ, 6 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും മൂന്ന് ഓഫീസ് ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്. 30 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും ഒരു പ്രസവവാർഡും അതിനോടനുബന്ധിച്ചു പ്രസവാനന്തര ശസ്ത്രക്രിയ നടത്താനുള്ള ഓപ്പറേഷൻ തിയറ്ററും പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒ.പി.യും ഇവിടെയുണ്ട്. പൊതു മീറ്റിംഗും ആരോഗ്യവിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസുകൾ നടത്താനുള്ള കമ്മ്യൂണിറ്റി ഹാളും ആശുപത്രിക്കു സ്വന്തമായുണ്ട്. എം.പി.മാരുടെ വികസന ഫണ്ട് ഉപയോഗിച്ചു കുട്ടികൾക്കുവേണ്ടിയുള്ള വാർഡ് നിർമ്മിക്കുന്നതിനുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

പട്ടിക 3

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| പ്രൈമറി ഹെൽത്ത് സെന്റർ ഇരിവേരി | VIII | 1963 | .25 |
| ICDS സബ് സെന്റർ, കോയ്യോട് | XI | 1991 | 2 |
| സബ് സെന്റർ ചാല | IV | 1963 | 2 |

ചെമ്പിലോട് പഞ്ചായത്തിൽ പൊതുജനാരോഗ്യരംഗത്ത് അഞ്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും 1 ലേഡി ഹെൽത്ത് ഇൻസ്പെക്ടറും 1 ഹെൽത്ത് ഇൻസ്പെക്ടറും പ്രവർത്തിച്ചുവരുന്നു. 5 സബ് സെന്റർ അനുവദിച്ചിട്ടുണ്ടെങ്കിലും രണ്ടെണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. തന്നട, മുതുകുറ്റി, കണയന്നൂർ എന്നീ സ്ഥലങ്ങളിൽ സ്വന്തമായി കെട്ടിടങ്ങളില്ല. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാകണമെങ്കിൽ സൗകര്യങ്ങൾ കൂടിയേ മതിയാവൂ. ഇതിനും പുറമെ ഒരു സ്വകാര്യ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. 6 ആയുർവേദ ഡോക്ടർമാരും 5 ഹോമിയോ ഡോക്ടർമാരും പ്രവർത്തി

ക്കുന്നുണ്ടെങ്കിലും രോഗികൾ പ്രധാനമായും ആശ്രയിക്കുന്നത് പ്രാഥമികാരോഗ്യകേന്ദ്രത്തെയാണ്. നാടൻ ചികിത്സാരീതികളും പാരമ്പര്യചികിത്സാരീതികളും ആശ്രയിക്കുന്നവരും വിരളമല്ല. ഇരിവേരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പ്രതിവർഷം 60,000ത്തോളം രോഗികൾ ചികിത്സയ്ക്കെത്തുന്നുണ്ട്. പ്രധാനമായും ജലജന്യരോഗങ്ങളും വായുജന്യരോഗ്യങ്ങളും പ്രാണിജന്യരോഗങ്ങളും, ത്വക്ക് രോഗങ്ങളുമാണ് കണ്ടുവരുന്നത്. ഒരു പ്രാഥമികാരോഗ്യകേന്ദ്രത്തെ സംബന്ധിച്ചിടത്തോളം ചികിത്സയേക്കാൾ പ്രാധാന്യം പ്രതിരോധപ്രവർത്തനങ്ങൾക്കാണ്. മാതൃ-ശിശുസംരക്ഷണം, കുടുംബക്ഷേമം, വിദ്യാലയാരോഗ്യം, രോഗപ്രതിരോധം, പകർച്ചവ്യാധി നിയന്ത്രണം, ആരോഗ്യവിദ്യാഭ്യാസം, ജനനമരണ വിവരങ്ങൾ ശേഖരിക്കലും റിപ്പോർട്ട് ചെയ്യലും, പരിസരശുചീകരണം, ദേശീയ ആരോഗ്യപരിപാടി തുടങ്ങിയ മേഖലകളിൽ ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവച്ച ഇരിവേരി പ്രാഥമികാരോഗ്യകേന്ദ്രത്തെ സംസ്ഥാനത്തെ മികച്ച മാതൃകാസ്ഥാപനമായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ പേരിൽ സ്ഥാപനത്തിലെ ജീവനക്കാർക്ക് സംസ്ഥാന, ജില്ലാതല ബഹുമതികൾ പലതവണ ലഭിച്ചിട്ടുണ്ട്. ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണത്തിനായി പ്രത്യേകം ക്ലിനിക്കുകൾ നടത്തിവരുന്നു. ആഴ്ചയിൽ രണ്ടുദിവസം (ബുധൻ, വ്യാഴം) കുട്ടികൾക്കുള്ള Well Baby ക്ലിനിക്കും വെള്ളിയാഴ്ച ഗർഭിണികൾക്കുള്ള ക്ലിനിക്കും നടത്തിവരുന്നു. ഈ ക്ലിനിക്കുകളിൽ ആറു മാരകരോഗങ്ങൾക്കുള്ള കുത്തിവയ്പ്പും അമ്മയെയും കുഞ്ഞിനെയും ടെറ്റ്നസ് രോഗത്തിൽനിന്നു രക്ഷിക്കാനുള്ള കുത്തിവയ്പ്പും നൽകുന്നു. 200 മുതൽ 300 വരെ കുട്ടികൾ ആഴ്ചയിൽ പ്രതിരോധ കുത്തിവയ്പ്പു സ്വീകരിക്കാറുണ്ട്. ക്ലിനിക്കിൽ കുട്ടികളെ പരിശോധിച്ച് അവർക്കുവേണ്ട ആരോഗ്യനിർദേശങ്ങളും നൽകാറുണ്ട്. വിളർച്ച ഒഴിവാക്കാനുള്ള അയൺ ഫോളിക്കാസിഡ് ഗുളികകളും അന്ധതാനിവാരണത്തിനുള്ള വിറ്റമിൻ-എ സൊലൂഷനും നൽകുന്നു. പഞ്ചായത്തിലെ 14 അംഗൻവാടികളിലും പ്രതിരോധകുത്തിവയ്പ്പുകളും ആരോഗ്യക്ലാസുകളും നടത്താറുണ്ട്. ഓരോ അംഗൻവാടിയോടും ചേർന്ന് ഓരോ മഹിളാ സ്വസ്ത് സംഘവും പ്രവർത്തിച്ചുവരുന്നു.

## ജനനനിരക്ക്

കുടുംബക്ഷേമ രംഗത്തെ പ്രവർത്തനഫലമായി ജനനനിരക്ക് രണ്ടായിരാമാണ്ടോടെ പൂർത്തീകരിക്കേണ്ട ലക്ഷ്യം നാമിപ്പോൾതന്നെ നേടിയിരിക്കുന്നു. നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രത്തിന് ഇതിനുള്ള ബഹുമതി പലതവണ ലഭിച്ചിട്ടുണ്ട്. ചെമ്പിലോട് പഞ്ചായത്തിലെ 94-95 വർഷത്തെ ജനനനിരക്ക് 14.8ഉം 95-96 വർഷത്തെ ജനനനിരക്ക് 13.4ഉം ആയി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 95-96 വർഷം മൊത്തം ജനനം 415 ആണ്.

## മരണനിരക്ക്

ഇന്ത്യയിലെ മരണനിരക്ക് 1000-ന് പതിനാലും കേരളത്തിലെ നിരക്ക് 5.9ഉം ആണ്. നമ്മുടെ പഞ്ചായത്തിൽ മരണനിരക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 95-96ൽ നമ്മുടെ പഞ്ചായത്തിലെ മരണനിരക്ക് 5.4 ആണ്. 95-96 വർഷത്തിലെ മൊത്തം മരണം 172 ആണ്.

## ശിശു മരണനിരക്ക്

ഇന്ത്യയിലെ ശിശുമരണനിരക്ക് ആയിരത്തിന് 85 ആണ്. കേരളത്തിൽ ഇത് ആയിരത്തിന് 16 ആണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് ആയിരത്തിന് 14 ആണ്. കഴിഞ്ഞ വർഷം പഞ്ചായത്തിൽ ആറ് ശിശു മരണം ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ തൂക്കം കുറഞ്ഞ കുട്ടികളുടെ ജനന നിരക്ക് വളരെ കുറവാണ്. മാതൃ മരണനിരക്ക് ഒന്നിൽ കുറച്ചുകൊണ്ടുവരിക എന്നതാണ് നമ്മുടെലക്ഷ്യം. നമ്മുടെ സംസ്ഥാനം ഇതു നേടിക്കഴിഞ്ഞു. കേരളത്തിലെ മാതൃമരണ നിരക്ക് 0.8 ആണ്. നമ്മുടെ പഞ്ചായത്തിൽ 93-94ൽ ഒരു മാതൃമരണവും 95-96 വർഷത്തിൽ ഒരു മാതൃമരണവും നടന്നിട്ടുണ്ട്. ഇപ്പോഴത്തെ മാതൃമരണ നിരക്ക് 2.4 ആണ്.

## രോഗാതുരത

ആരോഗ്യരംഗത്ത് മറ്റെല്ലാ നേട്ടങ്ങളും കൈവരിച്ചുവെങ്കിലും രോഗാതുരതയുടെ കാര്യത്തിൽ ചെമ്പിലോട് പഞ്ചായത്ത് ഇപ്പോഴും മുന്നിലാണ്.

## കക്കൂസ്

ശുചിത്വം പാലിക്കാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. ചെമ്പിലോട് പഞ്ചായത്തിൽ 4627 വീടുകൾ ഉണ്ടെങ്കിലും 40 ശതമാനം വീടുകളും കക്കൂസ് ഇല്ലാത്തവയാണ്. ഇതിന്റെ ഫലമായി വയറിളക്കരോഗങ്ങളും വിരശല്യവും കൂടുതലായി കണ്ടുവരുന്നു.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചയുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിന് ഇന്ന് അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും പട്ടിക-4ൽ ചേർത്തിരിക്കുന്നു.

ഇവയ്ക്കു പുറമെ ഇന്നു നിലവിലുള്ള പല പദ്ധതികളും ഏകോപിപ്പിക്കുക. കക്കൂസ് നിർമ്മാണത്തിന് ഇന്നു പല സ്കീമുകളും നിലവിലുണ്ടെങ്കിലും അത്തരം പദ്ധതികളെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്ത ഒറ്റ വീടും ഉണ്ടാവാൻ പാടില്ല. അതിനുള്ള സമയബന്ധിത പദ്ധതി ആവിഷ്കരിക്കാൻ നമുക്കു കഴിയേണ്ടതുണ്ട്.

## മാലിന്യനിർമാർജനം

നമ്മുടെ നാട്ടിലെ പല ജല-വായുജന്യ രോഗങ്ങളുടെയും ഉറവിടം ശുചിത്വമില്ലായ്മയാണ്. കേരളീയർ വ്യക്തി ശുചിത്വം പാലിക്കാറുണ്ടെങ്കിലും പരിസരശുചിത്വം പാലിക്കുന്നതിൽ ശ്രദ്ധപതിപ്പിക്കാറില്ല. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളും ഇതിൽനിന്നു ഭിന്നരല്ല. നാം അലസമായി വലിച്ചെറിയുന്ന ചപ്പുചവറുകളും പ്ലാസ്റ്റിക് വസ്തുക്കളും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നു. അതുപോലെ ഓരോ വീട്ടിലും ഒരു കമ്പോസ്റ്റ്കുഴി നിർമിക്കാൻ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ചെമ്പിലോട് പഞ്ചായത്തിനെ ക്ലീൻ

പഞ്ചായത്താക്കി മാറ്റാൻ സാധിക്കണം.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും താഴെകൊടുക്കുന്നു.

നാലാം വാർഡിലെ മത്സ്യമാർക്കറ്റിന്റെ സ്ഥിതി ദയനീയമാണ്. പഞ്ചായത്തുവക മത്സ്യമാർക്കറ്റുണ്ടെങ്കിലും അത് അവിടെനിന്നു മാറ്റി പൊതുജനാരോഗ്യത്തിനു ഹാനികരമല്ലാത്ത പ്രദേശത്തു സ്ഥാപിക്കണം. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടേണ്ടതാണ്. അതുപോലെ പഞ്ചായത്ത് പ്രദേശത്ത് ശാസ്ത്രീയമായ അറവുശാല സ്ഥാപിച്ചു പരിശോധനാവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക. അതുവഴി ഗുണമേന്മയുള്ള മത്സ്യമാംസങ്ങൾ ലഭ്യമാക്കാൻ സാധിക്കും.

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയശാലകൾ എന്നിവിടങ്ങളിലെ ഭക്ഷണപദാർത്ഥങ്ങളുടെ വിൽപന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്കു വിധേയമാക്കേണ്ടതും പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ചെമ്പിലോട് പഞ്ചായത്തിലെ ഏറ്റവും വലിയ ടൗണായ ചക്കരക്കല്ലിൽ പ്രാഥമികകാര്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങളില്ല. അടിയന്തരമായി മൂത്രപ്പുരയും കക്കൂസും പണികഴിപ്പിക്കേണ്ടതാണ്.

നമ്മുടെ വീടുകളിൽനിന്നുള്ള അവശിഷ്ടങ്ങൾ കമ്പോസ്റ്റ് പിറ്റുകളിൽ നിക്ഷേപിക്കണം. അവ ജൈവവളമായി ഉപയോഗിക്കുകയും ഒപ്പം നമ്മുടെ വീടും പരിസരവും ശുചിയായി സൂക്ഷിക്കുവാനും സാധിക്കും. വീടിനടുത്ത് മലിനജലം കെട്ടിനിൽക്കാൻ അനുവദിക്കരുത്. പല വാർഡുകളിൽനിന്നും ഉയർന്നുവന്ന ഒരു പ്രശ്നം കൊതുകുശല്യമാണ്. ആരോഗ്യപ്രവർത്തകരെയും സന്നദ്ധസംഘടനകളെയും ഉപയോഗപ്പെടുത്തി ആന്റിലാർവൽ തളിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## പ്രാവർത്തികമാക്കാനുള്ള മറ്റു നിർദ്ദേശങ്ങൾ

പൊതുശ്മശാനം: പഞ്ചായത്തിലെ 1, 2, 10 വാർഡുകളിൽ പൊതുശ്മശാനം സ്ഥാപിക്കണമെന്ന നിർദേശം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. ആറാം വാർഡിലെ പത്തായപ്പാറയിൽ പൊതുശ്മശാനം നിലവിലുണ്ടെങ്കിലും ഇന്നത് ഉപയോഗശൂന്യമാണ്. അങ്ങോട്ടേക്ക് കൃത്യമായ ഗതാഗതസൗകര്യവുമില്ല. അതിനാൽ ജനങ്ങൾ പയ്യാമ്പലം ശ്മശാനത്തെയാണ് ആശ്രയിക്കുന്നത്. പത്തായപ്പാറ പൊതുശ്മശാനത്തിൽ ആവശ്യത്തിനു വിറകും വെള്ളവും ലഭ്യമാക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, സംരക്ഷണത്തിനായി ഒരു ജീവനക്കാരനെ നിയമിക്കുക എന്നിവ ചെയ്യേണ്ടതുണ്ട്.

ക്ലീൻ സിറ്റി: പഞ്ചായത്തിലെ എട്ടാം വാർഡ് ഉൾക്കൊള്ളുന്ന ചക്കരക്കൽ ടൗണും നാലാം വാർഡ് ഉൾക്കൊള്ളുന്ന ചാലയും ഖര, ദ്രവ്യമാലിന്യങ്ങൾകൊണ്ട് വീർപ്പുമുട്ടുന്നു. ഇവിടത്തെ ഹോട്ടലുകളിൽനിന്നും വർക്ക്ഷോപ്പുകളിൽനിന്നും മറ്റു വ്യാപാരസ്ഥാപനങ്ങളിൽനിന്നുമുള്ള പാഴ്വസ്തുക്കൾ ഓടകളിലാണ് നിക്ഷേപിക്കുന്നത്. അതേപോലെ ചക്കരക്കല്ലിൽ മത്സ്യമാർക്കറ്റില്ല. റോഡ്സൈഡിൽ മത്സ്യം വിൽക്കുന്നത് പ്രശ്നം സൃഷ്ടിക്കാറുണ്ട്. ചക്കരക്കല്ലിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കണം. ഇവിടങ്ങളിലെ മാലിന്യങ്ങൾ ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ ജൈവവളയൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. പഞ്ചായത്തിൽ സ്വീപ്പറെ നിയമിക്കുക.

2. ചാല, ചക്കരക്കല്ല് ടൗണുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനു ഡ്രമ്മുകൾ സ്ഥാപിക്കുക. മാലിന്യങ്ങൾ ഇതിൽ നിക്ഷേപിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക.

3. നാട്ടുകാരെയും വ്യാപാരികളെയും വിളിച്ചുചേർത്ത് ഇതിനുള്ള പരിപാടി തയാറാക്കുക. പ്രവർത്തനം പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുക.

4. ഇതിന്റെ ആവശ്യകത സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുക.

5. പഞ്ചായത്തിൽ ഒരു പൊതുസ്ഥലം കണ്ടെത്തുകയും മാലിന്യങ്ങൾ വേർതിരിച്ചെടുക്കുകയും ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുക.

വളരെയധികം ജനങ്ങൾ തിങ്ങിക്കൂടുന്ന ചക്കരക്കല്ലിൽ മൂത്രപ്പുരയും കക്കൂസും അടിയന്തരമായി സ്ഥാപിക്കുക. മേൽനോട്ടത്തിന് സൂക്ഷിപ്പുകാരനെ ചുമതലപ്പെടുത്തുക. പൊതുജനങ്ങളിൽനിന്നു ചെറിയ തുക ഈടാക്കി ഇതിനുള്ള ചെലവ് കണ്ടെത്താവുന്നതാണ്.

പഞ്ചായത്തിൽ സ്വകാര്യവ്യക്തികളുടെയോ മൃഗസംരക്ഷണവകുപ്പിന്റെയോ ആഭിമുഖ്യത്തിൽ പന്നിവളർത്തൽ കേന്ദ്രം ആരംഭിക്കുകയാണെങ്കിൽ പഞ്ചായത്ത് അതിർത്തിയിൽ നടത്തുന്ന ഹോട്ടലുകൾ, ചായക്കടകൾ, പച്ചക്കറിക്കടകൾ എന്നിവിടങ്ങളിൽനിന്നും പാഴ്വസ്തുക്കൾ ശേഖരിച്ചു ചെലവുകുറഞ്ഞ രീതിയിൽ ആദായകരമായ പന്നിവളർത്തു കേന്ദ്രം ആരംഭിക്കാം. ഇതുവഴി ശുചീകരണ പ്രവർത്തനവും നടക്കുന്നതാണ്.

മദ്യപാനം, പുകവലി, പുകയിലകൂട്ടിയുള്ള മുറുക്കൽ, യുവാക്കളുടെ ഇടയിൽ പ്രചാരം നേടിക്കൊണ്ടിരിക്കുന്ന പാൻപരാഗ് പോലുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവ ബോധവൽക്കരണം വഴി നിയന്ത്രിച്ചു പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താവുന്നതാണ്. 'രക്തദാനം മഹാദാനം' എന്ന ആശയം പ്രചരിപ്പിച്ചുകൊണ്ട് രക്തദാനത്തെക്കുറിച്ചു ജനങ്ങളുടെ ഇടയിൽ നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക, നേത്രദാനത്തിന്റെ മഹത്വം ജനങ്ങളിൽ പ്രചരിപ്പിക്കുക എന്നിവ അടിയന്തര പ്രാധാന്യമർഹിക്കുന്നവയാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും കൂട്ടിയിണക്കിയാൽ 'ശുചിത്വഗ്രാമം ആരോഗ്യഗ്രാമം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിമാറ്റാൻ നമുക്കു കഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും.

# പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡുതിരിച്ചുള്ള സ്ഥിതിവിശേഷവും

| | സ്ഥാപനങ്ങൾ പൊതുസ്ഥാപനം | സ്വകാര്യം | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ |
|---|---|---|---|---|---|
| I | ഇല്ല | 1 ഹോമിയോ ക്ലിനിക് | പനി, വയറിളക്കം, ചിക്കൻപോക്സ്, ദന്ത രോഗങ്ങൾ. | കുട്ടികൾക്കുള്ള കുത്തിവയ്പ്പുകൾ നടത്താറുണ്ട്. | സബ് സെന്റർ സ്ഥാപിക്കുക, ആയുർവേദ, ഹോമിയോ ആശുപത്രി സ്ഥാപിക്കുക. |
| II | ഇല്ല | ഇല്ല | ജലദോഷം, പനി, വയറിളക്കം, മഞ്ഞപ്പിത്തം തുടങ്ങിയവ. | പ്രതിരോധ കുത്തിവയ്പ്പുകൾ നടത്താറുണ്ട്. പ്രാഥമിക ചികിത്സയ്ക്കായി 7 കി.മി. സഞ്ചരിക്കേണ്ടിവരുന്നു. | സബ് സെന്റർ സ്ഥാപിക്കുക, ആരോഗ്യ ക്ലാസുകൾ നടത്തുക. |
| III | ഇല്ല | ഇല്ല | പനി, വയറിളക്ക തുടങ്ങിയവ. | ആരോഗ്യക്ലാസുകൾ നടത്താറില്ല. കുത്തിവയ്പ്പുകൾ നടത്താറുണ്ട്. | PHC സ്ഥാപിക്കുക (എട്ട് സെന്റ് സ്ഥലം നൽകിയിട്ടുണ്ട്). |
| IV | സബ്സെന്റർ | 1 അലോപ്പതി ക്ലിനിക്, 1 വിഷവൈദ്യശാല | പനി, മുണ്ടിനീര്, വയറിളക്കം, മഞ്ഞപ്പിത്തം മുതലായവ. | ആരോഗ്യവിദ്യാഭ്യാസ ക്ലാസുകൾ ഫലപ്രദമായി നടക്കാറില്ല. പ്രതിരോധ കുത്തിവയ്പ്പുകൾ നടത്താറുണ്ട്. സബ് സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല. | സബ് സെന്റർ PHCയായി ഉയർത്തുക. 10 കിടക്കകളെങ്കിലുമുള്ള ആശുപത്രിയായി ഉയർത്തുക. ആയുർവേദ, ഹോമിയോ ചികിത്സാ സൗകര്യം ലഭ്യമാക്കുക. |
| V | ഇല്ല | 1 ആയുർവേദശാല | പനി, മഞ്ഞപ്പിത്തം, വയറിളക്കം, ദന്തരോഗങ്ങൾ, ചെങ്കണ്ണ്. | പ്രതിരോധ കുത്തിവയ്പ്പുകൾ നടത്താറുണ്ട്. ഇരിവേരി PHCയിൽ ആവശ്യത്തിന് ഔഷധങ്ങളില്ല. | പി.എച്ച്.സി. സ്ഥാപിക്കുക, ആയുർവേദ, ഹോമിയോ ആശുപത്രി സ്ഥാപിക്കുക. |
| VI | സബ് സെന്റർ അനുവദിച്ചിട്ടുണ്ടെങ്കിലും കെട്ടിടമില്ല. | ഇല്ല | പനി, ജലദോഷം, ചെങ്കണ്ണ് മുതലായവ | പ്രതിരോധ കുത്തിവയ്പ് നടത്താറുണ്ട്, ഗൃഹസന്ദർശനം കൃത്യമായി നടക്കാറില്ല. ചികിത്സയ്ക്കായി 4 കി.മി. സഞ്ചരിക്കേണ്ടിവരുന്നു. | നാട്ടുകാർ സംഭാവന നൽകിയ സ്ഥലത്ത് അടിയന്തരമായി സബ് സെന്ററിനു കെട്ടിടം പണിയുക, PHCയിൽ മരുന്നു ലഭ്യമാക്കുക, ആയുർവേദ ഡിസ്പൻസറി സ്ഥാപിക്കുക, PHCയിൽ ഓപ്പറേഷൻ സൗകര്യം ലഭ്യമാക്കുക. |
| VII | ഇല്ല | 1 ഹോമിയോ ക്ലിനിക് | പനി, ജലദോഷം, വയറിളക്കം, ഛർദ്ദി. ധാരാളം വാതരോഗികളുണ്ട്. | PHCയിൽ കൃത്യമായി മരുന്നു ലഭിക്കാറില്ല. ആരോഗ്യ ക്ലാസുകൾ പതിവായി നടത്താറില്ല. പ്രതിരോധ കുത്തിവയ്പ്പുകൾ നടത്താറുണ്ട്. | ആയുർവേദ ഡിസ്പൻസറി സ്ഥാപിക്കുക, PHCയിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക, കൃത്യമായി PHCയിൽ മരുന്നു ലഭ്യമാക്കുക, ആരോഗ്യ ക്ലാസുകൾ കൃത്യമായി നടത്തുക. |
| VIII | ഇരിവേരി PHC | 2 ഹോമിയോ ക്ലിനിക്, 2 ആയുർവേദ ക്ലിനിക്, 1 അലോപ്പതി ക്ലിനിക്, 1 അലോപ്പതി ആശുപത്രി, 2 ഡന്റൽ ക്ലിനിക് | പനി, വയറിളക്കം, ചെങ്കണ്ണ് മുതലായവ. | PHCയിൽ ആവശ്യത്തിനു മരുന്നു ലഭിക്കാറില്ല, പ്രതിരോധകുത്തിവയ്പുകൾ നടത്താറുണ്ട്. ആരോഗ്യക്ലാസുകളിൽ ജനപങ്കാളിത്തം കുറവാണ്. ഗൃഹസന്ദർശനം തൃപ്തികരമല്ല. | PHC കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക, ലാബ് സൗകര്യങ്ങൾ ഉണ്ടാക്കുക, ആവശ്യത്തിനു മരുന്ന് ലഭ്യമാക്കുക. |
| IX | ഇല്ല | 1 ഹോമിയോ ക്ലിനിക് | പനി, ജലദോഷം വയറിളക്കം മുതലായവ. | കുത്തിവയ്പ്പുകൾ നടത്താറുണ്ട്, ഗൃഹസന്ദർശനം ഭാഗികമാണ്. | ഉദയ കലാസമിതി കേന്ദ്രീകരിച്ച് ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക. |
| X | | ഇല്ല | പനി, ജലദോഷം, ചെങ്കണ്ണ്, വയറിളക്കം തുടങ്ങിയവ. | PHCയിൽ കൃത്യമായി മരുന്ന് ലഭിക്കാറില്ല. കുത്തിവയ്പ്പുകൾ നടത്താറുണ്ട്. ഗൃഹസന്ദർശനം നടത്താറില്ല. | സബ് സെന്റർ സ്ഥാപിക്കുക, ആരോഗ്യക്ലാസുകൾ സംഘടിപ്പിക്കുക, PHCയിൽ മരുന്നു ലഭ്യമാക്കുക, മൊബൈൽ ഹോസ്പിറ്റലിന്റെ സേവനം ലഭ്യമാക്കണം. |
| XI | ICDS സബ് സെന്റർ | ഇല്ല | പനി, വയറിളക്കം, ഛർദ്ദി, മഞ്ഞപ്പിത്തം തുടങ്ങിയവ. | ICDSന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല, ഗൃഹസന്ദർശനം നടക്കാറില്ല. ആരോഗ്യക്ലാസുകൾ ലഭിക്കാറില്ല. ചികിത്സയ്ക്കായി 5 കി.മി. സഞ്ചരിക്കേണ്ടിവരുന്നു. | ICDS കേന്ദ്രീകരിച്ച് ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കണം. PHCയിൽ മരുന്നു ലഭ്യമാക്കണം. |
| XII | ഇല്ല | ഇല്ല | പനി, ജലദോഷം, ഛർദ്ദി, വയറിളക്കം, വാതസംബന്ധമായ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നു. | PHCയിൽ ഡ്യൂട്ടി സമയത്ത് ഡോക്ടർമാർ ഉണ്ടാവാറുണ്ട്. ആവശ്യമായ മരുന്നുകൾ ലഭ്യമല്ല, ആരോഗ്യ ക്ലാസുകൾ നടക്കാറില്ല. പ്രതിരോധ കുത്തിവയ്പ്പ് നടത്താറുണ്ട്. | ആയുർവേദ ആശുപത്രി സ്ഥാപിക്കുക. ആരോഗ്യബോധവൽക്കരണ ക്ലാസുകൾ പതിവായി സംഘടിപ്പിക്കണം. |

# കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദേശങ്ങളും

പട്ടിക-2

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| I | ലക്ഷംവീട് കോളനി | നീർകുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ളം സംരക്ഷിക്കുക. ഇതിനുള്ള ബോധവൽക്കരണ പ്രവർത്തനം നടത്തുക, ലക്ഷംവീടു കോളനിയിൽ വെള്ളമെത്തിക്കുവാനുള്ള ഏർപ്പാടുചെയ്യുക. |
| II | ഹസൻമുക്ക്, ചെറുവാണത്ത് കുന്നുമ്പ്രം, കോറോത്ത് കുന്നുമ്പ്രം | പൊതുകിണർ സ്ഥാപിക്കുക, നിലവിലുള്ള കിണറിന്റെ ആഴം വർധിപ്പിക്കുക, ഒഴുകിപ്പോകുന്ന ജലം സംരക്ഷിക്കുക. |
| III | ലക്ഷംവീട് കോളനിയും സമീപപ്രദേശങ്ങളും കൂറക്കുണ്ട്, വണ്ണാംചാൽ | തന്നട പള്ളിക്കു സമീപമുള്ള വയലിൽ കിണർ കുഴിച്ച് അവിടെ നിന്നും പൈപ്പ് ലൈൻ വഴി ശുദ്ധജല വിതരണം നടത്താനുള്ള പദ്ധതി ആവിഷ്കരിക്കുക. |
| IV | *ഈരാണിപ്പാലത്തിനടുത്തുള്ള പ്രദേശം* (ഈരാണിപ്പാലത്തിനടുത്ത പ്രദേശത്ത് ഉപ്പുവെള്ളം കയറുന്നു). മറ്റു സ്ഥലങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. | ഈരാണിപ്പാലം കുഴൽ കിണറുകൾ-നീർകുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ളം സംരക്ഷിക്കുക. |
| V | പള്ളിമെട്ട | പള്ളിമെട്ടയ്ക്ക് ഇപ്പോഴുള്ള പൊതുകിണർ ആഴംകൂട്ടുകയും യഥാസമയത്ത് ചെളി കോരി വൃത്തിയാക്കുകയും ചെയ്യുക. |
| VI | ആശാരിമെട്ട, ചെമ്പരൻമൂല, അംഗൻവാടി പരിസരം, കപ്പറ്റ പ്രദേശം. | ഈ പ്രദേശങ്ങളിൽ പൊതുകിണർ കുഴിക്കുക, പൈപ്പ് ലൈൻ വഴി ശുദ്ധജലം വിതരണം ചെയ്യുക. |
| VII | പൂവത്തുംതറ, ചക്കരക്കൽ കമ്മ്യൂണിറ്റി ഹാൾ പ്രദേശം | 'ചെമ്പിലോട് വില്ലേജിൽ കുടിനീർ പദ്ധതി' ഈ പ്രദേശങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുക. |
| VIII | കേളമ്പേത്ത് കുന്നുമ്പ്രം, ചക്കരക്കൽ ആശുപത്രി കുന്നുമ്പ്രം, കുട്ടിക്കുന്നുമ്മൽ കുന്നുമ്പ്രം, കൊള്ളിയാൽ പരിസരം | ആശുപത്രിക്കു മുകളിലുള്ള പ്രദേശങ്ങളിൽ 'ചെമ്പിലോട് കുടിനീർ പദ്ധതി' വ്യാപിപ്പിക്കുക. മറ്റു രണ്ടു സ്ഥലത്തും പൊതുകിണർ സ്ഥാപിക്കുക. |
| IX | കുണ്ടിൽഭാഗം, മണിയലത്ത് ക്ഷേത്രത്തിനടുത്തുള്ള പ്രദേശം | മണിയലത്തുചിറയിലുള്ള വെള്ളം കുടിവെള്ളയോഗ്യമാക്കാൻ പദ്ധതി ആവിഷ്കരിക്കുക. |
| X | *പുത്തൻവളപ്പു മേഖല, കക്കോത്ത്കാവിനു സമീപം, പാനേരിച്ചാൽ വായനശാലയ്ക്കു സമീപം*, ഒതയോത്തു കുന്നുമ്പ്രം ലക്ഷംവീട് കോളനി | *ഈ പ്രദേശങ്ങളിൽ പൊതുകിണർ സ്ഥാപിക്കുക.* ഒതയോത്ത് പ്രദേശത്ത് കനാൽകരയ്ക്കുള്ള കിണർ ആഴം കൂട്ടുക (പഴശി പ്രോജക്ടിന്റെ കീഴിലുള്ള കിണർ). ലക്ഷംവീട് കോളനിയിലെ കിണറിന്റെ ആഴം വർധിപ്പിക്കുക. |
| XI | കോവിൽ ഭാഗം, വങ്കണയുടെ ഒരു ഭാഗം, പള്ളിഭാഗം, പുള്ളക്കൂച്ചാൽ പ്രദേശം. | ഈ വാർഡിൽ പൊതുകിണർ ഇല്ല. ഇവിടങ്ങളിൽ പൊതുകിണർ അനുവദിക്കുക. |
| XII | തെയ്യത്താൻകുന്ന് കോളനി, ആശാരിമെട്ട, കണയന്നൂർ അംഗൻവാടി പ്രദേശം, കണയന്നൂർ അൻവാടി പ്രദേശം, കണയന്നൂർ ശ്മശാന പ്രദേശം. | കോളനി കിണറിന്റെ ആഴം വർധിപ്പിക്കുക. മറ്റു പ്രദേശങ്ങളിൽ പൊതുകിണർ കുഴിക്കുക. |

പട്ടിക-4

| | തടസകാരണം | പരിഹാരമാർഗങ്ങൾ |
|---|---|---|
| 1 | സാമ്പത്തിക പരാധീനത | സർക്കാർ, അർധസർക്കാർ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ സാമ്പത്തിക സമാഹരണം നടത്തുക. സഹകരണബാങ്കുകളിൽനിന്നു കുറഞ്ഞ പലിശയ്ക്കു വായ്പ ലഭ്യമാക്കുക. കക്കൂസ് നിർമ്മാണത്തിന് സർക്കാർ സബ്സിഡി നൽകുക. സഹകരണാടിസ്ഥാനത്തിൽ കക്കൂസ് നിർമിക്കാനാവശ്യമായ സാധനങ്ങൾ ശേഖരിച്ച് ചുരുങ്ങിയ ചെലവിൽ കക്കൂസ് നിർമ്മിക്കാനാവശ്യമായ പദ്ധതി ആസൂത്രണം ചെയ്യുക. |
| 2 | കക്കൂസിന്റെ ആവശ്യകത വേണ്ടത്ര ബോധ്യമല്ലാത്തതിനാൽ. | ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ സംഘടിപ്പിക്കുക. സന്നദ്ധസംഘടനകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പ്രവർത്തനം നടത്തുക. ചർച്ചാ ക്ലാസുകളും സ്ലൈഡ് പ്രദർശനവും സംഘടിപ്പിക്കുക. |
| 3 | കോളനികളിലും മറ്റും അനുഭവപ്പെടുന്ന സ്ഥലപരിമിതി. | പൊതുവായ ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇതിനു പരിഹാരം കാണാം. |






# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

കാളവണ്ടിക്കുപോലും സഞ്ചരിക്കാൻ വീഥികളില്ല; അടിയന്തിരഘട്ടങ്ങളിൽ രോഗികളെയും ഗർഭിണികളേയും മനുഷ്യർ ചുമന്ന് മണിക്കൂറുകളോളം നടക്കണം; ആവശ്യസാധനങ്ങൾ തലയിൽ പേറി കിതച്ചും വേച്ചും കിലോമീറ്ററുകളോളം താണ്ടണം, ഉൽപന്നങ്ങൾ കമ്പോളത്തിലെത്തിക്കുന്ന കാര്യം പറയുകയും വേണ്ട. ഒരൻപതുകൊല്ലങ്ങൾക്കപ്പുറം ഇതായിരുന്നു നമ്മുടെ സ്ഥിതി. അന്ന് പഞ്ചായത്തിന്റെ തെക്കെ അറ്റത്തുള്ള ചാലയിലെത്തിയാൽപോലും ബസ് യാത്രക്ക് സാധ്യത വിരളമായിരുന്നു. കാരണം കണ്ണൂർ–മമ്പറം റൂട്ടിൽ പരിമിതമായ ട്രിപ്പുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. നമ്മുടെ പഞ്ചായത്തിന് വടക്കേ അതിരിടുന്ന അഞ്ചരക്കണ്ടി–താഴെചൊവ്വ റോഡ് കേവലം കാളവണ്ടി റോഡായിരുന്നു. അതുപോലെ തന്നെയായിരുന്നു മൂന്നുപെരിയ–ചക്കരക്കൽ റോഡും. മൗവ്വഞ്ചേരിയിൽനിന്ന് തലവിൽ–കോയ്യോട് വഴി ചാലയിലേക്കുള്ള റോഡ് പല കഷണങ്ങൾ ആയിരുന്നു. പലേടത്തും അത് കേവലം ഊടുവഴികളായിരുന്നു. തന്നട–പൊതുവാച്ചേരി റോഡിന്റെ ഒരുഭാഗം ഏതാനും കുടുംബങ്ങളുടെ അധീനതയിലുള്ള സ്വകാര്യ റോഡായിരുന്നു. എന്തിനധികം പറയുന്നു നമ്മുടെ ദേശീയപാത 17 മുനിസിപ്പൽ അതൃത്തിക്ക് പുറത്തുള്ള ഭാഗങ്ങൾ ടാറിടാത്ത റോഡായിരുന്നുവെന്ന് പറഞ്ഞാൽ അന്നത്തെ ചിത്രം ഏതാണ്ട് പൂർത്തിയാകും.

ഇന്ന് കണ്ണൂർ–കൂത്തുപറമ്പ് റോഡ് ഒരു സംസ്ഥാന തല ഹൈവെയുടെ ഭാഗമായി ഉയർന്നിരിക്കുകയാണ്. അത് നമ്മുടെ പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള ചാല ബസാറിൽ കൂടെയാണ് കടന്നുപോകുന്നത്. ഈ മെയിൻ റോഡ് മൂന്നു കി.മീ. ദൂരം കൊണ്ട് നമ്മുടെ പഞ്ചായത്തിനെ ദേ.പാ. 17 നോട് താഴെചൊവ്വയിൽ ബന്ധിപ്പിക്കുന്നു. ഷോർണ്ണൂർ–മംഗലാപുരം തീവണ്ടിപ്പാത പഞ്ചായത്തിലെ 4–ാം വാർഡിൽകൂടെയാണ് കടന്നുപോകുന്നത്. ഈ പഞ്ചായത്തിൽ അപൂർവ്വം ചില സ്ഥലങ്ങളിലൊഴികെ ഉള്ളവർക്ക് 10 മിനിട്ടിൽ കുറഞ്ഞ സമയം നടന്നാൽ ഒരു ബസ്സ് സ്റ്റോപ്പിലെത്താം. ചക്കരക്കൽ, വെള്ളച്ചാൽ, ചാല എന്നീ കേന്ദ്രങ്ങളിൽ യഥേഷ്ടം വാടക വാഹനങ്ങൾ കിട്ടാനുണ്ട്. ഇടവഴികളിൽപോലും സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷകൾ പലസ്ഥലത്തും ലഭ്യമാണ്. എല്ലാവിധ വാഹനങ്ങൾക്കും ഓടത്തക്കവിധം സൗകര്യപ്പെട്ടതും കൃത്യമായി ബസ് സർവീസുള്ളതുമായ 22.250 കിലോമീറ്റർ നീളം വരുന്ന പൊതു മരാമത്തുറോഡുകൾ ഈ പഞ്ചായത്തിലുണ്ട്. (പട്ടിക A) കൂടാതെ 96 കി.മീ. നീളം വരുന്ന 116 റോഡുകൾ ഈ പഞ്ചായത്തിന്റെ സംരക്ഷണത്തിലുള്ള (പട്ടിക–B) അവയിൽ പലതും ബസ്സ് സർവീസുള്ളതോ ബസ്സ് സർവ്വീസിനു പാകമായതോ ആണ്. പഞ്ചായത്ത് സംരക്ഷണത്തിൽ 3.50 കി.മീ. ടാർ റോഡും ബാക്കിയുള്ള 92.50 കി.മീ. ഗ്രാവൽ റോഡുമാണ്. പഞ്ചായത്തിന്റെ വിസ്തീർണം 20.99 ചതുരശ്ര കി.മി. ആണ്. ആകെ. റോഡ് നീളം $118^{1}/_{4}$ കി.മീ. ഒരു ചതുരശ്ര കിലോമീറ്ററിന് 5.63 കി.മീ. റോഡുണ്ട്.

മേൽവിവരിച്ച പ്രകാരം കഴിഞ്ഞ അമ്പതു വർഷങ്ങളിൽ ഗതാഗതരംഗത്ത് ഒരു കുതിച്ചുചാട്ടം ഉണ്ടായതായി കാണാം. 1966–ൽ മമ്പറത്ത് പാലം നിലവിൽ വന്നതോടുകൂടി ഈ പ്രദേശത്തിന്റെ ഗതാഗത സൗകര്യങ്ങൾ പലമടങ്ങ് വർദ്ധിച്ചു. അഞ്ചരക്കണ്ടിപ്പാലവും, അതുപോലെ ജില്ലയുടെ പലഭാഗത്തും പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി നിലവിൽവന്ന മറ്റു പാലങ്ങളും ഗതാഗത സൗകര്യങ്ങൾ ധാരാളം വർദ്ധിപ്പിച്ചു. 1973–ൽ കണ്ണൂർ–തലശ്ശേരി മെയിൻ റോഡ് ദേ.പാ. 17–ന്റെ ഭാഗമായി അംഗീകരിച്ചതും ഗതാഗത സൗകര്യത്തിന്റെ കാര്യത്തിൽ നിർണായകമായി. എടക്കാട് വികസന ബ്ലോക്കുവഴി പലവിധ ഗ്രാമീണ തൊഴിൽദാനപദ്ധതികൾ നടപ്പിലാക്കിയതും എം.എൽ.എ. റോഡ് സ്കീമും ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.

ഈ ഗ്രാമത്തിന്റെ ഗതാഗതമേഖലയുടെ വളർച്ചക്ക് ഗവ. പദ്ധതികളേക്കാൾ പ്രാധനമായത് നാട്ടുകാരുടേയും സന്നദ്ധസംഘടനകളുടെയും നിരന്തരവും ത്യാഗപൂർണ്ണവുമായ അക്ഷീണ പരിശ്രമമാണ്. ഇന്നത്തെപ്പോലെ ഉയർന്ന റോഡ്ബോധമോ, വികസനരംഗങ്ങളിലെ കൂട്ടായ്മയോ, രാഷ്ട്രീയ സാമൂഹ്യസംവിധാനങ്ങളോ ഇല്ലാത്തകാലത്ത് റോഡിനുവേണ്ടുന്ന ഭൂമി സൗജന്യമായി ലഭ്യമാക്കൽ ഒരു വലിയ പ്രശ്നമായിരുന്നു. സ്ഥലമുടമകളിൽ പലരും ഭീഷണികൾ, ദുഷ്പ്രചാരണങ്ങൾ, നേരിട്ടുള്ള ദേഹോപദ്രവങ്ങൾ, പോലീസുമുഖേനയും ഉദ്യോഗസ്ഥർ മുഖേനയുമുള്ള നടപടകൾ എന്നിവയെല്ലാം പ്രയോഗിച്ചു. പോരാഞ്ഞിട്ട് കൊല്ലങ്ങളോളം നീണ്ടുനിൽക്കുന്ന പണച്ചിലവേറിയ കോടതിനടപടികളും പലർക്കും നേരിടേണ്ടിവന്നു. ഒരു കേസിൽ ഹൈക്കോടതി തീർപ്പുവരെ നേടേണ്ടതായി വന്നിട്ടുണ്ട്. ഇതെല്ലാംകൂടി നോക്കുമ്പോൾ റോഡുണ്ടാക്കാൻ പാറ പൊട്ടിച്ചതും മണ്ണ് ചുമന്നതും അവർക്ക് നിസ്സാരമായി തോന്നിയിട്ടുണ്ടാകും.

ഗതാഗതമേഖലയിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഈ രംഗത്ത് ഇന്ന് നമ്മൾ അഭിമുഖീകരിക്കുന്ന ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ നമുക്ക് വളരെദൂരം മുന്നേറാനുണ്ടെന്നുകാണാം. എല്ലാ പ്രധാനറോഡുകളിലും വാഹനാപകടങ്ങളും ഗതാഗത സ്ഥംഭനവും നിത്യസംഭവങ്ങളാണ്. നമുക്കൊരു ദേശീയപാത നിലവിൽവന്നിട്ട് 23 വർഷങ്ങൾ കഴിഞ്ഞുവെങ്കിലും ദേശീയപാതകൾക്ക് നിർദ്ദേശിക്കപ്പെട്ട നിലവാരം കൈവരിക്കാൻ ഇതുവരേക്കും ഈ റോഡിന് സാധിച്ചിട്ടില്ല. ബജാറുകളിൽ ഇടുങ്ങിയും വളഞ്ഞും പുളഞ്ഞും റെയിൽവെ ഗേറ്റുകളിൽ കുടങ്ങിയുമുള്ള ദേശീയപാതയുടെ നിൽപ്പ് വാഹന അപകടങ്ങൾക്കും ഗതാഗതക്കുരുക്കിനും ഇടവരുത്തുന്നു. താഴെചൊവ്വയിലും നാടാലിലുമുള്ള റെയൽവെ ഗെയിറ്റുകൾ ഒഴിവാക്കാൻ ദേശീയപാതക്ക് പരിഗണനയിലുള്ള ബൈപ്പാസ് ഈ പഞ്ചായത്തിന്റെ 4–ാം വാർഡിൽകൂടെയാണ്.

അടുത്തകാലത്ത് സംസ്ഥാന ഹൈവേയുടെ പദവി ലഭിച്ചുവെങ്കിലും കണ്ണൂർ–കൂത്തുപറമ്പ് റോഡിനും പരാധീനതകൾ ധാരാളമാണ്. നമ്മുടെ പഞ്ചായത്ത് അതിർത്തിലുള്ള ചാലപ്പാലം നൂറിലേറെവർഷം പഴക്കമുള്ള ചെങ്കൽ നിർമ്മിതമാണ്. ഈ പാലത്തിന്റെ ദുർബലമായ ഇന്നത്തെ അവസ്ഥ ഏതുസമയത്തും ഈ പ്രദേശത്തിന്റെ മൊത്തം ഗതാഗതസംവിധാനം താറുമാറാക്കാൻ പോന്നതാണ്. മറ്റുള്ള പൊതുമരാമത്ത് റോഡുകൾക്കും പ്രശ്നങ്ങളുണ്ട്. ചാല–മൗവ്വഞ്ചേരി റോഡ് 22 അടി വീതിയിൽ നാട്ടുകാർ സർക്കാരിലേക്കേൽപിച്ചുവെങ്കിലും പലഭാഗത്തും പലവിധ കാരണങ്ങളാൽ ഇടുങ്ങി ഗതാഗതപ്രശ്നം സൃഷ്ടക്കപ്പെട്ടിരിക്കുന്നു. കണ്ണൂർ–കൂത്തുപറമ്പ് റോഡിൽ ഗതാഗത സ്തംഭനമുണ്ടാകുമ്പോൾ പകരം സമാന്തര റോഡായി ഈ റോഡ് ഉപയോഗിക്കാറുള്ളതുകൂടി പരിഗണിക്കുമ്പോൾ ഈ ഇടുങ്ങിയ ഭാഗങ്ങളിലെ പ്രശ്നം ഗൗരവമുള്ളതാണ്. പൊതുമരാമത്ത് റോഡുകൾക്ക് ഓടകളില്ലാത്ത പ്രശ്നം സാർവ്വത്രികമാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾക്ക് ധാരാളം പ്രശ്നങ്ങൾ ഉണ്ട്.

1. നാലാം വാർഡിലെ തെക്കേക്കരഭാഗത്തുള്ളവർക്ക് വളരെ യാത്രാക്ലേശങ്ങൾ ഉണ്ട്. ബസ്സ് യാത്രക്ക് ചാലയിലോ നാടാലിലോ എത്തിച്ചേരാൻ കിലോമീറ്റർ നടക്കണം. ചാല–കൊറ്റങ്കുന്ന്–ഊർപ്പഴശ്ശിക്കാവ് റോഡ് കാടാച്ചിറയിൽനിന്ന് നടാലിലേക്കുള്ള പി.ഡബ്ല്യു.ഡി. റോഡുമായി നാട്ടുകാർ ശ്രമദാനംവഴി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും ബലപ്പെടുത്തി ടാറിട്ടാൽമാത്രമേ ബസ്സ് റൂട്ട് അനുവദിച്ചുകിട്ടുകയുള്ളൂ. ദേശീയ പാതയിലെ ചൊവ്വ–നടാൽ ഗെയിറ്റുകളിൽ കുടുങ്ങാതെ കണ്ണൂരിൽനിന്നും തലശ്ശേരിയിലേക്ക് ഒരു ഷോർട്ടസ്റ്റ് ബൈപാസായി ചാല–കൊറ്റങ്കുന്ന്– നടാൽ റോഡിനെ അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗിക്കാവുന്നതാകുന്നു.

2. 7, 6 വാർഡുകളിൽകൂടിപോകുന്ന ആൽമരം–കണയന്നൂർ–മുതകുറ്റി കനാൽ റോഡ് പരിഷ്കരിക്കാത്തതു കാരണം മുതുക്കുറ്റി–കണയന്നൂർ ഭാഗങ്ങളിലുള്ളവർക്ക് വളരെ യാത്രാക്ലേശങ്ങൾ ഉണ്ട്. ഈ റോഡുമായി ബന്ധപ്പെടുത്താവുന്ന ചെമ്പിലോട്മെട്ട–എ.കെ.ജി. മന്ദിരം–പൊതുവാഞ്ചേരി റോഡും പരിഷ്കരിച്ചാൽ രണ്ട് പി.ഡബ്ല്യൂ.ഡി. റോഡുകൾ ബന്ധിപ്പിക്കാനും, ചക്കരക്കല്ലിൽനിന്ന് പൊതുമാച്ചേരിക്കുള്ള ദൂരം കുറക്കാനും സാധിക്കും.

3. ചെമ്പിലോട് പഞ്ചായത്ത് ആപ്പിസ്–കോമത്ത്

കുന്നുമ്പ്രം റോഡ് രണ്ട് പി.ഡബ്യ്യൂ.ഡി. റോഡുകൾ ബന്ധിപ്പിക്കുന്ന പ്രധാന റോഡാണ്. ഇത് പരിഷ്കരിച്ച് ടാറിടണം.

4. ചാല–തന്നട റോഡിന്റെ 1. കി.മീ. ദൂരം ടാറിംഗ് തകർന്നിരിക്കയാൽ റീടാറിംഗ് ചെയ്യേണ്ടതാണ്. ബസ് റൂട്ടുള്ള ഈ റോഡിന്റെ പാർശ്വങ്ങൾ പലേടത്തും നാശം നേരിടുകയാണ്.

5. ചക്കരക്കൽ ആസ്പത്രി–മത്തിപ്പാറ റോഡിൽ ടാർ ചെയ്യാൻ ബാക്കിയുള്ള 600 മീറ്റർ ഭാഗം ടാർ ചെയ്യണം.

6. 4–ാം വാർഡിൽനിന്ന് തുടങ്ങി 1–ാം വാർഡിലൂടെ 11–ാം വാർഡിലേക്ക് പോകുന്ന എസ്.ഐ.റോഡ് പരിഷ്കരിച്ച് ടാറിടണം.

7. 9, 3 വാർഡുകൾ ബന്ധപ്പെടുത്തുന്ന കടന്നപ്പള്ളി റോഡ് പരിഷ്കരിച്ച് ടാറിടണം.

8. 10–ാം വാർഡിൽ കക്കോത്ത് പുറത്തെക്കെട് റോഡ് പരിഷ്കരിച്ച് ടാറിടണം.

9. വെള്ളച്ചാൽ–പുല്ലൂണ്ട റോഡും ഇരിവേരി പള്ളി–ആയില്യത്ത് റോഡും ബന്ധിപ്പിച്ചാൽ കരിമ്പിയിൽ–വെള്ളച്ചാൽദൂരം ഗണ്യമായി കുറയും.

10. 11–ാം വാർഡിലെ ചാത്തോത്ത്കുളം അറ്റടപ്പ റോഡിന്റെ തുടർച്ചഭാഗം ചേലോറ പഞ്ചായത്തിലാണ്. ടാറിട്ട 500 മീറ്റർ മീളമുള്ള ഈ പഞ്ചായത്തിലെ ഭാഗം പൊട്ടിപ്പൊളിഞ്ഞതുകാരണം ബസ് സർവീസ് നിർത്തിവച്ചിരിക്കുകയാണ്. അടിയന്തിരമായി റീടാറിംഗ് ചെയ്യണം.

11. 1–ാം വാർഡിൽകൂടിയും 11–ാം വാർഡിൽകൂടിയും പോകുന്ന കൊറ്റമ്പാറക്കൽ–സുധീഷ് സ്മാരക ഷെൽട്ടർ–ചെമ്പിലോട് മെട്ട റോഡ് കയറ്റം കുറച്ച് പരിഷ്കരിച്ച് ടാറിടണം.ഇത് വളരെ പ്രധാനപ്പെട്ട ഒരു ലിങ്ക് റോഡാണ്.

12. വലിയാണ്ടിക്കുന്നുമ്പ്രം–മൊട്ടോന്റെകുന്നുമ്പ്രം റോഡ് 6–ാം വാർഡിലെ ഒരു പ്രധാന ലിങ്ക് റോഡാണ്. ഇതിൽ പാലത്തിന്റെ രണ്ടുഭാഗങ്ങളും വീതികൂട്ടി ഉയർത്തണം.

13. 3–ാം വാർഡിലെ കൊപ്രക്കളം–കാവിൽമൂല മിടാവിലോട് വയൽ വഴിറോഡ് ടാറിടണം.

ചെമ്പിലോട് പഞ്ചായത്തിൽ തീരെ ഗതാഗതയോഗ്യമല്ലാത്ത ചില ഭാഗങ്ങൾ പലവാർഡുകളിലായുണ്ട്. അത്തരം ഭാഗങ്ങളിലേക്ക് റോഡു നിർമാണം ഏറ്റെടുക്കേണ്ട വിവരങ്ങൾ പട്ടികയായി ചേർത്തിരിക്കുന്നു.

പഞ്ചായത്തധീനതയിലുള്ള മറ്റു റോഡുകളിലും അടിയന്തിരമായി ഓടകൾ നിർമിക്കാനും പല അറ്റകുറ്റപണികളും നടത്താനുമുള്ള നിർദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പല പഞ്ചായത്ത് റോഡുകളും ഭാഗികമായി മാത്രം മുഴുമിപ്പിക്കാത്തകാരണം പൂർണ്ണമായി പ്രയോജനപ്പെടാതിരിക്കുകയാണ്. (പട്ടിക–ഡി) കേവലം 25 മീ. മുതൽ 300 മീ. വരെ വ്യത്യസ്ഥനീളം ഭാഗങ്ങൾ പുതുതായുണ്ടാക്കിയാൽ ഈ റോഡുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിന്റെ പലഭാഗത്തായി വലുതും ചെറുതുമായ ധാരാളം നടപ്പാതകൾ നിർമിക്കേണ്ടതായിയുണ്ട്. കൂടാതെ വിവിധ വാർഡുകളിലായി ഏതാനും സ്ലാബുകൾ നിർമിക്കേണ്ടതുമുണ്ട്.

ഈ പഞ്ചായത്തിൽ വളരെവേഗം വികസിച്ചു ചെറുപട്ടണങ്ങളായി രൂപപ്പെടുന്ന ചാലക്കും ചക്കരക്കല്ലിനും പല പുതിയ പ്രശ്നങ്ങളെയും നേരിടാനുണ്ട്. ചക്കരക്കല്ലിൽ അവസാനിക്കുന്നതും ചക്കരക്കല്ല് വഴി കടന്നുപോകുന്നതുമായ ധരാളം ബസ് റൂട്ടുകൾ ഉണ്ട്. ഇവയെല്ലാം റോഡരികിലുള്ള പരിമിതമായ സ്ഥലങ്ങളാണ് പാർക്കിംഗിനുപയോഗിക്കുന്നത്. തിരക്കേറിയ തെരുവീഥികളിൽ ഇത് വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഒരു ബസ്സ്റ്റാന്റ് ഇവിടെ ആവശ്യമാണ്. ടാക്സി, ജീപ്പ്, ഓട്ടോസ്റ്റാന്റും മൂത്രപ്പുരയും അത്യാവശ്യമായും ഏർപ്പെടുത്തേണ്ടതുണ്ട്. ബസാറിൽ റോഡ് സൈഡിലുള്ള സ്ഥലം പരിമിതമാണെന്നതിനു പുറമെ ഉള്ളസ്ഥലം ഉള്ളസ്ഥലം പോലും റോഡിന്റെ സൗകര്യം വർദ്ധിപ്പിക്കാൻ വേണ്ട പോലെ ഉപയോഗിക്കുന്നില്ല.

മേൽ വിവരിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്ന പദ്ധതികൾ ഭാഗികമായി സന്നദ്ധസംഘടനകൾ മുഖേന ശ്രമദാനമായി ഏറ്റെടുത്ത് നടത്താനുള്ള സാധ്യതകളുണ്ട്. ചെമ്പിലോട് പഞ്ചായത്ത് 1995–96 സാമ്പത്തിക വർഷത്തിൽ മൊത്തം 12.66 ലക്ഷം രൂപ പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് ചിലവഴിച്ചിട്ടുണ്ട്.

## ഊർജ്ജം

ചെമ്പിലോട് പഞ്ചായത്തിൽ ചാല മുതൽ കോയ്യോട് വരെ 1960 ലും, മൗവ്വഞ്ചേരി മുതൽ മിടാവിലോട് വരെ 1961–ലും, ചക്കരക്കൽ മുതൽ വെള്ളച്ചാൽ വരെ 1968–ലും, ഇരിവേരി ഭാഗത്ത് 1972–ലും, ചെമ്പിലോട്, തലവിൽ ഭാഗത്ത് 1977–ലും തുടർന്ന് മറ്റു ഭാഗങ്ങളിലും വൈദ്യുതി എത്തിയിരിക്കുന്നു. ഇന്ന് പഞ്ചായത്തിലെ ഏതാനും ചെറുഭാഗങ്ങൾ ഒഴികെ എല്ലാടിക്കിലും വൈദ്യുതിബന്ധം ഉണ്ട്. 2–ാം വാർഡിൽ ചാലിൽകുന്നുമ്പ്രം കോളനി, തട്ടുപറമ്പ് എന്നീ സ്ഥലങ്ങളിൽ ഏതാനും വീടുകൾക്ക് വൈദ്യുതി എത്തീട്ടില്ല. 4–ാം വാർഡിൽ കുനിയായിലെഭാഗം വൈദ്യുതി ബന്ധം ഏതാനും വീടുകൾക്ക് കിട്ടിയിട്ടില്ല. 6–ാം വാർഡിലും ചിലഭാഗങ്ങളിൽ വൈദ്യുതി കിട്ടാനുണ്ട്. 7–ാം വാർഡിൽ ചെക്കിച്ചാൽ മൂലയിലും കണിയാന്റെ വളപ്പ് മൂലയിലും വൈദ്യുതി ബന്ധം ലഭിക്കാതെയുണ്ട്. 10–ാം വാർഡിൽ കക്കോത്ത് കൊന്തളം, കക്കോത്ത് ക്ഷേത്ര പരിസരം എന്നിവിടങ്ങളിൽ വൈദ്യുതിലഭിക്കാനിരിക്കുന്നു. 9–ാം വാർഡിലും ഒരു ഭാഗത്ത് വൈദ്യുതി എത്താത്തതായുണ്ട്. 12–ാം വാർഡിൽ പുനത്തിലെക്കണ്ടി ഏരിയയിൽ വൈദ്യുതി എത്തീട്ടില്ല. ഇവ കൂടാതെ ഒറ്റപ്പെട്ട പലവീടുകളും പഞ്ചായത്തിന്റെ എല്ലാഭാഗത്തും വൈദ്യുതിക്കപേക്ഷിച്ചിട്ട്

അഞ്ചിലധികം വർഷങ്ങളായി കാത്തിരിപ്പ് തുടരുന്നുണ്ട്. പഞ്ചായത്തിന്റെ മൊത്തം 245 അപേക്ഷകർക്ക് കണക്ഷൻ ലഭിക്കാൻ ബാക്കിയുണ്ട്. കാടാച്ചിറ സെക്ഷന്റെ പരിധിയിൽ അവസാനം നൽകിയ കണക്ഷൻ അപേക്ഷ 7-12-96 ഉം ചക്കരക്കൽ സെക്ഷന്റേത് 1.10-91-ഉം ആണ്. (ഓർഡിനറി) പഞ്ചായത്തിൽ തെരുവ് വിളക്കുകളായി ആകെ 357 ബൾബുകളും, 15 ട്യൂബുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ വൈദ്യുതിചാർജ് ഒരു വർഷം 52,242 രൂപ പഞ്ചായത്ത് അടക്കുന്നുണ്ട്. ഈ തുക പഞ്ചായത്തിന്റെ വാർഷികവരുമാനത്തിന്റെ 2.62% വരും. ഗവൺമെന്റ് അംഗീകരിച്ച ഹരിജൻ കോളനികൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല.

വോൾട്ടേജ് കുറവാണ് പഞ്ചായത്തിൽ സർവ്വത്ര അനുഭവിക്കുന്ന പ്രശ്നം. ഗ്രാമസഭകൾ താഴെക്കാണിച്ച സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ/ത്രീഫേസ് ലൈൻ നിർദേശിച്ചിട്ടുണ്ട്.

1-ാം വാർഡ്: വെളിച്ചത്താംകണ്ടി പള്ളിക്ക് സമീപം, വണ്ട്യാല എന്നിവിടങ്ങൾ.

2-ാം വാർഡ്: കുട്ട്യാലിപ്രം മുതൽ വൈദ്യുതി എത്താത്തതിനാൽ കൈകനാൾവഴി സൗരോർജ സ്ട്രീറ്റ് ലൈറ്റ് ഏർപ്പെടുത്തൽ.

3-ാം വാർഡ്: പഞ്ചായത്ത് കിണർ, ലക്ഷംവീട് കോളനി-ട്രാൻസ് ഫോർമർ.

4-ാം വാർഡ്: ട്രാൻസ്ഫോർമർ കൊറ്റങ്കുന്ന് റോഡിൽ വായനശാലക്ക് സമീപം. ചെട്ട്യാരത്ത് മുക്ക് മുതൽ-പുത്തമ്പുരമുക്ക് വരെ ത്രീഫേസ് ലൈനാക്കണം.

6-ാം വാർഡ്: ട്രാൻസ്ഫോർമർ മുതുകുറ്റിയിൽ. ആശാരിമെട്ടയിലെ ട്രാൻസ് ഫോർമർ ശക്തിപ്പെടുത്തണം. വങ്കണപ്പുറം മുതൽ മുതുകുറ്റി യു.പി. സ്കൂൾ വരെ ത്രീഫേസ് ലൈൻ.

7-ാം വാർഡ്: കീരിയോട്ട് പള്ളി, ആസ്പത്രി റോഡിൽ നാഗസ്ഥലം. കൊച്ചമുക്ക് മുതൽ ചാപ്പക്കുമാരന്റെ കട വരെ ത്രീഫേസ് ലൈൻ.

10-ാം വാർഡ്: ബാവോട് കുറ്റിവയൽ-ട്രാൻസ്ഫോർമർ, പാനേരിച്ചാൽ വായനശാല മുതൽ ഇരിവേരി ഭാഗത്തും കാവിൻമൂലയിൽനിന്ന് കനാൽ റോഡിലേക്ക് വരുന്ന ലൈനും ത്രീഫേസാക്കണം.

11-ാംവാർഡ്: ചാത്തോത്തെകുളം എന്നസ്ഥലത്ത് ട്രാൻസ്ഫോമർ.

12-ാം വാർഡ്: ശ്മശാനം റോഡിനു സമീപം, മാതംകുളങ്ങര കനാൽ ഭാഗത്ത് ട്രാൻസ്ഫോമർ. കൂടാതെ സിങ്കിൾ ഫേസ് മാറ്റി ത്രീഫേസ് ആക്കണം.

നിലവിലുള്ള തെരുവ് വിളക്കുകൾ പലസ്ഥലങ്ങളിലും കാര്യക്ഷമമല്ലെന്നും, പലസ്ഥലത്തും പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നുമുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

ചെമ്പിലോട് പഞ്ചായത്തിൽവീടുകൾ കൂടുതലായും വിറകാണ് പാചകാവശ്യത്തിന് ഇന്ധനമയുപയോഗിക്കുന്നത്. മണ്ണെണ്ണയും ഗ്യാസും ഉപയോഗിക്കുന്ന വീടുകൾ വർദ്ധിച്ചുവരുന്നുണ്ട്. വിറകിന്റെ ഔർലഭ്യം വർദ്ധിച്ചുവരുന്ന ഒരു പ്രശ്നമാണ് സാമൂഹ്യ വനവൽക്കരണ പരിപാടി തുടർച്ചയായി പഞ്ചായത്തിന്റെ മുൻകയ്യോടെ നടപ്പാക്കേണ്ടതാണ്. ഇന്ധനക്ഷമത കൂടിയതും പുകയില്ലാത്തതുമായ അടുപ്പുകളുടെ ഉപയോഗം വ്യാപകമല്ല. ഇക്കാര്യത്തിൽ വേണ്ടത്ര ബോധവൽക്കരണവും പരിശീലനവും കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ സഹായത്തോടെ നൽകേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റുകളുടെ ഉപയോഗത്തെക്കുറിച്ചും ബോധവൽക്കരണം ആവശ്യമാണ്.

## മാർക്കറ്റ്

പഞ്ചായത്ത് പ്രദേശത്തെ കാർഷികോൽപന്നങ്ങളിൽ തേങ്ങ, അടക്ക, കശുവണ്ടി, വാഴക്കായ, കപ്പ, കുരുമുളക് മുതലായവക്ക് വിപണന സാധ്യതകളുണ്ട്. ആഴ്ചചന്തകൾ നിലവിലില്ല. 11-ാം വാർഡിൽ ചാത്തോത്തെ കുളത്തിനടുത്ത് ഒരു ആഴ്ചചന്ത നടത്താനുള്ള സാധ്യതയുണ്ട്. അതുപോലെ ചക്കരക്കൽ ബസാറിലും ആഴ്ചചന്ത നടത്താനുള്ള നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. ചാലയിൽ ഒരു മത്സ്യമാർക്കറ്റ് ഉണ്ടെങ്കിലും സൗകര്യപ്രദമല്ല. സൗകര്യപ്രദമായ സ്ഥലത്തേക്ക് മാർക്കറ്റ് മാറ്റണം. ചക്കരക്കല്ലിൽ മത്സ്യ-ഇറച്ചി മാർക്കറ്റ് ഏർപ്പെടുത്തണം. കോയ്യോട്ടും ഒരു മത്സ്യമാർക്കറ്റ് ഏർപ്പെടുത്തണം.

## പട്ടിക സി

# ചെമ്പിലോട് പഞ്ചായത്ത് – വാഹനഗതാഗത സൗകര്യമില്ലാത്ത ഭാഗങ്ങൾ (പുതിയ റോഡുണ്ടാക്കേണ്ട ഭാഗങ്ങൾ)

| ക്രമ നമ്പ്ര് | വിവരണം | വാർഡ് നമ്പ്ര് | റിമാർക്സ് |
|---|---|---|---|
| 1 | വണ്ട്യാല മുതൽ കോയ്യോട് റോഡ് വരെ. | 3 | |
| 2 | മുണ്ടയാട് വീട് മുതൽ മറുവാപ്പറമ്പ് വരെ. | I | |
| 3 | കോയ്യോട് കൺസ്യൂമർ സ്റ്റോർ മുതൽ കുട്ട്യാലിപ്പുറം വരെ. | II | |
| 4 | പള്ളിക്കുന്നുമ്പ്രം റോഡ്–തോട്ടുമ്മോത്ത് കുന്നുമ്പ്രം റോഡ് വരെ. | II II | രണ്ടു റോഡുകളെ ബന്ധിപ്പിച്ച് വയൽനികത്തി പുതിയ റോഡുണ്ടാക്കണം. |
| 5 | ആത്മാനന്ദ സംബോധിനി വായനശാല–മണിയലം റോഡ് മുതൽ ആറ്റടപ്പ റോഡ് വരെ. | II | കോറോത്ത് കുന്നുമ്പ്രം തരിശ്‌വഴി |
| 6 | കോയ്യോട് മഹിളാസമാജം മുതൽ ആറ്റടപ്പ റോഡ് വരെ. | II | കുട്ട്യാലിപ്പുറത്ത് കുന്നുമ്പ്രം വഴി |
| 7 | ഉടുപ്പേന്റെ വളപ്പിൽ കുന്നുമ്പ്രം മുതൽ കക്കമ്പള്ളി റോഡ് വരെ. | II | നാരങ്ങാപ്പുറം–പെരുമഠം വഴി |
| 8 | ഹസ്സൻമുക്ക്–കാടന്റെവളപ്പ് റോഡ് വരെ. | II | മുണ്ടേടന്റെ വളപ്പ് വരെ. |
| 9 | ചൂള മുതൽ അരയത്ത് സ്കൂൾവരെ. | III | മന്നമ്പേത്ത് കോളനി വഴി. |
| 10 | തന്നട അബ്ദുള്ളപ്പീടിക മുതൽ തറച്ചാണ്ടിപ്പറമ്പ് വരെ. | III | |
| 11 | രാമർഗുരു വായനശാല–പാറക്കൽ കുന്നുമ്പ്രം വരെ. | III | |
| 12 | വെള്ളൂർചാൽ റോഡ് – കൊറ്റംകുന്ന് റോഡ്. | IV | തുമ്പത്ത് എന്ന സ്ഥലത്തേക്ക് |
| 13 | അംഗൻവാടി മുതൽ വെള്ളൂരില്ലം വരെ. | IV | ലിങ്ക് റോഡ്. |
| 14 | തൈക്കയിൽമുക്ക് മുതൽ വയലിലെ നിർദ്ദിഷ്ട ഫൂട്പാത്ത് വരെ. | IV | |
| 15 | അമ്പിളിയാട്ട് അമ്പലം – കച്ചേരിപ്പറമ്പ്. | V | |
| 16 | ചെമ്പരംമുക്ക് മുതൽ നായർമുക്ക് വരെ. | V | അയ്യപ്പൻചാൽ വഴി. ഇത് പാച്ചേരിമൂലപ്രദേശത്തെ ഗത: പ്രശ്നം പരിഹരിക്കും. |
| 17 | ചെമ്പരംമുക്ക് മുതൽ പാച്ചേരിമ്മൽ റോഡ് വരെ. | V | കൊളത്തുംചാൽമൂല വഴി. |
| 18 | വെള്ളച്ചാൽ–ചിരുകണ്ടോത്ത് റോഡ് മുതൽ പനത്തറമുക്ക് വരെ. | V | പുതിയപറമ്പത്ത് വഴി. |
| 19 | ഇരിവേരി മെട്ടക്കിണർ–ഇരിവേരിക്കാവ് | V | ചൊട്ടി, ഇരിവേരി സ്കൂൾ വഴി. |
| 20 | ഇരിവേരിപള്ളിമെട്ട പുലൂണ്ടതാഴ വെള്ളച്ചാൽ ആശാരിമുക്ക് | V | വയൽനികത്തി ബന്ധിപ്പിക്കണം. |
| 21 | മനോളിക്കണ്ടി താഴെ റോഡ്–മുതുകോളത്ത് മനോളിക്കണ്ടി താഴറോഡ്. | V | ലിങ്ക് റോഡ്. |
| 22 | ആലോളപ്പറമ്പ്–കൂവവളപ്പ്. | V | പത്തോളം കുടുംബങ്ങൾക്ക് ഉപകരിക്കും. |
| 23 | പള്ളിമെട്ട–പുത്തൻവളപ്പ് താഴെ. | v | |
| 24 | കരുണാടാക്കീസ്–സി.പി. എഞ്ചിനീയറിങ്ങ്. | VIII | മുന്നൂറ് മീ. വയൽ മുറിച്ചുകടക്കണം. |
| 25 | മിടാവിലോട് വെസ്റ്റ് എൽ.പി. സ്കൂൾ–മുതിരക്കണ്ടിക്കയറ്റം. | VIII VIII | അഞ്ഞൂറ് മീ. വയൽ മുറിച്ചു മുതിരക്കണ്ടിക്കയറ്റം യുള്ള റോഡുമായി ബന്ധിപ്പിക്കണം. |
| 26 | മിടാവിലോട് മദ്രസ മുതൽ–ചാപ്പന്റെകൊട്ടന്റെ മുന്നിലെ മെയിൻറോഡ് വരെ. | VIII | അഞ്ഞൂറു മീ. വയൽ മുറിച്ചുകടക്കണം. |
| 27 | നാലാംപീടിക ഓയൽമിൽ–കുളംബസാർ. | | ഇടവഴികൾ ബന്ധിപ്പിച്ച്. |
| 28 | പ്രഷ്യസ് ഓയൽമിൽ–കൊപ്രക്കളം കാവിന്മൂല റോഡ്. | VIII | |
| 29 | മലയാളംകുന്ന്–മുട്ടിലെച്ചിറ റോഡ്. | VIII | മേലോത്തമ്പലം വഴി അശാരിമുക്ക് വരെ. |
| 30 | ആശാരിമെട്ട–വങ്കണപ്പുറത്ത്ചാൽ. | VI | സമ്മതപത്രം പഞ്ചായത്തിനെ ഏൽപിച്ചു. |
| 31 | ചാലിൽകുന്നുമ്പ്രം മുതുകുറ്റി യു.പി.എസ്. റോഡ്–കിളയിൽ കുന്നുമ്പ്രം ചെമ്പരൻമൂല റോഡ്. | VI | ലിങ്ക് റോഡ്. |
| 32 | എലൈഡ് റോഡ്–കീഴടത്ത്താഴെ. | IX | പുതിയ റോഡ്. |
| 33 | കോയ്യോട് സ്റ്റോർ–മണിയലം റോഡ്. | IX | |
| 34 | എ.പി. ബാലന്റെവീട്–മുതിരക്കൽ കുന്നുമ്പ്രം. | IX | |
| 35 | ആർ.വി. മെട്ട പുതുക്കുടിറോഡ്–മുള്ളങ്കാട്പറമ്പ്. | X | ചക്കരക്കല്ലിലേക്ക് എളുപ്പം. |
| 36 | കക്കോത്ത് കാവുതീയൻമുക്ക്–വെള്ളങ്ങാട് കനാൽ. | X | കാവിൻമൂലക്ക് എളുപ്പം. |
| 37 | കക്കോത്ത് മേലേക്കണ്ടിമുക്ക്–കക്കോത്ത് കാവ്. | X | വയൽവഴി. |
| 38 | ചൂള–കക്കോത്ത് എൽ.പി. സ്കൂൾ. | X | |
| 39 | പാനേരിച്ചാൽ എരഞ്ഞിക്കൂൽ റോഡ്–കനാൽ. | X | സ്ലാബ് വാർത്തിട്ട് യാത്രാസൗകര്യം വർധിപ്പിക്കാം. |
| 40 | പുളുക്കച്ചാൽമൂല–പച്ചര്യൻ ഗോവിന്ദന്റെ വീട്. | XI | ആറ്റടപ്പ റോഡിൽനിന്ന് തുടങ്ങി കുണ്ടത്തിൽ കുന്നു വഴി പള്ളിപ്പൊയിൽ–കോയ്യോട് റോഡിലേക്ക്. |
| 41 | വങ്കണ–കോവിൽ റോഡ്. | XI | ലിങ്ക് റോഡ്. |
| 42 | മുട്ടിലെച്ചിറ അങ്കൺവാടി–കണയന്നൂർ എൽ.പി. സ്കൂൾ. | XII | കൈക്കനാൽ വഴി. |
| 43 | പള്ളിക്കണ്ടി–നന്താനത്ത് മെട്ട | XII | |
| 44 | മൗവ്വഞ്ചേരിപ്പള്ളി–ചക്കരക്കൽ ആശുപത്രി. | VIII | കൈക്കനാൽ വഴി. |
| 45 | [illegible] | [illegible] | |

## പട്ടിക ബി

# ചെമ്പിലോട് പഞ്ചായത്ത്

## പഞ്ചായത്തിന്റെ ചുമതലയിലുള്ള റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | വാർഡ് നമ്പർ | നീളം കി.മി. | വീതി മീ. | റിമാർക്സ് |
|---|---|---|---|---|---|
| 1 | ചെമ്പിലോട്-കൂട്ടിക്കച്ചാൽ-മാച്ചേരി റോഡ് | 1 | 0.40 | 3.00 | |
| 2 | കോമത്തുകുന്നമ്പ്രം-കെഴക്കടച്ചാൽ റോഡ് | 1 | 0.714 | 4.00 | കൾവട്ട് 6 മീ. വീതി |
| 3 | കോമത്തുകുന്നുമ്പ്രം-വലസൊസൈറ്റി-മാച്ചേരി റോഡ് | ,, | 0.198 | 4.00 | |
| 4 | കോമത്തുകുന്നുമ്പ്രം-വിളക്കിനാൽചാൽ മാച്ചേരി റോഡ് | | 0.190 | 3.00 | മാച്ചേരിയിലേക്കുള്ള നീളം 254 മീ. |
| 5 | കോമത്തുകുന്നുമ്പ്രം-കെ.വി.റോഡ് | 2 | 0.442 | 3.50 | |
| 6 | കെ.വി.റോഡ്-കോവിൽ റോഡ് | 1 | 0.660 | 3.50 | |
| 7 | കൊറ്റമ്പാറക്കൽ റോഡ്-സുധീഷ് സ്മാരക ഷെൽട്ടർ-ചെമ്പിലോട് മെട്ടറോഡ് | | 2.130 | | ബസ് റൂട്ടുള്ള രണ്ടു റോഡുകളെ ബന്ധിപ്പിക്കുക. |
| 8 | ചെമ്പിലോട് പഞ്ചായത്താഫീസ്-കോമത്തു കുന്നുമ്പ്രം വയൽ റോഡ് | | 1.684 | 8.0 | |
| 9 | ചാല ദേശോദ്ധാരണ വായനശാല-കൊറ്റംകുന്നു-തെക്കെക്കര- മന്നിയലമ്പറമ്പ് ഊർ- പഴശ്ശിക്കാവ് റോഡ് | 4 | 2.[illegible]0 | 6.75 | |
| 10 | കിഴക്കെ വളപ്പിൽ-ചാല റെയിലോടുചേർന്ന റോഡു (കുഞ്ഞിപ്പുര പീടിക റോഡ്) | | 0.285 | 33.75 | 9-ാം നമ്പർ റോഡിന്റെ ശഖ |
| 11 | കിഴക്കെവളപ്പിൽ-താപ്പള്ളികണ്ണോത്ത് റോഡ് | | | | |
| 12 | കൊക്കോൺകണ്ടി-ചീനാരത്ത് റോഡ് | | 0.200 | 400 | ,, |
| 13 | തട്ടാന്റെവളപ്പിൽ-കളത്തിലെ വളപ്പിൽ റോഡ് | | 0.300 | 3.00 | ,, |
| 14 | ചാല-വെള്ളൂരില്ലം റോഡ് | | 0.427 | 4.25 | |
| 15 | ഒതയോർത്ത്മുക്ക്-വെള്ളൂർചാൽ റോഡ് | | 0.280 | 3.00 | ,, |
| 16 | ചാല വില്ലേജ് ഓഫീസ്-കടാങ്കോട്ടമാക്കം റോഡ് | | 0.485 | 3.00 | |
| 17 | കടാങ്കോട്ടമാക്കം കൊറ്റംകുന്നംറോഡ് ലിങ്ക് റോഡ് | | 0.090 | 3.00 | |
| 18 | ചാല കൃസ്ത്യൻപള്ളി-മൈലപ്രം ക്ഷേത്രം റോഡ് | | 0.849 | 3.00 | 4-ാം വാർഡിൽനിന്നും 3-ാം വാർഡിലേക്കു പോകുന്നു |
| 19 | ക്രിസ്ത്യൻപള്ളി-ചാത്തോത്ത് റോഡ് | 4 | 0.138 | 3.75 | |
| 20 | തന്നട-മയിലപ്രം ക്ഷേത്രം റോഡ് പൊതുവാച്ചേരി റോഡിൽനിന്ന് | | 0.225 | 3.50 | |
| 21 | ചാല-മണിയലം ക്ഷേത്രം റോഡ് (എസ്.ഐ.റോഡ്) | | 1.520 | 7.50 | |
| 22 | കുനിത്തലയില്ലം-കലാസമിതി റോഡ് മഠത്തിൽവീടു മുതൽ കൊല്ലങ്കണ്ടിച്ചാൽ വരെ | | 0.790 | 5.50 | |
| 23 | പടിഞ്ഞാറയിൽ വീട് മുതൽ വെള്ളിലോട് വായനശലവരെ | | 0.153 | 3.50 | |
| 24 | ഇരിവേരി വില്ലേജ് എക്സ്റ്റൻഷൻ-കണയന്നൂർ-മത്തിപ്പാറ റോഡ് | vii | 2.132 | | |
| 25 | ചക്കരക്കല്ല് പി.എച്ച്.സി. കമ്യൂണിറ്റി ഹാൾ റോഡ് | „ | 0.316 | 3.50 | |
| 26 | പൂവത്തുംതറ-കീരിയോട്ട് മൂല റോഡ് | „ | 0.281 | 3.00 | |
| 27 | പൂവത്തുംതറ-കെ.വി. ശ്രീധരൻ പീടിക റോഡ് | „ | 0.571 | 5.00 | |
| 28 | പൂവത്തുംതറ-പാടിച്ചാൽ റോഡ് | „ | 0.752 | 3.50 | |
| 29 | താഴെമവ്വഞ്ചേരി-കീരിയോട് റിഫായിപള്ളി റോഡ് | „ | 0.814 | 4.00 | |
| 30 | പാടിച്ചാൽ-മാണിക്കോത്ത് റോഡ് | „ | 0.352 | 3.00 | |
| 31 | പാനേരിച്ചാൽ-ബാവോട് റോഡ് | x | 1.410 | 3.50 | |
| 32 | ശാഖാ റോഡ് | „ | 0.128 | 3.00 | |
| 33 | ചോലക്കുന്നുമ്പ്രം-ബാവോട്-കക്കോത്ത്കുന്നുമ്പ്രം റോഡ് | „ | 0.406 | 3.75 | |
| 34 | കക്കോത്ത്-പാറക്കണ്ടി റോഡ് | „ | 0.244 | 4.00 | |
| 35 | കക്കോത്ത്-ചോലകുന്നുമ്പ്രം റോഡ് | „ | 0.400 | 3.50 | |
| 36 | പാനേരിച്ചാൽ-മാടിയത്ത് -പുറത്തേക്കാട് റോഡ് | „ | 1.200 | 7.50 | |
| 37 | കൊപ്രക്കളം-മിടാവിലോട് റോഡ് | „ | 0.693 | 4.50 | |
| 38 | ചൂള-മിടാവിലോട് റോഡ് | „ | 0.230 | 4.00 | |
| 39 | സ്റ്റേഡിയം-അംഗൻവാടി കനാൽ റോഡ് | „ | 0.232 | 3.75 | |
| 40 | പാനേരിച്ചാൽ കനാൽ കണയന്നൂർ മാപ്പിള എൽ.പി. സ്കൂൾ റോഡ് | x,xii | 1.260 | 4.00 | വേദമംഗലം കടപ്പുറം റോഡുമായി ചേരുന്നു. |
| 41 | പാനേരിച്ചാൽ-മേലേക്കണ്ടി ചെക്കിച്ചാൽ റോഡ് | x | 0.530 | 3.50 | |
| 42 | വേദമംഗലം കടപ്പുറം റോഡ് | „ | 0.292 | 4.00 | ആർ.വി.മെട്ട ഇരിവേരി കനാൽ റോഡുമായി ചേരുന്നു. |
| 43 | ആർ.വി.മെട്ട-ഇരിവേരികനാൽ റോഡ് | „ | 0.843 | 4.00 | |
| 44 | ആർ.വി.മെട്ട-തുച്ചത്ത് ചാൽ റോഡ് | „ | 0.200 | 3.00 | |
| 45 | ഇരിവേരി ലക്ഷംവീട് കോളിനി-ഇരിവേരി മാപ്പിള വെസ്റ്റ് എൽ.പി.സ്കൂൾ | „ | 0.800 | 4.00 | |
| 46 | ചെമ്പിലോട്മെട്ട എ.കെ.ജി. വായനശാല-പൊതുവാച്ചേരി റോഡ് | vi | 2.242 | 8.00 | |
| 47 | കിളിയൽകുന്നുമ്പ്രം ചെമ്പരൻമൂല റോഡ് | „ | 0.123 | 7.50 | |
| 48 | കാട്ടിലെ പരയിൽ മുക്ക്-മുതുകുറ്റി പൊക്കൻമാവ് റോഡ് | „ | 1.700 | 5.50 | |
| 49 | തുവരക്കാൽപറമ്പ്-തലവിൽവയൽ റോഡ് | „ | 0.354 | 3.00 | |
| 50 | പൊക്കൻമാവ് തലവിൽ ഹൈസ്കൂൾ റോഡ് | „ | 0.914 | 3.25 | |
| 51a | തലവിൽ ഹൈസ്കൂൾ-മുതുക്കുറ്റി കപ്പറ്റപ്പള്ളി റോഡ് | vi,ix | 1.125 | 4.50 | |
| 51b | നമ്പാലം കുന്ന് കൂറ്റമ്പേത്ത് താഴെ വയൽറോഡ് | „ | 0.192 | 4.00 | |

| | | | | | |
|---|---|---|---|---|---|
| 52 | കപ്പറ്റ ആലക്കാട്കുന്നമ്പ്രം റോഡ് | vi,IX | 2.728 | 4.00 | |
| 53 | കൊച്ചമുക്ക് (പൂവത്തിൻതറ) ഇരിവേരികനാൽ റോഡ് | Vi | 0.260 | 8.00 | |
| 54 | ചാലിൽകുന്നുമ്പ്രം മുതുകുറ്റി യു.പി.എസ്സ്. | " | 0.108 | 4.00 | |
| 55 | നാണുവിന്റെ പീടിക-ചന്തൂന്റെ വളപ്പിൽപീടിക റോഡ് | " | 0.128 | 3.00 | |
| 56 | ചന്ദ്രോത്ത്കുന്നുമ്പ്രം തട്ടാന്റെ വളപ്പ് റോഡ് | " | 0.500 | 2.50 | |
| 57 | വലിയാണ്ടികുന്നുമ്പ്രം-മൊട്ടോന്റെകുന്നുമ്പ്രം റോഡ് | " | 0.278 | 5.00 | |
| 58 | മത്തിപ്പാറമുക്ക്-മുതുകുറ്റി വയൽ റോഡ് | " | 0.256 | 3.00 | |
| 59 | മുട്ടിൽമുക്ക് വടക്കെവളപ്പ് റോഡ് | " | | 3.00 | |
| 60 | തൈക്കയിൽ കൊള്ളിയാൽ റോഡ് | viii | 0.757 | 3.50 | |
| 61 | കുട്ടിക്കുന്നുമ്മൽ-മിടാവിലോട് വയൽ റോഡ് | " | 0.386 | 3.00 | |
| 62 | കുട്ടക്കുന്നുമ്മൽ-കണയന്നൂർ മാപ്പിള എൽ.പി. സ്കൂൾ റോഡ് | " | 0.915 | 3.50 | |
| 63 | തെകക്കയിൽ-മുട്ടിലച്ചിറ മുതുകുറ്റി എൽ.പി.സ്കൂൾ | " | 2.31 | 7.50 | |
| 64 | കണയന്നൂർ പൊതുശ്മശാനം-ഇരിവേരി കനാൽ റോഡ് | " | 1.118 | 3.75 | xii-ാം വാർഡ് |
| 65 | മുതുകുറ്റി ലക്ഷംവീട് കോളനി കാടയങ്കണ്ടി മുള്ളൻകാട്ടിൽ റോഡ് | " | | 4.00 | കൊച്ചമുക്ക് റോഡ് ചേരുന്ന xii-ാം വാർഡ്. |
| 66 | കണയന്നൂർ പൊതുശ്മശാനം-ഇരിവേരി കനാൽ റോഡ് | " | 0.954 | 3.00 | |
| 67 | മുകുറ്റി എൽ.പി.സ്കൂൾ മുല്ലപ്പുറം റോഡ് | viii | 0.480 | 3.75 | |
| 68 | കണയന്നൂർ പൊതുശ്മശാനം റോഡിൽനിന്ന് കണയന്നൂ എൽ.പി. സ്കൂൾ | " | 0.182 | 4.00 | |
| 69 | തെക്കയിൽ മലയാളം കുന്ന്-കണയന്നൂർ ആനയാട്ട് റോഡ് | " | 2.500 | | |
| 70 | എസ്.ഐ. റോഡ് കുനിത്തല ഇല്ലംമുതൽ മണിയലംമുക്ക് വരെ | ix | 1.500 | | |
| 71 | കുനിത്തല ഇല്ലം-കുണ്ടിൽവീട് വരെ | " | 1.500 | | |
| 72 | ആശാരിപീടിക മുതൽ പടിഞ്ഞാറയിൽ വീട് വരെ | " | 0.200 | | |
| 73 | ഗ്രാമോദ്ധാരണ വായനശാല മുതൽ തന്നട രാമർ വീട് വരെ | " | 0.250 | | |
| 74 | എലൈഡ് റോഡ് മുതൽ മണിയലം വരെ | " | 0.750 | | |
| 75 | കടന്നപ്പള്ളി റോഡിൽ കുഞ്ഞപ്പനായർ പീടിക വരെ | " | 0.250 | | |
| 765 | വേങ്ങേച്ചേരിമുക്ക് മുതൽ മടേരത്ത്കുന്നുമ്പ്രം വരെ | " | 1.000 | | |
| 77 | കോയ്യോട് ഈസ്റ്റ് പി.എസ്.-അരേത്ത് ഇബ്രാഹിമിന്റെ വീട് വരെ | " | 0.300 | | |
| 78 | കോയ്യോട്-മേലെ തന്നട റോഡ് | " | 1.00 | 8.00 | |
| 79 | കരുവാങ്കണ്ടി മുതൽ തലവിൽ റോഡിന്റെ ഭാഗം | xi | 1.50 | 8.00 | |
| 80 | പള്ളിപ്പൊയിൽ-കൊയ്യോട് റോഡ് | " | 1.00 | 4.00 | ടാറിട്ടത് |
| 81 | ചാത്തോത്ത്കുളം-ആറ്റടപ്പക്കാവ് | " | 0.500 | 4.00 | ടാറിട്ടത്, തുടർച്ച ചേലോറ പഞ്ചായത്തിൽ |
| 82 | വങ്കണ-കാള്യത്ത്ചിറ റോഡ് | " | 1.00 | 4.00 | |
| 83 | കോയ്യോട്-മുച്ചിലോട്ട്കാവ് റോഡ് | " | 0.700 | 4.00 | |
| 84 | കോയ്യോട്-തട്ടുപറമ്പ്-ആറ്റടപ്പ | " | 0.300 | 4.00 | |
| 85 | ചെമ്പിലോട്മെട്ട-പള്ള്യത്ത് | " | 1.00 | 4.00 | |
| 86 | രാഘവൻപീടിക-വങ്കണറോഡ് | " | 0.500 | | |
| 87 | അംഗൻവാടി റോഡ് | xi | 0.500 | 8.00 | |
| 88 | ചാല-തന്നട-പൊതുവാച്ചേരി റോഡ് | iii | 2.500 | 4.00 | ടാറിട്ടത്, ബസ്സ് റൂട്ടുണ്ട് |
| 89 | വണ്ണാൻചാൽ റോഡ് | " | 1.500 | 4.00 | |
| 90 | കടന്നപ്പള്ളി റോഡ് | ix,iii | 1.750 | 4.00 | |
| 91 | വെങ്ങിലോട് വായനശാലമുതൽ തന്നട എൽ.പി. സ്കൂൾവരെ | ix,iii | 2.250 | 4.00 | |
| 92 | കൂറക്കുണ്ട് റോഡ് | iii | 1.00 | 4.00 | |
| 93 | ലക്ഷംവീട് കോളനി റോഡ് | iii | 0.500 | 4.00 | |
| 94 | കൃസ്ത്യൻപള്ളി-മയിലപ്രം കാവ് റോഡ് | iii | 1.00 | 4.00 | |
| 95 | പൊതുവാച്ചേരി റോഡ് മൈലപ്രം കാവ് റോഡ് | iii | 0.500 | 4.00 | |
| 96 | ചൂളമുക്ക്-കോട്ടപ്രം റോഡ് | iii | 0.500 | 4.00 | |
| 97 | ചൂളമുക്ക്-മന്ദമ്പേത്ത്ഭാഗം റോഡ് | iii | 0.500 | 4.00 | |
| 98 | ചന്തുനന്റെ വളപ്പു മുതൽ ഇരിവേരിക്കനാൽ വരെ | V | 1.00 | 4.00 | |
| 99 | കോറോത്ത്കാവ്-ചെമ്പരകുന്ന് | " | 2.00 | 4.00 | |
| 100 | പാതിപ്പറമ്പത്ത്മുക്ക്-നാരായണൻ വൈദ്യരുടെ വീട് അമ്പിളിയാട്ട് ക്ഷേത്രം | " | 1.00 | | |
| 101 | ഗോവിന്ദന്റെ വീട്-നാരായണൻ വൈദ്യരുടെ വീട് | " | 2.000 | 4.00 | |
| 102 | പീറ്റക്കണ്ടി ശശിയുടെ വീടുമുതൽ കാണിയോട്ട് കുന്നുമ്പ്രം | " | 1.500 | 4.00 | പനത്തറ സ്കൂൾ വഴി |
| 103 | വെള്ളച്ചാൽ മാവേലിസ്റ്റോർ-വയക്കര താഴെ | " | 1.500 | 4.00 | |
| 104 | വെള്ളച്ചാൽ-ചിരുകണ്ടോത്ത് റോഡ് | " | 1.000 | 4.00 | |
| 105 | വെള്ളച്ചാൽ-ആയില്യത്ത് റോഡ് | " | 0.250 | 4.00 | |
| 106 | പുതിയപറമ്പത്ത്മുക്ക്-രയരോത്ത് താഴെ | " | 0.200 | 4.00 | |
| 107 | ആശാരിമുക്ക്-മനോളിക്കണ്ടി താഴെ | " | 1.000 | 4.00 | |
| 108 | ആശാരിമുക്ക്-കോളോളിത്താഴെ | " | 0.200 | 4.00 | |
| 109 | ഇരിവേരിമെട്ടറോഡ്-ചൊട്ടിവളപ്പ് | " | 0.800 | 4.00 | |
| 110 | ആർ.വി.മെട്ട ട്രാൻസ്ഫോമർ-കൊളത്തംപൊയിൽ റോഡ് | " | 1.000 | 4.00 | |
| 111 | മുതുകോടത്ത്മുക്ക്-മനോളിക്കണ്ടിതാഴെ | xii | 0.200 | 4.00 | |
| 112 | കുട്ടിക്കുന്നുമ്മൽ മെട്ട-പള്ളിക്കണ്ടി-മുസ്ലീം എൽ.പി.സ്കൂൾ- കണയന്നൂർവലിയവീട് ക്ഷേത്രം. | xii | 1.000 | 4.00 | |
| 113 | തെയ്യത്താർകുന്ന് പൊതുശ്മശാനം-പുളുക്കൂൽ | " | 2.000 | | |
| | മാതംകുളങ്ങര- ഇരിവേരികനാൽവരെ | | | 4.00 | |
| 114 | തെയ്യത്താൻകുന്നു മുതൽ ആനയാട്ട് കുഞ്ഞിരാമൻമാസ്റ്ററുടെ | " | 1.000 | 4.00 | |
| | വീട് വരെ | | | 4.00 | |
| 115 | കാട്ടിലെ വളപ്പിൽ-മഠത്തിൽ പൊയിൽ | " | 0.400 | 4.00 | |
| 116 | കാട്ടേങ്കണ്ടിമുതൽ മുള്ളൻകാട് വരെ | " | 1.500 | 4.00 | |
| 117 | മുട്ടിലെചിറ-ഒതയോത്ത് പൊയിൽ | " | 0.300 | | |

# പട്ടിക - ഡി

## ചെമ്പിലോട് പഞ്ചായത്ത്-നിർമ്മാണ ഭാഗികമായി ബാക്കിയാകയാൽ പൂർണ്ണമായി പ്രയോജനപ്പെടാത്ത റോഡുകൾ

| ക്രമ. നം. | റോഡിന്റെ പേര് | വാർഡ് നം. | നിർമ്മാണം ബാക്കിയുള്ള ഭാഗം | റിമാർക്സ് |
|---|---|---|---|---|
| 1 | മൈനാങ്കുണ്ട്-കെ.വി. റോഡ് | 1 | 200 മീ. | വയൽഭാഗം ഉയർത്തി നിർമിക്കണം |
| 2 | കോവിൽ-ചെമ്പിലോട് മെട്ട | 1 | 150 മീ | ടി |
| 3 | പൂവത്തിൻതറ - ചാലിൽ റോഡ് | 1 | 150 മീ | കോമത്ത് കുന്നുമ്പ്രം റോഡുമായി ബന്ധിപ്പിക്കാം |
| 4 | പൊനോൻകുണ്ട് റോഡ് | 1 | 200 മീ | വങ്കണറോഡുമായി ബന്ധിപ്പിക്കാം |
| 5 | ആറ്റടപ്പ-ചെറുപ്പറമ്പ് റോഡ് | 2 | 25 മീ. | ഉടുപ്പക്കുണ്ട് റോഡുമായി ബന്ധിപ്പിക്കാം |
| 6 | പള്ളിക്കുന്നുമ്പ്രം റോഡ് | 2 | 200 മീ. | തോട്ടുമുഖത്ത് റോഡുമായി ബന്ധിപ്പിക്കാം |
| 7 | ആത്മാനന്ദ വായനശാല-മണിയലം റോഡ് | 2 | | കോറോത്ത് കുന്നുമ്പ്രം തരിശുവഴി ആറ്റടപ്പ റോഡുമായി ബന്ധിപ്പിക്കാം |
| 8 | ചെമ്പിലോട് വില്ലേജാഫീസ്-കടാങ്കോട്മാക്കം റോഡ് | 4 | 50 മീ. | കണ്ണൂർ-കൂത്തുപറമ്പ് റോഡുമായി ബന്ധിപ്പിക്കാം |
| 9 | കോയ്യോട് കൺസ്യൂമർസ്റ്റോർ-കുട്ട്യാലി പ്രാംകനാൽ റോഡ് | 2 | 50 മീ. | 2 കലുങ്കുകൾ നിർമിച്ചാൽ ആറ്റടപ്പ റോഡുമായി ബന്ധിപ്പിക്കാം |
| 10 | അമ്പിളിയാട്ടമ്പലം-കച്ചേരിപ്പറമ്പ് | 5 | | |
| 11 | എടക്കാടൻക[illegible]ണ്ടി ഇടവഴി കനാൽ റോഡുമായി ബന്ധിപ്പിക്കാൻ | 5 | 30 മീ. | ചന്തൂന്റവളപ്പ് റോഡും കനാൽ റോഡുമായി ബന്ധിപ്പിക്കാം |
| 12 | മവ്വഞ്ചേരി പോസ്റ്റോഫീസിനു മുന്നിൽനിന്ന് തുടങ്ങുന്ന റോഡ് | 7 | | മെയിൻ റോഡിൽ നിന്ന് പ്രവേശിക്കുന്നിടത്ത് പൂർത്തിയാക്കണം |
| 13 | താഴെമവ്വഞ്ചേരി-കീരിയട്ട്പള്ളി റോഡ് | 7 | | റോഡാരംഭിക്കുന്നിടത്ത് പൂർത്തിയാക്കണം |
| 14 | തെയ്യത്തൻകുന്ന് ശവപ്പറമ്പ് റോഡും തെയ്യത്താൻകണ്ടി കാടേങ്കണ്ടി റോഡും യോജിപ്പിക്കൽ | 12 | 300 മീ. | ചക്കക്കൽ ടൗണിലേക്ക് എളുപ്പം |
| 15 | തലവിൽ ഹൈസ്കൂൾ-മുതുകുറ്റി കപ്പപ്പള്ളി റോഡ് | 6 | ഒരു പാലം | മുതുകുറ്റിയുമായി ബന്ധിപ്പിക്കാം |



# പാർപ്പിടം

ഏകദേശം 70 വർഷങ്ങൾക്കു മുമ്പ് ചെമ്പിലോട് ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും മൺതറയും മൺകട്ടകൾകൊണ്ടുള്ള ഭിത്തികളും ഓലയും പുല്ലും കൊണ്ട് മേഞ്ഞതും അടിസ്ഥാന സൗകര്യങ്ങളൊന്നും തന്നെ ഇല്ലാത്തവയുമായിരുന്നു. എന്നാൽ നല്ല സൗകര്യങ്ങളോട് കൂടിയ വീടുകൾ ബ്രാഹ്മണരുടെയും ജന്മികളുടെയും അവകാശ മേൽകോയ്മയുടെ പ്രതീകങ്ങളായി നമുക്ക് കാണാൻ കഴിയും. 1960-ന് ശേഷം ഈ രംഗം പടിപടിയായി മാറ്റങ്ങൾക്ക് വിധേയമായി. 1980-കൾക്ക് ശേഷം സർക്കാർ നിയമങ്ങളിലുള്ള ഉദാരവൽക്കരണങ്ങളും ഗൾഫ് പണത്തിന്റെ സ്വാധീനവും സഹകരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണ ഏജൻസികൾ തുടങ്ങിയവ വീടു നിർമിക്കാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങളുമായി രംഗത്ത് വന്നതും ഈ അവസ്ഥയ്ക്ക് മാറ്റങ്ങൾ വരുത്തി. കുടുംബ സംവിധാനത്തിന്റെ തകർച്ചമൂലം ഒരാൾക്ക് ഒരു വീട് എന്ന ആധുനിക കാഴ്ചപ്പാട് വീടുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ വർധനവിന് മുഖ്യകാരണമായി തീർന്നു. കുടുംബ സ്വത്തിന്റെ ഭാഗക്കാരാർ നിരന്തരം നടക്കുന്നത് മൂലം ഭൂമി തുണ്ടം തുണ്ടമായി പോകുകയും വീട് നിർമ്മിക്കാൻ പര്യാപ്തമായ സൗകര്യം ഇല്ലാതായിത്തീരുകയും വീട് നിർമാണം പാടത്തിലേക്ക് നീങ്ങുകയും നിർമാണ ചെലവ് സാധാരണക്കാരന് താങ്ങാനാവാത്തവിധം വർധിക്കുകയും ഒപ്പം നിർമാണ സാമഗ്രികളുടെ ലഭ്യതക്കുറവും വീടെന്ന ആവശ്യം പലർക്കും വലിയ ചോദ്യചിഹ്നമായി മുന്നിലുയർന്നു വരികയും ചെയ്തുകൊണ്ടിരിക്കുകയാണ്. നിർമാണ സാമഗ്രികളുടെ ദൗർലഭ്യം നേരിടുന്ന ഒരു പഞ്ചായത്ത് കൂടിയാണ് നമ്മുടെതെന്ന് ഓർക്കേണ്ടതുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനവും അനുകരണ സ്വഭാവവും കൂടിയാകുമ്പോൾ ആവശ്യാധിഷ്ഠിതമല്ലാത്ത വീട് നിർമ്മിക്കുന്നതിന്റെ ഫലമായി നിർമ്മാണം പലപ്പോഴും നിർത്തിവെക്കേണ്ടിവരുന്നു എന്നതാണ് വസ്തുത. വീട് മോടികൂട്ടുന്നതിന്റെ കാര്യത്തിൽ ഒരു മത്സരം തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഗൾഫുകാരെ അനുകരിച്ച് ഇടത്തരക്കാർ പ്രത്യേകിച്ചും നിത്യവൃത്തിക്ക് വരുമാനമില്ലാത്തവർ പോലും കടം വാങ്ങി വീടു നിർമ്മിക്കാൻ തുടങ്ങി. ജീവിതമാർഗത്തിന്റെ ഏറിയ പങ്കും പാർപ്പിടത്തിന് വേണ്ടി നീക്കിവെക്കേണ്ടിവരുന്നു. ജീവിത കാലം കൊണ്ട് തീർക്കാൻ പറ്റാത്ത രീതിയിലുള്ള കടത്തിന്റെ ഉടമകളായിത്തീരുകയും അതോടെ ഒരു തരം നിരാശാ ബോധം വളരുകയും ജീവിതം ദുരിതപൂർണ്ണവും കുടുംബങ്ങൾ അനാഥമായിത്തീരുകയും ചെയ്യുന്ന വസ്തുതയാണ് ഇന്ന് നിലനിൽക്കുന്നത്.

ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം വീടുകളും അടിസ്ഥാന സൗകര്യം ഉള്ളവയാണ്. വീടില്ലാത്ത ചില കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ആകെയുള്ള 4627 വീടുകളിൽ 787 കോൺക്രീറ്റും 3696 വീടുകൾ ഓട് മേഞ്ഞതും, 115 എണ്ണം ഓല മേഞ്ഞതും 29 എണ്ണം കുടിലുകളുമാണ്. ഇതിൽ 1244 വീടുകളിൽ വൈദ്യുതി സൗകര്യമില്ല.

പഞ്ചായത്തിൽ വിവിധ തരത്തിലുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ജെ.ആർ.വൈ. പദ്ധതിയിൽ ഇതുവരെ 21 വീടുകൾ നിർമ്മിച്ചിട്ടുണ്ട് അതുപോലെ കൈരളി ഭവനനിർമ്മാണ പദ്ധതിയിൽ കൂടി121

വീടുകൾ നിർമ്മിച്ചു. ഭവന നിർമ്മാണ ലഭ്യത പട്ടികകൾ ചുവടെ ചേർക്കുന്നു.

| വർഷം | RLEGP | MREP | IAY | MWS | JRY | KAIRALI |
|---|---|---|---|---|---|---|
| 1989–90 | | | 1 | | | |
| 1990–91 | | | 2 | 2 | | |
| 1991–92 | | | | 1 | | |
| 1992–93 | | | | | | |
| 1993–94 | | | | 1 | | |
| 1994–95 | | | 1 | 4 | | |
| 1995–96 | | | 6+2 | | | |
| ആകെ | | | 12 | 8 | 21 | 21 |

സർക്കാർ മുഖേന വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാരവും മറ്റ് സഹകരണ സ്ഥാപനങ്ങൾ മുഖേനയും ഭവന നിർമ്മാണ സഹായം പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ഭവന നിർമ്മാണ രംഗത്ത് പ്രത്യേകം പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റികൾ പഞ്ചായത്തിൽ ഇല്ലെങ്കിലും ഇതിന്റെ സേവനം മറ്റ് ഏജൻസികളിൽ നിന്ന് കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ചേലോറ ഹൗസിംഗ് സൊസൈറ്റി, മൗവ്വഞ്ചേരി സ.കോ.ഓ.ബാങ്ക്, ഇരിവേരി കോ.–ഓപ്പ്. ബാങ്ക്, കൊയ്യോട് സർവീസ് സഹകരണ ബാങ്ക് എന്നിവയുടെ സേവനങ്ങൾ ഈ രംഗത്ത് കിട്ടുന്നുണ്ട്. എന്നാൽ വർധിച്ച പലിശയും സങ്കീർണമായ ജാമ്യവ്യവസ്ഥയും യഥാസമയം വയ്പ ലഭിക്കാത്ത കാരണം. ഇത്തരം വായ്പ സാധാരണകാരന് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

വികസന ബ്ലോക്ക് മുഖേന, ഭവന നിർമ്മാണത്തിൽ പഞ്ചായത്ത് നൽകിയ സഹായങ്ങളുടെ വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധപരിപാടികളിൽ അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ പൂർത്തീകരിക്കാനുള്ളത് | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|---|
| 1. | 32 | 3 | 2 | 1 | 29 |
| 2. | 11 | 5 | 4 | 1 | 6 |
| 3. | 21 | 2 | 1 | 1 | 19 |
| 4. | 5 | 1 | | | 5 |
| 5. | 29 | 2 | 2 | | 27 |
| 6. | 24 | | | | 24 |
| 7. | 10 | | | | 10 |
| 8. | 23 | 1 | 1 | | 22 |
| 9. | 12 | 3 | 2 | 2 | 9 |
| 10. | 36 | 6 | 5 | 1 | 30 |
| 11. | 11 | 2 | 1 | 1 | 9 |
| 12. | 8 | 4 | 2 | 2 | 4 |
| ആകെ | 222 | 27 | 20 | 9 | 194 |

അമിതമായ വീടു നിർമാണവും മോടിപിടിപ്പിക്കുന്നതിലുള്ള മത്സരബുദ്ധിയും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റത്തെ സാരമായി ബാധിച്ചു. 1987 വർഷങ്ങളിൽ ഒരു ചാക്ക് സിന്റിന് 70 രൂപ വിലയായിരുന്നു. ഇന്ന് 192 രൂപയും. ചെങ്കല്ലിന് 2800–ൽ നിന്ന് 8000 രൂപയുമായിരിക്കുന്നു. അതുപോലെ കമ്പി, ഓട്, ഇഷ്ടിക, മരം തുടങ്ങിയവയിലുള്ള വിലവർധനവ് എത്രയോ ഇരിട്ടിയാണെന്ന് നമുക്ക് കാണാൻ കഴിയും തൊഴിലാളികളുടെ ലഭ്യതകുറവും പ്രത്യേകിച്ചും വൈദഗ്ധ്യമുള്ളവരെ യഥാസമയം ലഭിക്കായ്മയും മൂലം വീടുകൾ പെട്ടെന്ന് പൂർത്തീകരിക്കാൻ സാധിക്കുന്നില്ല.

സ്വന്തമായി വീടു നിർമിക്കാൻ ഭൂമിയില്ലാത്ത കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

ലക്ഷം വീട് കോളനികൾ 4 എണ്ണം ഈ പഞ്ചായത്തിലുണ്ട്. മുതുകുറ്റി, ഇരിവേരി, ചെമ്പിലോട്, തന്നട എന്നീ സ്ഥലങ്ങളിലായി ഇവ സ്ഥിതിചെയ്യുന്നു. കുടിവെള്ള പ്രശ്നമടക്കം കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല.

## പ്രശ്നങ്ങൾ

1.ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതികത്വം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

2.നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർധനവ്

3.വൈദ്യുതി ലഭിക്കുന്നതിലുള്ള കാല താമസം.

4.ഭവന നിർമാണ വായ്പ ലഭിക്കുന്നതിലുള്ള കുടിക്കട സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നു.

5.നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം മൂലം വീടുകൾ യഥാസമയം പൂർത്തീകരിക്കുവാൻ കഴിയുന്നില്ല.

6.ഭവന രഹിതരായ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലാത്തതിന്റെ ഫലമായി ഭവന നിർമ്മാണ വായ്പ ഉപയോഗിക്കാൻ കഴിയുന്നില്ല.

7.ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാനുള്ള ബോധവൽക്കരണത്തിന്റെ കുറവ്.

8.അമിതമായ അനുകരണ ശീലം വലിയ വീടുകൾ നിർമിക്കാനുള്ള മോഹം വർധിപ്പിക്കുന്നു.

9.സാനിറ്ററി സൗകര്യങ്ങളുടെ അഭാവം കുടുംബങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ

1.ഭവന നിർമ്മാണ വായ്പ എളുപ്പം ലഭ്യമാക്കുക. ഭവന നിർമ്മാണ സഹായം വർധിപ്പിക്കുക.

2. പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾ രൂപവൽക്കരിക്കുക.

3.അർഹരായ എല്ലാവർക്കും ഭവന നിർമ്മാണ വായ്പ അനുവദിക്കുക.

4.ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാനുള്ള ബോധവർക്കരണം സംഘടിപ്പിക്കുക.

5.എല്ലാ വീടുകൾക്കും സാനിറ്ററി സൗകര്യം ഉറപ്പാക്കുക.

6.ഭവന നിർമ്മാണ സഹായങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുക.

7.പഞ്ചായത്തധീനതയിലുള്ള ഭൂമി, മിച്ചഭൂമി സർക്കാർ പുറംമ്പോക്ക് ഭൂമി എന്നിവ ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ വേണ്ടി മാത്രം പതിച്ച് നൽകുക.

8.ജെ.ആർ.വൈ., ഐ.എ.വൈ. തുടങ്ങിയ ഭവന നിർമാണ പദ്ധതികളുടെ വായ്പ പരിധി 50,000 രൂപയായി ഉയർത്തുക.

9.പ്രാദേശികമായി ലഭ്യമാക്കുന്ന മണ്ണുപയോഗിച്ച് ചുടുകട്ട നിർമ്മിക്കുന്ന യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കുക.

# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്
## OUTLINE MAP

• ലക്ഷംവീട് കോളനികൾ




1. ഇരിവേരി ലക്ഷംവീട് കോളനി
2. മുതുകുറ്റി ലക്ഷംവീട് കോളനി
3. ചെമ്പിലോട് ലക്ഷംവീട് കോളനി
4. തന്നട ലക്ഷംവീട് കോളനി



# സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യത്തിനു മുമ്പ് നമ്മുടെ സമൂഹത്തിൽ നില നിന്നിരുന്ന ജാതി–ജന്മി നാടുവാഴിത്ത വ്യവസ്ഥിതിയുടെ ഫലമായി സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസ പരവുമായ കാര്യങ്ങളിൽ നാം പിന്നോക്കാവസ്ഥയിലാ യിരുന്നു. ദാരിദ്ര്യവും പട്ടിണിയുമായിരുന്നു പരിണിത ഫലങ്ങൾ. സാമൂഹ്യമായ അനാചാരങ്ങളും അന്ധവി ശ്വാസങ്ങളും ഇതിന് ആക്കംകൂട്ടി. ഇതിന്റെ ഫലമായി ഏറ്റവും കൂടുതൽ ദുരിതമനുഭവിച്ചത് ആശ്രിതരായി കഴി യേണ്ടിവന്ന അഗതികൾ, വികലാംഗർ, വിധവകൾ തുട ങ്ങിയവരായിരുന്നു.

സ്വാതന്ത്ര്യാനന്തരം സാമൂഹ്യക്ഷേമരംഗത്ത് സർക്കാർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി 1954ൽ വികസന ബ്ലോക്കുകൾ രൂപീകരിക്കുകയും പഞ്ച വത്സര പദ്ധതികളുടെ ഭാഗമായി അറുപതുകളിൽ പലത രത്തിലുള്ള ക്ഷേമപദ്ധതികൾ ആരംഭിച്ച് ഗ്രാമവികസന വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കൃഷിഭവൻ, ഗ്രാമപ ഞ്ചായത്ത്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളിൽകൂടി നടപ്പാക്കുകയും ചെയ്തു തുടങ്ങി. ഈ പദ്ധതികൾക്കു പുറമെ പട്ടികജാതി പട്ടികവർഗ്ഗ വിക സനത്തിന് പട്ടികജാതി വികസന കോർപ്പറേഷനും വനി തകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പ റേഷനും പ്രവർത്തിക്കുന്നു. ഐ.ആർ.ഡി.പി. വഴിയാണ് ദാരിദ്ര്യനിർമാർജനം പഞ്ചായത്തിൽ കൂടുതലായി നട പ്പാക്കിവരുന്നത്. ഐ. ആർ. ഡി.പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം 1585.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ലഭിച്ച കണക്കു കൾ പട്ടിക–1ൽ ചേർത്തിരിക്കുന്നു.

1992 സർവ്വേ

സർവ്വേപ്രകാരം 2184 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ഇതിൽ 732 കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. അനുവദിച്ച വായ്പയും അവയ്ക്കുള്ള സബ്സിഡിയും പട്ടിക–2ൽ ചേർത്തിരിക്കുന്നു.

IRDP സഹായലഭ്യത

പട്ടിക–2

| വർഷം | എണ്ണം | സബ്സിഡി (രൂപ) | ലോൺ (രൂപ) |
|---|---|---|---|
| 1992–93 | 21 | 86,812 | 96,442 |
| 1993–94 | 38 | 96,546 | 1,83,629 |
| 1994–95 | 35 | 1,36,900 | 3,44,506 |
| 1995–96 | 38 | 1,42,507 | 5,34,706 |
| ആകെ | 132 | 4,62,765 | 11,59,283 |

15 വയസ്സ് മുതൽ 35 വയസ്സുവരെയുള്ള യുവതീയു വാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി യാണ് ട്രൈസം. ഇതുവരെ പഞ്ചായത്തിൽ 76 പേർക്കു പരിശീലനം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള കണ ക്കുകൾ പട്ടിക–3ൽ ചേർത്തിരിക്കുന്നു.

സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം വിവിധ പെൻഷനു കൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും പദ്ധതിയെക്കു

റിച്ചുള്ള അറവില്ലായ്മയും സങ്കീർണ്ണമായ നിയമവ്യവസ്ഥകളുംമൂലം പദ്ധതിയുടെ പ്രയോജനം വളരെ കുറച്ചുപേർക്കു മാത്രമേ ലഭ്യമാകുന്നുള്ളു.

പഞ്ചായത്തിൽ ഇതുവരെയായി 135 പേർക്കു വിധവാ പെൻഷനും 35 പേർക്കു വാർധക്യകാല പെൻഷനും നൽകുന്നുണ്ട്.

ഗ്രാമീണ തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന ഒരു പദ്ധതിയാണ് ടൂൾകിറ്റ്. 95-96 വരെ ചെമ്പിലോട് പഞ്ചായത്തിൽ 47 പേർക്ക് ടൂൾകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. പക്ഷേ, കിട്ടുന്ന ഉപകരണങ്ങൾ ഗുണനിലവാരം പുലർത്തുന്നവയല്ലെന്ന പരാതിയുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ പട്ടിക-4ൽ ചേർത്തിരിക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യമാക്കി പത്തോ അതിലധികമോപേർ ചേർന്നു പ്രവർത്തിക്കുന്ന ഒരു തൊഴിൽ സംരംഭമാണ് DWCRA. പഞ്ചായത്തിൽ 4 യൂണിറ്റുകൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളുവെങ്കിലും പ്രവർത്തനം വളരെ ശോചനീയാവസ്ഥയിലാണ്. നേതൃത്വത്തിന്റെ അഭാവവും ആത്മവിശ്വാസമില്ലായ്മയുംമൂലം സ്ത്രീകൾ രംഗത്തുവരുന്നില്ല. ഉത്പന്നങ്ങളുടെ വിപണന സൗകര്യമില്ലായ്മയാണ് ഈ രംഗത്തെ പ്രധാന പ്രശ്നം.

ടൂൾകിറ്റ് പദ്ധതിപ്രകാരം ഉപകരണങ്ങൾ നൽകിയ വിവരങ്ങൾ പട്ടിക-4

| വാർഡ് നമ്പർ | IRDP ഗ്രാമീണ കൈതൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവർ | ഇനി സഹായം ലഭിക്കാനുള്ളവർ |
|---|---|---|---|
| I | 3 | 2 | 3 |
| II | 12 | 6 | 4 |
| III | 8 | 4 | 4 |
| IV | 5 | 15 | 5 |
| V | 13 | 8 | 5 |
| VI | 5 | 3 | 2 |
| VII | 3 | 1 | 2 |
| VIII | 4 | 1 | 3 |
| IX | 10 | 8 | 4 |
| X | 15 | 10 | 5 |
| XI | 5 | 8 | 3 |
| XII | 2 | – | 2 |
| ആകെ | 85 | 66 | 42 |

സാമൂഹ്യക്ഷേമരംഗത്ത് പ്രത്യേകിച്ചും കുട്ടികളുടെ ക്ഷേമത്തിനു പ്രവർത്തിക്കുന്ന സാമൂഹ്യസ്ഥാപനങ്ങളാണ് അങ്കണവാടികൾ. നമ്മുടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 14 അംഗൻവാടികളാണുള്ളത്. അംഗൻവാടികളുടെ അപര്യാപതതമൂലം പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന കാര്യം എടുത്തുപറയേണ്ടതാണ്. മിക്ക അംഗൻവാടികളിലും പ്രാഥമികസൗകര്യത്തിന്റെ അഭാവം പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. അംഗൻവാടികളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക-5ൽ കൊടുത്തിരിക്കുന്നു.

വികലാംഗരെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക-6ൽ കൊടുത്തിരിക്കുന്നു.

### പ്രശ്നങ്ങൾ

1. നിലവിലുള്ള ക്ഷേമപദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള കർക്കശമായ നിബന്ധനകൾ ഈ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
2. എല്ലാ വികലാംഗർക്കും യാത്രസൗജന്യവും പെൻഷനും ലഭിച്ചുകാണുന്നില്ല.
3. വാർധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബ നിർവചനം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
4. വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം അപര്യാപ്തമാണ്.
5. ഐ.ആർ.ഡി.പി. വായ്പ ലഭിക്കുന്നതിൽ വായ്പാ സ്ഥാപനങ്ങളുടെ സങ്കീർണ്ണവും കർശനവുമായ നിബന്ധനകൾമൂലം അർഹരായവരിൽ പലരും സഹായം ഉപയോഗപ്പെടുത്തുന്നതിൽ പിന്നോട്ടുപോയിരിക്കുന്നു.
6. പ്രാദേശികമായി യോഗ്യമല്ലാത്ത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല.
7. വിവിധ തൊഴിലാളി ക്ഷേമനിധികളിലും അർഹരായ പല തൊഴിലാളികളും അംഗങ്ങളായിക്കാണുന്നില്ല.
8. അംഗൻവാടികളുടെ അപര്യാപതതമൂലം എല്ലാ കുട്ടികൾക്കും പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നില്ല.
9. അംഗൻവാടികളുടെ ഇന്നുള്ള ശോച്യാവസ്ഥയും അസൗകര്യങ്ങളും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിൽ തടസം സൃഷ്ടിക്കുന്നു.
10. ഐ.ആർ.ഡി.പി. സഹായം ലഭിച്ച സംരംഭകർക്ക് തുടർന്നുള്ള സഹായം ലഭിക്കാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
11. PMRY പദ്ധതിപ്രകാരം സ്വയംതൊഴിൽ കിട്ടുന്നതിന് എസ്.എസ്.എൽ.സി. വരെ പഠിച്ചിരിക്കണമെന്ന വ്യവസ്ഥമൂലം ഇതിന്റെ പ്രയോജനം തൊഴിലില്ലാത്ത മുഴുവൻ ചെറുപ്പക്കാർക്കും ലഭിക്കുന്നില്ല.
12. വ്യത്യസ്ത ഗവൺമെന്റ് ഏജൻസികൾ മുഖേന നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ.
13. DWCRA യൂണിറ്റ് രൂപീകരിക്കുന്നതിന് ചുരുങ്ങിയത് 10 അംഗങ്ങൾ വേണമെന്ന വ്യവസ്ഥ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
14. യൂണിറ്റിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ വിപണന സൗകര്യക്കുറവ്.
15. എല്ലാവർക്കും സാനിറ്ററി സൗകര്യങ്ങൾ കുറവാണ്.
16. ഗ്രാമീണ കൈത്തൊഴിലുകാർക്ക് നൽകുന്ന പരിഷ്കരിച്ച പണിയായുധങ്ങൾ ഗുണനിലവാരം കുറഞ്ഞവയാണ്.
17. റേഷൻ ലഭിക്കാൻ അർഹതയുള്ള എല്ലാ അംഗങ്ങളെയും കാർഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

### ആവശ്യങ്ങൾ

1. അർഹരായ എല്ലാ വികലാംഗർക്കും യാത്രാസൗജന്യവും പെൻഷനും അനുവദിക്കുക.
2. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകിവരുന്ന സഹായധനം വർധിപ്പിച്ച് പഞ്ചായത്തു മുഖേന നൽകുക.
3. IRDP വായ്പാ നിബന്ധനകൾ ലഘൂകരിക്കുക.
4. IRDP വായ്പകളുടെ യൂണിറ്റ് കോസ്റ്റുകൾ പ്രാദേശികമായും കാലോചിതമായും പരിഷ്കരിക്കുക.
5. എല്ലാ തൊഴിൽമേഖലകളിലും ക്ഷേമനിധികൾ രൂപീകരിച്ച് മുഴുവൻ തൊഴിലാളികൾക്കും ആനുകൂല്യം ലഭ്യമാക്കുക.
6. ഓരോ വാർഡിലും രണ്ടുവീതം അംഗൻവാടികൾ സ്ഥാപിക്കുക. ജെ.ആർ.വൈ. പദ്ധതി മുഖേന കെട്ടിടങ്ങൾ നിർമ്മിക്കുക, അംഗൻവാടികളോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ രൂപീകരിക്കുക.
7. വ്യത്യസ്ത ഗവൺമെന്റ് ഏജൻസികൾ മുഖേന നൽകുന്ന ക്ഷേമപദ്ധതികൾ ഏകീകരിച്ചു പഞ്ചായത്ത് മുഖേന നൽകുക.

## പട്ടിക–1 ഐ.ആർ.ഡി.പി. സർവേ പ്രകാരം ലഭിച്ച കണക്കുകൾ

| വാർഡ് നമ്പർ | സർവേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ Sc–ST കുടുംബങ്ങൾ | ഇതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC ST | സഹായം ലഭിച്ച് ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ. സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| I | 154 | 3 | 147 | 21 | 41 | 260 |
| II | 161 | 2 | 99 | 18 | 27 | 233 |
| III | 179 | | 96 | 4 | 36 | 245 |
| IV | 133 | | 141 | 11 | 42 | 232 |
| V | 176 | | 92 | 9 | 85 | 183 |
| VI | 164 | | 109 | 5 | 95 | 178 |
| VII | 71 | | 60 | – | 25 | 106 |
| VIII | 129 | 1 | 87 | 4 | 60 | 156 |
| IX | 104 | | 130 | 7 | 41 | 193 |
| X | 162 | | 100 | 9 | 75 | 193 |
| XI | 102 | | 37 | 4 | 8 | 131 |
| XII | 44 | 1 | 42 | 5 | 12 | 74 |
| ആകെ | 1585 | | | | | 2184 |

## ട്രൈസം പദ്ധതി
### പട്ടിക–3

| വാർഡ് | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിച്ചവർ |
|---|---|---|---|---|---|
| I | വിവിധ | 7 | 3 | 3 | 1 |
| II | വിഷയ | 7 | 3 | 4 | 0 |
| III | ങ്ങൾ | 10 | 4 | 1 | 5 |
| IV | ,, | 10 | 7 | 0 | 3 |
| V | ,, | 11 | 4 | 6 | 1 |
| VI | ,, | 5 | 1 | 5 | 0 |
| VII | | 6 | 2 | 4 | 0 |
| VIII | | 1 | 1 | 0 | 0 |
| IX | | 6 | 2 | 1 | 3 |
| X | | 9 | 7 | 3 | 0 |
| XI | | 3 | 2 | 0 | 1 |
| XII | | 1 | 0 | 1 | 0 |
| ആകെ | | 76 | 36 | 28 | 14 |

**8. DWCRA യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണന സൗകര്യം വർധിപ്പിക്കുക.**

**9. എല്ലാ കുടുംബങ്ങളിലും സാനിറ്ററി സൗകര്യം ഉറപ്പുവരുത്തുക.**

**10. റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഗ്രാമപഞ്ചായത്തുവഴി പരിഹരിക്കുക.**

**11. എല്ലാ വാർഡിലും ക്ഷേമപദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.**

**12. വിവിധ പദ്ധതികളിലൂടെ വായ്പ നൽകുന്നതിന് ബാങ്കുകൾ നിർദേശിക്കുന്ന നിബന്ധനകൾ ഉദാരവൽക്കരിക്കുക.**

**13. നമ്മുടെ പഞ്ചായത്തിൽ ഒരു ദേശസാൽകൃത ബാങ്കിന്റെ ശാഖ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.** □

## പട്ടിക-5

| | ജനസംഖ്യ | | | | | പ്രായപരിധി-കുട്ടികൾ | | | | | ഗർഭിണികളുടെ എണ്ണം | മുലയൂട്ടുന്ന അമ്മമാർ | മരണനിരക്ക് | | | | | | അനുപൂരക പോഷകാഹാരം | | | | ചാപിള്ള ജനനം | അംഗൻവാടി | കഴിഞ്ഞവർഷത്തെ ജനനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | പു. | സ്ത്രീ | ആകെ | SC | ST | 1 വയസിൽ താഴെ | 1–2 | 2–3 | 3–5 | ആകെ | | | 1 വയസിന് താഴെ | 1–2 | 3–6 | മരണം | മറ്റു മരണം | ആകെ | കുട്ടികൾ | ഗർഭിണികൾ | അമ്മമാർ | ആകെ | | | |
| 1 | 1232 | 1267 | 2499 | 87 | – | 32 | 35 | 38 | 75 | 180 | 13 | 15 | – | – | – | – | 13 | 13 | 90 | 5 | 5 | 100 | – | 1 | 35 |
| 2 | 1251 | 1265 | 2516 | 12 | – | 29 | 35 | 43 | 94 | 201 | 21 | 17 | – | – | – | – | 5 | 5 | 40 | 5 | 5 | 50 | – | 1 | 31 |
| 3 | 1479 | 1581 | 3060 | 4 | – | 47 | 39 | 38 | 85 | 209 | 20 | 12 | 2 | – | – | 1 | 10 | 13 | 50 | 5 | 5 | 60 | – | 1 | 39 |
| 4 | 1356 | 1459 | 2815 | 60 | – | 48 | 38 | 42 | 75 | 203 | 22 | 20 | – | – | – | – | 12 | 12 | 35 | 5 | 5 | 40 | – | 1 | 40 |
| 5 | 1434 | 1444 | 2878 | 43 | – | 48 | 44 | 41 | 51 | 184 | 14 | 18 | – | – | – | – | 33 | 33 | 79 | 10 | 10 | 99 | – | 2 | 20 |
| 6 | 1284 | 1292 | 2576 | 13 | – | 42 | 57 | 28 | 53 | 180 | 20 | 17 | – | – | – | – | 20 | 20 | 75 | 6 | 6 | 87 | – | 1 | 36 |
| 7 | 1790 | 1712 | 3502 | – | – | 65 | 90 | 85 | 107 | 347 | 18 | 25 | 4 | – | – | – | 10 | 14 | 82 | 8 | 9 | 99 | – | 2 | 63 |
| 8 | 1067 | 971 | 2038 | 15 | – | 37 | 30 | 42 | 68 | 177 | 18 | 14 | – | – | – | – | 10 | 10 | 40 | 3 | 3 | 46 | – | 1 | 34 |
| 9 | 1199 | 1331 | 2530 | 25 | – | 47 | 26 | 24 | 63 | 160 | 18 | 22 | – | – | – | – | 10 | 10 | 45 | 5 | 5 | 55 | – | 1 | 35 |
| 10 | 1639 | 1589 | 2230 | 48 | – | 23 | 33 | 74 | 106 | 236 | 18 | 20 | | – | – | | 15 | 15 | 35 | 4 | 6 | 45 | – | 1 | 28 |
| 11 | 1100 | 1150 | 2250 | 4 | – | 25 | 28 | 68 | 50 | 168 | 15 | 14 | | | | | 10 | 12 | 55 | 5 | 5 | 65 | 2 | 1 | 18 |
| 12 | 871 | 876 | 1747 | 39 | – | 29 | 23 | 36 | 74 | 162 | 13 | 15 | | | | | 15 | 15 | 41 | 5 | 6 | 51 | – | 1 | 21 |
| ആകെ | 15702 | 15937 | [illegible] | 350 | – | 472 | 478 | 559 | 901 | 2410 | 206 | 209 | 6 | | | 1 | 163 | 172 | 687 | 68 | 69 | 803 | 2 | 14 | 400 |






# സംസ്കാരം

കുന്നുകളും വയലുകളും സമതലങ്ങളുമടങ്ങിയ പ്രശാന്തസുന്ദരമായ ചെമ്പിലോട് ഗ്രാമപഞ്ചായത്ത് ജില്ലാ ആസ്ഥാനമായ കണ്ണൂരിൽ നിന്നും ഏകദേശം പതിനഞ്ചു കിലോമീറ്റർ കിഴക്കു സ്ഥിതിചെയ്യുന്നു. ചെമ്പിലോട്, ഇരിവേരി വില്ലേജുകൾ കൂടിച്ചേർന്നതാണ് ചെമ്പിലോട്ട് ഗ്രാമ പഞ്ചായത്ത്. മുമ്പേ ഈ രണ്ടു വില്ലേജുകളും രണ്ടു പഞ്ചായത്തുകളായാണു പ്രവർത്തിച്ചുവന്നിരുന്നത്. ശ്രീ കോമത്തു കുഞ്ഞിരാമൻ വൈദ്യർ, ശ്രീ ബാലകൃഷ്ണൻ നമ്പ്യാർ എന്നിവരായിരുന്നു ചെമ്പിലോട്, ഇരിവേരി പഞ്ചായത്തുകളുടെ ആദ്യകാല പ്രസിഡന്റുമാർ. 1961–ൽ രണ്ടു പഞ്ചായത്തുകളും സംയോജിച്ചാണ് ഇന്നത്തെ ചെമ്പിലോട് ഗ്രാമ പഞ്ചായത്തായി രൂപംകൊണ്ടത്. 1963 മുതൽ 79 വരെ പ്രസിഡന്റായി സേവനമനുഷ്ഠിച്ച ശ്രീ. കെ.വി. കുഞ്ഞിരാമൻ നായരാണ് പ്രഥമപ്രസിഡന്റ്.

ഉദാത്തമായ മനുഷ്യസ്നേഹവും മതമൈത്രിയും നിലനിന്നുവന്ന ഗ്രാമചരിത്രം, നിരവധി ചെറുത്തുനിൽപ്പുകളുടെയും സാംസ്കാരിക പോരാട്ടങ്ങളുടെയും സഹനങ്ങളുടെയും സേവനങ്ങളുടെയും വീരഗാഥകൾ നിറഞ്ഞതാണ്.

1942 കാലഘട്ടത്തിൽ തൊട്ടുകൂടാത്തവരെയും തീണ്ടിക്കൂടാത്തവരെയും ഒപ്പമിരുത്തി നടത്തിയ സമൂഹസദ്യ ആ കാലഘട്ടത്തിൽ കോളിളക്കം സൃഷ്ടിച്ചതായിരുന്നു. ഇതിന്റെ നേതൃത്വപരമായ പങ്കുവഹിച്ച ശ്രീ.ആർ. കുഞ്ഞമ്പു ഇന്നു നമ്മോടൊപ്പമില്ല. കോയ്യോട്ട് മണിയമ്പലംചിറക്കു രൂപീകരിക്കപ്പെട്ട ശ്രീനാരായണ സേവാസംഘത്തിന്റെ ആഭിമുഖ്യത്തിലാണ് സമൂഹസദ്യ സംഘടിപ്പിച്ചത്. അതിന്റെ ഖജാൻജിയായി ജ:എ.കെ. അഹമ്മദ്കുട്ടി തെരഞ്ഞെടുക്കപ്പെട്ടു എന്നതുതന്നെ നമ്മുടെ മതമൈത്രിക്ക് ഉദാഹരമാണ്.

സാഹിത്യകാരനും എഴുത്തുകാരനും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന രക്തസാക്ഷി മൊയാരത്തു ശങ്കരന്റെ പ്രധാന പ്രവർത്തനമേഖലകളിലൊന്നു നമ്മുടെ ഗ്രാമമായിരുന്നു. 'ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രം', 'ഒരു പെൺകിടാവിന്റെ തന്റേടം' തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന രചനകളാണ്.

രണ്ടാം ലോകമഹായുദ്ധകാലഘട്ടത്തിൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വ്യാപകമായി കോളറ പിടിപെട്ടപ്പോൾ രോഗികളെ പരിചരിക്കുന്നതിനുവേണ്ടി വീടുവീടാന്തരം കയറിയിറങ്ങി നിരവധിപേരെ മരണത്തിൽനിന്നും രക്ഷിച്ച ശ്രീ എ.കെ. നാരായണൻ നമ്പ്യാരെ സ്മരിക്കാതിരിക്കാൻകഴിയില്ല. ആധുനിക ചികിത്സാരീതികൾ അപ്രാപ്യമായിരുന്ന ആ കാലഘട്ടത്തിൽ ആവശ്യമായ മരുന്നുകൾ തയ്യാറാക്കി നൽകിയിരുന്നതു പ്രസിദ്ധ ആയുർവേദ വൈദ്യൻ ശ്രീ.കെ.സി. കുറുവൻ വൈദ്യർ ആയിരുന്നു. അദ്ദേഹത്തിന്റെ സേവനം പഴയ തലമുറ ബഹുമാനപൂർവം ഇന്നു ഓർക്കുന്നു.

വിഷചികിത്സാരംഗത്ത് സൗജന്യ ചികിത്സ നടത്തി ജനപ്രീതിനേടിയ ശ്രീ മന്ദമ്പേത്ത് കോരൻ മാസ്റ്റർ, പി.വി. ശങ്കരൻ വൈദ്യർ, അപ്പ വൈദ്യർ, മാടിയത്ത് പത്മനാഭൻ വൈദ്യർ തുടങ്ങിയ പ്രഗത്ഭരായ ആയുർവേദവൈദ്യന്മാരായ മഹാരഥന്മാരുടെ നിരതന്നെ മുൻകാലങ്ങളിൽ ചെമ്പിലോട്ട് ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്നു.

പഞ്ചായത്തിന്റെ വിദ്യാഭ്യാസ, വികസനപ്രവർത്തനങ്ങളിൽ മഹനീയ പങ്കുവഹിച്ച മർഹും ആർ.കുഞ്ഞിമുഹമ്മദ് മാസ്റ്റർ നമ്മുടെ പഞ്ചായത്തിലെ ഒരു മെമ്പർ കൂടിയായിരുന്നു.

ഗോവ വിമോചനസമരത്തിൽ മലബാറിൽനിന്നു പങ്കെടുത്ത 32 പേരിൽ ഒരാളായ ശ്രീ പി.കുഞ്ഞിരാമനും ദീർഘകാലം പഞ്ചായത്തിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ച ടി.കൃഷ്ണൻ മാസ്റ്ററും തങ്ങളുടെ പ്രായാധിക്യം കണക്കിലെടുക്കാതെ വികസന, സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് ഇന്നും നിർവഹിക്കുന്നു.

തച്ചു ശാസ്ത്രകലകളിൽ നിപുണനും, സംഗീതജ്ഞനുമായിരുന്ന ശ്രീ വലിയപുരയിൽ ശങ്കരൻ കേരളവർമ്മനാചാരി, നാടകസംവിധായകൻ ശ്രീ കാളിയത്തു പത്മനാഭൻ നമ്പ്യാർ, സിനിമാ നടൻ കെ.എൻ.പി. നമ്പ്യാർ തുടങ്ങിയവർ മൺമറഞ്ഞ പ്രശസ്ത കലാകാരന്മാരാണ്. കലാസാഹിത്യ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചു പ്രശോഭിക്കുന്ന സർവശ്രീ ആർട്ടിസ്റ്റ് മദനൻ, വി.കെ. പ്രശാന്ത്, അണ്ടർപ്പള്ളി ഗോവിന്ദൻ മാസ്റ്റർ, സുധൻ ചാല, ബാലൻ കോയ്യോട്, മുകുന്ദൻ ചാല, സി. കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവർ പഞ്ചായത്തിന്റെ സംഭാവനകളാണ്.

ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ ജാതിമതഘടന പരിശോധിച്ചാൽ ഭൂരിഭാഗവും ഹിന്ദുജനവിഭാഗമാണ്. രണ്ടാമതായി മുസ്ലീംജനവിഭാഗവും നാമമാത്രമായി ക്രിസ്ത്യൻ ജനവിഭാഗവും അധിവസിക്കുന്നു. വിവിധ ജാതിമതവിഭാഗങ്ങൾ നിവസിക്കുന്ന പ്രദേശമാണെങ്കിലും മതസൗഹാർദ്ദവും മൈത്രിയും നിലനിൽക്കുന്നു. ഓരോ മതസ്ഥരും അന്യമതക്കാരുടെ ആഘോഷങ്ങളിലും മറ്റും പങ്കെടുക്കാറുണ്ട്. ഓണം, വിഷു, പെരുന്നാൾ തുടങ്ങിയ ആഘോഷങ്ങളിൽ ജാതിമതഭേദമെന്യേ എല്ലാവരും പങ്കെടുക്കുന്നു. മതസംഘട്ടനങ്ങളോ മറ്റു അനിഷ്ടസംഭവങ്ങളോ നടക്കാത്ത ഒരു സൗഹാർദ്ദഭൂമിയാണ് ചെമ്പിലോട് ഗ്രാമപഞ്ചായത്ത്.

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ മതങ്ങളിൽ തലമുറകളായി കൈമാറിവന്ന ആചാരാനുഷ്ഠാനങ്ങളിൽ കലോചിതമായി മാറ്റം ദൃശ്യമാണെങ്കിലും പലതും ഇന്നും നിലനിൽക്കുന്നു. ജനനം, വിവാഹം, മരണം എന്നീ കാര്യങ്ങളിൽ പല ആചാരാനുഷ്ഠാനങ്ങളും എല്ലാ മതങ്ങളിലും നിലനിൽക്കുന്നുണ്ട്. ഇരുപത്തിഎട്ടുകുളി, പേരുവിളി, കാതുകുത്ത്, മാർക്കമംഗലം, എഴുത്തിനിരുത്ത് എന്നിവയാണ് ഹിന്ദുമുസ്ലീം മതങ്ങളിലെ പ്രധാന ബാല്യകാല ചടങ്ങുകൾ

ഹിന്ദുക്കളുടെ വിവാഹചടങ്ങുകളിൽ ഒട്ടേറെ മാറ്റങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. താലികെട്ടു കല്യാണം ഏതാനും ജാതിയിൽ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ഇന്ന് എല്ലാ ജാതികളിലും സാർവ്വത്രികമാണ്. മുസ്ലീംസമുദായത്തിൽ പുരുഷൻ വിവാഹ സമയത്തു സ്ത്രീക്കു കൊടുക്കുന്ന മഹറിനെക്കാൾ, സ്ത്രീയുടെ സാമ്പത്തികനില അനുസരിച്ച് ഏറിയും കുറഞ്ഞും സ്ത്രീധനം വാങ്ങുന്ന സ്ഥിതി ഇന്നും നിലനിൽക്കുന്നു. ഒളിഞ്ഞും തെളിഞ്ഞും ഹിന്ദു യുവാക്കളിൽ സ്ത്രീധനം സ്വീകരിച്ചു വിവാഹംചെയ്യുന്ന പ്രവണത അടുത്തകാലത്തായി കണ്ടുവരുന്നുണ്ട്. സ്ത്രീധനം വാങ്ങി കല്യാണം കഴിക്കുന്നതു തീർത്തും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

മരണവുമായി ബന്ധപ്പെട്ടുകിടക്കുന്ന അനുഷ്ഠാനങ്ങളിൽ ഹിന്ദുമതത്തിൽ കാര്യമായ മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ട്. ബലിദാനം തുടങ്ങിയ അനുഷ്ഠാനങ്ങൾ അപൂർവമായിരിക്കുന്നു. മുസ്ലീം സമുദായത്തിലെ മറയിലിരിക്കൽ ചടങ്ങ് ഇന്നും നിലനിൽക്കുന്നു.

പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും കർഷകപ്രസ്ഥാനങ്ങളുടെ വളർച്ചയും വികാസവും ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്മേൽ വന്ന മാറ്റവും ക്ഷേത്രപ്രവേശനം ക്ഷേത്രാചാരം, കുലാചാരം., ജാത്യാചാരം തുടങ്ങിയ സാമൂഹ്യപ്രശ്നങ്ങളിൽ കാര്യമായ മാറ്റം വന്നിട്ടുണ്ട്. ജന്മി കുടിയാൻ ബന്ധങ്ങളിൽ വന്ന മാറ്റം, വാശി, നുരി, വെച്ചുകാണൽ, കുറ്റിക്കാണം, വാരം തുടങ്ങിയ ആചാരങ്ങളെ ഉന്മൂലനം ചെയ്യപ്പെട്ടുവെങ്കിലും തിറ, ക്ഷേത്രോത്സവംഎന്നിവയോടു ബന്ധപ്പെട്ടു കുറേ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇന്നും ഹിന്ദുമതത്തിൽ നിലനിൽക്കുന്നുണ്ട്. വൃശ്ചികമാസാരംഭത്തോടു കൂടി ആരംഭിച്ചു മീനം, മേടത്തോടുകൂടി അവസാനിക്കുന്ന തിറമഹോത്സവങ്ങൾ ഒരു ഉയർന്ന കലാരൂപം എന്ന നിലയിൽ വീക്ഷിക്കുന്നതിന് ഒരു വിഭാഗം ജനങ്ങളുടെ ആസ്വാദനബോധം വളർന്നിട്ടുണ്ട്.

അനുഷ്ഠാനകലയായ തെയ്യംകെട്ടി ഉപജീവനം കഴിക്കുന്ന ചില കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മൺമറഞ്ഞു പോയ ശ്രീ. കുന്നോത്ത് കുഞ്ഞമ്പു പെരുവണ്ണാൻ, ശ്രീ വാഴയിൽ ഗോവിന്ദ പെരുവണ്ണാൻ എന്നിവർ കഴിഞ്ഞ ഡൽഹി ഏഷ്യാഡിൽ തെയ്യങ്ങളെ അവതരിപ്പിച്ചിരുന്നു. സർവശ്രീ ചാത്തുകുട്ടി പെരുവണ്ണാൻ ഇരിവേരി, ബാലൻ പെരുവണ്ണാൻ ഇരിവേരി, രാമൻ പെരുവണ്ണാൻ ഇരിവേരി, കണ്ണൻ പണിക്കർ ചാല, എം.വി. കുഞ്ഞപ്പ പണിക്കർ ചാല, ചന്തുപ്പണിക്കർ ചെമ്പിലോട് തുടങ്ങിയവർ മൺമറഞ്ഞ പ്രസിദ്ധ തെയ്യം കലാകാരന്മാരയിരുന്നു. കരിമ്പിയിൽ കൃഷ്ണൻ പണിക്കർ, കണയന്നൂർ രാമൻ പണിക്കർ, ഇരിവേരിയിലെ ശ്രീ കുഞ്ഞിരാമൻ പെരുവണ്ണാൻ തുടങ്ങിയവർ ജീവിച്ചിരിക്കുന്ന കലാകാരന്മാരിൽ പ്രമുഖരാണ്.

വളരെ പഴക്കമുള്ള ക്ഷേത്രങ്ങളും പള്ളികളും സർപ്പക്കാവുകളും പഞ്ചായത്തിലുണ്ട്. ചാലയിലെ കടവാങ്കോട്ട് മാക്കം ഭഗവതിക്കാവ്, ഇരിവേരി കാവു, കാക്കോത്തു ഭഗവതിക്കാവ് തുടങ്ങിയ കാവുകളിൽ വളരെ പ്രസിദ്ധമാണ്. ഏറ്റവു പഴക്കമുള്ള ആരാധാനാലയങ്ങൾ ശ്രീ തലവിൽ മഹാവിഷ്ണു ക്ഷേത്രം, തന്നടമയിലപ്പുറം വീരഭദ്രസ്വാമി ക്ഷത്രം. കുനിത്തല മഹാവിഷ്ണുക്ഷേത്രം, ഇരിവേരി പള്ളി എന്നിവയാണ്. മക്കയിൽനിന്നും വന്ന 12 പേരിൽ ഒരാളാണ് ഇരിവേരി പള്ളി സ്ഥാപിച്ചതെന്നു പഴമക്കാർ പറഞ്ഞുവരുന്നു. ചാലയിലെ ഇമ്മാക്യുലേറ്റ് ചർച്ച് ക്രിസ്ത്യാനികളുടെ ഏക ആരാധനാലയമാണ്.

## പ്രധാന ആരാധനാലയങ്ങളുടെ പേരുവിവരങ്ങൾ

1. ഇരിവേരിക്കാവ്
2.
3. കോറോത്തു കരിയാത്തൻ ക്ഷേത്രം.
4. കണയന്നൂർ വലിയവീട് ശ്രീ വിഷ്ണുകുട്ടി ശാസ്തപ്പൻക്ഷേത്രം.

5. കക്കുന്നത്തു ഭഗവതിക്ഷേത്രം
6. കുറ്റ്യൻകളരിക്കൽ ക്ഷേത്രം, ഇരിവേരി
7. കാടേങ്കണ്ടി മഠപ്പുര മുത്തപ്പൻ ക്ഷേത്രം,ഇരിവേരി
8. മൗവ്വഞ്ചേരി മഠപ്പുര
9. പൂവ്വത്തുംതിറ ഭഗവതിക്ഷേത്രം.
10. മുതുക്കുറ്റിച്ചാലിൽ അങ്കക്കാരൻ ക്ഷേത്രം.
11. തലവിൽ മഹാവിഷ്ണുക്ഷേത്രം.
12. തലവിൽ ബ്രഹ്മവിദ്യമഠം
13. കളരിക്കണ്ടി വിഷ്ണുക്ഷേത്രം, മിടാവില്ലേജ്
14. കണ്ണോത്തുമഠപ്പുര മുത്തപ്പൻ ക്ഷേത്രം.
15. വലിയവീട്ടിൽകാവ്, ചാല
16. കോറോത്തു വയനാട്ടു കുലവൻ ക്ഷേത്രം
17.എടവലത്തു ഭഗവതിക്ഷേത്രം
18. കോരമ്പേത്തു മൂര്യാടൻ ക്ഷേത്രം
19. ആയില്യത്തു വിഷ്ണു ക്ഷേത്രം.
20. പാറക്കണ്ടി മുത്തപ്പൻക്ഷേത്രം.
21. കൂറ്റേരിവീട്
22. തച്ചുകുന്നുമ്മൽ ക്ഷേത്രം ചെമ്പിലോട്
23. മണിയലത്തുക്കാവ് കോയ്യോട്ട്
24. മുത്തപ്പൻക്ഷേത്രം കോയ്യോട്ട്
25. ഗുരിക്കളെ കുന്നുമ്മൽ ഭഗവതിക്ഷേത്രം, കോയ്യോട്ട്
26. കടവാങ്കോട് മാക്കം ഭഗവതിക്കാവ്, ചാല
27. കൊററൻകുന്നുമ്മൽ മൂര്യാടൻ ഛക്ഷേത്രം,
28. മയിലപ്പൂറം വീരഭദ്രസ്വാമിക്ഷേത്രം
29. കുനിത്തല മഹാവിഷ്ണുക്ഷേത്രം ചാല
30 അമ്പിളിയാട്ടു ശ്രീകൃഷ്ണക്ഷേത്രം
31. കുഞ്ഞോത്തു മുത്തപ്പൻക്ഷേത്രം മുതുക്കുറ്റി
32. താമഠത്തിൽ സുബ്രഹ്മണ്യം കോവിൽ, ചെമ്പിലോട്ട്
33. പടുവിലാക്കണ്ടി സുബ്രഹ്മണ്യംകോവിൽ മുതുകുറ്റി
34. വടക്കേവെളപ്പിൽ സുബ്രഹ്മണ്യസ്വാമിക്ഷേത്രം, ഇരിവേരി

## മുസ്ലീംപള്ളികൾ

1. ഇരിവേരി ജുമാ അത്ത് പള്ളി
2. കണയന്നൂർ ജുമാ അത്ത് പള്ളി
3. സീത്തയിൽ പൊയിൽ ജുമാ അത്ത് പള്ളി
4. മൗവ്വഞ്ചേരി ജുമാ അത്ത് പള്ളി
5. ചെമ്പിലോട്ട് ജുമാ അത്ത് പള്ളി
6. കോയ്യോട്ട് ജുമാ അത്ത് പള്ളി
7. തന്നട ജുമാ അത്ത് പള്ളി
8. ചാല ജുമാ അത്ത് പള്ളി
9. ചക്കരക്കൽ പള്ളി
10. കീരിയോട് പള്ളി
11. ശഹിദായോർപള്ളി
12. ചിറ്റാരിക്കാൽ പള്ളി
13. മുതുകുറ്റി പള്ളി
14. ചന്തൂന്റെവളപ്പിൽ പള്ളി
15. കണയന്നൂർകുളം ബസാർപള്ളി
16. പുത്തൻവീട്ടിൽ പള്ളി
17. ഹസൻമുക്ക് പള്ളി
18. കുളങ്ങരക്കണ്ടി പള്ളി
19. ചേണിയറക്കൽ പള്ളി
20. തട്ടാങ്കുനി പള്ളി, ചാല
21. മീത്തലെപ്പള്ളി തന്നട
22. കോമത്തുകുന്നുമ്പ്രം ബദരിയ മസ്ജിദ്

## ക്രിസ്ത്യൻപള്ളി

1. ഇമ്മാക്യുലേറ്റ് ചർച്ച്, ചാല.

## കലാസാംസ്കാരിക സ്ഥാപനങ്ങളും പ്രവർത്തനങ്ങളും

പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥാലയം 1934-ൽ രൂപീകരിച്ച ശ്രീനാരായണ സ്മാരക ജ്ഞാന പ്രദായിനി വായനശാല, ഗ്രന്ഥാലയം, നാലാംപീടികയാണ്. വായനശാലകളും ഗ്രന്ഥശാലകളും കേന്ദ്രീകരിച്ചചു സാക്ഷരതാപ്രവർത്തനങ്ങളും മറ്റു പരിപാടികളും സംഘടിപ്പിക്കാറുണ്ട്.. ഗ്രന്ഥശാലകളും സാംസ്കാരിക സ്ഥാപനങ്ങളും ജനങ്ങളെ മുന്നോട്ടേക്കു നയിക്കുന്ന അദ്ധ്യാപകന്മാരായി മാറുമ്പോൾ നാമറിയാതെതന്നെ നമ്മേ പിന്നോട്ടേക്ക് വലിക്കുന്ന ചില 'അദ്ധ്യാപകന്മാരും' പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന കാര്യം മറക്കരുത്. റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളുടെ കടന്നുകയറ്റം നമ്മുടെ യുവജനതയെ ഗ്രന്ഥശാലയുമായി അടുപ്പിക്കുന്നതിനു തടസ്സമായി നിൽക്കുന്നു. വായനശാലകളിൽ വായനക്കാരുടെ എണ്ണം വളരെകുറഞ്ഞുവരുന്നു. മാതൃഭൂമി, ദേശാഭിമാനി, മലയാളമനോരമ, മംഗളം, കേരളകൗമുദി, ഇന്ത്യൻ എക്സ്പ്രസ്, വീക്ഷണം, ചന്ദ്രിക, തുടങ്ങിയ പത്രങ്ങളും നിരവധി മാസികകളും വാരികകളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്.

ഇന്നു നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട 8 ഗ്രന്ഥാലയങ്ങളുണ്ട്. രജിസ്റ്റർ ചെയ്യപ്പെടാത്ത 6 വായനശാലകളും 38 കലാകായിക സ്ഥാപനങ്ങളും ഉണ്ട്. ഭൂരിഭാഗം ക്ലബുകളുടെയും കലാസമിതികളുടെയും പ്രവർത്തനങ്ങൾ ഓരോ വാർഷികാഘോഷത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. മുതുകുറ്റിയിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി കലാവേദി&ബാലജനസഖ്യം പഞ്ചായത്തു കേര

ളോത്സവത്തിൽ തുടർച്ചയായി 4 തവണ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട്. 1994-ൽ സംസ്ഥാനതലമത്സരങ്ങളിലും ഈ ക്ലബിന് പങ്കെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിൽ വളരെ പ്രചാരത്തിലുണ്ടായിരുന്ന ഒരു നാടൻകലയായിരുന്നു കോൽക്കളി. നശിച്ചുകൊണ്ടിരിക്കുന്ന ഈ കലയെ സംരക്ഷിക്കുന്നതിനുവേണ്ടി സാംസ്കാരിക സ്ഥാപനങ്ങൾ മുന്നോട്ടുവരാത്ത സ്ഥിതിയുണ്ട്. ഒരു കാലഘട്ടത്തിൽ അവതരിപ്പിച്ചുകൊണ്ടിരുന്ന ആടി, വേടൻ, കോതാംമൂരി തുടങ്ങിയ പ്രാചീനകലകളും അപ്രത്യക്ഷമായി. വയലേലകളിൽ ശ്രവണസുന്ദരമായി മുഴങ്ങിക്കേട്ടിരുന്ന നാട്ടിപ്പാട്ടുകൾ ഇന്നു കേൾക്കാനില്ല. ദഫ്മുട്ട് സംഘങ്ങളുടെ പരിപാടികൾ ചില ഭാഗങ്ങളിൽ മാത്രമായികണ്ടുവരുന്നു. അപ്പപ്പന്ത്, ആട്ട, ഗോട്ടി, ഇട്ടി, സോഡി, മരമങ്കി,കൊത്തങ്കല്ല് തുടങ്ങിയ നാടൻകളികൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കാണാം.

## കലാ-സാംസ്കാരിക സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ

1. സുവർണ്ണ, കൊറ്റൻകുന്ന്
2. ദർശന, സ്പോർട്സ് ക്ലബ്, ചാല
3. ന്യൂ സ്റ്റാർ സ്പോർട് ആന്റ് ആർട്സ് ക്ലബ് ചാല
4. എം. മുകുന്ദൻ സ്മാരക സ്പോർട്സ് ആന്റ് ആർട്സ് ക്ലബ് തന്നട.
5. വെങ്ങിലോട് ഉദയ കലാസമിതി, കോയ്യോട്ട്
6. ഉദയ സ്പോർട്സ് ക്ലബ് കോയ്യോട്ട്
7. മൊയാരം സ്മാരക സ്പോർട്സ ക്ലബ് കോയ്യോട്ട്
8. കെ.വി. സുധീഷ് സ്മാരക സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്, കോയ്യോട്ട്
9. ശ്രീനാരായണ സ്പോർട്സ് ക്ലബ് കോയ്യോട്ട്.
10. ഗാരിസൺ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് കോയ്യോട്ട്
11. രാജീവ്ഗാന്ധി സ്പോർട്സ് ക്ലബ്, കോയ്യോട്ട്
12. പി. രാഘവൻ സ്മാരക സ്പോർട്സ് ക്ലബ് കോയ്യോട്ട്
13. ടൈറ്റാൻ ടാസ് സ്പോർട്സ് ക്ലബ് കോയ്യോട്ട്
14. സംഘശക്തി തിയറ്റേഴ്സ് ചെമ്പിലോട്ട്
15. എൻ.അബ്ദുള്ള സ്മാരക സ്പോർട്സ് ക്ലബ് വങ്കണ
16. പൊക്കൻമാവ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, കോയ്യോട്ട്
17. പ്രിയദർശിനി കലാവേദി മുതുകുറ്റി.
18. പ്രിയദർശിനി ബാലജനസഖ്യം മുതുകുററി
19. രാജീവ്ജി സ്പോർട്സ് ആന്റ് ആർട്സ് ഇരിവേരി
20. യുവജന ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ചെമ്പിലോട്ട്മെട്ട
21. മഹാത്മാ സേവാസമിതി മുതുകുറ്റി
22. ബാപ്പുജി മാതൃഭൂമി സ്റ്റഡി സർക്കിൾ തലവിൽ
23. സ്വരാജ് മാതൃഭൂമി സ്റ്റഡിസർക്കിൾ മുതുകുറ്റി.
24. യുവധാര കലാവേദി കണയന്നൂർ
25. എ.കെ.ജി. സ്മാരക സ്പോർട്സ് ആന്റ് ആർട്സ് ക്ലബ് വെള്ളച്ചാൽ
26. യുവക് സ്പോർട്സ് ആന്റ് ആർട്സ് ക്ലബ് പാനേരിച്ചാൽ
27. ബ്രദേഴ്സ് സ്പോർട്സ് ക്ലബ് ഇരിവേരി
28. കൈരളി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, കക്കോത്ത്
29. ബ്രില്യന്റ് സ്പോർട്സ് ക്ലബ്, ചെമ്പിലോട്
30. ഹരിതകലാവേദി കോയ്യോട്ട്
31. ടിംബർ ബറ്റാലിയൻ സ്പോർട്സ് ക്ലബ്, ഇരാണിപ്പാലം
32. സ്വർഗ്ഗതീയറ്റേഴ്സ്, ചാല
33. രാജീവ്ജി സ്പോർട്സ് ക്ലബ്, തലവിൽ
34. സി.എച്ച്. കണാരൻ സ്മാരക സ്പോർട്സ് ക്ലബ് ഇരിവേരി.
35. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ചാല യൂണിറ്റ്
36. കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കണയന്നൂർ
37. കേരള ശാസ്ത്രസാഹിത്യപരിഷത്ത്, ആർ.വി.മെട്ട യൂണിറ്റ്
38. രാജീവ്ജി സ്റ്റഡിസെന്റർ, കക്കോത്ത്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം ഇല്ല.
2. ഗ്രന്ഥശാലകളിൽ വായനക്കാർ കുറഞ്ഞുവരുന്നു.
3. ഗ്രാമത്തിലെ കലാകായിക പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുന്നില്ല.
4. പഞ്ചായത്തിലെ കലാ-സാംസ്കാരിക സംഘങ്ങളുടെ ഏകോപിച്ച പ്രവർത്തനങ്ങൾ ഇല്ല.
5. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമല്ല.

## ഗ്രന്ഥശാലകൾ/വായനശാലകൾ

| പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1. ശ്രീനാരായണ സ്മാരക ജ്ഞാനപ്രദായിനി വായനശാല & ഗ്രന്ഥാലയം നാലാംപീടിക | 1934 | 90 | 3800 | C | 15 | ഗ്രന്ഥശാലാസംഘം അഫിലിയേഷൻ ഉണ്ട് |
| 2. യുവക് വായനശാല & ഗ്രന്ഥാലയം പാനേരിച്ചാൽ | 1946 | 130 | 2500 | C | 30 | " |
| 3. ചാല ദേശോദ്ധാരണ വായനശാല & ഗ്രന്ഥാലയം കോയ്യോട്ട് | 1944 | 353 | 3112 | C | 15 | " |
| 4.ആത്മാനന്ദസംബോധിനി വായനശാല & ഗ്രന്ഥാലയം കോയ്യോട്ട് | 1951 | 130 | 1935 | E | 10 | " |
| 5. ഗ്രാമ വികസനകേന്ദ്രം & ഗ്രന്ഥാലയം , ആർ.വി. മൊട്ട | 1966 | | 1800 | | 50 | " |
| 6. മൊയാരം സ്മാരക വായനശാല& ഗ്രന്ഥാലയം, കൊയ്യോട്ട് | 1977 | 62 | 1500 | E | 20 | " |
| 7. L.L.A. കോമത്തുകുന്നുമ്പ്രം | | | 1556 | | | |
| 8. സജീവൻ സ്മാരക വായനശാല & ഗ്രന്ഥാലയം ഈരാണിപ്പാലം | | | 1200 | | | " |
| 9. പി. ഭാസ്കരൻ സ്മാരക വായനശാല & ഗ്രന്ഥാലയം,കണയന്നൂർ | | | | | | അഫിലിയേഷൻ ഇല്ല |
| 10. എ.കെ.ജി. സ്മാരക വായനശാല, ചെമ്പിലോട്ട്മൊട്ട | | | | | | |
| 11. പാട്യം സ്മാരക വായനശാല കോമത്തുകുന്നുമ്പ്രം | | | | | | |
| 12. പി.വി. കോരൻ നായർ വിജ്ഞാനകേന്ദ്രം ചെമ്പിലോട്ട് | | | | | | |
| 13. രാമർഗുരി സ്മാരക വായനശാല, തന്നട. | | | | | | |
| 14.ഗ്രാമോദ്ധാരണ വായനശാല വെങ്ങിലോട് | | | | | | |

## നിർദേശങ്ങൾ

1. ഒരു പൊതു സാംസ്കാരിക നിലയം സ്ഥാപിച്ച് നാടൻകലകളും നാടൻകളികളും വളർത്തി പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

2. കായികതാരങ്ങൾക്കു പരിശീലനം നൽകുന്നതിനു പഞ്ചായത്തുതലത്തിൽ ഒരു കായിക പരിശീലന കേന്ദ്രം സ്ഥാപിക്കുക.

3. പഞ്ചായത്തിലെ രണ്ടു മിനി സ്റ്റേഡിയങ്ങളും പരിഷ്കരിക്കുക.

4. പഞ്ചായത്തിലെ സാംസ്കാരിക സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ച് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

5. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കണം.

6. പഞ്ചായത്തിൽ നിലവിലുള്ള കമ്യൂണിറ്റിഹാൾ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഗുണകരമായ മേഖലയിലല്ല ഉള്ളത്. അതു മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.



# വനിതാക്ഷേമം

സാമൂഹിക വികസനത്തിന്റെ അടിത്തറ സുശക്ത മാക്കേണ്ടത് വനിതാ ക്ഷേമ പരിപാടികളിലൂടെയായിരിക്കണം. എന്തെങ്കിലും തരത്തിലുള്ള സൗജന്യങ്ങൾ നൽകുക എന്നുള്ളതല്ല, വനിതാക്ഷേമം കൊണ്ടുദേശിക്കുന്നത്. സ്ത്രീയെ എല്ലാ മേഖലകളിലും പ്രാപ്തയാക്കുക എന്നാതിയിരിക്കണം അടിസ്ഥാന ലക്ഷ്യം. പെൺകുട്ടി, ഭാര്യ, അമ്മ, അമ്മൂമ്മ എന്നീ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന കുടുംബത്തിന്റെ കേന്ദ്രബിന്ദു തന്നെയാണ് സ്ത്രീ. പക്ഷെ ജനാധിപത്യ ഇന്ത്യയിൽ എണ്ണത്തിൽ കൂടുതലെങ്കിലും അറിഞ്ഞോ, അറിയാതെയോ വനിതകൾക്ക് അർഹമായ അംഗീകാരം നൽകിയിട്ടില്ലെന്ന് കാണാവുന്നതാണ്. ഈ ഒരപവാദത്തിൽ നിന്ന് ചെമ്പിലോട് പഞ്ചായത്തും വിമുക്തമല്ല. നമ്മുടെ പഞ്ചായത്തിലെ ജനസമൂഹം വൈവിധ്യമാർന്ന മതജാതിയിൽപ്പെട്ടവരും 1940 കാലഘട്ടം വരെ അവരവരുടെ ജാതിമത വിശ്വാസങ്ങളിലും ആചാരനുഷ്ഠാനങ്ങളിലും മുറുകെപിടിച്ചവരായിരുന്നുവെന്ന് കാണുവാൻ സാധിക്കും. ഇതിലേറ്റവും ഹീനമായ ജാതസമ്പ്രദായത്തിന്റെ തീഷ്ണത ഏറെ പേറേണ്ടിവന്നതും സ്ത്രീകൾ തന്നെയായിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തോടെയുള്ള ദേശീയ പ്രസ്ഥാനത്തിന്റെയും തുടർന്നുവന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും ശക്തമായ സാമൂഹിക ഇടപെടലുകളുടെയും വിദ്യാഭ്യാസ പ്രചാരണത്തിന്റെയും ഫലമായി ജാതിപരമായ അസ്പൃശ്യത, അലിഞ്ഞല്ലാതാവുന്നുണ്ടെങ്കിലും, സ്ത്രീകളിൽ അത് വേണ്ടത്ര കടന്നുചെന്നിട്ടില്ല.

ദേശീയപ്രസ്ഥാന പ്രവർത്തനങ്ങളിലൂടെ ആരംഭിച്ച് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ നേതാവായി തീർന്ന യശഃശരീരനായ മൊയാരത്തു ശങ്കരന്റെ ഭാര്യ ശ്രീമതി ചിന്നമ്മുഅമ്മയും സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന പരേതനായ ശ്രീ. എ.കെ. നാരായണൻ നമ്പ്യാരുടെ ഭാര്യ ശ്രീമതി തങ്കമ്മയും പഴയകാല മഹിളാ സംഘാടകരാണ്. ഇവരിൽ ശ്രീമതി ചിന്നമ്മു അമ്മ നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വനിതാ മെമ്പറും, ശ്രീമതി തങ്കമ്മ ആദ്യകാല മഹിളാ സമാജം പ്രസിഡന്റുമായിരുന്നു.

ശ്രീമതി ഓമന ശ്രീമതി വി.പി.കൗസല്യ, ശ്രീമതി എം.പി.വിജയലക്ഷ്മി എന്നിവർ മുൻകാല പഞ്ചായത്തു മെമ്പർമാരും, കുമാരി സി.അനില, ശ്രീമതി എം.സി. ശോഭ, ശ്രീമതി കെ.സി.ഖദീജ, ശ്രീമതി കെ.ലീല എന്നിവർ നമ്മുടെ ഇന്നത്തെ വാർഡു സാരഥികളുമാണ് കൂടാതെ എടക്കാട് ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടി.വി.ലക്ഷ്മി നമ്മുടെ പഞ്ചായത്തിലാണെന്ന് അഭിമാനകരവുമാണ്. പതുക്കെയാണെങ്കിലും പഞ്ചായത്തിലെ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലേക്ക് വനിതകളുടെ സാന്നിദ്ധ്യം വർധിച്ചു വരുന്നതായി കാണുന്നുണ്ട്.

വനിതാ രംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്ന മഹിളാ സമാജങ്ങളോ, മറ്റു സന്നദ്ധ സംഘടനകളോ

ഈ രംഗത്തില്ലെങ്കിലും, രജിസ്റ്റർ ചെയ്ത 15ഓളം മഹിളാ സമാജങ്ങൾ നിലവിലുണ്ട്. കൊറ്റംകുന്ന് ചൈതന്യ മഹിളാസമാജം, കൊയ്യോട് മഹിളാ സമാജം എന്നിവ ഈ രംഗത്ത് അല്പമെങ്കിലും പ്രവർത്തിച്ചു വരുന്നസംഘടനകളാണ്.

താഴെപറയുന്ന സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ വനിതകളുടെ നേതൃത്വത്തിൽ നടത്തുന്നവയാണ്.

1. ഗ്രാമലക്ഷ്മി വനിതാവേദി(DWCRA യൂണിറ്റ്) പാനേരിച്ചാൽ.
2. ദശാംഗന വനിതാ വേദി(DWCRA യൂണിറ്റ്) മുതുകുറ്റി
3. ഗ്രാമശ്രീ ഡിറ്റർജന്റ്(DWCRA യൂണിറ്റ്) ചാല.
4. ഹരിത വിനിതാവേദി, ചാല(DWCRA യൂണിറ്റ്)
5. കൊയ്യോട് മഹിളാ സമാജം കൊയ്യോട് (തയ്യൽപരിശീലന കേന്ദ്രം.)
6. കോമത്തു കുന്നുമ്പ്രം തയ്യൽപരിശീലന കേന്ദ്രം
7. ഖാദി നൂൽനൂൽപ് കേന്ദ്രം തന്നട
8. പാലുല്പാദന നിർമാണ യൂണിറ്റ്, കോയ്യോട്
9. പാലുല്പാദന നിർമാണ യൂണിറ്റ് മുതുക്കുറ്റി
10. ഫലവർഗ സംസ്കരണ സംഘം ഇരിവരി.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും സ്ത്രീപുരുഷനുപാതവും, മറ്റു സ്ഥിതി വിവരക്കണക്കുകളും താഴെ കൊടുക്കുന്നു.

| ആകെ ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ | ജനസാന്ദ്രത |
|---|---|---|---|
| 29,016 | 14,042 | 14,974 | 1,382 |

| | |
|---|---|
| സ്ത്രീപുരുഷാനുപാതം | : 1000 പുരുഷന്മാർക്ക് 1066 സ്ത്രീകൾ |
| സാക്ഷരതാനിരക്ക് | : 93.38% |
| പുരുഷൻമാരുടെ സാക്ഷരത | : 97.5% |
| സ്ത്രീകളുടെ സാക്ഷരത | : 89.58% |
| പഞ്ചായത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്തനിരക്ക് | : 4.92% |
| ഭൂവുടമകൾ | : 25 |
| കർഷകതൊഴിലാളികൾ | : 297 |
| മൃഗസംരക്ഷണ മേഖല | : 20 |
| ഗൃഹാനുബന്ധവ്യവസായം | : 51 |
| മറ്റുവ്യവസായ മേഖല | : 630 |
| കെട്ടിടനിർമാണ മേഖല | : 33 |
| കച്ചവടാനുബന്ധനമേഖല | : 29 |
| ടി.എസ്.സി.(ഗതാഗതം, സംഭരണം, വാർത്താവിനിമയം) | : 97 |
| മറ്റുമേഖലകൾ | : 248 |
| ആകെ | : 1430 |

*അവലംബം: സെൻസസ് റിപ്പോർട്ട് 1991.*

## വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യവിദ്യാഭ്യാസ രംഗത്തെ നേതൃത്വ സ്ഥാനങ്ങളിൽ വനിതകളുടെ സാന്നിദ്ധ്യം ഇല്ല. സർവ്വത്രികമായ സാമൂഹ്യ പ്രതിഭാസം എന്നുള്ള നിലയിൽ തൊഴിലില്ലായ്മ പരിഗണിക്കുമ്പോൾ സ്ത്രികൾക്കുള്ള തൊഴിലവസരങ്ങൾ പുരുഷന്മാരെ അപേക്ഷിച്ച് വളരെ പിന്നിലാണ്. ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്നത് വനിതകളാണെങ്കിലും, സംഘടിതമോ, വൈദഗ്ധ്യമോ ആവശ്യമുള്ള തൊഴിൽ മേഖലകൾ നമ്മുടെ പഞ്ചായത്തിൽ തീരെ കുറവാണ്.

2. കാർഷീക കെട്ടിട നിർമാണ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾ വളരെ കുറവാണ്. വേതനത്തിന്റെ കാര്യത്തിലും സ്ത്രീകൾ പിന്നിലാണ്. കൂടുതൽ സ്ത്രീകൾ ജോലിചെയ്യുന്ന ബീഡിമേഖല പ്രധാനപ്പെട്ട രണ്ടു പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്.

1. സ്വകാര്യമേഖലയിൽപ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കൂലിയും മറ്റാനുകൂല്യങ്ങളും പേരിനു മാത്രമാണ്. 2. സംഘടിത മേഖലയായ ദിനേശ് ബീഡി ഇന്നൊരു പ്രതിസന്ധി നേരിടുകയാണ്.

3. രാഷ്ട്രീയ പാർട്ടികൾ വനിതകളെ നേതൃത്വസ്ഥാനത്ത് കൊണ്ടുവരാൻ ആത്മാർഥമായി ശ്രമിച്ചുകാണുന്നില്ല. നിലവിൽ ഉള്ളവർക്കുതന്നെ രണ്ടാം നിരയിലോ, മൂന്നാം നിരയിലോ ആണ് സ്ഥാനം. 4. പഞ്ചായത്തിലെ ചിലവിഭാഗങ്ങളിൽ സ്ത്രീധന സമ്പ്രദായം ഇന്നും നിലനിൽക്കുന്നുണ്ട്. മുസ്ലിംപെൺകുട്ടികൾ ഉന്നതവിദ്യാഭ്യാസാവസരം വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താത്തിനിൽ അവർക്ക് ഉന്നതവിദ്യാഭ്യാസ യോഗ്യതകൾ നേടുവാനോ, തൊഴിൽ മേഖലകളിലോ, നേതൃത്വസ്ഥാങ്ങളിലോ എത്തിച്ചേരുവാൻ സാധിക്കുന്നില്ല.

5. ആസൂത്രിതവും, ശാസ്ത്രീയവുമായ രീതിയിൽ സാമൂഹ്യ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്.

6. വനിതകൾക്കുമാത്രമായി തൊഴിൽ പരിശീലനം കൊടുക്കുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇനിയും ഉയർന്നുവരേണ്ടിയിരിക്കുന്നു.

7. കുട്ടികളുടെ ഗൃഹപഠനശീല വൽക്കരണത്തിന്റെ പ്രവർത്തനങ്ങളിൽ അമ്മമാരുടെ ശ്രദ്ധാ പൂർവമായ പരിചരണം തീരെ ഗൗരവ പൂർണമായി എടുത്തുകാണുന്നില്ല. പഞ്ചായത്തിലെ ചില വിദ്യാലയങ്ങളിലെ മാതൃബന്ധം ഒട്ടും തൃപ്തികരമല്ല. ഈ ഉത്തരവാദിത്ത രാഹിത്യം വിദ്യാർഥികളുടെ ഗൃഹപഠനം വെറും ചടങ്ങായി മാത്രം അവശേഷിപ്പിക്കുന്നു.

8. സ്വയം തൊഴിൽ സംരംഭങ്ങളെക്കുറിച്ച് മനസിലാക്കുവാനോ അവയുടെലഭ്യതയെക്കുറിച്ച് അറിയുവാവനോ മെനക്കെടുന്നില്ല. ഇതിനാവശ്യമായ ബോധവൽക്കരണ സൗകര്യങ്ങളും ഇന്നില്ല.

9. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച്(വാർദ്ധക്യകാലപെൻഷൻ വിധവാ പെൻഷൻ)എന്നിവയെക്കുറിച്ച് അറിവില്ലായ്മ കാരണം അർഹമായ ആനുകൂല്യങ്ങൾ പലർക്കും നേടിയെടുക്കാനാകുന്നില്ല.

10. വനിതാ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം തീരെയില്ല.

11. അങ്കണവാടി അധ്യാപികമാർ, ഹെൽപ്പർമാർ, ഉച്ചക്കഞ്ഞിപാകം ചെയ്യുന്ന സ്ത്രീകൾ എന്നിവർക്ക് ലഭ്യാമാകുന്ന വേതനം വളരെ പരിതാപകരമാണ്.

12. കൃഷി, കെട്ടിട നിർമാണ മുതലായ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഭാഗികമായേ തൊഴിൽ ലഭിക്കുന്നുള്ളൂ.

13. സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകളെ മോശമായി വീക്ഷിക്കുന്ന പ്രവണതയുണ്ട്.

14. സ്ത്രീകൾക്കു മാത്രമായുള്ള വായനാശാലകൾ, ഗ്രന്ഥായങ്ങൾ എന്നിവ തീരെ ഇല്ല.

15. വിനിതകൾക്ക് മാത്രമുള്ള കായിക പരിശീലന കേന്ദ്രമില്ല.

16. ഭൂരിഭാഗം വിദ്യാലയങ്ങളിലും പെൺകുട്ടികൾക്കായി സൗകര്യപ്രദമായ മൂത്രപ്പുരകളും, കക്കൂസുകളും ഇല്ല. ഉള്ളവയിൽ തന്നെ ജലലഭ്യതയോ, രോഗാണു നിയന്ത്രണ ശുചീകരണങ്ങളോ നടക്കാത്തതു കാരണം, ഫംഗസ്, ഇൻഫക്ഷൻ തുടങ്ങിയ രോഗങ്ങൾ എളുപ്പം പകരാൻ കാരണമാവുന്നു.

## സാധ്യതകൾ

1.വനിതാ രംഗത്ത് പുതിയ സംരഭങ്ങൾ തുടങ്ങാൻ യഥാർഥ താൽപര്യമുള്ളവരെ ഒരു സർവേയിലൂടെ കണ്ടെത്തണം.

2.പഞ്ചായത്തുതലത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുവാനും, സമഗ്രവും, ശാസ്ത്രീയവുമായ പരിഹാരമാർഗങ്ങൾ സമർപ്പിക്കാനുള്ള ഒരു വിദഗ്ധ സമിതി രൂപീകരിക്കണം.

3.വനിതകൾക്ക് മാത്രമായി ചെറുകിട കുടിൽ വ്യവസായ സംരഭങ്ങൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.

I.പാലുൽപ്പന്നങ്ങൾ, II.കോഴിവളർത്തൽ, III.പപ്പട നിർമാണം.

4.വിദഗ്ധ മേഖല:- പ്രിന്റിംഗ് പ്രസ്, റെഡിമെയ്ഡ് ഗാർമെന്റ്സ്, വൂളൻ ഗാർമെന്റ്സ്, കാർ, ഓട്ടോറക്ഷി, ജീപ്പ് ഇരുചക്രവാഹനങ്ങൾ(ഡ്രൈവിംഗ്) പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ, കൈത്തറി, അനുബന്ധതൊഴിലുകൾ, അലൂമിനിയം ഫാബ്രിക്കേഷൻ, പശുപരിപാലനം, മെഴുകുതിരി, ചെരിപ്പുനിർമാണം, ജൈവളം, പോളിത്തീൻബാഗ്, കാലിത്തീറ്റ, ഹുക്ക്, ഇരുമ്പാണി, കുട, നോട്ടുബുക്കുനിർമാണം മുതലായവ.

5. പഞ്ചായത്തിൽ വാർഡുതലത്തിൽ 50-നും, 75-നും ഇടയിലുള്ള തൊഴിൽ രഹിതരായ വനിതകളെ സംഘടിപ്പിച്ച തൊഴിൽ സംരംഭങ്ങൾക്കായുള്ള ലഘു മൂലധന സ്വരൂപരണം നടത്തി ആവശ്യമായി വരുന്ന അധികമൂലധനം സഹകരണ ബാങ്കുകളുടെയോ, വാണിജ്യ ബാങ്കുകളുടെയോ, സഹായത്തിലൂടെ സംഭരിക്കൽ

6. ബ്ലോക്കുകൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന DWCRA യൂണിറ്റുകൾ ഓരോ വാർഡിലും രൂപീകരിക്കൽ.

7.സ്ത്രീപുരുഷ വേതന അന്തരം പരമാവധികുറക്കൽ

8.വനിതാ സംരഭങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ഒരുക്കൽ

9.രജിസ്റ്റർ ചെയ്യപ്പിട്ടിട്ടുള്ള, 15 മഹിളാ സമാജങ്ങളുടെ പ്രവർത്തനം കൂടുതൽ ജനകീയവും-ശാസ്ത്രീയവുമാക്കുക.

10.ബീഡിവ്യവസായ മേഖലയിലെ ഔട്ട് വർക്ക് ചെയ്യുന്നവരുടെ കൂലി നിരക്ക് കേരളത്തിലുള്ള കൂലി നിരക്കിനൊപ്പമാക്കുക.

11.ദിനേശ് ബീഡിയുടെ വൈവിധ്യവത്കരണത്തിന്റെ ഫലമായി തൊഴിൽ രാഹിത്യ സാധ്യത മുൻകൂട്ടിക്കണ്ടു കൊണ്ട് പുതിയ സംരംഭം ആസൂത്രണം ചെയ്യൽ.

12.നേതൃനിരയിലെത്തുന്ന വനിതകൾക്ക് ആത്മവിശ്വാസം പകരാനുള്ള പ്രോത്സാഹനം നൽകുക.

13. സ്ത്രീധന സംമ്പ്രദായിത്തിനെതിരേ ശക്തമായ ബോധവൽക്കരണം നടത്തുക.

14.രാഷ്ട്രീയ നേതൃത്വത്തിലേക്ക് വനിതകളെ സഹർഷം സ്വാഗതം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

15. വനിതകൾക്ക് മാത്രമായുള്ള തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

16.കുട്ടികളുടെ ഗൃഹപഠനത്തിന്റെ കാര്യത്തിൽ അമ്മമാർ ശുഷ്കാന്തി കാണിക്കേണ്ടതിന്റെ പ്രാധാന്യം മനസിലാക്കി വിദ്യാലങ്ങളിലെ മാതൃസംഗമങ്ങളിൽ പങ്കെടുക്കുകയും വിദ്യാലയ സമ്പർക്കം ഉറപ്പുവരുത്തുകയും ചെയ്യുക.

17.തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.

18.വനിതാ ക്ഷേമ ആനുകൂല്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം സംഘടിപ്പിക്കൽ.

19. അങ്കണവാടി ജീവനക്കാരുടെ വേതന പരിഷ്ക്കരണം നടത്തുക.

20.ഭാഗിക തൊഴിലവസരങ്ങളുള്ള വനിതകൾക്ക് സമ്പൂർണതൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

21. സാമൂഹിക രംഗത്തുള്ള വിനിതകൾക്ക് , അർഹമായ അംഗീകാരം നൽകുക.

22. വിനിതകൾക്ക് മാത്രമായുള്ള കായിക കലാ പരിശീലന കേന്ദ്രം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുക.

23. വിദ്യാലയങ്ങളിലും, തൊഴിൽശാലകളിലും വനിതകൾക്ക് ശുചീകരണ സൗകര്യവും, ജലലഭ്യതയുള്ള മുത്രപ്പുരകളും കക്കൂസുകളുമുണ്ടെന്ന് ഉറപ്പുവരുത്തുക.

24. സ്ത്രൈണ രോഗനിയന്ത്രണം, രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ, പ്രസവം തുടങ്ങിയവർക്ക് സ്ത്രീരോഗവിദഗ്ധരുടെ സേവനം PHC യിൽ ഉറപ്പുവരുത്തുകയും PHCയുടെ സേവനപ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കണം നടത്തുക.

25.അർഹതയുള്ള മുഴുവൻ സ്ത്രീകൾക്കും പെൻഷൻ ലഭ്യമാക്കുക.

26. വനിതകൾക്ക് മാത്രമായുള്ള സ്ത്രീലൈബ്രേറിയനെ നിയമിച്ചുകൊണ്ടുള്ള പഞ്ചായത്ത് ലൈബ്രേറി ഏർപ്പെടുത്തുക. ഒപ്പം സഞ്ചരിക്കുന്ന ലൈബ്രേറി സംവിധാനം ഏർപ്പെടുത്തുക.

27. ഭൂരിഭാഗം സ്ത്രീകളും കുടുംബ പാചകവൃത്തിക്കാരാണ്. അതിനാൽ ആരോഗ്യപ്രദമായ പാചകവൃത്തി പരിശീലിപ്പിക്കാനുള്ള സംവിധാനമേർപ്പെടുത്തുക.

# സഹകരണ മേഖല



ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടിരുന്ന ഒരു പ്രത്യേക കാലഘട്ടത്തിലാണ് വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തന ആരംഭം. ന്യായവിലക്ക് ഭക്ഷ്യസാധനങ്ങൾ സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുക എന്നതായിരുന്നു ഇത്തരം സഹകരണ സ്ഥാപനങ്ങളുടെ മുഖ്യ ഉദ്ദേശം.

ചെമ്പിലോട് പഞ്ചായത്തിലെ ചെമ്പിലോട്, ഇരിവേരി എന്നീ റവന്യൂ വില്ലേജുകളിലായി 11 സഹകരണ സ്ഥാപനങ്ങളാണ് നിലവിലുള്ളത്. ഇതിൽ 4 സംഘങ്ങൾ വായ്പാ സംഘങ്ങളും 7 സംഘങ്ങൾ വായ്പേതര സംഘങ്ങളുമാണ്. മൗവ്വഞ്ചേരി സഹകരണ റൂറൽ ബാങ്ക്, കോയ്യോട് സർവീസ് സഹകരണ ബാങ്ക്, ഇരിവേരി സർവീസ് സഹകരണ ബാങ്ക്, ചെമ്പിലോട് പഞ്ചായത്ത് വനിതാ സൊസൈറ്റി എന്നിവ വായ്പാ സഹകരണ സംഘങ്ങളിൽപ്പെടുന്നു. വായ്പേതര സംഘങ്ങൾ കോയ്യോട് ക്ഷീരോത്പാദക സഹകരണസംഘം, മുതുകുറ്റി ക്ഷീരോത്പാദക സഹകരണസംഘം, കണയന്നൂർ ഗ്രാമവികസന ചാരിറ്റബിൾ സൊസൈറ്റി എന്നിവയാണ്. കൂടാതെ ചാല ബീഡിത്തൊഴിലാളി വ്യവസായ സഹകരണ സംഘം, ചാല ഗവൺമെന്റ് ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചെമ്പിലോട് ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചാല ബീഡി വ്യവസായ സഹകരണ എംപ്ലോയീസ് കൺസ്യൂമർ സ്റ്റോർ എന്നിവയും വായ്പേതര സംഘങ്ങളിൽപ്പെടുന്നു.

ചെമ്പിലോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ഷൻ ആൻഡ് സെയിൽസ് സൊസൈറ്റി, ചെമ്പിലോട് കേന്ദ്രമായുള്ള ചേലോറ മത്സ്യവല നിർമാണ സൊസൈറ്റി എന്നിവയും കുറച്ച് കൊല്ലക്കാലം ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു.

12-02-1921-ൽ രജിസ്റ്റർ ചെയ്ത ഇന്നത്തെ ഇരിവേരി സർവീസ് സഹകരണ ബാങ്കാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന സഹകരണസ്ഥാപനം. 23-06-1921-ൽ രജിസ്റ്റർ ചെയ്ത കോയ്യോട് സർവീസ് സഹകരണ ബാങ്ക് രണ്ടാമത്തെ സഹകരണ സ്ഥാപനമാണ്. ഇപ്പോഴത്തെ മൗവ്വഞ്ചേരി സഹകരണ റൂറൽ ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നത് 1946 സെപ്റ്റംബർ 24-നാണ്. 1969 ജനുവരി രണ്ടിനാണ് ചാല ബീഡിത്തൊഴിലാളി വ്യവസായ സഹകരണസംഘം പ്രവർത്തനം ആരംഭിക്കുന്നത്. മറ്റ് സ്ഥാപനങ്ങളൊക്കെ 1980-നുശേഷം തുടങ്ങിയവയാണ്.

## മൗവ്വഞ്ചേരി സഹകരണ റൂറൽ ബാങ്ക്

1932-ലെ മദ്രാസ് സഹകരണ സംഘം ആക്ട് പ്രകാരം 26-09-1946 ൽ 2939 മെംബർമാരും 38,540 രൂപ ഓഹരി മൂലധനവുമായി മൗവ്വഞ്ചേരി ബസാറിലെ ഒരു വാടക കെട്ടിടത്തിലാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. 22--5-56 മുതലാണ് സഹകരണ റൂറൽ ബാങ്കായി രൂപാന്തരപ്പെട്ടത്. 1962 ഡിസംബറിൽ ചക്കരക്കല്ല് ബസാറിൽ ബാങ്കിന് സ്വന്തമായി ഒരു കെട്ടിടം നിർമിക്കുകയും, പ്രവർത്തന കേന്ദ്രം മൗവ്വഞ്ചേരിയിൽനിന്നും ചക്കരക്കല്ലിലേക്ക് മാറ്റുകയും ചെയ്തു. ബാങ്കിന്റെ പുരോഗതിയുടെ ആദ്യത്തെ നാഴികക്കല്ലായി ഇതിനെ കണക്കാക്കാം.

1972 ഒക്ടോബർ 28-ന് ബാങ്കിന്റെ പ്രഥമ ബ്രാഞ്ച് പെരളശേരിയിൽ സ. എ.കെ.ജി. ഉദ്ഘാടനം ചെയ്യുകയുണ്ടായി. 1976-ഓഗസ്റ്റുമുതൽ 1977 സെപ്റ്റംബർ വരെ ബാങ്കിന്റെ പ്രവർത്തനം ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ നിയന്ത്രണത്തിലായിരുന്നു. ജീവനക്കാരെ അന്യായമായി പിരിച്ചുവിടുക, മറ്റ് ശിക്ഷണനടപടികൾക്ക് വിധേയമാക്കുക, ബാങ്കിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് തുരങ്കം വയ്ക്കുന്ന നടപടികൾ സ്വീകരിക്കുക എന്നിവയൊക്കെ അഡ്മിനിസ്ട്രേറ്റർ ഭരണകാലത്ത് നടക്കുകയുണ്ടായി. പിന്നീട് 26.09.1977 ലാണ് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരത്തിൽ വരുന്നത്. അപൂർവം സന്ദർഭങ്ങളിൽ മാത്രമേ ഭരണസമിതി തെരഞ്ഞെടുപ്പിൽ മത്സരം ഉണ്ടായിരുന്നുള്ളൂ.

ബാങ്കിന് ഇപ്പോൾ 7 ബ്രാഞ്ചുകളാണുള്ളത്. ചെമ്പിലോട്, ഇരിവേരി, മക്രേരി, മാവിലായി, അഞ്ചരക്കണ്ടി, കാഞ്ഞിരോട്, മുണ്ടേരി എന്നീ 7 വില്ലേജുകളാണ് പ്രവർത്തന മേഖല. ഹെഡ്ഡാഫീസും 4 ബ്രാഞ്ചുകളും

പ്രവർത്തിക്കുന്നത് ചെമ്പിലോട് പഞ്ചായത്തിലാണ്. ഹെഡ്ഡാഫീസിന് പുറമേ, ചക്കരക്കൽ, പെരളശേരി, ചക്കരക്കൽ സായാഹ്നശാഖ എന്നിവ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ ചാല, കാഞ്ഞിരോട്, മുണ്ടേരിമൊട്ട എന്നീ ശാഖകൾക്ക് കെട്ടിടം പണിയുന്നതിനുവേണ്ടി സ്ഥലം വാങ്ങിവയ്ക്കുകയും ചെയ്തിട്ടുണ്ട്. 1-1-93 മുതൽ ക്ലാസ് -1 സ്പെഷ്യൽ ഗ്രേഡായി ബാങ്ക് ഉയർന്നുവന്നു. ചെമ്പിലോട് വില്ലേജിൽനിന്ന് 5224 പേരും ഇരിവേരി വില്ലേജിൽനിന്നും 5427 പേരും അംഗങ്ങളായി ചേർന്നിട്ടുണ്ട്. മൊത്തം മെംബർഷിപ്പ് 35,000 -ൽപരം വരും.

കാർഷികവും കാർഷികേതരവുമായ നിരവധി വായ്പകൾ നൽകുന്നതിന് പുറമേ മെംബർമാരുടെ ക്ഷേമനിധി അടക്കമുള്ള പല പ്രവർത്തനവും നടത്തിവരുന്നു. ഇരിവേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനും പെരളശേരി, ചാല, അഞ്ചരക്കണ്ടി,മുണ്ടേരി എന്നീ ഹൈസ്കൂളുകൾക്കും പൊതുനന്മാഫണ്ടിൽനിന്നും നൽകുന്ന സാമ്പത്തിക ആനുകൂല്യം ഉപയോഗപ്പെടുത്തി പല പദ്ധതികളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

## ഇരിവേരി സർവീസ് സഹകരണ ബാങ്ക്

മൗവ്വഞ്ചേരി വിവിധോദ്ദേശ്യ ഐക്യനാണയസംഘം എന്ന പേരിൽ 1921 -ഫെബ്രുവരി21-നാണ് സ്ഥാപനം രജിസ്റ്റർ ചെയ്തത്. 27 മെംബർമാരും 40 ഉറുപ്പിക ഓഹരിമൂലധനവുമാണ് അന്ന് ഉണ്ടായിരുന്നത്. എന്നാൽ 50 വർഷക്കാലത്തോളം തലവിലുള്ള ഒരു വാടകക്കെട്ടിടത്തിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും നടക്കാതെ നിലനിന്നു പോന്നു. ലികിഡിയേഷന്റെ വക്കത്തോളമെത്തിയ ഈ സ്ഥാപനത്തെ ശ്രീ. സി. കൃഷ്ണൻമാസ്റ്റർ പ്രസിഡന്റായ ഭരണസമിതി അധികാരത്തിൽ വന്നതോടെയാണ് പ്രവർത്തനം പുനരാരംഭിച്ചത്.

കൂടുതൽ മെംബർമാരെ ചേർത്തും അവധി ബാക്കിയുള്ള കടങ്ങൾ പിരിച്ചെടുത്തും ഇതിനെ ഇരിവേരി സർവീസ് സഹകരണ സംഘമായി ഉയർത്തുകയുണ്ടായി. തുടർന്നുവന്ന ഭരണസമിതികളുടേയും ജീവനക്കാരുടേയും നിസ്വാർഥമായ പ്രവർത്തനഫലമായിട്ടാണ് 1981 ഫെബ്രുവരിയിൽ ബാങ്കായി തീർന്നത്. 1982-ൽ ഭരണം അഡ്മിനിസ്ട്രേറ്ററുടെ നിയന്ത്രണത്തിലായി. കോടതിയും കേസുമായി കുറച്ചുകൊല്ലക്കാലം കടന്നുപോയി. ഈ കാലയളവിൽ ബാങ്ക് നഷ്ടത്തിലാണ് പ്രവർത്തിച്ചുവന്നത്. അതേസമയം ജീവനക്കാരും അഡ്മിനിസ്ട്രേറ്ററും കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി ക്ലാസ് 6- ൽനിന്നും 5ലേക്ക് ഉയർത്തപ്പെടുകയും നിക്ഷേപസമാഹരണത്തിൽ ആ വർഷം താലൂക്കുതല ട്രോഫി നേടാൻ കഴിയുകയും ചെയ്തു.

4800 മെംബർമാരുള്ള ബാങ്കിന്റെ ഓഹരിമൂലധനം 5 ലക്ഷം ഉറുപ്പികയാണ്. പ്രവർത്തനമൂലധനം 185 ലക്ഷം രൂപയും. ലാഭത്തിലാണ് ബാങ്ക് പ്രവർത്തിച്ചുവരുന്നത്. 10-ാം വാർഡിലുള്ള ഹെഡ്ഡാഫീസിനു പുറമേ ചക്കരക്കല്ലിലും വെള്ളച്ചാലിലും ഓരോ ബ്രാഞ്ച് കൂടിയുണ്ട്.

## കോയ്യോട് സർവീസ് സഹകരണ ബാങ്ക്

ചെമ്പിലോട് വില്ലേജിലെ കോയ്യോട്, തന്നട എന്ന രണ്ട് ദേശങ്ങൾമാത്രം പ്രവർത്തനമേഖലയായ 21-06-1921 ൽ 1912-ലെ 2-ാം നമ്പർ ഇന്ത്യാ ആക് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചര 16-10-21 ലാണ്. 30-04-1950ലാണ് ഐക്യനാണയ സംഘമായി ഉയർത്തിയത്. ശ്രീ. ടി. കൃഷ്ണൻമാസ്റ്റ റുടെ നിസ്വാർഥ സേവനം ഈ സ്ഥാപനത്തിന്റെ വളർച്ച യിൽ നിർണായകമായ പങ്കുവഹിച്ചിരുന്നുവെന്ന കാര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

1979-ജൂൺ29 നാണ് സർവീസ് സഹകരണ ബാങ്കായ മാറിയത്. ചാല, ചെമ്പിലോട് എന്നീ പ്രദേശങ്ങൾ കൂട സംഘത്തിന്റെ പ്രവർത്തനമേഖലയിൽ വന്നു. 1979-ൽ ബാങ്കായി പ്രവർത്തനം ആരംഭിക്കുമ്പോൾ 1,84,898 രൂപ നിക്ഷേപവും 2,43,515 രൂപ മെംബർമാരുടെ വായ്പ ബാക്കി നിൽപുമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ ബാങ്കിൽ 4654 എ ക്ലാസ് മെംബർമാരും 7,59,579 രൂപ ഓഹരിമൂല ധനം 168 ലക്ഷം രൂപ നിക്ഷേപവും 149 ലക്ഷം രൂപ വായ്പാ ബാക്കിനിൽപും ഉണ്ട്. പ്രവർത്തന മൂലധനം 182 ലക്ഷം രൂപയാണ്. കർഷകരുടെ ഉന്നമനത്തിനായ വാഴകൃഷി, കവുങ്ങ് കൃഷി തുടങ്ങിയ വിളകൾക്ക നൽകിവരുന്ന വായ്പകൾക്ക് പുറമേ കാർഷികേതരവ മായ ധാരാളം വായ്പകളും നൽകിവരുന്നുണ്ട്. കൂടാതെ ന്യായവില ഷോപ്പുകൾ, കൺസ്യൂമർ സ്റ്റോർ, രാസവള ഡിപ്പോ, കാർഷിക ഉൽപന്നങ്ങളുടെ സംഭരണം, സിമന്റ് കച്ചവടം, ഗൃഹോപകരണ വിൽപന, തുടങ്ങിയവയിലും ബാങ്കിന്റെ പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. കോയ്യോടുള്ള ഹെഡ്ഡാഫീസ് ബ്രാഞ്ചിന് പുറമേ ചെമ്പിലോട് കോമത്ത് കുന്നമ്പ്രം ഒരു ബ്രാഞ്ച് അടുത്തകാലത്ത് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ബാങ്കിന് സ്വന്തമായ കെട്ടിടം നില വിലുണ്ട്. കഴിഞ്ഞ കുറേ കൊല്ലങ്ങളായി ലാഭത്തിൽ തന്നെയാണ് ബാങ്കിന്റെ പ്രവർത്തനം നടന്നുവരുന്നത്.

## ചാല ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തൊഴിൽരഹിത രായി തീർന്ന ബീഡിതൊഴിലാളികളെ പുനരധിവസിപ്പി ക്കുന്നതിനുവേണ്ടി സംഘടിപ്പിച്ച പ്രൈമറി സംഘങ്ങ ളിൽ ഒന്നാണ് ചാല ബീഡി തൊഴിലാളി വ്യവസായ സഹകരണസംഘം. ചാലയിൽ ആസ്ഥാനമായ പ്രവർത്തിക്കുന്ന ഇതിന്റെ പ്രവർത്തനപരിധി മക്രേരി മാവിലായി, കടമ്പൂർ, മുഴപ്പിലങ്ങാട്, ചെമ്പിലോട്, ഇരി വേരി റവന്യൂ വില്ലേജുകളാണ്.

സംഘം രൂപീകരണ സമയത്ത് 521 അംഗങ്ങളിൽ നിന്നായി ഓഹരി ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക 10,420 രൂപയായിരുന്നു പ്രവർത്തന മൂലധനം. ഇതിനുപ റമേ സർക്കാർ വായ്പയും ഉണ്ടായിരുന്നു. പല പ്രതിസ ന്ധികളെയും അതിജീവിച്ചുകൊണ്ട് ജില്ലയിലെ മറ്റ് പ്രൈമറി സംഘങ്ങളെ അപേക്ഷിച്ച് വളരെയേറെ മുന്നോ ട്ടുപോവാൻ ഈ സംഘത്തിന് കഴിഞ്ഞിട്ടുണ്ട്. 4,800-ൽ പരം തൊഴിലാളികളും 51 ജീവനക്കാരും സംഘത്തിൽ ജോലിചെയ്തിരുന്നു. എന്നാൽ ഇപ്പോൾ 2596 തൊഴിലാ ളികൾ മാത്രമേ ഉള്ളൂ. തൊഴിലാളികളുടെ കൊഴിഞ്ഞ

പോക്ക് ഗൗരവമായിതന്നെ കാണേണ്ടതാണ്. മറ്റ് തൊഴിൽമേഖലകളുമായി തട്ടിച്ചുനോക്കുമ്പോൾ ഈ രംഗത്തെ തൊഴിലാളികൾക്ക് കിട്ടിവരുന്ന വരുമാനത്തിൽ വളരെയേറെ അന്തരമുണ്ട്. ഒരു ചെറിയ കുടുംബത്തിന് ജീവിച്ചുപോകാനുള്ള വരുമാനംപോലും ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ടുതന്നെ ഈ രംഗത്ത് നിലവിലുള്ളവർ കൂടുതൽ വരുമാനമുള്ള മറ്റ് തൊഴിൽ മേഖലകൾ തേടിപ്പോകുന്ന സ്ഥിതി കണ്ടുവരുന്നുണ്ട്. നമ്മുടെ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശത്തെ ബ്രാഞ്ചുകളിലായി 700-ൽ പരം തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നത്. സംഘത്തിന്റെ ഇപ്പോഴത്തെ മൂലധനം 189 ലക്ഷം രൂപയാണ്. ലാഭത്തിലാണ് സംഘം പ്രവർത്തിച്ചുവരുന്നത്.

പുകവലിക്ക് എതിരേയുള്ള പ്രചാരണം ശക്തമായതോടെ ഈ വ്യവസായം ഒരു പ്രതിസന്ധിയെ നേരിടുകയാണ്. എന്നാൽ ആ പ്രതിസന്ധിയെമുറിച്ചു കടക്കുന്നതിനുവേണ്ടി കേന്ദ്രസംഘത്തിന്റെ മുൻകൈയോടുകൂടി വൈവിധ്യവത്കരണ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് മറ്റു മേഖലകളിലേക്ക് ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള പ്രാരംഭ പ്രവർത്തനം നടന്നുവരികയാണ്. ബീഡി ഉത്പാദിപ്പിക്കുക എന്നതാണ് പ്രൈമറി സംഘങ്ങളുടെ ചുമതല. അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യുന്നതും ബീഡിയുടെ മാർക്കറ്റിംഗും അപ്പക്സ് സംഘമായ കേരള ദിനേശ് ബീഡി കേന്ദ്രസംഘമാണ്.

## മുതുകുറ്റി ക്ഷീരോത്പാദക സഹകരണ സംഘം

ക്ഷീരകർഷകരുടെ അഭിവൃദ്ധിയെയും ഉന്നമനത്തേയും ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ ഒന്നാണ് മുതുകുറ്റി ക്ഷീരോത്പാദകസഹകരണസംഘം. 1991 ലാണ് ഈ സംഘം സ്ഥാപിച്ചത്. സംഘത്തിൽ ഇപ്പോൾ 664 മെംബർമാരും 2 ജീവനക്കാരുമാണ് ഉള്ളത്. ഓഹരിമൂലധനം 6640 രൂപയാണ്.

ആരംഭത്തിൽ 35 ലിറ്റർ ആയിരുന്നു പ്രതിദിന ഉത്പാദനമെങ്കിൽ ഇപ്പോൾ അത് 200 ലിറ്ററായി വർധിച്ചിട്ടുണ്ട്. ആഴ്ചയിൽ ഒരുതവണ ഉത്പാദകർക്ക് വില നൽകിവരുന്നു. സംഘത്തിന്റെ കീഴിൽ ഒരു പാൽ ഉൽപന്ന വനിതാ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. തൈര്, മോര്, പാൽഅച്ചാർ, പാൽ അലുവ, കട്‌ലറ്റ്, പാൽസിപ്പപ്പ് എന്നിവ ഈ യൂണിറ്റ് നിർമിക്കുന്ന ഉൽപന്നങ്ങളിൽ ചിലതാണ്.

കണയന്നൂർ ഗ്രാമവികസന ചാരിറ്റബിൾ സൊസൈറ്റി

മെംബർമാരിൽനിന്ന് വായ്പ സ്വീകരിക്കുകയും അംഗങ്ങളായവർക്ക് പശുക്കളെ വിതരണം ചെയ്യുക, പാൽ സംഭരിച്ച് വിൽപന നടത്തുക, കോഴിഫാമുകൾ തുടങ്ങുക, മുട്ട ഉത്പാദിപ്പിച്ച് വിതരണം നടത്തുക, ചെറുകിട വ്യവസായം തുടങ്ങുക, സാമൂഹ്യ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് ഈ സ്ഥാപനം 1996-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. 15 മെംബർമാരും 2 ജീവനക്കാരുമുള്ള ഈ സംഘത്തിന്റെ ഓഹരിമൂലധനം 1,500 രൂപ മാത്രമാണ്.

കോയ്യോട് ക്ഷീരോൽപാദക സഹകരണസംഘം: 1991-ൽ രൂപീകരിച്ച ഈ സ്ഥാപനത്തിൽ 173 അംഗങ്ങളും 2 ജീവനക്കാരുമാണ് ഉള്ളത്. 2060 രൂപയാണ് ഓഹരി മൂലധനം. ഇപ്പോൾ 125 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. ലാഭത്തിന്റെ തോതിനനുസരിച്ച് ക്ഷീരോത്പാദകർക്ക് ബോണസും നൽകിവരുന്നു. ആരംഭം മുതൽ സംഘം ലാഭത്തിൽതന്നെയാണ് പ്രവർത്തിച്ചുവരുന്നത്. മിൽമയ്ക്ക് കൊടുക്കുന്ന പാലിന്റെ വില കുറവായതിനാൽ അംഗങ്ങളിൽ ഒരു വിഭാഗം സംഘത്തിനു പാൽ നൽകാതെ പുറമെ വിൽപന നടത്തിവരുന്ന സമ്പ്രദായം നിലനിൽക്കുന്നു.

## സ്കൂൾ സഹകരണ സംഘങ്ങൾ

വിദ്യാർഥികൾക്കുള്ള പഠനോപകരണങ്ങളും മറ്റും കുറഞ്ഞ വിലയ്ക്ക് വിൽപന നടത്തുകയെന്ന മുഖ്യ ഉദ്ദേശത്തോടുകൂടിയാണ് സ്കൂൾ സഹകരണ സംഘങ്ങൾ സ്ഥാപിക്കപ്പെട്ടത്. നമ്മുടെ പഞ്ചായത്തിൽ ചാല ഗവൺമെന്റ് ഹൈസ്കൂൾ, ചെമ്പിലോട് ഹൈസ്കൂൾ, ചെമ്പിലോട്- മൗവ്വഞ്ചേരി യു.പി. സ്കൂളുകൾ എന്നിവിടങ്ങളിലൊക്കെ ഇത്തരം സ്കൂൾ സഹകരണസംഘങ്ങൾ രൂപവൽക്കരിച്ചു പ്രവർത്തനം നടന്നുവരുന്നുണ്ട്. ഈ സംഘങ്ങൾ പൊതുവെ ലാഭകരമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ഇതിന്റെ ഫലമായി പൊതുമാർക്കറ്റിലെ പഠനോപകരണങ്ങളുടെ വിലനിലവാരം നിയന്ത്രിക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

ചാല ബീഡി വർക്കേഴ്സ് സൊസൈറ്റി എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ

09-08-1991-ൽ രജിസ്റ്റർ ചെയ്തു. 29-08-1981-ൽ പ്രവർത്തനം ആരംഭിച്ചുവെങ്കിലും കാര്യമായ പുരോഗതിയൊന്നുമില്ലാതെ ഇപ്പോഴും നിലനിന്നുപോകുന്നു. ഇതിന്റെ ആസ്ഥാനം ചാല ബീഡിത്തൊഴിലാളി വ്യവസായ സഹകരണസംഘം ഓഫീസ് കെട്ടിടത്തിലാണ്.

ബീഡിത്തൊഴിലാളികൾക്കും ജീവനക്കാർക്കും നിത്യോപയോഗസാധനങ്ങളും മറ്റും മിതമായ നിരക്കിൽ വിതരണം ചെയ്യുവാനുള്ള ഉദ്ദേശത്തോടെയാണ് ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടതെങ്കിലും ആ പ്രവർത്തനം കാര്യക്ഷമമായ നിലയിൽ കൊണ്ടുപോകുന്ന കാര്യത്തിൽ പരാജയപ്പെടുകയാണ് ഉണ്ടായത്. സാമ്പത്തിക ബുദ്ധിമുട്ടുതന്നെ പ്രധാനകാരണം.

528 അംഗങ്ങളിൽനിന്നായി 5280 രൂപ ഓഹരി മൂലധനത്തിനുപുറമേ അംഗങ്ങളിൽനിന്നുതന്നെ ശേഖരിച്ച 8,200 രൂപ ഡപ്പോസിറ്റുമടക്കം പ്രവർത്തനമൂലധനം 13,813 മാനേജുമെന്റിന്റെ കാര്യക്ഷമമല്ലാത്ത പ്രവർത്തനമാണ് സ്ഥാപനത്തെ ഈ നിലയിൽ എത്തിച്ചതെന്ന വസ്തുത കൂടി നിലനിൽക്കുന്നു.

## ചെമ്പിലോട് വനിതാ സൊസൈറ്റി

ചെമ്പിലോട് പഞ്ചായത്ത് പ്രവർത്തനപരിധിയുള്ള ഈ സ്ഥാപനം മാസങ്ങൾക്കു മുമ്പാണ് രൂപീകരിച്ചത്. 307 അംഗങ്ങളാണ് നിലവിലുള്ളത്. പ്രവർത്തനം ആരംഭിച്ചുവരുന്നതേയുള്ളൂ.

## ചെമ്പിലോട് വീവേഴ്സ് സൊസൈറ്റി

നെയ്ത്തുതൊഴിലാളികളെ സഹകരണസംഘത്തിൽ കൊണ്ടുവന്ന് അവർക്ക് തൊഴിൽ കൊടുക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 1957–ൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 100–ൽ പരം മെംബർമാർ സൊസൈറ്റിയിൽ അംഗങ്ങളായുണ്ടായിരുന്നുവെങ്കിലും 15–ഓളം പേർക്കു മാത്രമേ ജോലി കൊടുക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. സ്വന്തമായി ഓഫീസോ പ്രവർത്തനശാലകളോ ഉണ്ടായിരുന്നില്ല. ഓഫീസ് പ്രവർത്തനം ഒരു വാടകകെട്ടിടത്തിലായിരുന്നു നടന്നിരുന്നത്.

മാർക്കറ്റിംഗ് രംഗത്തെ മുരടിപ്പും സാമ്പത്തിക ബുദ്ധിമുട്ടും മൂലം 1967 ആകുമ്പോഴേയ്ക്കും അതിന്റെ പ്രവർത്തനം നിലയ്ക്കുകയുണ്ടായി. പരേതനായ സ.ആർ. കുഞ്ഞമ്പുവാണ് സ്ഥാപക പ്രസിഡന്റ്. ലിക്വിഡിയേഷനെ നേരിട്ടുകൊണ്ടിരിക്കുന്നു.

## മത്സ്യവല നിർമാണ സൊസൈറ്റി

മുസ്ലിംവിഭാഗത്തിലെ താഴെ തട്ടിലുള്ള സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി രൂപവൽക്കരിക്കപ്പെട്ടതായിരുന്നു ചെമ്പിലോട് കേന്ദ്രമായി പ്രവർത്തിച്ചുവന്നിരുന്ന ചേലോറ മത്സ്യവല നിർമാണ സൊസൈറ്റി. ആരംഭഘട്ടത്തിൽ അതിന്റെ പ്രവർത്തനം നല്ല നിലയിൽ നടന്നുവന്നിരുന്നുവെങ്കിലും പിന്നീടു നിശ്ചലമാകുകയാണുചെയ്തത്. മത്സ്യബന്ധനരംഗത്തെ ആധുനിക രീതിയിലുള്ള ഉപകരണങ്ങളുടെ ആവിർഭാവം ഇതിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുകയുണ്ടായി. ഇപ്പോൾ യാതൊരു പ്രവർത്തനവും നടക്കുന്നില്ല.

## ചെമ്പിലോട് പഞ്ചായത്ത് കോ–ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ

മെച്ചപ്പെട്ട നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത, കൊള്ള ലാഭക്കാരിൽനിന്നും ഉപഭോക്താക്കളെ രക്ഷിക്കുക, വിലക്കയറ്റം നിയന്ത്രിക്കുക തുടങ്ങിയ ഉദ്ദേശങ്ങളോടെയാണ് ഈ സഹകരണസംഘം 1988–ൽ രൂപീകരിക്കപ്പെട്ടത്. 194 അംഗങ്ങളിൽനിന്നായി 34,900 രൂപയുടെ ഓഹരിമൂലധനത്തിനുപുറമേ ഗവൺമെന്റ് ഓഹരി 50,000 രൂപയും കൂടി ആകെ 84,900 രൂപയാണ് ഓഹരി മൂലധനം. കശുവണ്ടി സംഭരണവും മാവേലി സ്റ്റോറും ഈ സ്ഥാപനത്തിന്റെ കീഴിൽ നടത്തിവന്നിരുന്നു.

### പ്രശ്നങ്ങൾ

1. പത്തോ പതിനഞ്ചോ സെന്റ് ഭൂമിയുള്ള പാവപ്പെട്ട കർഷകന് പമ്പുസെറ്റ് വാങ്ങുന്നതിനും കിണർ കുഴിക്കുന്നതിനും സബ്സിഡി അടക്കമുള്ള ലോൺ ലഭിക്കുന്നില്ല.

2. ക്രഡിറ്റ് സഹകരണസംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയാറാക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല.

3. ക്ഷീരോൽപാദകരംഗത്തെ സാധ്യതകൾ ശരിക്കും ഉപയോഗപ്പെടുത്തുവാൻ ക്ഷീരസഹകരണ സംഘങ്ങൾ മുന്നോട്ടു വരുന്നില്ല.

4. കാർഷിക വികസനവുമായി ബന്ധപ്പെട്ട വായ്പകൾക്ക് സബ്സീഡികൾ അനുവദിക്കുന്നില്ല.

5. ജില്ലാ സഹകരണബാങ്കുകൾ പ്രൈമറി സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ ബ്രാഞ്ചുകൾ തുറന്നു. പ്രൈമറി സംഘങ്ങൾ നടത്തുന്ന ഇടപാടുകൾ മത്സരബുദ്ധ്യാ നടത്തുന്നു.

6. വാണിജ്യബാങ്കുകൾ സഹകരണ ബാങ്കുകളേക്കാൾ നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ നൽകുന്നതുമൂലം പ്രൈമറി സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.

7. ജില്ലാ സഹകരണ ബാങ്കുകൾ പ്രൈമറി ബാങ്കുകളേക്കാൾ പലിശ നൽകുന്നതുകൊണ്ട് ഇതും പ്രൈമറി ബാങ്കുകളെ കാര്യമായി ബാധിക്കുന്നു.

### സാധ്യതകൾ

1. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ സഹകരണസ്ഥാപനങ്ങൾക്ക് നിർണായകമായ പങ്കുവഹിക്കാൻ കഴിയുമാറ് നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ മാറ്റം വരുത്തുക.

2. നബാഡ് തുടങ്ങിയ ഏജൻസികൾ സഹകരണമേഖലയിൽ നൽകുന്ന വായ്പകൾ ത്രിതല സമ്പ്രദായത്തിലാണ് വിതരണം നടത്തിവരുന്നത്. ഇതിന്റെ ഫലമായി താഴെതട്ടിലുള്ള സഹകരണസ്ഥാപനങ്ങൾ കൃഷിക്കാരിൽനിന്നും കൂടുതൽ പലിശ വസൂലാക്കാൻ നിർബന്ധിക്കപ്പെടുന്നു. അതുകൊണ്ട് പ്രാഥമിക സംഘങ്ങൾക്കുള്ള വായ്പകൾ നേരിട്ടു വിതരണം ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തുക.

3. ക്ഷീരസഹകരണസംഘങ്ങൾ ക്ഷീരകർഷകരിൽനിന്നും പാൽ ശേഖരിച്ചു മിൽമയ്ക്കു വിൽപന നടത്തുന്ന സമ്പ്രദായമാണ് ഇപ്പോൾ പൊതുവെ ഉള്ളത്. അതിനുപകരമായി ബന്ധപ്പെട്ട സംഘങ്ങൾതന്നെ പാൽ ശേഖരിച്ചു വിപണനം നടത്തേണ്ടതാണ്. അങ്ങിനെ ചെയ്യുന്നപക്ഷം ക്ഷീരോത്പാദകർക്ക് മെച്ചപ്പെട്ട സാമ്പത്തിക ആനുകൂല്യം ലഭ്യമാക്കുകയും ഈ രംഗത്തേക്ക് കൂടുതൽ പേരെ ആകർഷിക്കപ്പെടുകയും ചെയ്യുന്നതാണ്.

4. പച്ചതൊണ്ടിൽനിന്നും ചകിരിനാരെടുത്തു കയർഫെഡ് തുടങ്ങിയ ഏജൻസിയായി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കുക.

5. പഴം–പച്ചക്കറി സംസ്കരണ വിതരണസംഘം സംഘടിപ്പിക്കുക.

6. ആട്, കോഴി, പന്നി എന്നിവ വളർത്തുന്നതിനുള്ള സഹകരണസംഘങ്ങൾ രൂപീകരിക്കുക.

7. സഹകരണാടിസ്ഥാനത്തിൽ ചക്കരക്കൽ കേന്ദ്രമാക്കി മെഡിക്കൽഷാപ്പ് ആരംഭിക്കുക.

8. നോട്ട് ബുക്ക്, കുടനിർമാണം, കവർ നിർമാണം, മെഴുകുതിരി നിർമാണം തുടങ്ങിയവയുടെ സഹകരണ സംഘം രൂപീകരിക്കുക.

9. സഹകരണാടിസ്ഥാനത്തിൽ ഹോട്ടൽ, റസ്റ്റോറന്റ് എന്നിവ ആരംഭിക്കുക.

10. ക്ഷീരോൽപാദക സഹകരണസംഘങ്ങൾ നിലവിലില്ലാത്ത വാർഡുകളിൽ ആയതു സംഘടിപ്പിക്കുക.

11. നിർമാണത്തൊഴിലാളികളെ സംഘടിപ്പിച്ചു കെട്ടിട നിർമാണ സഹകരണസംഘം ഉണ്ടാക്കുക.

12. പട്ടുനൂൽ വ്യവസായസഹകരണസംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുക. □



# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്
# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി സമൂഹത്തിൽ പലതു കൊണ്ടും പിൻതള്ളപ്പെട്ട വിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ സമൂഹം. സമൂഹത്തിൽ പ്രാചീനകാലംമുതൽക്ക് നിലനിന്നുപോന്ന ജാതീയചിന്താഗതിയും ഉച്ചനീചത്വങ്ങളും ഈ വിഭാഗത്തെ മറ്റുള്ളവരിൽനിന്ന് അകറ്റി നിർത്തി. അതാകട്ടെ ഇവർ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽനിന്നും പുറംതള്ളപ്പെടാൻ കാരണമായി. ഉപജീവനത്തിനായി കുലത്തൊഴിലിനെ മാത്രം ആശ്രയിക്കേണ്ടിവന്നു. കെട്ടിയാട്ടം, തിറയാട്ടം, ചെണ്ടകൊട്ട്, മന്ത്രവാദം, കോദാവരിപ്പാട്ട്, പുള്ളുവപ്പാട്ട്, അലക്ക്, പ്രസൂതിക കർമ്മം, പായനെയ്ത്ത് എന്നീ പരമ്പരാഗത കുലത്തൊഴിലിലധിഷ്ഠിതമായ ഒരു ജീവിതനിലവാരമാണ് ഇവരിൽ നിലനിന്നി

പട്ടിക-1

| വാർഡ് | കോളനിയുടെ പേര് | കുടുംബം | ജനസംഖ്യ | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ |
| I | ചെമ്പിലോട് OLHC | 12 | 25 | 26 | 51 |
| | കോളനിക്കു പുറത്ത് | 12 | 20 | 34 | 54 |
| II | കോളനി ഇല്ല | 7 | 19 | 19 | 38 |
| III | തന്നട OLHC | 2 | 1 | 3 | 4 |
| | കോളനിക്കു പുറത്ത് | 1 | 1 | 3 | 4 |
| IV | കോളനി ഇല്ല | 8 | 21 | 18 | 39 |
| V | കോളനി ഇല്ല | 11 | 24 | 24 | 48 |
| VI | കോളനി ഇല്ല | 5 | 6 | 11 | 17 |
| VII | കോളനി ഇല്ല | - | - | - | - |
| VIII | കോളനി ഇല്ല | 5 | 21 | 21 | 42 |
| IX | കോളനി ഇല്ല | 6 | 17 | 22 | 39 |
| X | ഇരിവേരി OLHC | 11 | 23 | 19 | 42 |
| | കോളനിക്കു പുറത്ത് | 3 | 12 | 8 | 20 |
| XI | കോളനി ഇല്ല | 2 | 4 | 4 | 8 |
| XII | മുതുകുറ്റി OLHC | 4 | 11 | 11 | 22 |
| | കോളനിക്കു പുറത്ത് | 1 | 1 | 2 | 3 |
| | ആകെ | 90 | 206 | 225 | 431 |

രുന്നത്. ഏതാണ്ട് 30 വർഷം മുമ്പുവരെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാരുടെ സ്ഥിതി ഇതായിരുന്നു. ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന വികസനപദ്ധതികളും നവോത്ഥാന പ്രസ്ഥാനങ്ങളുടെ നിരന്തരമായ പരിശ്രമങ്ങളും ഈ അവസ്ഥക്ക് മാറ്റംവരുത്തിയിട്ടുണ്ട്.

ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട 90 കുടുംബങ്ങൾ ഉണ്ട്. മലയൻ, പുലയൻ, വണ്ണാൻ, പുള്ളുവ എന്നീ നാലു സമുദായങ്ങളിൽപ്പെട്ട പട്ടികജാതി കുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ താമസിച്ചിരുന്നത്. 44 മലയസമുദായ കുടുംബങ്ങളും 4 പുലയ സമുദായ കുടുംബങ്ങളും 38 വണ്ണാൻ സമുദായ കുടുംബങ്ങളും 4 പുള്ളുവ സമുദായ കുടുംബങ്ങളും ഉണ്ട്. 206 പുരുഷന്മാരും 225 സ്ത്രീകളുമടക്കം മൊത്തം ഇവരുടെ ജനസംഖ്യ 431 ആണ്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 1.36% ആണ്. ഈ പഞ്ചായത്തിൽ പട്ടികവർഗ്ഗവിഭാഗങ്ങൾ ഇല്ല.

1996 ജനുവരി 1-ന് ശേഖരിച്ച കണക്കുപ്രകാരം ജനസംഖ്യ സംബന്ധിച്ച പട്ടിക-1 ൽ ചേർത്തിരിക്കുന്നു.

ഇവരുടെ ഉന്നമനത്തിനുവേണ്ടി ഗവൺമെന്റ് പല വികസനപദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. IRDP, TRYSEM, DWCRA, JRY, MWS, IAY, SEP, CRSP, RAP, സാമൂഹ്യവനവൽകരണ പരിപാടി എന്നീ പദ്ധതികളിലൂടെയുള്ള സഹായങ്ങൾ ഒരു പരിധിവരെ ഇവരുടെ ഉന്നമനത്തിന് സഹായകമായിട്ടുണ്ട്. IRDP, DWCRA എന്നീ പദ്ധതികളിലൂടെ 62 കുടുംബങ്ങൾക്ക് സ്വയം തൊഴിലിന് ധനസഹായം നൽകിയിട്ടുണ്ട്. TRYSEM പദ്ധതിയിലൂടെ 15 കുടുംബങ്ങളിലെ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. IRDP സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| വാർഡ് | ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ള കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ | IRDP സഹായങ്ങൾ ലഭിച്ച കുടുംബങ്ങൾ | IRDP സഹായം ലഭിക്കാനുള്ള കുടുംബങ്ങൾ | കൂടുതൽ സഹായം ആവശ്യമുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|
| I | 7 | 17 | 14 | 3 | 9 |
| II | – | 7 | 7 | – | 3 |
| III | – | 3 | 1 | 2 | 1 |
| IV | 5 | 3 | – | 1 | |
| V | 1 | 10 | 10 | – | 10 |
| VI | – | 5 | 5 | – | 3 |
| VII | – | – | – | – | – |
| VIII | 1 | 4 | 3 | 1 | 3 |
| IX | 4 | 2 | 2 | – | 1 |
| X | 1 | 13 | 10 | 3 | 4 |
| XI | – | 2 | 2 | – | 2 |
| XII | – | 5 | 5 | – | 4 |
| ആകെ | 19 | 71 | 62 | 9 | 41 |

ഈ പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലായി 6 കോൺക്രീറ്റ് വീടുകളും 77 ഓടിട്ട വീടുകളും 6 ഓലമേഞ്ഞ വീടുകളും ഉണ്ട്. 64 വീടുകളിൽ സാനിറ്ററി സൗകര്യമുണ്ട്. 45 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. 8 വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട് പാർപ്പിട സംബന്ധമായ വിവരങ്ങൾ പട്ടിക-3 ൽ ചേർത്തിരിക്കുന്നു.

വിവിധ ഡിപ്പാർട്ട്മെന്റ് മുഖേന പട്ടികജാതി കുടുംബങ്ങൾക്കു കാർഷിക വികസനപരമായും സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം 74 കുടുംബങ്ങൾക്ക് നടീൽ വസ്തുക്കൾ നൽകിയിട്ടുണ്ട്. കൃഷിഭവൻ മുഖേന 67 കുടുംബങ്ങൾക്ക് കാർഷിക ഉപകരണങ്ങളും രാസവളങ്ങളും നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്തെപ്പറ്റി പറയുമ്പോൾ പഞ്ചായത്തിലെ മിക്ക കുടുംബങ്ങളും ഇക്കാര്യത്തിൽ മുന്നോട്ടുപോയിട്ടുണ്ട്. എന്നാൽ, ഉന്നതവിദ്യാഭ്യാസരംഗത്ത് ഈ വിഭാഗക്കാർക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. കോളജുതലത്തിൽ പഠിക്കുന്ന 2 വിദ്യാർഥികൾക്ക് സ്റ്റീൽ മേശകളും കസേരകളും സൗജന്യമായി ബ്ലോക്ക് മുഖേന നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസത്തെ സംബന്ധിച്ച പട്ടിക-4 ചുവടെ ചേർക്കുന്നു.

| വാർഡ് | പ്രൈമറി | സെക്കണ്ടറി | കോളജുതലം | ആകെ |
|---|---|---|---|---|
| I | 15 | 9 | 7 | 31 |
| II | 10 | 2 | – | 12 |
| III | 2 | – | – | 2 |
| IV | 7 | 5 | 4 | 16 |
| V | 8 | 2 | 6 | 16 |
| VI | 1 | 2 | 1 | 4 |
| VII | – | – | – | – |
| VIII | 5 | 5 | 4 | 14 |
| IX | 4 | 6 | 3 | 13 |
| X | 12 | 8 | 4 | 24 |
| XI | 2 | 1 | – | 3 |
| XII | 4 | 1 | – | 5 |
| ആകെ | 70 | 41 | 29 | 140 |

തൊഴിൽരംഗത്ത് 12 പേർ സർക്കാർ സർവ്വീസിൽ ജോലിചെയ്തുവരുന്നു. ബീഡി, നെയ്ത്ത്, ഗാർമെന്റ്സ് മെയ്ക്കിംഗ്, കിടക്കനിർമാണം, കച്ചവടം, കൂലിപ്പണി, കുലത്തൊഴിൽ എന്നീ തൊഴിലുകളിൽ മറ്റുള്ളവർ ഏർപ്പെട്ടിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 4 ലക്ഷംവീട് കോളനികൾ ഉണ്ട്. I-ാം വാർഡിൽ ചെമ്പിലോട് ലക്ഷംവീട് കോളനിയും III-ാം വാർഡിൽ തന്നട ലക്ഷംവീട് കോളനിയും X-ാം വാർഡിൽ ഇരിവേരി ലക്ഷംവീട് കോളനിയും XII-ാം വാർഡിൽ മുതുകുറ്റി ലക്ഷംവീട് കോളനിയും സ്ഥിതിചെയ്യുന്നു. കോളനികളുടെ പൊതുസൗകര്യങ്ങളുടെ പട്ടിക-4 ചുവടെ ചേർക്കുന്നു.

## പട്ടിക-3

| | പാർപ്പിട സൗകര്യങ്ങൾ | | | | ഭവനസഹായം ലഭിച്ചവർ | കക്കൂസുള്ള കുടുംബങ്ങൾ | പുകയില്ലാത്ത അടുപ്പുള്ളവർ | വൈദ്യുതിയുള്ള വീടുകൾ | സഹായം ആവശ്യമുള്ള കുടുംബങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | കോൺക്രീറ്റ് | ഓട് | ഓല | ആകെ | | | | | വീട് | കക്കൂസ് | പുകയില്ലാത്ത അടുപ്പ് | വൈദ്യുതി | വീട് റിപ്പയർ |
| I | 4 | 17 | 2 | 23 | 13 | 20 | – | 19 | – | 3 | 1 | 5 | – |
| II | – | 7 | – | 7 | 4 | 4 | – | – | – | 3 | – | – | – |
| III | – | 3 | – | 3 | 1 | 2 | 2 | – | – | 1 | – | 3 | 1 |
| IV | 2 | 6 | – | 8 | – | 6 | – | 6 | – | – | 1 | – | 1 |
| V | – | 11 | – | 11 | 6 | 7 | 4 | 4 | – | 4 | 7 | 7 | 5 |
| VI | – | 3 | 2 | 5 | – | 3 | – | 2 | – | 2 | – | 3 | – |
| VII | – | – | – | – | – | – | – | – | – | – | – | – | – |
| VIII | – | 4 | 1 | 5 | 2 | 2 | – | 4 | – | 3 | – | 1 | 1 |
| IX | – | 5 | 1 | 6 | 1 | 4 | – | 5 | – | 1 | – | 1 | 1 |
| X | – | 14 | – | 14 | 10 | 11 | 2 | 3 | – | 2 | – | 9 | 1 |
| XI | – | 2 | – | 2 | 2 | 1 | – | 2 | – | 1 | – | 2 | – |
| XII | – | 5 | – | 5 | 5 | 4 | – | – | – | 1 | – | 5 | – |
| ആകെ | 6 | 77 | 6 | 89 | 44 | 64 | 8 | 45 | – | 21 | 9 | 36 | 10 |

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേർ | പൊതു കിണർ | ബോർ വെൽ | പൊതു കക്കൂസ് |
|---|---|---|---|---|---|
| 1 | I | ചെമ്പിലോട് ലക്ഷംവീട് | | | |
| 2 | III | കോളനി തന്നട ലക്ഷംവീട് | – | 1 | – |
| 3 | X | കോളനി ഇരിവേരി ലക്ഷംവീട് | 1 | – | 2 |
| 4 | XII | കോളനി മുതുകുറ്റി ലക്ഷംവീട് | 1 | – | 4 |
| | | കോളനി | 1 | 1 | – |

## പ്രശ്നങ്ങൾ

1. ഈ വിഭാഗക്കാരിൽ പ്രത്യേകിച്ചു കോളനികളിൽ വയറിംഗ് ചെയ്തിട്ടും വൈദ്യുതി ലഭിക്കാത്ത കുടുംബങ്ങൾ ഉണ്ട്.
2. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്കു നീങ്ങുന്നു.
3. ധനസഹായങ്ങൾ തിരിച്ചടക്കുന്നതിലുള്ള വീഴ്ച തുടർന്ന് സഹായം ലഭ്യമാക്കുന്നതിന് തടസ്സമാവുന്നു.
4. കോളനികളിൽ കുടിവെള്ളക്ഷാമം നേരിടുന്നു.
5. IRDP വായ്പ ലഭിക്കുന്നതിനുള്ള വായ്പാസ്ഥാപനങ്ങളുടെ കർക്കശമായ നിബന്ധനകൾകാരണം പലകുടുംബങ്ങളും ഈ രംഗത്ത് മുന്നോട്ട് വരുന്നില്ല.
6. വിവിധ ഗവൺമെന്റ് ഏജൻസികൾ നൽകുന്ന സഹായങ്ങൾ ഏകീകരിക്കാത്തതിനാൽ ഗുണനിലവാരം കുറയുന്നു.
7. കോളനികളിൽ അംഗൻവാടികൾ ഇല്ലാത്തതുമൂലം പ്രീ-പ്രൈമറി വിദ്യാഭ്യാസം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.
8. കോളനിയുടെ സമീപപ്രദേശങ്ങളിൽ വായനശാലയും ഗ്രന്ഥശാലയും ഇല്ലാത്തതുകാരണം പൊതുവിജ്ഞാനരംഗത്ത് പുരോഗതിവരുത്തുന്നതിനു സാധിക്കുന്നില്ല.

## ആവശ്യങ്ങൾ

1. ചെമ്പിലോട് ലക്ഷംവീട് കോളനിയും ഇരിവേരി ലക്ഷംവീട് കോളനിയും പട്ടികജാതി കോളനികളായി പ്രഖ്യാപിക്കുക.
2. കോളനികളിൽ ചുറ്റുമതിൽ, നടപ്പാത, തെരുവുവിളക്ക്, ശിശുക്ഷേമകേന്ദ്രങ്ങൾ എന്നിവ അനുവദിക്കുക.
3. കോളനികളിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക.
4. ചെമ്പിലോട് ലക്ഷംവീട് കോളനിയിൽ പൊതുകിണർ അനുവദിക്കുകയും മറ്റു കോളനികളിലെ കിണറുകൾ ആഴം വർധിപ്പിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.
5. എല്ലാ കോളനികളിലും പൈപ്പ് ലൈൻ വാട്ടർ സപ്ലൈ അനുവദിക്കുക.
6. IRDP വായ്പാനിബന്ധനകൾ ലഘൂകരിക്കുക.
7. ഭവനനിർമാണത്തിനുള്ള സഹായത്തുക വർധിപ്പിക്കുക.
8. പഴയവീടുകൾ റിപ്പയർ ചെയ്യാൻ സഹായം അനുവദിക്കുക.
9. സൗജന്യ പഠന ഉപകരണങ്ങൾ എല്ലാ വിദ്യാർഥികൾക്കും ലഭ്യമാക്കുക.
10. ഈ വിഭാഗക്കാർക്ക് കൂടുതൽ തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക.
11. പട്ടികജാതി സഹകരണസംഘം രൂപീകരിക്കുക.
12. ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.
13. ഭൂരഹിത കുടുംബങ്ങൽക്ക് ഭൂമി സൗജന്യമായി പതിച്ചുനൽകുക.
14. കലാസാംസ്കാരികരംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകുക.
15. കോളനികളിലെ ആരോഗ്യപരിപാലനത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുക.
16. പട്ടികജാതിക്കാർക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന ഫണ്ടുകൾ പൂർണമായും ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി പ്രാദേശികമായി കുടുംബങ്ങളിൽനിന്നും വിവിധ കോളനികളിൽനിന്നും ആവശ്യങ്ങളുൾപ്പെടുന്ന വിവരങ്ങൾ ശേഖരിച്ച് അതനുസരിച്ച് സംസ്ഥാനതലത്തിൽ പദ്ധതികൾക്കും പരിപാടികൾക്കും രൂപംനൽകണം.
17. സൗജന്യങ്ങളും സഹായങ്ങളും നൽകുന്നതോടൊപ്പം ഈവിഭാഗം ജനങ്ങളെ സാമൂഹ്യമായി ഉയർത്താനാവശ്യമായ സമഗ്രപരിപാടികൾക്ക് രൂപം നൽകണം.

# വിഭവസമാഹരണം
# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ വ്യാവസായികമായ ഏറ്റവും വലിയ പ്രതിസന്ധി തകർന്നുകൊണ്ടിരിക്കുന്ന പരമ്പരാഗതവ്യവസായങ്ങളും നാമമാത്രമായ ചെറുകിടവ്യവസായങ്ങളും രൂക്ഷമായ തൊഴിലില്ലായ്മയും നമ്മുടെ സംസ്ഥാനത്തിലാകെയുള്ളതുപോലെ വൈദ്യുതിപ്രതിസന്ധിയുമാണ്. വൻകിട വ്യവസായങ്ങളൊന്നും നമ്മുടെ പഞ്ചായത്തിലില്ല. വികസിപ്പിച്ചെടുക്കാൻകഴിയുന്ന പരമ്പരാഗത വ്യവസായങ്ങളെ വികസിപ്പിച്ചെടുത്തുകൊണ്ടും പഞ്ചായത്തിലെ വിഭവങ്ങൾക്ക് അനുയോജ്യമായ വ്യവസായങ്ങൾ ആരംഭിച്ചുകൊണ്ടും കാർഷികമേഖല വളർത്തിയെടുത്തുകൊണ്ടും നമ്മുടെ ഗ്രാമത്തിന് അഭിവൃദ്ധിയുണ്ടാക്കേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ അസംസ്കൃതവസ്തുക്കൾ കണ്ടെത്തുകയെന്നത് നമ്മുടെ പരമപ്രധാനമായ കടമയാണ്.

പുതിയ വ്യവസായങ്ങൾ തുടങ്ങാൻ വ്യക്തികളും സംഘടനകളും തയ്യാറാണ്. കൂടാതെ നാളികേരം, ചകിരി, കശുവണ്ടി, പഴം, പച്ചക്കറി, അടക്ക എന്നീ വിഭവങ്ങൾ സുലഭമായി ലഭിക്കുന്നുണ്ട്. ഇനിയും കൂടുതലായി ശ്രദ്ധിച്ചാൽ ഇവയുടെ ഉത്പാദനം കൂട്ടാനും കഴിയും. പക്ഷേ, ഇവയിലടിസ്ഥാനമായ വ്യവസായങ്ങൾ തുടങ്ങാനുള്ള ഏറ്റവും വലിയ പ്രതിസന്ധി വൈദ്യുതികണക്ഷനുള്ള കാലതാമസവും ബാങ്ക് വായ്പയിലുള്ള അപാകതയുമാണ്. ഇക്കാരണത്താൽ വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർ പിറകോട്ടടിക്കുന്നു. ഇതിനു പരിഹാരം കാണാതെ ഈ രംഗത്തുനിന്നുള്ള വിഭവസമാഹരണത്തിനുള്ള സാധ്യത വളരെ വിരളമാണ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന കൃഷി നാളികേരമാണ്. കാർഷികരംഗത്ത് ഇന്ന് മുരടിപ്പ് നേരിടുന്നു. കൃഷിനിലങ്ങൾ നികത്തി പറമ്പുകളും താമസസ്ഥലങ്ങളും ഫ്ളാറ്റുകളുമാക്കി മാറ്റുകയാണ്. ഇക്കാരണത്താൽ ഉത്പാദനക്ഷമത അനുദിനം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ഈ രംഗത്ത് ആവശ്യത്തിനനുസരിച്ച് യഥാക്രമം തൊഴിലാളികളെ ലഭിക്കാത്തതും രാസവളത്തിന്റെ അമിതമായ വിലവർധനവും കാർഷികോൽപന്നങ്ങളുടെ വിലയിടിവും ഈ മുരടിപ്പിനു പ്രധാന കാരണങ്ങളാണ്. ഇതിനു പരിഹാരമായി ജൈവവളത്തിനു പ്രാധാന്യംനൽകിയും ശാസ്ത്രീയ കൃഷിരീതി നടപ്പിലാക്കിയും തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വബോധം ഉറപ്പുവരുത്തിയും കൃഷിക്കാർക്കും യുവതീയുവാക്കളെ ശാസ്ത്രീയകൃഷിരീതി

പഠിപ്പിച്ചുകൊണ്ടും നെൽക്കൃഷിക്ക് ഊന്നൽനൽകിയും കാർഷികരംഗത്ത് അഭിവൃദ്ധിയുണ്ടാക്കേണ്ടിയിരിക്കുന്നു.

സർക്കാരിൽനിന്നും നമുക്കു ലഭിക്കുന്ന ഗ്രാന്റുകൾ ഭരണാധികാരികളെ സ്വാധീനിച്ചാൽ മാത്രമേ ലഭിക്കു എന്ന ഇന്നത്തെ അവസ്ഥ മാറ്റേണ്ടിയിരിക്കുന്നു. പിരിച്ചെടുക്കുന്ന അതേസ്ഥലത്തുനിന്നും നികുതികളുടെ പഞ്ചായത്ത് വിഹിതം കൈമാറാൻ നിയമനിർമാണം ഉണ്ടാക്കേണ്ടതാണ്. ഒന്നും രണ്ടും വർഷം കഴിഞ്ഞാൽ മാത്രമേ ഇത്തരത്തിലുള്ള നികുതികൾ പഞ്ചായത്തിനു ലഭിക്കുന്നുള്ളു. (ഉദാ:- സ്റ്റാമ്പ് ഡ്യൂട്ടി, ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് തുടങ്ങിയവ) യഥാസമയം ഇത്തരം ഗ്രാന്റുകൾ പഞ്ചായത്തിനു ലഭിക്കാത്തതിനാൽ വികസനപ്രവർത്തനങ്ങൾക്ക് തടസം നേരിടുന്നു. സർക്കാർ നൽകുന്ന ഗ്രാന്റുകൾ ഇന്നത്തെരീതി മാറ്റി ജനസംഖ്യാനുപാതികമായി പഞ്ചായത്തിനു ലഭിക്കേണ്ടതാണ്.

## തൊഴിൽനികുതി

നിലവിലുള്ള നികുതിവ്യവസ്ഥകൾ പരിഷ്കരിക്കുകയും നമ്മുടെ ഗ്രാമത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് നമ്മുടെ പങ്ക് നിർവ്വഹിക്കലാണ് നികുതി നൽകുകകൊണ്ട് നാം ചെയ്യുന്നത് എന്ന ബോധം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിച്ചാൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ നമുക്ക് കഴിയും. ഉദാഹരണത്തിന് സർക്കാർ, അർധസർക്കാർ ജീവനക്കാർ, വ്യവസായത്തൊഴിലാളികൾ എന്നിവരിൽനിന്നും നികുതി ഈടാക്കുന്നതുപോലെ മറ്റു വരുമാനമുള്ള ഗൾഫിൽ ജോലിചെയ്യുന്നവർ, കാർഷികമായി വൻവരുമാനമുള്ളവർ എന്നിവർക്ക് കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നികുതി ഏർപ്പെടുത്താം. ഇവരുടെ വരുമാനം നിശ്ചയിച്ച് നികുതിചുമത്താൻ ഉദ്യോഗസ്ഥന്മാർക്ക് പുറമേ വാർഡ് മെമ്പർമാരേയും വികസനസമിതി അംഗങ്ങളേയും ഉൾപ്പെടുത്തേണ്ടതാണ്.

## കെട്ടിടനികുതി

ഇന്ന് നമ്മുടെ ഗ്രാമപഞ്ചായത്തിൽ കെട്ടിനികുതി കണക്കാക്കുന്നത് ശാസ്ത്രീയമായ രീതിയിലല്ല. നികുതി ചുമത്താൻ കെട്ടിടങ്ങളുടെ തറ വിസ്തീർണം മാത്രമല്ല ആഡംബരത്തിനായി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന വിലയേറിയ വസ്തുക്കൾ ചുമരിലും തറയിലും പതിച്ചവർക്കും വൻതുകകൾ ചെലവഴിച്ച് വീട് നിർമിച്ചവർക്കും കുടുതൽ നികുതി ഏർപ്പെടുത്തേണ്ടതാണ്. കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കാൻ ഉദ്യോഗസ്ഥനു പുറമേ പഞ്ചായത്ത് പ്രസിഡന്റും ജനകീയ കമ്മിറ്റി അംഗങ്ങളും ഉണ്ടാവേണ്ടതാണ്. വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക് ഉടമസ്ഥന് കിട്ടുന്ന യഥാർഥ വാടകക്ക് അനുസരിച്ച് നികുതി ചുമത്തേണ്ടതാണ്.

നികുതിപിരിക്കാനുള്ള സംവിധാനം കൂടുതൽ ശക്തമാക്കി വാർഡുകളിലെ രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ മുൻകൂട്ടി പിരിക്കുന്ന ദിവസം അറിയിച്ച് അതതു സ്ഥലത്തുനിന്നും പിരിച്ചെടുക്കുകവഴി കുടിശ്ശിക പൂർണ്ണമായും ഒഴിവാക്കാൻ കഴിയും.

## വിനോദനികുതി

പഞ്ചായത്തിൽ ചക്കരക്കല്ലിലുള്ള ഒരു സിനിമാതിയേറ്ററിൽനിന്നു മാത്രമാണ് വിനോദനികുതി ലഭിക്കു

| ചെലവ് | | | | | |
|---|---|---|---|---|---|
| ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
| എസ്റ്റാബ്ലിഷ്മെന്റ് | 296178.90 | 371046.92 | 418890.30 | 438941.30 | 478571.85 |
| പൊതുമരാമത്ത് | 224669.00 | 480658.00 | 588372.50 | 313126.60 | 1265953.00 |
| മറ്റു വികസനച്ചെലവ് | 267837.95 | 197079.35 | 382051.04 | 468684.45 | 384073.15 |
| കടം തിരിച്ചടച്ചവ് | 7368.00 | 7368.00 | 7368.00 | 7365.00 | -- |

| വരവ് | | | | | |
|---|---|---|---|---|---|
| ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
| തൊഴിൽനികുതി | 116765.00 | 130580.00 | 145151.00 | 168894.00 | 208043.00 |
| കെട്ടിടനികുതി | 168970.12 | 184917.57 | 256095.35 | 277345.00 | 298038.30 |
| വിനോദനികുതി | 74708.75 | 84337.90 | 81949.65 | 85723.50 | 92462.20 |
| നികുതിയേതര വരുമാനം | 162905.84 | 109983.70 | 163647.89 | 315726.30 | 439581.90 |
| സംസ്ഥാന നികുതിവിഹിതം | 192676.00 | 161580.00 | 298477.00 | 318305.00 | 315877.00 |
| അൺടൈഡ് ഫണ്ട് | 151000.00 | 153100.00 | 150000.00 | 229000.00 | 206100.00 |
| ഗ്രാന്റ് | 112509.00 | 246983.00 | 105273.00 | 134592.00 | 437238.00 |

ന്നത്. വിനോദനികുതി കൂട്ടാൻ നമുക്ക് വളരെയേറെ സാധ്യതകളുണ്ട്. ചക്കരക്കൽ വികസിച്ചുവരുന്ന ഒരു പട്ടണമാണ്. അവിടെ ടൗണിന്റെ അടുത്തായി ഒരു സ്റ്റേഡിയം പണിയുകയും അതിൽ വിപണനമേളകൾ, സർക്കസ് പോലുള്ള മറ്റു പരിപാടികളും സംഘടിപ്പിച്ചാലും ഉപയോഗശൂന്യമായ ടൗണിലെ കമ്യൂണിറ്റിഹാൾ പുതുക്കിപ്പണിത് വിനോദപരിപാടികൾ സംഘടിപ്പിച്ചാലും നമുക്ക് വിനോദനികുതിയിനത്തിൽ വലിയൊരു മുന്നേറ്റം ഉണ്ടാക്കാൻ കഴിയും.

## ബേങ്കുകൾ

നമ്മുടെ പഞ്ചായത്തിൽ മൂന്ന് സഹകരണബേങ്കുകൾ, ഒരു ഗ്രാമീണ ബേങ്ക്, ഒരു സ്വകാര്യബേങ്ക്, രണ്ട് വനിതാ സഹകരണസംഘം എന്നിവ പ്രവർത്തിക്കുന്നു. ഇവയിൽ നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വായ്പാശതമാനം വളരെ കുറവാണ്. കൊടുക്കുന്ന വായ്പ തന്നെ അടിസ്ഥാനമേഖലയായ കാർഷികമേഖലയെ പരിപോഷിപ്പിക്കുവാൻ കൂടുതൽ ശ്രദ്ധിക്കുന്നില്ല. സഹകരണബേങ്കുകൾ ഗൃഹോപകരണങ്ങൾ വാങ്ങാനും ബിസിനസ്, മോട്ടോർ മേഖലയിലും കൂടുതൽ ശ്രദ്ധയൂന്നുന്നു. ഈ മനോഭാവം മാറ്റിയെടുത്താൽ മാത്രമേ നമുക്ക് ഗ്രാമപുരോഗതിയുണ്ടാവുകയുള്ളൂ. ഗ്രാമപഞ്ചായത്തുകൾ അംഗീകരിക്കുന്ന വികസനപദ്ധതികൾ നടപ്പിലാക്കാൻ സഹകരണ സ്ഥാപനങ്ങൾ വായ്പ നല്കുന്നതിനാവശ്യമായ നിയമനിർമാണം ഉണ്ടാവേണ്ടതാണ്. കാർഷികമേഖലയിലെ പുരോഗതിക്കായി നബാർഡ് പോലുള്ള സ്ഥാപനങ്ങൾ നൽകുന്ന വായ്പകൾ എല്ലാ സഹകരണ ബേങ്കുകൾ വഴിയും നൽകാനുള്ള സംവിധാനം ഉണ്ടായാൽ കാർഷികപുരോഗതിക്കും ബേങ്കുകളുടെ ഇന്നത്തെ വായ്പാനയത്തിനും മാറ്റമുണ്ടാക്കാൻ കഴിയും. സ്വകാര്യസ്ഥാപനമായ ചക്കരക്കൽ ബേങ്കേഴ്സ് ബിസിനസിനാവശ്യമായ വായ്പകൾ മാത്രമാണ് നൽകുന്നത്.

## ചെലവുകൾ

പൊതുവേ വലിയ വരുമാനമില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. എങ്കിലും നമ്മുടെ വിഭവങ്ങൾ ചെലവഴിക്കുന്നത് പ്രത്യുൽപാദനപരമായ രീതിയിലല്ല. അടിസ്ഥാന മേഖലയായ കൃഷി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലയിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

വരുമാനത്തിന്റെ വലിയൊരു ശതമാനം പൊതുമരാമത്ത് മേഖലയിലാണ് ചെലവഴിക്കുന്നത്. ഈ ചെലവ് നമ്മൾ വളരെ ശാസ്ത്രീയരീതിയിൽ നടപ്പിലാക്കണം. ജനങ്ങൾക്ക് അത്യാവശ്യമായ വാഹനഗതാഗതം കൂടുതലുള്ള റോഡുകൾ സ്ഥായിയായ രീതിയിൽ റിപ്പയർചെയ്ത് ഓരോ റോഡിനും കമ്മിറ്റിയുണ്ടാക്കി അതിന്റെ സംരക്ഷണം വികസനകമ്മിറ്റികളെ ഏൽപിക്കണം. എല്ലാ റോഡുകൾക്കും മുൻഗണനാക്രമം വച്ച്, സ്ഥായിയായ രീതിയിൽ റിപ്പയർ ചെയ്യണം. മഴക്കാലത്തിനു മുമ്പ് റോഡിന്നിരുവശവും നീർച്ചാലുകൾ ഉണ്ടാക്കണം. ഈ രീതി അവലംബിച്ചാൽ പൊതുമരാമത്തിന് ചെലവാകുന്ന തുക വലിയൊരു ശതമാനം കുറച്ചുകൊണ്ടുവരാനും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയുന്ന മറ്റു പദ്ധതികൾ നടപ്പിലാക്കാനും കഴിയും.

പുതുതായി കണ്ടെത്താവുന്ന മറ്റു ധനാഗമനമാർഗങ്ങൾ

## ഭൂനികുതി

ഭൂനികുതി പിരിക്കാനുള്ള ചുമതല പഞ്ചായത്തിനെ ഏൽപിക്കണം. അത് വളരെ ശാസ്ത്രീയമായ രീതിയിൽ ഭൂമിയുടെ തരം അനുസരിച്ച് നികുതി ഈടാക്കേണ്ടതാണ്. ഉദാഹരണത്തിന് തരിശിട്ട ഭൂമി, കൃഷിയോഗ്യമായ ഭൂമി, കുന്നിൻപ്രദേശം, പട്ടണപ്രദേശം എന്നിവക്ക് പ്രത്യേകം പ്രത്യേകം നിരക്ക് നിശ്ചയിക്കേണ്ടതാണ്. വയലുകൾക്ക് പരമാവധി കുറഞ്ഞ നികുതി ചുമത്തേണ്ടതാണ്.

## ഖനനം

നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള ഖനനം ചെങ്കല്ലാണ്. ഇവ കട്ടിയേറിയതിനാൽ കൂടുതലായി ഖനനം നടക്കുന്നില്ല. ചെമ്പിലോട് മൊട്ട ഭാഗത്തുനിന്നും മിഷ്യൻ ഉപയോഗിച്ച് ചെങ്കൽ ഖനനം നടക്കുന്നു. ഇവ പരിസ്ഥിതിക്ക് കോട്ടംതട്ടാത്തവിധത്തിൽ കൂടുതൽ ഖനനം ചെയ്താൽ നിരവധി തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിയും. ചെങ്കൽ ഖനനത്തിന് കല്ലിന്റെ വിലയുടെ ചെറിയൊരു ശതമാനം നികുതി ചുമത്തിയാൽ പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗമായിരിക്കും.

| വർഷം | ഇരിവേരി സർവീസ് സഹകരണ ബാങ്ക് നിക്ഷേപം | ലോൺ | കൊയ്യോട് സർവീസ് സഹകരണ ബാങ്ക് നിക്ഷേപം | ലോൺ | മൗവ്വഞ്ചേരി സഹകരണ റൂറൽ ബേങ്ക്, ചക്കരക്കൽ നിക്ഷേപം | ലോൺ | മൗവ്വഞ്ചേരി സഹകരണ റൂറൽ ബേങ്ക്, ചാല നിക്ഷേപം | ലോൺ |
|---|---|---|---|---|---|---|---|---|
| 1991-92 | 5566315 | 2629191 | 7521829 | 6618545 | 30959247 | 15636920 | 10726271 | 11584995 |
| 1992-93 | 10892263 | 3676034 | 9232360 | 7228871 | 33202391 | 19690399 | 13395347 | 12189533 |
| 1993-94 | 12460261 | 7490522 | 10890929 | 9860733 | 39090633 | 29009697 | 22133065 | 15651019 |
| 1994-95 | 14570800 | 11208456 | 14087084 | 11645311 | 59847218 | 34217425 | 28957981 | 16169456 |
| 1995-96 | 16836053 | 11723875 | 16759136 | 14863277 | 84407568 | 40842082 | 42573968 | 17087978 |

ഗൾഫിൽ ജോലിചെയ്യുന്നവർ ആകെ: 1018

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ചെമ്പിലോട് മൊട്ട ഭാഗത്ത് നിരവധി ഏക്കർ തരിശ്ഭൂമി ആവശ്യത്തിനു ലഭിക്കാനുണ്ട്. അതുപോലെ റോഡ്, വൈദ്യുതി, വെള്ളം എന്നീ വിഭവങ്ങളും കണ്ണൂർ, ചക്കരക്കൽ എന്നീ രണ്ട് ടൗണുകളും അടുത്തായതിനാലും നല്ലൊരു വ്യാവസായികാന്തരീക്ഷം ഇവിടെ നിലനിൽക്കുന്നു. ഇവിടെ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങിയാൽ പഞ്ചായത്തിനു നല്ലൊരു വരുമാനമാർഗമാണ്.

## ഷോപ്പിംഗ് കോംപ്ലക്സ്

വളർന്നുവരുന്ന ചക്കരക്കൽ ടൗണിൽ ബസ്സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, മത്സ്യമാർക്കറ്റ് എന്നിവയും ചാലയിൽ (വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന സർക്കാർ സ്ഥലം) ഒരു ഷോപ്പിംഗ് കോംപ്ലക്സും പണിതീർത്താൽ നമുക്ക് നല്ലൊരു വരുമാനമുണ്ടാക്കാൻ കഴിയും.

## ടൂറിസം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയതും പ്രകൃതിരമണീയവുമായ സ്ഥലമാണ് ചെമ്പിലോട് മെട്ട പ്രദേശം. അവിടെ ഏറ്റവും പ്രധാനം പത്തായപാറയും. കണ്ണൂർ ജില്ലയുടെ വിവിധ പ്രദേശങ്ങൾ നഗ്നനേത്രങ്ങൾകൊണ്ടും ടെലസ്കോപ്പ് ഉപയോഗിച്ചും കാണാൻ പറ്റും. ഈ സ്ഥലം നമുക്ക് നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ കഴിയും.

## നേഷണൽ സേവിംഗ്സ്

ഇന്ദിരാവികാസ് പത്രയിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിക്ഷേപിച്ചാൽ നിക്ഷേപത്തിന്റെ 20% തുക നമുക്ക് വികസനപ്രവർത്തനങ്ങൾക്ക് കിട്ടുന്നതാണ്. ഇത്തരത്തിലുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുവാൻ ജനകീയകമ്മിറ്റികൾ രൂപീകരിച്ച് ജനങ്ങളെ ബോധവാന്മാരാക്കിയാൽ നമുക്ക് വലിയൊരു സംഖ്യ നിക്ഷേപിക്കുവാൻ കഴിയും. നമ്മുടെ വികസനപ്രവർത്തനങ്ങൾക്ക് നല്ലൊരു തുകയും ലഭിക്കും.

## പൊതുനന്മ ഫണ്ട്

നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സഹകരണബേങ്കുകൾ ഏകദേശം 50,000-ത്തിൽ കുറയാത്ത രൂപ ഒരുവർഷം പൊതുനന്മ ഫണ്ടിൽ വിവിധ ആവശ്യങ്ങൾക്ക് നൽകുന്നുണ്ട്. ഇതിൽ 50% എങ്കിലും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യപ്പെടാവുന്നതാണ്.

## വികസനനിധി

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ഒരു വികസനനിധി രൂപീകരിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ഒരു നിധി രൂപീകരിച്ചാൽ പഞ്ചായത്തിൽ ഗൾഫുനാടുകളിൽ ജോലിചെയ്യുന്ന 1018 പേരും സാമ്പത്തികമായി മുന്നോക്കംനിൽക്കുന്ന ആളുകളിൽനിന്നും സംഭാവന സ്വീകരിക്കാവുന്നതും വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

## മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും വലിയ വിഭവമായ മനുഷ്യാധ്വാനം നമുക്ക് അത്യാവശ്യമാണ്. വളരെ പണ്ടുകാലം മുതൽക്കുതന്നെ മനുഷ്യാധ്വാനം വളരെയധികം ലഭിച്ച പഞ്ചായത്താണ് നമ്മുടേത്. ഇപ്പോഴും അതു തുടരുന്നു. ഉദാഹരണത്തിന് ചക്കരക്കൽ ആശുപത്രി, നമ്മുടെ പഞ്ചായത്തിലുള്ള നിരവധി റോഡുകൾ, ചാല ഹൈസ്കൂൾ ഗ്രൗണ്ട്, കക്കോത്ത് സ്റ്റേഡിയം തുടങ്ങിയവ. നമുക്ക് വരുന്ന അഞ്ചുവർഷത്തേക്ക് നമ്മുടെ നാട്ടിലെ യുവജന, സാമൂഹ്യ, സാംസ്കാരിക സംഘടനകളെ ഉപയോഗപ്പെടുത്തിയാൽ ഏറ്റവും കുറഞ്ഞത് 10,000 പേരുടെ മനുഷ്യാധ്വാനം ഉണ്ടാക്കാൻ കഴിയും.

മുകളിൽപറഞ്ഞ എല്ലാകാര്യങ്ങളും അതേരീതിയിൽ നടപ്പാക്കാൻ ശ്രമിച്ചാൽവരുന്ന ഒമ്പതാംപദ്ധതിയിൽ നല്ലൊരു വിഭവസമാഹരണം വികസനപ്രവർത്തനങ്ങൾക്ക് ഉണ്ടാക്കാൻ കഴിയും എന്നാണ് നിർദേശിക്കാനുള്ളത്.

